NO 358

No: 358

സുമാവലി

NO: ~~38 5~~

(മദ്രാസിലും, കൊച്ചിയിലും ഉള്ള പാഠ്യപുസ്തകക്കമ്മിറ്റി
അംഗീകരിച്ചിട്ടുള്ളതു്)

Good

358

പ്രകാശകൻ

ഏ. ബാലകൃഷ്ണപിള്ള, ബി. ഏ., ബി. എൽ.

പ്രസാധകർ

പത്മാലയാ ബുക്ക്ഡിപ്പോ,

എറണാകുളം.

1182

1939

[Price ~~Re 1~~. as 12

"This is a good book" By PK

''പത്മാലയാബുക്ഡിപ്പോ''പ്രവർത്തകർക്ക് വേണ്ടി
തിരുവനന്തപുരം
''കമലാലയപ്രസ്സി''ൽ അച്ചടിച്ചതു്.
രണ്ടാംപതിപ്പു് കാപ്പി ൩൦൦.

മുഖവുര

പത്മാലയാപ്രസിദ്ധീകരണശാലക്കാക്കു വേണ്ടി ഹൈസ്കൂളുകളിലെ ഉയന്ന ക്ലാസ്സുകളിലെ ഉപയോഗത്തിനായി സംഗ്രഹിച്ചിട്ടുള്ളതാണു് സുമാവലി. ആഖ്യാനം, വർണ്ണനം, വിവരണം, ഉപപാദനം എന്ന ഗദ്യസാഹിത്യവിഭാഗങ്ങളിലും, ഉപന്യാസം, ചെറുകഥ, നിരൂപണം, ജീവചരിത്രം, ചരിത്രനോവൽ, ഗദ്യനാടകം, ആത്മചരിത്രം എന്ന ആധുനികഗദ്യപ്രസ്ഥാനങ്ങളിലും, അഥവാ, ഗദ്യരൂപങ്ങളിലും പെടുന്നവയും, കല, ശാസ്ത്രം, ചരിത്രം, സാഹിത്യം മുതലായവയെ അധികരിച്ചു് സാഹിത്യഭംഗിയോടുകൂടി രചിച്ചിട്ടുള്ളവയുമായ ഗദ്യലേഖനങ്ങളാം ഇതിൽ ചേർത്തിട്ടുണ്ടു്. ഇതിൽ സംഗ്രഹിച്ചിട്ടുള്ള പദ്യത്തെ സംബന്ധിച്ചിടത്തോളം, അതിൽ ഉൽകൃഷ്ടമായ ഭാവം, ഉജ്ജ്വലമായ ഭാവന, ഉത്തമമായ ചിന്ത എന്നിവ സുലഭങ്ങളായ കാവ്യഭാഗങ്ങളാം പ്രാചീനങ്ങളും നവീനങ്ങളുമായ പദ്യകൃതികളിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്നു. നവീന പദ്യസാഹിത്യത്തിന്നും പ്രാചീനരും ആധുനികരുമായ പ്രസിദ്ധകവികൾക്കും പ്രാധാന്യവും കൂടുതൽ സ്ഥലവും അനുവദിച്ചിട്ടുണ്ടു്. പ്രതിപാദ്യവിഷയങ്ങൾക്കു വൈവിധ്യം നൽകുന്നതിൽ ഇതിൽ ശ്രദ്ധിച്ചിട്ടുണ്ടെന്നു കാണാം. വിദ്യാർത്ഥികളുടെ പഠനത്തിനു യോഗ്യമല്ലാത്ത ഭാഗങ്ങളെ വിട്ടുകളയുവാൻ പ്രത്യേകനിഷ്കർഷ കാണിച്ചിട്ടുണ്ടു്. ഗദ്യപ്രബന്ധങ്ങളേയും പദ്യഭാഗങ്ങളേയും തിരഞ്ഞെടുത്തിരിക്കുന്നതു് ഭാഷാസാഹിത്യത്തിലുണ്ടായിരുന്നതും ഉള്ളതുമായ മിക്ക പ്രധാനപ്രസ്ഥാനങ്ങളേയും പ്രതിനിധീകരിക്കത്തക്കവണ്ണവും, അവയെപ്പറ്റി സാമാന്യജ്ഞാനം ഉണ്ടാകുത്തക്ക വിധ

ത്തിലുമാകുന്നു. ഗദ്യപദ്യപ്രബന്ധങ്ങളും ഓരോന്നിന്റേയും മുകളിൽ, തൽകർത്താവിനെ പറ്റിയും, അതു് ഏതു പ്രസ്ഥാനത്തിൽ ഉൾപ്പെടുന്നു എന്നുള്ളതിനെ പറ്റിയും, ആ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷണങ്ങളെ പറ്റിയും, ആ ഭാഗത്തിന്റെ സന്ദർഭത്തെ പറ്റിയും, സംക്ഷിപ്തവിവരങ്ങളും അടങ്ങിയ ഓരോ കുറിപ്പു വീതം ചേർത്തിട്ടുണ്ടു്. ഉദ്ധൃതഭാഗങ്ങളും ഭാഷയിലെ ഏതു സാഹിത്യപ്രസ്ഥാനത്തിൽ ഉൾപ്പെടുമെന്നു ചൂണ്ടിക്കാണിച്ചിട്ടുള്ളതു് ഈ കുറിപ്പുകളുടെ ഒരു വിശേഷതയാണു്. പാശ്ചാത്യനിരൂപകർ നിർവ്വചിച്ചിട്ടുള്ള ഏതെല്ലാം സാഹിത്യപ്രസ്ഥാനങ്ങളിൽ അവ ഉൾപ്പെടുമെന്നും കൂടി വിശദമാക്കിയിട്ടുള്ളതാണു് ഈ കുറിപ്പുകളുടെ രണ്ടാമത്തെ വിശേഷത. ഇതു് അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും പ്രസ്തുത പൌരസ്ത്യപ്രസ്ഥാനങ്ങൾക്കും, പാശ്ചാത്യപ്രസ്ഥാനങ്ങൾക്കും തമ്മിലുള്ള സാദൃശ്യങ്ങളേയും വ്യത്യാസങ്ങളേയും എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാഹായ്യകമായി ഭവിക്കുമെന്നു വിശ്വസിക്കുന്നു.

പ്രസ്തുത കുറിപ്പുകളിൽ ഭാഷയിലുള്ള മിക്ക പ്രസ്ഥാനങ്ങളേയും പാശ്ചാത്യസാഹിത്യലോകത്തുള്ള സംഗതങ്ങളായ ചില പ്രസ്ഥാനങ്ങളേയും കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, ഇന്നു ഭാഷയിൽ ജനിച്ചിട്ടുള്ളതായി പലരും വിചാരിക്കുന്ന "മിസ്റ്റിക്ക്" പ്രസ്ഥാനത്തിന്റെ പേരു പോലും അവയിൽ പറഞ്ഞിട്ടില്ല. മനഃപൂർവ്വമായിട്ടാണു് ഈ പ്രകാശകൻ ഇങ്ങിനെ പ്രവർത്തിച്ചിട്ടുള്ളതു്. അതിനുള്ള കാരണത്തെപ്പറ്റി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഒന്നാമതായി "മിസ്റ്റിക്ക്" പ്രസ്ഥാനം എന്ന പേരു തന്നെ ഉചിതമായിട്ടുള്ളതല്ല എന്നു് ഈ പ്രകാശകൻ വിചാരിക്കുന്നു. "മിസ്റ്റിക്ക്" എന്ന ഇംഗ്ലീഷ് പദം ഒരു മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധത്തെ, അതാ

യത്തു് മതസംബന്ധമായ ഒരു നിലയെയാണു സൂചിപ്പിക്കുന്നതു്. അതിനാൽ സാഹിത്യത്തിൽ അതിനു സ്ഥാനമില്ല. സാഹിത്യത്തിൽ "മിത്തുകൾ" (Myths) അഥവാ, സങ്കല്പിതകഥകൾ ഉണ്ടായിരിക്കുമെങ്കിലും, "മിസ്റ്റിസിസം" ഉണ്ടായിരിക്കുന്നതല്ല. ഈ പരമാർത്ഥം അറിഞ്ഞാണു് പാശ്ചാത്യനിരൂപകർ ഭാഷയിൽ "മിസ്റ്റിക്ക്" പ്രസ്ഥാനം എന്നു വിളിച്ചുവരുന്നതിനു് "സിംബോളിക്ക്" പ്രസ്ഥാനം (Symbolic movement) അതായതു്, ധ്വന്യാത്മകതപം മുൻനിൎത്തിയിട്ടുള്ള ഒരു പ്രസ്ഥാനം എന്നു് പേരിട്ടിട്ടുള്ളതു്.

രണ്ടാമതായി, ഭാഷയിൽ, യഥാർത്ഥമായ സിംബോളിക്ക് പ്രസ്ഥാനം ഇതുവരെ ആവിർഭവിച്ചിട്ടില്ലെന്നാണു് ഈ പ്രകാശകന്റെ അഭിപ്രായം. ഏ. ഡി. പത്തൊൻപതാംശതാബ്ദത്തിന്റെ അന്ത്യത്തോടടുത്തു് വെർലെയിൻ, റിംബോ, മല്ലർമേ എന്നീ ഫ്രഞ്ചുകവികൾ തുടങ്ങിയതും, ഇപ്പോൾ പ്രായേണ ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നതുമായ സിംബോളിക്ക് പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷണങ്ങൾ മൂവരേ ചേൎക്കുന്നു:— ക. കവി നേരിട്ടു പറയാതെ താൻ വർണ്ണിക്കുന്ന സാധനത്തെക്കൊണ്ടു് തന്റെ വികാരങ്ങളെ ധ്വനിപ്പിക്കണം. ഖ. ഇതിനായി കവി തിരഞ്ഞെടുക്കുന്ന സാധനങ്ങൾക്കും അഥവാ, ചിഹ്നങ്ങൾക്കും (Symbols) കവിക്കും തമ്മിൽ മറ്റു ലോകൎക്കു് അനുഭവവേദ്യമല്ലാത്തതായ അടുപ്പമേറിയ ഒരു ബന്ധം ഉണ്ടായിരിക്കണം. ഗ. തന്നിമിത്തം ഈ ചിഹ്നംമുഖേന കവി ധ്വനിപ്പിക്കുന്ന ഭാവം ഇതരലോകൎക്കു മനസ്സിലാക്കുവാൻ വിഷമമുണ്ടായിരിക്കണം. ഘ. ഒരു സിംബോളിക്ക് കവി ഇങ്ങിനെ ധ്വനിപ്പിക്കുന്ന വികാരങ്ങൾ റൊമാന്റിക്ക്,

അഥവാ, കാല്പനികപ്രസ്ഥാനത്തിലെ കവികൾ പ്രകടിപ്പിക്കുന്ന വികാരങ്ങൾപോലെ കേവലങ്ങളും, അനുഭവിശ്ലിഷ്ടങ്ങളും ആയിരിക്കരുത്. ഉ. ഒരു സിംബോളിക്ക് കവിക്ക് നേത്രഗോചരമായ ലോകം അയഥാർത്ഥമാണെന്നും അദൃശ്യലോകം യഥാർത്ഥമാണെന്നും തോന്നണം. പ്രസ്തുത അഞ്ചു പ്രധാന ലക്ഷണങ്ങളിൽ ക-ം ഉ-ം, അപൂർവ്വമായി ര-ം മാത്രമേ ഭാഷയിലെ ഇന്നത്തെ ചില കവികളിൽ കാണുന്നുള്ളൂ. ക-ം ഉ-ം ലോകത്തിൽ കാവ്യം ഉത്ഭവിച്ചതുമുതൽക്ക് കവികൾ ഇടയ്ക്കിടയ്ക്ക സ്വീകരിച്ച കവിത രചിച്ചിട്ടുണ്ട്. അതിനാൽ ഇവയെ ഇന്നത്തെ ചില ഭാഷാകവികൾ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് അവരെ സിംബോളിക്ക്കവികൾ എന്നു വിളിക്കുന്നതു് ഉചിതമല്ല. സിംബോളിക്ക്പ്രസ്ഥാനത്തിന്റെ പ്രസ്തുത അഞ്ചു പ്രധാന ലക്ഷണങ്ങളും ഉൾക്കൊള്ളുന്ന കാവ്യങ്ങൾ രചിക്കുന്നവരെ മാത്രമേ സിംബോളിക്ക്കവികൾ എന്നു നാമകരണം ചെയ്യാവൂ. ഇത്തരം കവികൾ ഭാഷയിൽ ഇന്നുവരെ ആവിർഭവിച്ചിട്ടില്ലാത്തതിനാലാണ് "മിസ്റ്റിക്ക്" പ്രസ്ഥാനമെന്ന് ഭാഷയിൽ വിളിച്ചുവരുന്ന പ്രസ്ഥാനത്തെപ്പറ്റി ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള കുറിപ്പുകളിൽ ഒന്നുംതന്നെ പറയാതെയിരിക്കുന്നതു്. അവസാനമായി ചെറുശ്ശേരിയുടെ കാലാദികളെപ്പറ്റി ചെറുശ്ശേരി ഭാരതത്തിന്റെ പുതിയ മുഖവുരയിൽ ശ്രീമാൻ ടി. ബാലകൃഷ്ണൻനായർ ബി. ഏ. പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നതെന്നും പറഞ്ഞുകൊള്ളട്ടെ.

തിരുവനന്തപുരം,
29—6—1938.

ഏ. ബാലകൃഷ്ണപിള്ള.

വിഷയവിവരം

ഭാഗം I

	ഗദ്യം.	പേജ്.
1	**ഭൂമിയും ജീവനും** കെ. ഭാസ്കരൻനായർ, എം. എസ്. സി. (മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നിന്ന്)	1
2	**സമസൃഷ്ടികൾ** രാമവർമ്മ അപ്പൻതമ്പുരാൻ (ഗദ്യമാലിക ഒന്നാംഭാഗം)	8
3	**ശിവരാമന്റെ ഔദാര്യം** ഏ. നാരായണപ്പൊതുവാൾ (അരുണോദയം മാസികയിൽ നിന്ന്)	18
4	**ശരീരവും മനസ്സും തമ്മിലുള്ള ബന്ധം** റായിസാഹിബ് ഓ. എം. ചെറിയാൻ, ബി. ഏ., എൽ. റ്റി. (മനസ്സിന്റെ മാനഭണ്ഡം എന്ന ഗ്രന്ഥത്തിൽനിന്ന്)	35
5	**അനപത്യദുഃഖം** എം. ആർ. ബാലകൃഷ്ണവാര്യർ, എം. ഏ. (കേരളവർമ്മദേവൻ എന്ന ഗ്രന്ഥത്തിൽനിന്ന്)	39
6	**കഷണ്ടി** കെ. രാമകൃഷ്ണപിള്ള, എം. ബി. ബി. എസ്. (കേസരിപത്രത്തിൽ നിന്ന്)	46
7	**ഭാഷാഗ്രന്ഥങ്ങളുടെ ചില പ്രത്യേകതകൾ** വടക്കുംകൂർ രാജരാജവർമ്മരാജാ (മാതൃഭൂമി പത്രത്തിലെ വിശേഷാൽപ്രതിയിൽ നിന്ന്)	55

പേജ്.

8 മാമാങ്കം 70

കുനേഴിത്തു പരമേശ്വരമേനോൻ

(ഗദ്യമാലിക ൨-ംഭാഗം)

9 പഞ്ചവൻകാട് 79

സി. വി. രാമൻപിള്ള, ബി. ഏ.

(മാർത്താണ്ഡവർമ്മയിൽ നിന്ന്)

10 ഒരു പരീക്ഷ 88

സി. നാരായണപിള്ള, ബി. ഏ. ബി. എൽ.

(മുല്ലയ്ക്കൽഭവനം എന്ന ഗ്രന്ഥത്തിൽ നിന്ന്)

11 നടനകല 101

എ. ബാലകൃഷ്ണപിള്ള, ബി. ഏ. ബി. എൽ.

12 എന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവം 110

സി. വി. കുഞ്ഞുരാമൻ, (''സമദർശി'' പത്രത്തിൽനിന്ന്)

ഭാഗം II

പദ്യം

1 പാർത്ഥസാരഥിയായ ശ്രീകൃഷ്ണൻ 119

രാമാനുജൻ എഴുത്തച്ഛൻ (ശ്രീമഹാഭാരതം)

2 കേവലമായ ഒരു പ്രണയം 122

മഹാകവി കുമാരനാശാൻ

(നളിനി—പദ്യപാരാവലി ൩-ംഭാഗം)

3 വർഷകാലം 126

ചെറുശ്ശേരി (കൃഷ്ണഗാഥ)

പേജ്.

4 ഒരു മഴത്തുള്ളി 128

മഹാകവി റാവുസാഹിബ്ബ് ഉള്ളൂർ എസ്. പരമേശ്വരയ്യർ, എം. എ., ബി. എൽ. (താരഹാരം)

5 ശ്രീകൃഷ്ണനും യശോദാനന്ദനനും 132

ചെറുശ്ശേരി (കൃഷ്ണഗാഥ)

6 ബാലിയും രാവണനും 134

കല്ലൂർ നംപൂതിരിപ്പാട്ട് (ബാലിവിജയം ആട്ടക്കഥ)

7 ലങ്കാദഹനം 136

രാമാനുജൻ എഴുത്തച്ഛൻ (അദ്ധ്യാത്മരാമായണം)

8 മേഘോപാലംഭം 138

കുറിപ്പുറത്തു കേശവൻനായർ (കാവ്യോപഹാരം)

9 കൃഷികാരുടെ പാട്ട് 140

മഹാകവി വള്ളത്തോൾ നാരായണമേനോൻ (സാഹിത്യമഞ്ജരി ൨-ംഭാഗം)

10 മയൂരസമാഗമം 143

കേരളവർമ്മ വലിയകോയിത്തമ്പുരാൻ (മയൂരസന്ദേശം)

11 മരണത്തിന്റെ ആവശ്യകത 147

കലക്കത്തു കുഞ്ചൻനമ്പ്യാർ (പഞ്ചേന്ദ്രോപാഖ്യാനം പറയൻതുള്ളൽ)

12 കാദംബരീവിലാപം 150

കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ (കാദംബരീകഥാസാരം)

13 അനന്തശയനം 155

രാമപുരത്തു വാര്യർ (കുചേലവൃത്തം വഞ്ചിപ്പാട്ട്)

പേജ്.

14 കൊച്ചിക്കായലിൽ രാത്രിയിൽ 156
കുണ്ടൂർ നാരായണമേനോൻ, ബി. ഏ. (നാലു ഭാഷാകാവ്യങ്ങളും)

15 പാഞ്ചാലിയുടെ ആക്ഷേപം 159
കുലക്കുന്നു കുഞ്ചൻനമ്പ്യാർ (പതിന്നാലുവൃത്തം)

16 മരിച്ചുകിടക്കുന്ന പ്രസേനൻ 162
സരസഗായകകവി കെ. സി. കേശവപിള്ള (കേശവീയം)

17 സന്ധ്യാതാരം 164
വിദ്വാൻ ജി. ശങ്കരക്കുറുപ്പ് (അരുണോദയം മാസിക)

18 ചന്ദ്രോദയം 167
വി. സി. ബാലകൃഷ്ണപ്പണിക്കർ (വിശ്വരൂപം)

19 അസ്ഥി 169
കല്ലന്മാർതൊടി രാമുണ്ണിമേനോൻ (അരുണോദയം മാസിക)

20 പ്രഭാതം 171
വടക്കുംകൂർ രാജരാജവർമ്മരാജാ (രാഘവാഭ്യുദയം)

21 നിശാഗാനം 173
കടത്തനാട്ടു മാധവിയമ്മ (അരുണോദയം മാസിക)

22 പച്ചക്കൊടിക്കീഴിൽ 175
ബോധേശ്വരൻ (വ്യുദയാങ്കുരം)

23 മണിനാദം 179
ഇടപ്പള്ളി രാഘവൻപിള്ള (മാതൃഭൂമി ആഴ്ചപ്പതിപ്പ്)

24 ജയഭാരതം 181
പന്തളം കെ. പി. രാമൻപിള്ള, ബി. ഏ.

സമാവലി

I

ഭൂമിയും ജീവനും

[ജീവന്റെ സാമാന്യലക്ഷണങ്ങളേയും, ജീവികളുടെ വ്യാപാര പരിധിയേയും ഉത്ഭവസ്ഥാനത്തേയും സംബന്ധിച്ചുള്ള നവീനശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളെ ഇതിൽ സരസമായി വിവരിച്ചിരിക്കുന്നു. ഇന്നത്തെ അതിപ്രധാനങ്ങളായ ശാസ്ത്രീയസിദ്ധാന്തങ്ങളിൽ ഒന്നായ പരിണാമവാദത്തെ ഗ്രഹിക്കുന്നതിനു വേണ്ട പ്രാരംഭപരിജ്ഞാനം ഇതു നൽകുന്നുമുണ്ട്. സാഹിത്യസാഹ്യത്തിലെ തരംതിരിപ്പു് അനുസരിച്ചു് ഈ ലേഖനത്തെ വിവരണം എന്ന ഗദ്യവകുപ്പിൽ ഉൾപ്പെടുത്താം. എസ്സേ (Essay) എന്നു് ഇംഗ്ലീഷിലും, ഉപന്യാസം എന്നു ഭാഷയിലും പറയുന്ന ഗദ്യസാഹിത്യരൂപത്തിൽ, അഥവാ, ഗദ്യസാഹിത്യപ്രസ്ഥാനത്തിൽ പെട്ടതായും ഈ ലേഖനത്തെ പരിഗണിക്കാം. ഒരു അഭിപ്രായം സ്ഥാപിക്കുന്നതിനു വേണ്ടി, കാടുകേറിയതായി പ്രഥമദൃഷ്ടിയിൽ തോന്നിക്കാതെ, യുക്തിപൂർവം അനുസൂതമായി വാദിക്കുന്ന സാങ്കേതികമാർഗ്ഗമോ (Technic), പ്രഥമദൃഷ്ടിയിൽ അസംഗതങ്ങളെന്നു തോന്നിക്കുന്ന പ്രസ്താവനകളുടെ ഇടയ്ക്കു യുക്തിപൂർവമായ വാദങ്ങളെ അങ്ങുമിങ്ങും മാത്രം ഉൾക്കൊള്ളിക്കുന്ന സാങ്കേതികമാർഗ്ഗമോ, ഒരു ഉപന്യാസത്തിൽ സ്വീകരിക്കാവുന്നതാണ്. ചുവടെ ചേർത്തിരിക്കുന്ന ഉപന്യാസം ആദ്യത്തെ സാങ്കേതികമാർഗ്ഗമാണു സ്വീകരിച്ചിരിക്കുന്നതു്. രണ്ടാമത്തെ സാങ്കേതികമാർഗ്ഗത്തിൽ അസംഗതങ്ങളായ കാര്യങ്ങളെ വലിച്ചിഴച്ചുകൊണ്ടുവരുന്നതു് സാഹിത്യദോഷമായ ഒരു കുറവല്ലെന്നും അതു കേവലം ഒരു

സാങ്കേതികമാത്രം. മാത്രമാണെന്നും ഇവിടെ ഓർമ്മിക്കേണ്ടതാണ്. ഉപന്യാസത്തിന്റേയും അതിന്റെ രണ്ടു വിഭാഗങ്ങളുടേയും ലക്ഷണങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയുന്നതിനു ''രൂപമഞ്ജരി'' നോക്കുക]

ജീവൻ എന്നാൽ എന്താണെന്നു പറയുവാൻ വിഷമമാണ്. കൂടുതൽ ആലോചിക്കുന്തോറും ഈ വിഷമവും കൂടിക്കൂടി വരുന്നു. എങ്കിലും ചില സംഗതികളെ ജീവന്റെ സ്വഭാവവിശേഷങ്ങളായി ചൂണ്ടിക്കാണിക്കുവാൻ കഴിയും. സജീവങ്ങളായ വസ്തുക്കൾ ചലിക്കുകയും ഭക്ഷിക്കുകയും, സജീവങ്ങളായ പുതിയ വസ്തുക്കളെ ജനിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ ആദ്യത്തെ രണ്ടു സ്വഭാവങ്ങളെ നിർജ്ജീവങ്ങളായ ചില യന്ത്രങ്ങളും പ്രദർശിപ്പിച്ചേക്കാം. പക്ഷേ മൂന്നാമത്തെ സ്വഭാവം ജീവന്റെ പ്രത്യേകതയാണ്. ഒരു യന്ത്രവും തന്നെപ്പോലെയുള്ള പുതിയ യന്ത്രങ്ങളെ ഉല്പാദിപ്പിക്കുന്നില്ല. ജീവികൾ മറ്റു ജീവികളിൽ നിന്നല്ലാതെ സ്വതന്ത്രമായി, പരാനപേക്ഷമായി ഒരിക്കലും ഉത്ഭവിക്കുന്നില്ല. നാം ഇന്നു കാണുന്ന സകല ജീവികളും മുമ്പുണ്ടായിരുന്നവയുടെ സന്തതികളാണ്. പല പല വ്യക്തികളായി പിരിഞ്ഞുനില്ക്കുന്നതും ജീവലോകത്തിന്റെ ഒരു പ്രത്യേക ലക്ഷണമാണ്. നിർജ്ജീവവസ്തുക്കളിൽ ഇങ്ങിനെ ഒരു വ്യക്തിത്വം കാണ്മാനില്ല. ഇങ്ങനെയൊക്കെ ആണെങ്കിലും സചേതനാചേതനങ്ങളെ വേർതിരിക്കുവാൻ എളുപ്പമല്ല. ചെടികളുടെ വിത്തുകളും, അതിസൂക്ഷ്മങ്ങളായ പല ജന്തുക്കളും വളരെക്കാലം ഉണങ്ങിവരണ്ട് നിശ്ചേഷ്ടങ്ങളായി കിടക്കാറുണ്ട്. അക്കാലത്ത് അവ നിർജ്ജീവവസ്തുക്കളിൽ നിന്നു ഭിന്നമാണെന്നു പറയുവാൻ ന്യായങ്ങളില്ല. എങ്കിലും നനവു

തട്ടുന്ന മാത്രയിൽ അവ മുളയ്ക്കുവാനും ചലിക്കുവാനും തുടങ്ങുന്നതായി കാണാം.

ബോധവും വികാരവും ജീവികളുടെ മറെറാരു പ്രത്യേകതയാണു്. പക്ഷെ ഇവയെപ്പററിയുള്ള ജ്ഞാനം സ്വാത്മകമാണു്. നമ്മുടെ ബോധങ്ങളേയും വികാരങ്ങളേയും പററി മാത്രമേ നമുക്കു നിഷ്കൃഷ്ടമായ അറിവുള്ളൂ. അവ നമ്മിലുള്ള ജീവന്റെ സ്വഭാവങ്ങളാണെന്നു പറയാം. എങ്കിലും മറെറ ജീവികളുടെ ചേഷ്ടകളിൽനിന്നു് അവയ്ക്കും നമ്മുടേതുപോലെയുള്ള ചില അനുഭവങ്ങൾ ഉണ്ടാകുന്നതായി നമുക്കു് ഊഹിക്കുവാൻ സാധിക്കും. കലമാൻ തന്റെ കൊമ്പുകൾകൊണ്ടു് ഇണയുടെ കൺപോളകൾ ചൊറിയുന്നതും, ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടു് അറച്ചു മാറുന്നതും കാണുമ്പോൾ നാം നമ്മുടെ അനുഭവങ്ങൾ സ്മരിച്ചുപോകുന്നു. ജഗദീശ്ചന്ദ്രബോസിന്റെ വിസ്മയാവഹമായ ഗവേഷണങ്ങളാൽ സസ്യജാലങ്ങൾക്കും പോലും വികാരങ്ങളുള്ളതായി തെളിഞ്ഞിട്ടുണ്ടു്. അവ വേദനയേറു പുളയുന്നതും, ആനന്ദംകൊണ്ടു തുസിക്കുന്നതും കാണുവാനും കാണിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ശകുന്തളയെക്കൊണ്ടു പല്ലവംപോലും തൊട്ടവിയ്ക്കാഞ്ഞ കാളിദാസൻ ഈ തത്വം നേരത്തെ കണ്ടുപിടിച്ചതായി തോന്നുന്നു.

അടുത്തതായി ജീവന്റെ വ്യാപാരപരിധിയെപ്പററി ചിന്തിക്കാം. ഇക്കാര്യത്തിൽ നമുക്കു് യാതൊരു അഭിമാനത്തിനും വകയില്ല. ഭ്രമിയുടെ ഉപരിഭാഗത്തു വളരെ സങ്കുചിതമായ സീമകൾക്കുള്ളിലേ ജീവൻ ഇന്നു് അറിയപ്പെട്ടുന്നുള്ളൂ. അതു് വലിയ പർവ്വതങ്ങളുടെ കൊടുമുടി

കളോളംപോലും വ്യാപിക്കുന്നില്ല. അവിടത്തെ പരിത സ്ഥിതികളം അതിനു പാടേ പ്രതികൂലങ്ങളാണ്. സമുദ്ര നിരപ്പിൽനിന്നും ആറിൽപരം മൈൽ മാത്രം ഉയര മുള്ള എവറസ്റ്റിൽ മനുഷ്യനല്ലാതെ മറെറാരു ജീവിയും എത്തിയിട്ടില്ല. അതും അളവററ കഷ്ടപ്പാടുകളം സഹി ച്ചതിനുശേഷം. ഫൻ ഉർ-ലെ ആരോഹണസംഘത്തിലെ അംഗങ്ങളായ മാലറിയും ഇർവിനും ഒരുപക്ഷെ ആ ഗിരി ശൃംഗത്തിന്റെ അഗ്രത്തിൽ എത്തിയിരിക്കാം. പക്ഷെ അ ഉദ്യമത്തിൽ നിന്ന് അവർ തിരിച്ചു വരികയുണ്ടാ യില്ല. ഒന്പതിനായിരം അടി ഉയരത്തിൽ സ്ഥാപിച്ചിരുന്ന ഒരു ക്യാമ്പിൽ നിന്നാണ് അവർ തിരിച്ചുപോയത്. സകല പ്രതികൂലതകളേയും നേരിട്ടുകൊണ്ട് പിന്നെയും അവർ മേലോട്ട കയറുന്നതായി മറെറാ സംഘാംഗങ്ങൾ കണ്ടി രുന്നു. പക്ഷെ കുറേദൂരം പോയപ്പോൾ ഗംഭീരമായ ധൂമികാവാതങ്ങളിൽ അകപ്പെട്ട് അവർ അദൃശ്യരായി. അതിനു ശേഷമുള്ള ചരിത്രം ഉത്തുംഗമായ ആ പർവ്വതാ ഗ്രത്തിനു മാത്രമേ അറിഞ്ഞുകൂടൂ.

അതിനു മുമ്പ് ഡാക്ടർ സോമർവെൽ, കേണൽ നോർട്ടൺ എന്നിവർ ഭയങ്കരമായ വിഷമങ്ങളം സഹി ച്ചുകൊണ്ട് ഏഴ്,എ൦൦ അടിവരെ കയറുകയുണ്ടായി. ഏഴെട്ടു പ്രാവശ്യം ദീർഘമായി ശ്വസിച്ചതിനുശേഷമേ അവക്ക് ഒരു ചുവട് മുന്നോട്ട വെയ്ക്കുവാൻ സാധി ച്ചുള്ളൂ. വായുവിന്റെ ലാഘവമാണ് ഈ വ്യാകുലത കൾക്കെല്ലാം കാരണം. തണുപ്പിന്റെ ശല്യം ഇതു ത്തോളം ഒന്നുമില്ല. അവിടത്തെ വായുമണ്ഡലം വളരെ ഘനം കുറഞ്ഞും, ജലമയമില്ലാതെയും ഇരിക്കുന്നു. അധികനേരം ശ്രമിച്ചുകിലേ ആവശ്യത്തിനുള്ള പ്രാണ വായു ലഭിക്കയുള്ളൂ. തൊണ്ടവരളുന്നു ശ്വാസം

മാണ്. പരമനിസ്സാരമായ ആയാസങ്ങളിൽപോലും ഉൽക്കടമായ ശ്വാസവിമ്മിഷ്ടം അനുഭവിക്കേണ്ടിയിരിക്കുന്നു. ഒരു പെട്ടി തുറക്കുന്നതും, ചെരിപ്പു കെട്ടുന്നതും, തെല്ലും സുകരമായിരുന്നില്ല. വ്യോമചാരികൾ ഈ ഉയരത്തെയും അതിലംഘിച്ചിട്ടുണ്ട്. അവരുടെ ഉദ്യമം പർവ്വതാരോഹണത്തോളം ആയാസകരമല്ലെങ്കിലും ഒട്ടും വിഷമം കുറഞ്ഞതല്ല. ഫ്രാൻസ്-ൽ ഒരു ബലൂണിൽ ഫ്രെൻദ്വം അടി ഉയർന്ന ടിസ്സാൻഡിയർ ഇരുപത്താറായിരത്തഞ്ഞൂറ് അടിയോളം ആയപ്പോൾ മൂർഛിച്ചുപോയി. ബോധം വന്നപ്പോൾ ബലൂൺ താഴുന്നതായും തന്റെ രണ്ടു സഹചാരികളും മരിച്ചിരിക്കുന്നതായുമാണ് അദ്ദേഹം കണ്ടത്. ഇതിനു ശേഷം ചില വൈമാനികർക്ക് എട്ടു മൈൽ ഉയരുവാൻ സാധിച്ചിട്ടുണ്ട്. പക്ഷെ ഇതെല്ലാം മനുഷ്യന്റെ സാഹസങ്ങൾ മാത്രമാണ്. സാധാരണയായി ഒരു ജീവിക്കും അഞ്ചു മൈലിൽ കൂടുതൽ ഉയരുവാൻ കഴിവില്ല. ശലഭങ്ങളും മറ്റും അതിനു വളരെ താഴെ വെച്ചു തന്നെ ബോധമറ്റു വീണുപോകും. ആൻഡീസ് പർവ്വതപംക്തികളിൽ വസിക്കുന്ന കോൺഡോർ എന്ന പക്ഷി വളരെ ഉയരത്തിൽ പറക്കാറുണ്ടെന്നു പറയപ്പെടുന്നു. പക്ഷെ അതിനും അഞ്ചു മൈലിൽ കൂടുതൽ ഉയരുവാൻ കഴിവില്ല. താഴ്വരകളിൽ വളരെ താണ്, മിക്കപ്പോഴും മനുഷ്യരുടെ തലനിരപ്പിലാണ് അതു പറക്കുന്നതു്.

താഴോട്ടു പോയാലുള്ള കഥയും ഇതുതന്നെയാണ്. ഭൂഗർഭത്തിലാണെങ്കിൽ ചൂടിന്റെ കൂടുതലും, സമുദ്രത്തിലാണെങ്കിൽ ഭയങ്കരമായ ജലസമ്മർദ്ദവും ജീവികളുടെ വ്യാപ്തിയെ പരിമിതമാക്കുന്നു. കരയിൽ ഏറ്റവും കൂടുതൽ ആഴത്തിൽ തുരന്നുപോയിട്ടുള്ളതു് മനുഷ്യനാണെ

ങ്കിലും വെള്ളത്തിൽ മറ്റു ജീവികൾ അവനെ ആതിശ യിക്കുന്നു. നമുക്ക് പ്രത്യേക ഉപകരണങ്ങളൊന്നുമി ല്ലാതെ മുപ്പതടിയിൽ കൂടുതൽ മുങ്ങുക ദുഷ്കരമാണു്. അവിടെ രണ്ടു മിനിട്ടിലധികം നില്ക്കുവാനും സാദ്ധ്യമല്ല. പക്ഷേ ഇതിലൊക്കെ ആഴത്തിൽ വസിക്കുന്ന ജീവി കൾ സമുദ്രത്തിലുണ്ടു്. അവിടത്തെ ഗംഭീരമായ സമ്മർദ്ദം സഹിക്കത്തക്കവണ്ണം അവയുടെ ശരീരം സജ്ജീകൃതമാ യിരിക്കുന്നു. ചിലതരം തിമിംഗലങ്ങൾ നാലായിരത്തി യെണ്ണൂറ് അടി ആഴത്തിൽ പോകാറുണ്ടു്. ചില മത്സ്യ ങ്ങൾ ഇതിലും അധഃസ്ഥിതരാണു്. ഇവയുടെ ശരീര ത്തിനു് അന്യാദൃശങ്ങളായ പല പ്രത്യേകതകളുമുണ്ടു്. വെള്ളത്തിന്റെ സമ്മർദ്ദമാണു് അവയ്ക്കു പ്രധാനമായി നേരിടേണ്ടതു്. ഒരു തടിക്കഷണം ഇത്ര വളരെ ആഴ ത്തിൽ പോയാൽ തിരികെ പൊങ്ങാത്തവണ്ണം ഞെരു ങ്ങിപ്പോകും. അവിടെയുള്ള മത്സ്യങ്ങൾ, ഉള്ളിലുള്ള വാതകസഞ്ചികളുടെ സഹായത്താൽ, ആപത്തിൽനിന്നു രക്ഷപ്പെടുന്നു. രക്തത്തിൽനിന്നു് ഉളവാകുന്ന വായുക്ക ളാൽ ഈ രക്ഷാസഞ്ചികൾ ഉൾഭിത്തി നിൽക്കുന്നു. ഈ വിചിത്രജീവികൾക്കു് ഇഷ്ടംപോലെ മേലോട്ടു വരുവാൻ സാധിക്കയില്ല. അവയുടെ 'ഉൽഗതി'ക്കു് ഒരു പ്രത്യേക സീമയുണ്ടു്. ഇതിനെ അതിലംഘിച്ചാൽ അവയുടെ കാര്യം അപകടത്തിലാവും. പുറമേയുള്ള സമ്മർദ്ദം കുറയുന്നതുകൊണ്ടു് രക്ഷാസഞ്ചികൾ വല്ലാതെ വികസി ക്കയും, അവയുടെ ഗതി അനിയന്ത്രിതമാവുകയും ചെ യ്യുന്നു. ഇക്കാരണത്താൽ മേലോട്ടുള്ള ഈ വീഴ്ചയുടെ അവസാനത്തിൽ ഈ സാധുജീവികൾ വീർത്തു വീർത്തു ഛിന്നഭിന്നങ്ങളായി പോകാറുണ്ടു്.

സമുദ്രത്തിന്റെ ഏറിയ ആഴം ഏഴ മൈലാണ്. ജീവലോകത്തിന്റെ താഴത്തെ അതിരും ഇതാകുന്നു. അങ്ങനെ ജീവൻ ഭ്രമിയുടെ ഉപരിഭാഗത്തു്, ഏകദേശം പതിനാലു മൈൽ മാത്രം വണ്ണമുള്ള ഒരു മണ്ഡലത്തിലേ വ്യാപരിക്കുന്നുള്ളു എന്നു കാണുവാൻ വിഷമമില്ല. ഈ നിസ്സാരസീമകൾക്കുള്ളിലും അതിന്റെ നില അത്യന്തം ദുർബ്ബലമാണു്. ശീതോഷ്ണാവസ്ഥയ്ക്കുണ്ടാകുന്ന മാറ്റങ്ങൾപോലും അതിനു് ആപൽക്കരമായിത്തീരാറുണ്ടു്. എങ്കിലും അതിന്റെ ഇന്നോളമുള്ള ചരിത്രം തികച്ചും അഭിമാനകരമാണെന്നുള്ളതിൽ സംശയമില്ല. ഭ്രമിയിൽ ജീവൻ ആവിർഭവിച്ചിട്ടു് നൂറു ലക്ഷം നൂറായിരത്തിലധികം കഴിഞ്ഞിരിക്കുന്നു. ഒന്നിനു പുറകേ ഒന്നായി അലച്ചിരമ്പിക്കടന്നുപോയ ഈ നൂറായിരത്തിലധികം ആണ്ടുകളെല്ലാം ഒന്നുപോലെ മൃദുമഞ്ജുളങ്ങളായിരുന്നില്ല. പലതും പരമനിഷ്ഠുരങ്ങളായ പരിതഃസ്ഥിതികളെ നൽകുകയുണ്ടായിട്ടുണ്ടു്. ഭ്രമിയുടെ മാറിടത്തിൽ ആ ദുരന്തങ്ങളുടെ ദാരുണരേഖകൾ ഇന്നും പതിഞ്ഞുകിടപ്പുണ്ടു്. പക്ഷേ ഭയങ്കരമായ ഈ യാതനകളേയും ജീവൻ അതിവർത്തിക്കുതന്നെ ചെയ്തു. യുഗസഹസ്രങ്ങൾക്കു മുമ്പു് ഭ്രമിയിൽ ആവിർഭവിച്ച ആ ചേതനാദീപം ഇന്നും കെടാതെ കത്തിക്കൊണ്ടിരിക്കുന്നു. എന്നു തന്നെയല്ല, കാലം ചെല്ലുംതോറും ക്രുദ്ധതൽ ക്രുദ്ധതൽ വികസിക്കയും വ്യാപിക്കയും ചെയ്യുന്നു. ജീവൻ ആദ്യമായി ലളിതരൂപങ്ങളിൽ സമുദ്രത്തിലാണു് അങ്കുരിച്ചതെന്നുള്ളതിനു തെളിവുകളുണ്ടു്. ഈ നിലയിൽനിന്നു് അതു വളർന്നു വളർന്നു സങ്കീർണ്ണമായികരയേയും അനന്തരം വായുമണ്ഡലത്തേയും സ്വാധീനമാക്കി. ഈ വളർച്ചയ്ക്കും ഉൽക്കർഷത്തിനുമാണു് പരി

ണാമം എന്നു പറയുന്നതു്. സുദീർഘവും സുന്ദരവും ആയ ഈ പരിവർത്തനപരമ്പരയുടെ അവസാനഫലങ്ങളിൽ ഒന്നായ മനുഷ്യനു് തന്നിലേക്കും പിന്നിലേക്കും നോക്കുമ്പോൾ അഭിമാനത്തിനു വകയില്ലാതില്ല.

II

സമസൃഷ്ടികൾ

[ഇന്നത്തെ ഭാഷാഗദ്യസാഹിത്യകാരന്മാരുടെ മുന്നണിയിൽ നിൽക്കുന്ന ഒരു ദേഹവും, 'ഭൂതരായർ', 'ഭാസ്കരമേനോൻ', 'മംഗളമാല' മുതലായ കൃതികളുടെ കർത്താവുമായ രാമവർമ്മ അപ്പൻതമ്പുരാൻ അവർകൾ ഇതിൽ സമസൃഷ്ടികളോടു മനുഷ്യർ കാണിക്കാവുള്ള നിർഭയത്വവും, അവയുടെ ജീവിതരീതിയെപ്പറ്റി അറിയുന്നതിൽ അവർ പ്രദർശിപ്പിക്കാവുള്ള അലസത നിമിത്തം അവയ്ക്കു നഷ്ടമാകുന്ന ആനന്ദവും ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ഒന്നാമത്തെ ഉപന്യാസത്തിന്റെ മുഖവുരയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള രണ്ടാമത്തെ സാങ്കേതികമാർഗ്ഗമാണ് മുകളിൽ ചേർത്തിരിക്കുന്ന ഉപന്യാസം സ്വീകരിച്ചിരിക്കുന്നതു്. ഇതു സാഹിത്യസാഹ്യത്തിലെ വർണ്ണന എന്ന ഗദ്യവിഭാഗത്തിൽ ഉൾപ്പെടും]

ജനങ്ങളുടെ ബുദ്ധിയുടെ അപകടത്തം നോക്കുമ്പോൾ ലോകത്തിൽ എത്രയോ ജാതി സൃഷ്ടികളുണ്ടു്. പക്ഷി, മൃഗം, വൃക്ഷം, ലതാ, നദി, നീരുറം, നാടു്, കാടു്, മല, മരുഭൂമി, കായൽ, കടൽ എന്നുവേണ്ട, "സൃഷ്ടിക്രുട്ടങ്ങളിലൊന്നവയുമിതിലണയാതുള്ളതും" വേണ്ടുവോളം വാരിവിതറീട്ടുള്ളപ്പോൾ അസ്മദാദികളായ മനുഷ്യർക്കു മാത്രം

എന്താണാവോ വിശേഷം. ബ്രഹ്മാവ് പടച്ചുവിട്ടന്നതൊക്കെ ആക്കുവേണ്ടിയാണെന്ന മാനുഷകീടങ്ങൾ സംശയിച്ചിട്ടേ ഇല്ലാ. മനുഷ്യക്ക് വേണ്ടി അവരുടെ സുഖത്തിന്നു മാത്രം, എന്താണ് ഇതിൽ ശങ്കിക്കാനുള്ളത്തു്! ഒരക്ഷിക്കു മോഹമുള്ളവർ കാട്ടുവെട്ടിത്തെളിച്ചോളു. പൊഴനികത്തിക്കോളു. പാൽ വേണോ? പശുവിനെ കറക്കുവാൻ വിരോധമില്ല. പക്ഷെ കുട്ടിയെ തോല്പിച്ചിട്ടു വേണം. നടക്കാൻ വയ്യെങ്കിൽ കഴുത വേണോ കഴുത, കുതിര വേണോ കുതിര, കരി വലിക്കാൻ കണ്ണിക്കണ്ടേ; കന്നാലിയുണ്ട്. തീററി കൊടുക്കണമെന്നുമില്ല. എല്ലുപുറത്തേക്കു പൊട്ടിപ്പുറപ്പെടാതെ തോലു സൂക്ഷിച്ചുകൊള്ളും. പ്രാണനെ മാത്രം അടച്ചുപിടിച്ചാൽ മതി. വെറുതെയാണോ വായ് അടച്ചുകെട്ടുന്നതു്? ഏഴുനിലമാളികയ്ക്കു മരത്തിനു വേണ്ടി ബുദ്ധിമുട്ടരുതു്. കാടു വെട്ടിത്തെളിക്കാമല്ലോ. പക്ഷികളോ മൃഗങ്ങളോ വല്ലതുമുണ്ടെങ്കിൽ എവിടെയെങ്കിലും പോയി ചാവട്ടെ. ആരുമറിയാതെ കാട്ടിൽ ഒളിച്ചിരിക്കാനെന്താ? മാംസത്തിനു രുചിയുള്ളവരൊക്കെ കാട്ടിലേക്കു കടക്കാം. സകലതും അവിടെ തയാറുണ്ട്. ചെന്ന വിവരം വെടിപൊട്ടിച്ചറിവു കൊടുത്താൽ വേണ്ടതൊക്കെ ചാടിയോടി വന്നു് കാക്കൽ വീണുകൊള്ളും. മാൻപേട ഉണ്ടെങ്കിൽ വിട്ടയയ്ക്കരുതേ. കണ്ടാലും നന്നു്, തിന്നാനും കൊള്ളാം. ഉപദ്രവമൊട്ടില്ലതാനും. ആന ആണെങ്കിൽ ചേനയുടെ മാതിരി വേണം, കുഴികുത്തി മൂടണം. കൊള്ളരുതേ പണി. കാടു് മനുഷ്യരുടെ തോട്ടമോ കലമറയോ എന്നു മനസ്സിലാവുന്നില്ല. കാടു കേറാൻ പേടിയുള്ളവരോ തോക്കെടുത്തു ശീലമില്ലാത്തവരോ ഉണ്ടെങ്കിൽ അത്യാവശ്യമൊക്കെ നാട്ടിലും ശേഖരിച്ചിട്ടുണ്ട്. പൂവൻകോഴിയുടെ പൂവു

പൂജയ്ക്കു കൊള്ളില്ലെങ്കിൽ തൊപ്പിക്കു് ആയിക്കോട്ടെ. വെള്ളപ്പിനു് എഴുനീറ്റു "കൊക്കരേക്കോൽ" എന്നു പ്രാത്ഥിച്ചതുകൊണ്ടായില്ല. അരക്കോൽ നീളമെങ്കിലും കൊക്കിനുണ്ടെങ്കിൽ ഒന്നു പൊരുതിക്കളയാമെന്നായിരിക്കാം. അതൊന്നും പറഞ്ഞില്ല. താറാവിന്റെ കൊക്കിനു നീളം പോരാഞ്ഞിട്ടാണോ? ചിറകു ഭംഗിക്കു മാത്രം ആയാൽ പോര. പറക്കാൻ ശീലം വേണം. ആട്ടകഥ തൊണ്ട ഇടറിക്കൊണ്ടു് "ഇമ്പേ" എന്നു നിലവിളിക്കുന്നതിന്റെ അത്ഥം ആരെങ്കിലും ഓർക്കുന്നുണ്ടോ? സമസ്യഷ്ടികളിൽ "ഇഷ്ടം" വേണ്ടേ എന്നു പറകയാണു്. അതു് "ഇമ്പേ എ എ" "ഇളമ്പേ" എന്നു പേടിച്ചു വിറച്ചുകൊണ്ടു് പഴേ ഭാഷ സംസാരിക്കാതെ ധൈര്യത്തോടുകൂടി "ഇഷ്ടേ" എന്നു പറഞ്ഞാൽ ഭേദമുണ്ടായിരുന്നു. പക്ഷേ ഇഷ്ടം ഭക്ഷിക്കാനാകുമോ എന്നു സംശയമുള്ളു. ചെമ്മരിയാടിനു പുറത്തു കമ്പിളിരോമംകൊണ്ടു പുതപ്പുണ്ടല്ലോ എന്നൊരു ധൈര്യമാണു്. ആ അഭിമാനം വേണ്ട. മേൽക്ഷൗരം കഴിച്ചല്ലാതെ കഴുത്തിൽ കത്തിവെയ്ക്കില്ല. പ്ലേഗ്ദീനത്തിനു പ്രത്യേകിച്ചു് ഒരു പ്രത്യൗഷധം കണ്ടുപിടിച്ചിരിക്കുന്നു. എലിവധം പലവട്ടമായിട്ടു കഴിച്ചാൽ മതി. ഇതുകൊണ്ടായിരിക്കാം കൊളംകോരികൾക്കു് എലിച്ചാവു് ഇത്ര പത്ഥ്യമായതു്. "അഹിംസാ പരമോ ധമ്മഃ" എന്നതു മൂക്കറ്റം ചെലുത്തിക്കഴിഞ്ഞാൽ, ക്രൂരതെ നിവൃത്തിയില്ലെങ്കിൽ കുറച്ചുനേരം ജപിക്കാം. അമ്പി! മനുഷ്യരുടെ സ്വാത്ഥം! അവർക്കുള്ളൊരഹംഭാവം! ഈ വത്തമാനം എങ്ങാനും ബ്രഹ്മാവു കേട്ടാൽ, അന്നു കഴിഞ്ഞു നിങ്ങളുടെ കഥ. കുറെ ക്രൂരത മുഖവും വാലും ബ്രഹ്മലോകത്തിൽനിന്നു വരുന്നതു കാണാം. മുഖം മാറി വാലും വച്ചു് നാലു കാലിന്മേൽ നടക്കുകയേ പിന്നെത്തരമുള്ളു.

കുരങ്ങന്മാരിൽനിന്നാണു മനുഷ്യർ ഉണ്ടായതെന്നു പറയുന്നവർക്ക് മനുഷ്യർ കുരങ്ങന്മാർ ആകുന്നതു കാണാറാവും. കുറമാണോ മനുഷ്യർ ശ്വാസം വലിക്കുമ്പോൾ ക്രൂടി കാലങ്കോഴി വന്നിരുന്നു "കുത്തിച്ചുട്ട, കുത്തിച്ചുട്ട" എന്നു് ഉരുവിടുന്നതു്. എങ്ങിനെയാണു് ഇങ്ങനെയുള്ള വരുടെ നേരെ വെറുക്കാതിരിക്കുക.

മനുഷ്യരെപ്പോലെ സുഖവും, ദുഃഖവും, കോപവും, സ്നേഹവും മറവുള്ള ജീവികൾക്കുമുണ്ടു്. ഇവറ്റയ്ക്കു പഠിപ്പുണ്ടോ? ഓ, അതുമുണ്ടു്. ആന ഭാഷ പഠിക്കുന്നതും, തുപ്പുതിക്കാള സമ്മാനം തുപ്പിയായാൽ തല കുനുക്കുന്നതും, കാക്കാലന്മാർ പാമ്പിനെ ആടിക്കുന്നതും, തല്ലിപ്പഠിപ്പിച്ചിട്ടായിരിക്കാം. കാക്ക പിണ്ഡം കൊത്താൻ വരുന്നതു് തല്ലിശ്ശീലിപ്പിച്ചിട്ടോ, കൈ കൊട്ടുന്ന രീതി കേട്ടു പഠിച്ചിട്ടോ?

എട്ടുകാലൻ വല വീശി ഭക്ഷണം സമ്പാദിക്കുന്നതു് ആരെങ്കിലും മനസ്സിരുത്തി നോക്കീട്ടുണ്ടോ? അത്യുത്തമനായ ഈച്ച, കൊതു മുതലായ ചെറുപ്രാണികൾ ധാരാളം സഞ്ചാരമുള്ള ദിക്കു നോക്കി തിരഞ്ഞെടുക്കും. അവിടെ വട്ടത്തിലോ, നീളത്തിലോ, ഏങ്കോണിച്ചോ സൌകര്യം പോലെ വല തുപ്പിവീശിത്തുടങ്ങും. അളകൾ വല്ലവരും നോക്കിനിൽക്കുന്നുണ്ടെന്നു സംശയം തോന്നിയാൽ മതി, പണി നിറുത്തി ഒളിച്ചുകഴിഞ്ഞു. അവകാശം രജിസ്റ്റർ ചെയ്യുവാൻ നിവൃത്തിയില്ലാഞ്ഞിട്ടായിരിക്കണം ഇതു സൂക്ഷിക്കുന്നതു്. പക്ഷേ സൂക്ഷ്മദൃഷ്ടിക്കാരനായതുകൊണ്ടു് എല്ലായ്പോഴും കണ്ടുവെന്നു വരില്ല. അതു തരം നോക്കിയാണു് മനുഷ്യർ നെയ്ത്തിന്റെ സൂത്രം കൈക്കലാക്കിയതു്. എന്നാൽ അവക്കു നല്ല ബുദ്ധി തോന്നി പറന്നു നടക്കുന്ന

ക്കുട്ടരിൽ ഈ വച്ചതൊട്ടുള്ള കീഴ്ജാതികളെ മനുഷ്യർ ഭക്ഷിക്കയില്ലെന്ന ഖരാറു ചെയ്തു. കൊതുക്കളെ ഖരാറിൽ നിന്ന് ഒഴിവാക്കാമായിരുന്നുവെന്ന് ഇപ്പോൾ തോന്നിത്തുടങ്ങീട്ടുണ്ട്. ഇനി വിചാരിച്ചിട്ടു ഫലമില്ലല്ലോ.

ഓ! പറഞ്ഞു പറഞ്ഞു വഴി തെറ്റിപ്പോയി. ഒരു ദിവസം ഞാൻ തോട്ടത്തിൽ ഇറങ്ങി നടക്കുമ്പോൾ എന്തോ ഒന്ന മൂക്കിന്മേൽ തടഞ്ഞു. നോക്കിയപ്പോൾ എട്ടുകാലന്റെ വലയാണ്. അവന്റെ പണി മുഴുവനായിട്ടില്ല. രണ്ടാമത്തു് ഒരു വലയുംകൂടി അടുത്ത മുകളിൽത്തന്നെ വീശുകയാണ്. പണിയുടെ തിരക്കുകൊണ്ടു് എന്നെ കണ്ടതേയില്ല. തുപ്പിത്തുപ്പി ഇറങ്ങിവന്ന് നൂലു് ഒരു കൊമ്പിന്മേൽ ഉറപ്പിക്കും. ഏതു മാർഗ്ഗത്തിൽ കൂടിയാണ് തുപ്പുന്നതെന്ന ഞാൻ കണ്ടിട്ടില്ലേ അതിന്മേൽ കൂടിത്തന്നെ മേലോട്ടു കയറും. എന്നിട്ട് ഓവർസീയർമാരെപ്പോലെ അങ്ങോട്ടോട്ടം, ഇങ്ങോട്ടോട്ടം, നൂലുകെട്ടം, അളവെടുക്കും, ഒന്ന വട്ടത്തിലോടും, എന്തിനു പറയുന്നു, പറഞ്ഞ നിമിഷംകൊണ്ടു പണി തീർത്തു. ഈ അംശംകൊണ്ട് ഓവർസീയർമാരെപ്പോലെയല്ലേ? ഇങ്ങനെ വേല വേഗത്തിൽ ഒതുക്കി വട്ടം വീശീട്ടുള്ള വലയുടെ നടുക്കു വന്നിരുപ്പായി. അവിടെ മാത്രം ഇടതുത്തുനെയ്തിട്ടുണ്ട്. അങ്ങിനെയിരിക്കുമ്പോൾ ഒരു പൊന്നീച്ച—സാമാന്യം വലുതാണ്—"എന്നെപ്പോലെ ആരാണുള്ളതു്" എന്ന നാട്യത്തിൽ "ഹും" എന്ന മൂളിക്കൊണ്ട് ഒരു ചില്ലിക്കൊമ്പിന്മേൽ വന്നിരുന്നു. മുഖം മിനുക്കി ചിറകുകളിലെ പൊടി തട്ടി ഹുങ്കാരത്തോടുകൂടി അവിടെ നിന്നുയർന്നപ്പോൾ രോമംപോലെയുള്ള കാലുകൾ വലയിൽ ഒട്ടിപ്പിടിച്ചു കിടന്ന പിടച്ചുതുടങ്ങി. ഹുങ്കാരമൊന്ന നിലച്ചു. അപ്പോൾ നടുവിൽ ഇരിക്കുന്നവൻ വീണ

ഇട്ടിരുന്നതുപോലെ എട്ടുകാലുകളെക്കൊണ്ട് നാലു പുറവും മീട്ടിത്തുടങ്ങി. അന്നാണ് അവന്റെ സൂക്ഷ്മദൃഷ്ടിയുണ്ടെന്നു ഞാൻ തീർച്ചയാക്കിയത്. അങ്ങിനെ നോക്കി നോക്കി ഒരു നൂലിന്മേൽ അധികം കനം തൂങ്ങുന്നുണ്ടെന്നു തോന്നി. ആ നേരെ വെച്ചടിച്ചു. അടുത്തു ചെന്നപ്പോൾ കുറെ അധികം വലുതാണെന്നു കണ്ടു പിന്നാക്കം മാറി. എങ്കിലും ഉപേക്ഷിച്ചില്ല. കിടന്നു പിടയുന്ന പൊന്നീച്ചയെ വളരെ അടുത്തുചെല്ലാതെ തന്നെ നൂലുകൊണ്ടു വരിഞ്ഞുകെട്ടി അനങ്ങുവാൻ വയ്യാതെയാക്കി. "പൊന്നായാലും വെള്ളിയായാലും ഞാൻ ക്രൂസുമോ?" എന്നു കണ്ണുരുട്ടി മിഴിച്ചുകൊണ്ട് പണ്ടത്തെ സ്ഥാനത്തുതന്നെ വന്നിരുന്നു. ഇതു് വാസനയോ, വിശേഷബുദ്ധിയോ എന്തെങ്കിലുമാകട്ടെ. മനുഷ്യരുടെ വാസനയെക്കാൾ ഭേദമാണ്. നിശ്ചയംതന്നെ.

ഈ ക്രൂട്ടിൽ "മണ്ണാൻ" തുടങ്ങി ഏഴു ജാതിക്കാരുണ്ട്. ഇതിൽ ഒരു ജാതി ക്ഷേത്രഗണിതത്തിൽ വിദഗ്ദ്ധന്മാരാണ്. ശാസ്ത്രപ്രകാരം കോണും കള്ളിയുമൊപ്പിച്ചല്ലാതെ വല വീശില്ല. പിന്നെ ഒന്നിന് അയഞ്ഞു ക്രമമില്ലാത്ത വല വീശുവാനേ വശമുള്ളൂ. മൂന്നാമതൊന്ന് പട്ടനൂലോടിച്ചിട്ടുള്ള പഴുതുകളിലേ താമസിക്കയുള്ളൂ. അവൻ ഒരു സുഖിയനാണ്. നാലാംപരിഷയ്ക്കു കിളിവാതിലുകളിലേ വല വീശിക്കൂട്ടൂ. പഞ്ചമൻ ചുമരുകളിൽ പററിയിരുന്ന പാറ്റകളെ ഞെക്കിക്കൊന്നു കാലക്ഷേപം കഴിക്കണം. അവന്നു വല വീശുവാൻ അധികാരമില്ല. ആറാമൻ നായാട്ടുകാരനാണ്. പുല്ലിലും ചുള്ളിക്കാടുകളിലും നടന്ന് ഉപജീവനം കഴിച്ചുകൂട്ടും. ഏഴാമന്റെ ഘാട്ടം വിശേഷമാണ്. കണ്ണു തെറിയാൽ കാണില്ല. ഇവനാണു മണ്ണാൻ.

സപ്തവർണ്ണങ്ങളിൽ ത്രിവർണ്ണങ്ങളുടെ സങ്കരമാണ് ഊറാമ്പിലി എന്ന പ്രസിദ്ധമായിട്ടുള്ളവൻ. പിതൃപിതാമഹപ്രപിതാമഹന്മാരുടെ നടപ്പുദോഷംകൊണ്ടു വരുന്ന "ജാതിസങ്കര"മല്ലേ? ചുമപ്പുതൊട്ട് ഏഴു നിറങ്ങളുള്ളതിൽ മൂന്നു നിറങ്ങളുടെ കലർപ്പു മാത്രമാണു്. (ചിറകുകൂടാതെ രണ്ടു കാലിന്മേൽ നടക്കുന്ന വകയെപ്പറ്റി പറയുമ്പോൾ വർണ്ണസങ്കരത്തിനു മറേറ അർത്ഥം ധരിച്ചാലും വിരോധമില്ല) ചുവന്നും പച്ചച്ചുമുള്ള രോമക്കുപ്പായത്തിൽ ഇറങ്ങീട്ടല്ലാതെ ഞാൻ ഇവനെ കണ്ടിട്ടില്ല. ഹൈക്കോടതിവിധി കൂടാതെ തന്നെ ഇവനു സ്വജാതികളെ തൂക്കിക്കൊല്ലുവാൻ അധികാരമുണ്ടത്രേ. വലിയ പപ്പടത്തോളം വലിപ്പത്തിലുള്ളതിനെ ഞാൻ കണ്ടിട്ടുണ്ട്. കൊടയോളം പോന്നതുകൂടിയുണ്ടെന്നാണു് അപ്പൻനമ്പൂരിയുടെ പക്ഷം. വിഷത്തിന്റെ കായ്യം തീർച്ചതന്നെ. ആളെ കൊല്ലുവാനൊക്കെ മതി.

ഊഷ്മതകൊണ്ടു വരട്ടിച്ചുമച്ചുള്ള
ഗ്രീഷ്മമായുള്ളോരു കാലം വന്നു
താപംകൊണ്ടെല്ലാരും വേവുറവു കാവിലും
വാപികയും തീരത്തുമായ് തുടങ്ങി.

ആളുകളുടെ ബഹളത്തിൽനിന്നൊഴിഞ്ഞു് ഒരു പേരാലിന്റെ തണലിൽ ചെന്നു ഞാനും കാലു നീട്ടി. ആ സ്ഥലം ഒന്നു വർണ്ണിക്കാൻ നോക്കട്ടെ. രണ്ടു മൂന്നു പഴേ ആലു്. ചോട്ടിലൊക്കെ ആനയുടെ മുതുകെല്ലുപോലെ പൊന്തിനിൽക്കുന്ന വേർ. വേരുകൊണ്ടതന്നെ കൊമ്പുകൾക്കൊക്കെ താങ്ങു്. പ്രായംചെന്ന കൊമ്പുകളിലൊക്കെ മീശ. വെയിലടച്ചു തണലു്. അടുത്തൊരു പൊട്ടക്കുളം. അല്പം ദൂരെ ഇടിഞ്ഞുപൊളിഞ്ഞ മതിൽ

അതിന്റെ ഉള്ളിൽ ജീർണ്ണം വന്നുപോയ ഒരു അമ്പലം. കുറ്റിമാണോ തപസ്സിക്കാം ആലിൻമുകളിൽ ചെന്നിരിക്കുന്നത്. അരയാലിനെക്കാൾ പോരാലിനു പ്രാധാന്യം കിട്ടുവാൻ കാരണം എന്താണാവോ? ഞാൻ അന്നു വടപത്രശയനൻ മാത്രമല്ല ആയുള്ളൂ. വേരുകൊണ്ടൊരു തലോണ്ണയും സമ്പാദിച്ചു. ഞാൻ ചെന്നു കുടിയത്തു് ഒരു വിടവാനം പിടിച്ചില്ല. അടുത്തു വന്നു് എഴുത്താണിവാൽ വളച്ചു തല പൊന്തിച്ചുനോക്കി. എന്നെക്കണ്ടപ്പോൾ മുഖമൊക്കെ തുടുത്തു. അതൊരു പച്ചിലയേന്തായിരുന്നു. എനിക്കു കല്ലു വലിച്ചെറിയുവാനല്ല അപ്പോൾ തോന്നിയതു്, അനങ്ങാതെ കിടക്കുവാനാണു്. അവനതും രസിച്ചില്ല. മുഖം വീർപ്പിച്ചുകൊണ്ടു പോയി. മുഖം വീർപ്പിക്കാത്ത സമയം ചുരുങ്ങും. വല്ല ഭിക്കിലും ഒളിച്ചുനിന്നു ശകാരിക്കുന്നുണ്ടായിരിക്കാം. ആയിക്കോട്ടെ. ഞാൻ കാണേണ്ടതു കണ്ടു. അങ്ങിനെയിരിക്കുമ്പോൾ ഒരണ്ണറക്കണ്ണൻ കുട്ടുകാരനെ പറഞ്ഞു് ഏതാണ്ടു തട്ടിക്കൊണ്ടുപോന്നു. വ്യവഹാരമായി. രണ്ടുപേരുംകൂടി മരത്തടിയുടെ ചുറും ഓടിത്തുടങ്ങി. കള്ളൻ ഉപായത്തിൽ ഒളിച്ചുമാറി ഒരു വേരിന്റെ മറവിലിരുന്നു് എന്തോ രണ്ടു കയ്യുകൊണ്ടും മുറുകെ പിടിച്ചു തെരുതെരെ തിന്നുന്നതു ഞാൻ കണ്ടു. മറേറവൻ ഇളിഭ്യനായിട്ടിരുന്നു് "ഛേ, ഛേ" എന്നു പറഞ്ഞു വാലിട്ടു തല്ലിത്തുടങ്ങി. അതുകൊണ്ടു കായ്മായോ? കള്ളൻ കിട്ടിയതു വയിറ്റിലാക്കിക്കഴിഞ്ഞു.

ചില അത്യാത്തികം ആലിന്റെ ഇലകൊണ്ടു പിടിച്ചുനടക്കുന്നതു കാണാറുണ്ടു്. ഇപ്പോഴല്ലേ കായ്യും മനസ്സിലായുള്ളൂ. ഇലയുടെ നടുഞരമ്പിനടുത്തു് ഒരുമാതിരി പാലു കിട്ടും. അതു് അവക്കു് അമൃതാണു്. അവക്കു

15-

പഠിപ്പിച്ചുതരാൻ ആരുമില്ലായിരുന്നു. മഞ്ഞക്കിളി, തത്ത, കാക്ക, കുയിൽ മുതലായ പല കൂട്ടരും എന്റെ തലയുടെ മീതെ തന്നെയിരുന്നു തമ്മിൽ തല്ലുന്നുണ്ട്, തിന്നുന്നുണ്ട്, പാടുന്നുണ്ട്, പരമാനന്ദംതന്നെ. ചിലരുടെ പ്രണയകലഹം കാണുമ്പോഴാണു് ബഹുരസം. കാക്കയും കുയിലും തമ്മിൽ കണ്ടാൽ കുണ്ടാമണ്ടിയായി. കാക്കയ്ക്കു കുറച്ചു നേരം തണലത്തിരുന്നാൽക്കൊള്ളാമെന്നുണ്ടു്. കുയിലിന്റെ ഞെട്ടുകൊണ്ടിട്ടു് ഒരു സൈ്വരവുമില്ല. ഇതു കണ്ടു മറ്റെല്ലാവരും കൂടി ആർത്തുതുടങ്ങി. കാക്ക മുഷിഞ്ഞു് "കാ" എന്നു കാർപ്പിച്ചു തുപ്പിക്കൊണ്ടു പറന്നുപോയി. ഓട്ടക്കണ്ണിട്ടു ചെരിഞ്ഞു ചാടിച്ചാടി വന്നു് എന്റെ പപ്പടം കബളിപ്പിച്ചു കൊണ്ടുപോകുമ്പോൾ എനിക്കു ശുണ്ഠി വരാറുണ്ടു്. എങ്കിലും അതു സാധുവിന്റെ പേരിൽ അന്നു് എനിക്കു ദയയാണു തോന്നിയതു്.

അന്തിനേരത്തു "മന്ദസമീരണൻ ഉന്മേഷം പൂണ്ടൊരു നെന്മേനിപ്പൂവിനെ നന്മണമെങ്ങും പരത്തി" മന്ദിരംതോറും സഞ്ചരിച്ചുതുടങ്ങിയപ്പോൾ ആലിന്റെ കൊമ്പുകളിൽ ഒക്കെ വാവലുകൾ വന്നു തൂങ്ങിക്കിടന്നു് വൃദ്ധന്മാരെപ്പോലെ കലപില എന്നു പറഞ്ഞു ചവച്ചുതുപ്പുവാൻ തുടങ്ങി. എന്റെ തലയും വായും അവരുടെ കോളാമ്പിയാക്കുവാൻ മടിച്ചിട്ടു ഞാനും പോന്നു.

'ജീവനമാതാ നീയിതി–
ലാവം ലോകത്തിലുള്ളവക്കൊക്കും
ജീവനഹന്താവായി–
ട്ടേവം ചമയുന്നതെന്തിനയ്യോ! നീ?'

മനുഷ്യക്കു മാത്രമേ ഈ വിചാരമുള്ളു. എത്ര ജീവികൾ ഒത്തുകൂടി മേഘത്തിനോടു നന്ദി പറയുന്നുണ്ടു്?

കേതകപ്പൂവിലെ നന്മണംകൊണ്ടെങ്ങും
കേഴിച്ചു പാന്ഥരെ വെല്ലുംകാലം
കാർമുകിലായൊരു നീലപ്പടംകൊണ്ടു
തുമ കലന്ത വിതാനിച്ചെങ്ങും.
അക്കമിയന്ന വലാഹകളാകിന
പൂക്കുല മേളത്തിൽ തുകിച്ചുമ്മെ
ശോഭകലന്നൊരു തുമിന്നലായുള്ള
ദീപങ്ങളെങ്ങും കൊളുത്തി മേന്മേൽ
പാഴിടിയായൊരു ഭേരിയുമെങ്ങുമേ
പാരം മുഴക്കിച്ചു വന്ന പിന്നെ.

ഇയ്യാമ്പാറ്റ, ഞാഞ്ഞൂൾ, തവള മുതലായ ജന്തുക്കളെ ഇളക്കിപ്പുറപ്പെടുവിക്കുന്ന വഷ്കാലത്തെ ആരാണ് ആദരിക്കാത്തത്? എന്തെല്ലാം നേരംപോക്കുകൾക്ക് അപ്പോൾ വകയുണ്ട്! ഇതൊന്നും കണ്ടു രസിക്കാതെ മനുഷ്യർ അഹംഭാവംകൊണ്ടും സ്വാർത്ഥംകൊണ്ടും കാലം കഴിക്കുന്നവല്ലോ! കഷ്ടംതന്നെ.

III

ശിവരാമന്റെ ഔദാര്യം

[ഭാഷയിലെ ചെറുകഥയെഴുത്തുകാരുടെ മുന്നണിയിൽ നിൽക്കുന്ന ഏ. നാരായണപ്പൊതുവാൾ അനേകം ചെറുകഥകളും 'കേരള പുത്രൻ' എന്ന ചരിത്രനോവലും, അഥവാ, റൊമാൻസും രചിച്ചിട്ടുണ്ട്. ചെറുകഥ സാഹിത്യസാഹ്യത്തിലെ ആഖ്യാനം എന്ന വിങ്ങപ്പിൽ ഉൾപ്പെട്ടും. ചെറുകഥ എന്ന സാഹിത്യരൂപം ജീവിതത്തിലെ ഒരു സംഭവത്തേയോ, രംഗത്തേയോ, ഭാവത്തേയോ ചിത്രീകരിക്കുന്നു. ഒരു ചെറിയ നോവലോ, ഒരു ചെറിയ കഥയോ അല്ല ഒരു ചെറുകഥ. ഒന്നിന്റെ സാങ്കേതികമാറ്റമല്ല മറ്റേതിനുള്ളത്. ഒരു നോവലിൽ അനേകം സംഭവങ്ങളും, അനേകം രംഗങ്ങളും, അനേകം ഭാവങ്ങളും ഉണ്ടായിരിക്കും. ഇതുനിമിത്തം നോവൽ എന്ന സാഹിത്യരൂപം നമ്മിൽ ജനിപ്പിക്കുന്ന ഭാവം ഏകീകൃതമായ ഒന്ന്, ഒറ്റയായ ഒന്ന് ആയിരിക്കുകയില്ല. നേരേ മറിച്ച് ഒരു ചെറുകഥ സാധാരണയായി ഒരു ഒറ്റ പ്രധാന സംഭവത്തേയോ, രംഗത്തേയോ, ഭാവത്തേയോ മാത്രമേ ചിത്രീകരിക്കുകയുള്ളു. തന്നിമിത്തം അതു തന്നിൽ ജനിപ്പിക്കുന്ന ഭാവം ഏകീകൃതമായ, അഥവാ, ഒറ്റയായ ഒന്നായിരിക്കുന്നതാണ്. അനാവശ്യങ്ങളായ കഥാപാത്രങ്ങളും വർണ്ണനകളും ചെറുകഥയിൽ ഉണ്ടായിരിക്കുകയില്ല. ലഘുവികാരങ്ങളെ ചിത്രീകരിക്കുന്നതിലാണ് നാരായണപ്പൊതുവാൾ പ്രത്യേക സാമർത്ഥ്യം കാണിച്ചിട്ടുള്ളത്.]

ദീനക്കാരൻ കേളുക്കുട്ടിനായർ തന്റേടമല്ലാതെ കിടക്കുന്നു. മക്കൾ രണ്ടു പേർ അച്ഛനെ വിട്ടു മാറി തമ്മിൽ സംസാരിച്ചുകൊണ്ടു നിൽക്കുന്നു.

ജ്യേഷ്ഠൻ:—അച്ഛനെ വിട്ടുപിരിയരുത്. അധികാരിയും ചെറിയമ്മയും നമ്മെ തോല്പിക്കും എന്നു ഞാൻ

പറഞ്ഞോമ്മപ്പെട്ടത്തിയിട്ടല്ലേ പോയത്തു്. അച്ഛനെ കൊണ്ടു് മരണപത്രത്തിൽ ഒപ്പിട്ടുവിക്കാതെ കഴിപ്പാൻ ഞാൻ ഇതുവരെ പാടുപെട്ടതൊക്കെ വെറുതേയായില്ലേ?

അനുജൻ:—അച്ഛൻ കരിക്കിൻവെള്ളം ചോദിച്ചു എന്നു് ചെറിയമ്മ പറഞ്ഞു. ഒരു കരിക്കു ചെത്തിക്കൊണ്ടു വരേണ്ട നേരമേ ഞാൻ അച്ഛനെ വിട്ടുപിരിഞ്ഞിട്ടുള്ളു.

ജ്യേഷ്ഠൻ:—തുള്ളച്ച കരിക്കു തലക്കൽത്തന്നെ വെച്ചിട്ടുണ്ടായിരുന്നല്ലോ.

അനുജൻ:—അതിൽ ഉറുമ്പു വന്നിട്ടുണ്ടെന്നു പറഞ്ഞു് ചെറിയമ്മ പുറത്തേക്കു വലിച്ചെറിഞ്ഞു.

ജ്യേഷ്ഠൻ:—പ്രാണവേദന അനുഭവിച്ചുകൊണ്ടു കിടക്കുന്നതിനിടയ്ക്കു് അഞ്ചാറുറുമ്പു വായിൽ പിടിച്ചു കടിച്ചാൽത്തന്നെ വലിയ വേദനയൊന്നും തോന്നുകയില്ല. മരണപത്രംകൊണ്ടുണ്ടായ നഷ്ടത്തിനു പുറമേ കരിക്കിന്റെ വില ഒരണയുംകൂടി ചേതം വന്നു.

അനുജൻ:—മരണപത്രം ഒപ്പിട്ടുകൊടുത്തതുകൊണ്ടു് നമുക്കു വിശേഷാൽ ഒരു നഷ്ടവും പറ്റിയിട്ടില്ല. ചെറിയമ്മയ്ക്കു് ഇഷ്ടമുള്ളതു കൊടുക്കണമെന്നു് അച്ഛൻ ജ്യേഷ്ഠനോടു പറഞ്ഞിട്ടുള്ളതല്ലേ? ആവാമെന്നു സമ്മതിക്കയും ചെയ്തിട്ടില്ലേ? പിന്നെ കുറെ സ്വത്തു് ദാനത്തിനും ധർമ്മത്തിനുമാണു നീക്കിവെച്ചിട്ടുള്ളതു്. ദാനധർമ്മം ചെയ്യരുതെന്നു പറയുന്നതു് പാപമല്ലേ? ഇതു രണ്ടും കഴിച്ചു ബാക്കി സകല മുതലുകളും നമ്മൾ അടക്കി അനുഭവിക്കണമെന്നു് മരണപത്രത്തിലെഴുതിയിട്ടുണ്ടു്. ആ ഭാഗം അധികാരി എന്നെ വായിച്ചുകേൾപ്പിച്ചു.

ജ്യേഷ്ഠൻ:—ചെറിയമ്മയുടെ ഇഷ്ടത്തിനു നീക്കി വെച്ചിട്ടുള്ളതു് ഏതൊക്കെയാണെന്നു് നിനക്കറിയാമോ?

അനുജൻ:—ചെറിയമ്മയ്ക്കു് ഇഷ്ടപ്രകാരമുള്ളതു് ചെറിയമ്മയ്ക്കല്ലേ അറിഞ്ഞുകൂടൂ? ഞാനെങ്ങിനെ പറയും?

ജ്യേഷ്ഠൻ:—നീ വലിയ കായ്സ്ഥനായിപ്പോയി. നിന്റെ കായ്പ്രാപ്തി എന്നെക്കൂടി വട്ടത്തിലാക്കി.

അനുജൻ:—എനിക്കു കായ്ശീലമുണ്ടെന്നു് ഞാൻ പറഞ്ഞില്ല. അതാ, നമ്മുടെ പഴയ കായ്സ്ഥൻ ശിവരാമമേനവൻ വരുന്നു. ജ്യേഷ്ഠനു കായ്മാലോചിപ്പാൻ ആളായല്ലോ ഞാനിനി ഒന്നിനും വരുന്നില്ല.

ജ്യേഷ്ഠൻ:—പന്തീരാണ്ടുകാലം ഈവിടുത്തെ കായ്യം നോക്കിയതിനു് കുറെകൊണ്ടു് ക്ലേശി കൊടുത്തിട്ടാണു് ശിവരാമമേനവനെ പിരിച്ചയച്ചിട്ടുള്ളതു്. അയാൾ നമ്മളെ സഹായിക്കുമോ? ഇപ്പോൾ കേറിവന്നതുതന്നെ എന്തോ ദുരുദ്ദേശ്യം കരുതിയിട്ടായിരിക്കും.

അനുജൻ:—ശിവരാമമേനോൻ പഴയ ക്രൂരത മറക്കാതെ അച്ഛനെ കാണ്മാൻ വരുന്നതാണു്. ഞാൻ അയാളെ ഒരു കുറവും പറഞ്ഞിട്ടില്ല. എന്നെ സഹായിക്കും. ഞാൻ തന്നെ ചോദിക്കാമല്ലോ.

ജ്യേഷ്ഠൻ:—മേനവനെ പാട്ടിൽ പിടിച്ചില്ലാതെ നമുക്കു നിൽക്കാൻ കള്ളിയുണ്ടാവില്ല. അയാൾ അടുത്തെത്തി. അനുജൻതന്നെ ചോദിക്കു.

അനുജൻ:—ശിവരാമമേനോൻ ഈപ്പടി മറന്നിട്ടില്ല, അല്ലേ?

ശിവരാമൻ:—കൊച്ചേജമാനന്മാക്ക് എന്നോട് വിരോധമുണ്ടെങ്കിലും ഈ കുടുംബത്തോടുള്ള സ്നേഹം എനിക്ക മറക്കുവാൻ വയ്യ. പന്തീരാണ്ടുകാലത്തെ പരിചയം ഞാനെങ്ങിനെ മറക്കും?

അനുജൻ:—ഞാനെന്തു വിരോധമാണു ചെയ്തത്? മേനവനും ചെറിയമ്മയും തമ്മിലുള്ള മുഷിച്ചിൽ തീർന്നുവോ?

ശിവരാമൻ:—എന്റെ കുട്ടിക്കൊച്ചേജമാനനേ! അവരോടുള്ള വിരോധം ഇജ്ജന്മത്തിൽ തീരുകയില്ല. ജ്യേഷ്ഠന് എന്നോടുള്ള പരിഭവം തീർത്തുതന്നാൽ കൊള്ളാം.

ജ്യേഷ്ഠൻ:—പഴയ ബന്ധുവിൽ അവിശ്വാസം തോന്നിയതു് കാലക്കേടിന്റെ ശക്തികൊണ്ടാണു്. ശിവരാമമേനവൻ പരിഭവിക്കരുതു്.

ശിവരാമൻ:—പരിഭവം തീക്കാനാണു് ഞാൻ വന്നതു്. ഒന്നുണ്ടു കഴിഞ്ഞു, അല്ലേ?

അനുജൻ:—മുഷിച്ചിലും തീർന്നു, പരിഭവവും തീർന്നു. ഇതാണു് കായ്യം പറഞ്ഞു തീർക്കണം, പറഞ്ഞു തീർക്കണം എന്നു് പഴമക്കാർ പറയുന്നതിന്റെ താല്പര്യം.

ജ്യേഷ്ഠൻ:—പഴമയും പറഞ്ഞു പടിക്കൽ ഇരിക്കുമാറാക്കിയെന്നു് ചെറിയമ്മയും പറയുന്നുണ്ടായിരിക്കും.

ശിവരാമൻ:—പറയുക മാത്രമല്ല പ്രവർത്തിക്കയും കഴിഞ്ഞില്ലേ? പക്ഷേ അതു് ശിവരാമൻ സമ്മതിക്കയില്ല.

ജ്യേഷ്ഠൻ:—ഞാനെന്തു വിരോധം ചെയ്തിട്ടുണ്ടെങ്കിലും അതൊക്കെപ്പൊറുത്തു് ഞങ്ങളെ സഹായിക്കണം.

ശിവരാമൻ:—മൂപ്പീന്ന് അനീതി ചെയ്യ എന്നു കേട്ടപ്പോൾ വളരെ മനസ്താപമുണ്ടായി. കൊച്ചെജമാനന്മാരുടെ ഭാവിയെക്കുറിച്ചാലോചിച്ചപ്പോൾ ഞാൻ അനുഭവിച്ച മനോവേദന പറഞ്ഞറിയിപ്പാൻ പ്രയാസമാണ്.

അനുജൻ:—ഞങ്ങളുടെ ഭാവിക്കൊന്നും തരക്കേടില്ല. അച്ഛൻ ധാരാളം ഞങ്ങൾക്കു വെച്ചിട്ടുണ്ട്.

ജ്യേഷ്ഠൻ:—ഇനി ഒരിക്കലും മേനവന്റെ അഭിപ്രായം വിട്ടു നടക്കില്ല. അനുജൻ പറഞ്ഞതിനെ വിലവെയ്ക്കരുതു്. അയാൾക്കു കഥയില്ല.

ശിവരാമൻ:—മൂപ്പീന്ന് ഒസ്യത്തിൽപ്പെടുത്തിയതു കഴിച്ചു ബാക്കിയുള്ളതുകൊണ്ടു് കാലക്ഷേപത്തിനു തികയുമെങ്കിൽ വല്ല കഴവുമാകട്ടെ എന്നുവെച്ചൊഴികയല്ലേ നല്ലതു്?

ജ്യേഷ്ഠൻ:—ചെറിയമ്മയ്ക്കു വേണ്ടാത്തതു് ഞങ്ങൾ അടക്കി അനുഭവിക്കണമെന്നാണതെ ഒസ്യത്തിലെ നിശ്ചയം.

ശിവരാമൻ:—പണം മതിയായെന്നു് ഇതുവരെ ആരും പറഞ്ഞു കേട്ടിട്ടില്ല. കൊച്ചെജമാനന്മാർ അടക്കി അനുഭവിപ്പാൻ അത്യേഛം കല്പിച്ചിട്ടുള്ളതു വിശപ്പും ദാഹവുമായിരിക്കും.

ജ്യേഷ്ഠൻ:—അല്ലെങ്കിൽ അധികാരിയെ ആശ്രയിച്ചു് ചെറിയമ്മ തരുന്നതുകൊണ്ടു് ചെലവു കഴിക്കണമെന്നായിരിക്കും വിചാരം.

ശിവരാമൻ:—ഞാൻ പറയുന്നതു കേൾക്കാമെന്നുണ്ടെങ്കിൽ ചെറിയമ്മ കൊണ്ടുപോയതു് തിരിച്ചു വരുത്തിത്തരാം.

അനുജൻ:—അച്ഛൻ ഒപ്പിട്ട കടലാസ്സ് ചെറിയമ്മയല്ലാ കൊണ്ടുപോയതു്. ചെറിയമ്മയുടെ കയ്യിൽ ഉണ്ടെങ്കിൽ ഞാൻ വാങ്ങിച്ചുകൊണ്ടു വരാം. തന്നില്ലെങ്കിൽ തട്ടിപ്പറിക്കാം. ചെറിയമ്മ അധികാരിയുടെ കയ്യിൽ കൊടുത്തു. ആ കടലാസ്സ് ശിവരാമനോൻ ചോദിച്ചാലും കിട്ടില്ല.

ശിവരാമൻ:—സാധുക്കുട്ടി! ഇങ്ങിനെയുള്ളവരെയാണോ വഞ്ചിക്കേണ്ടതു്? കൊച്ചുജമാനൻ അപ്പോൾ തന്നെ ചെറിയമ്മയെ പുറത്താക്കിയതു നന്നായി.

അനുജൻ:—ഞാൻ ചെറിയമ്മയോടു പുറത്തു പോകുവാൻ പറഞ്ഞിട്ടില്ല. ചെറിയമ്മ അച്ഛന്റെ കൈ പിടിച്ചു് ഒപ്പിടുവിച്ച കടലാസ്സ് അധികാരിയുടെ കൈയിൽ കൊടുത്തപ്പോൾ ഞാൻ അടുക്കെ ഉണ്ടായിരുന്നു. അച്ഛൻ ഒന്നും പറഞ്ഞില്ല. "നിങ്ങൾക്കു് എന്നെ പേടിക്കണ്ടുകൂടാ. ഇനി എനിക്കും ഇവിടെ കാര്യമൊന്നും ഇല്ല" എന്നു പറഞ്ഞു് അധികാരിയുടെ പിന്നാലെ ഇറങ്ങിപ്പോയി. അതിൽപ്പിന്നെ അച്ഛൻ ആരോടും മിണ്ടീട്ടില്ല.

ജ്യേഷ്ഠൻ:—മതി, കാര്യസ്ഥത. ഊഹവും യുക്തിയും വേണ്ടാത്ത സമയത്തു് വേണ്ടതുണ്ടു്.

അനുജൻ:—ഉള്ളതു പറഞ്ഞാലും ജ്യേഷ്ഠൻ ശുണ്ഠി എടുക്കും. അച്ഛൻ ചെറിയമ്മയോടു മുഷിഞ്ഞാൽ പിന്നെ നമ്മളോടു മിണ്ടാറുണ്ടോ?

ശിവരാമൻ:—ഓഹോ മൂപ്പിന്നു് തനേറാടം വിട്ടു് കിടക്കുകയാണോ? മറെറാരൊസ്യത്തിനു് ഇടയാകരു

തെന്ന കരുതിക്കൂട്ടി ആ ദ്രോഹികൾ എന്തോ അക ത്തേയ്ക്ക കൊടുത്തിട്ടുണ്ടാകണം.

അനുജൻ:—ക്ഷീണം മാറാനുള്ള മരുന്ന കൊടു ത്തിട്ട് മതി ഒപ്പിടുവിക്കാൻ എന്ന് അധികാരി പറ ഞ്ഞു. ചെറിയമ്മ മരുന്ന വാങ്ങി അച്ഛന്റെ വായിലൊ ഴിച്ചുകൊടുത്തു. ഇറക്കാൻ നന്ന വിഷമിച്ചു.

ജ്യേഷ്ഠൻ:—മേനോൻ ഊഹിച്ചതു ശരിയായി. അ നുജൻ ഈ സംഗതി എന്നോട് പറഞ്ഞതേയില്ല.

അനുജൻ:—ചെറിയമ്മയോട മുഷിഞ്ഞാലത്തെ സ്വഭാവം എനിക്ക നല്ലോണം അറിയാം. അതുപോലെ മുഷിഞ്ഞുകിടക്കുകയാണെന്നാണ വിചാരിച്ചത്. ഞാൻ പോയി അധികാരിയെ കൂട്ടിക്കൊണ്ടു വരാം. ക്ഷീണം മാ റാനുള്ള മരുന്നാണോ കൊടുത്തിട്ടുള്ളതെന്ന് നിങ്ങളാരെങ്കിലും ചോദിച്ചുകൂടേ?

ശിവരാമമേനോൻ:—(ജ്യേഷ്ഠനെ വേറെ വിളിച്ച് സ്വകാര്യമായിട്ട്) ഈ പച്ചപ്പരമാത്മാവിനെ വെച്ചുകൊ ണ്ട് നാം വല്ലതും ചെയ്താൽ ചെമ്പു പുറത്താകും. അതു കൊണ്ട് അനുജനെ ഇവിടംവിട്ട് അകറ്റുകയാണ വേണ്ടത്. നമ്മുടെ ഇഷ്ടംപോലെ രണ്ടാമത്തെ ഒരു ഒസ്യ ത്തു ഉണ്ടായാലല്ലാതെ അവരെ തോല്പിക്കാൻ വഴിയില്ല.

ജ്യേഷ്ഠൻ:—കളവും ചതിയും അനുജനറിഞ്ഞുകൂടാ. നുണ പറയുകയില്ല. മഹാസാധു. എന്തു പറഞ്ഞിട്ടാണ യയ്ക്കുണ്ടത്?

ശിവരാമൻ:—അതു ഞാൻ പറയാം. അധികാരി യെത്തന്നെ കാണാൻ പറഞ്ഞയയ്ക്കാം.

അനുജൻ:—നിങ്ങൾ പറഞ്ഞതു മനസ്സിലായി. ഇതിനെപ്പറ്റി ഒന്നുകൂടി ആലോചിക്കേണ്ടതു തന്നെ. ജ്യേഷ്ഠന് സമ്മതമില്ലെങ്കിൽ ഞാൻ അധികാരിയെക്കാണുവാൻ പോകുന്നില്ല.

ശിവരാമൻ:—കൊച്ചേജമാനൻ അധികാരിയുടെ വീടറിയുമോ?

അനുജൻ:—ചെറിയമ്മയുടെ എഴുത്തു കൊടുപ്പാൻ ഞാൻ പല കുറിയും അധികാരിയുടെ വീട്ടിൽ പോയിട്ടുണ്ടു്.

ശിവരാമൻ:—എന്നാൽ പോയിവരൂ. അധികാരിയെ കൊണ്ടേ വരാവൂ. അല്പം താമസിച്ചാലും തരക്കേടില്ല.

ജ്യേഷ്ഠൻ:—തന്നേ പോകാൻ മടിയുണ്ടെങ്കിൽ പടിക്കലേ പറമ്പിൽ കിടക്കുന്ന പാറനെക്കുടി തുണ വിളിച്ചോളൂ.

അനുജൻ:—ഓ. (പടിക്കൽച്ചെന്നു തിരിഞ്ഞുനിന്നു) അച്ഛനെന്നോടു ചോദിച്ചാൽ ചെറിയമ്മ പറഞ്ഞിട്ടില്ലാ പോയതെന്നു് പ്രത്യേകം പറയണം. ഇല്ലെങ്കിൽ ഞാൻ വന്നാലും എന്നോടു മിണ്ടാതിരിക്കും. (എന്നു പറഞ്ഞു പോയി)

ശിവരാമൻ:—അനുജന്റെ വാക്കിൽനിന്നു് അധികാരിയുടെ പെരുമാറ്റം ഏതാണ്ടു് വ്യക്തമായില്ലേ? ഇനി മൂപ്പിലേ ദീനസ്ഥിതിക്കുടി മനസ്സിലാക്കീട്ടു് വേണ്ടതാലോചിക്കാം.

രണ്ടുപേരും കേട്ടുകൂട്ടിനായരുടെ അടുക്കൽച്ചെന്നു. ജ്യേഷ്ഠൻ അച്ഛനെ പലവുരു വിളിച്ചു. മിണ്ടുന്നില്ല.

താന്നുനോക്കി. ബോധക്ഷയം തന്നെ. കായ്സ്ഥനും കുനിഞ്ഞുനിന്നു പരിശോധിച്ചു. മൂടിയ വസ്ത്രം മാറ്റി കാലും കയ്യും തൊട്ടുനോക്കി.

ശിവരാമമേനോൻ:—ശ്വാസം മാത്രമുണ്ട്. തന്റേടം തീരെയില്ല. മൂപ്പരും ഈ തന്റേടക്കേടോടുകൂടിതന്നെ കലാശിക്കും. മരണലക്ഷണം കണ്ടുതുടങ്ങി.

ജ്യേഷ്ഠൻ:—തന്റേടം വീണ്ടാൽ മറെറാരു മരണപത്രം ശാസിച്ച് ഒപ്പിടീക്കാമെന്നു മോഹിച്ചു. ആ ആശയും നശിക്കയാണല്ലോ ചെയ്തത്. അച്ഛന്റെ കള്ള ഒപ്പിടാൻ തുടക്കം സാധിക്കയില്ല. വള്ളിയും പുള്ളിയും ചിലകുത്തും, കുറിയും അതാതു സ്ഥലത്തിട്ടൊപ്പിക്കാൻ ഞെരുക്കമുണ്ട്.

ശിവരാമൻ:—ഒപ്പു മാത്രമല്ല ഒസ്യത്തു പ്രബലപ്പെടുത്തിക്കൊണ്ടു വരേണ്ട കായ്യം മുഴുവൻ കയ്യേൽക്കാൻ ഞാൻ ഒരുത്തനെക്കരുതീട്ടുണ്ട്. അതുത്തോളം സാഹസം കൊച്ചെജമാനൻ സമ്മതിക്കുമോ എന്നാണ് ഞാൻ സംശയിക്കുന്നത്.

ജ്യേഷ്ഠൻ:—നമ്മൾ രണ്ടുപേരും ഇന്നുമുതൽ ഒരുടലിൽ പിറന്നതാണ്. ശിവരാമമേനോൻ എന്റെ ജ്യേഷ്ഠനാണ്. ജ്യേഷ്ഠൻ കല്പിക്കുന്നതെല്ലാം ഈ അനുജൻ കേറ്റംപ്പാൻ ഒരുങ്ങിയിരിക്കുന്നു.

ശിവരാമൻ:—ശരി. എന്നാലിനി, കല്പനയല്ല പ്രവൃത്തിയാണു വേണ്ടതു്. എന്നെ സഹായിച്ചാൽ മതി.

മരണപത്രം രജിസ്ട്രാക്കുവാൻ രജിസ്ട്രാക്കുള്ള ഫർജി തയ്യാറാക്കി ആധാരം അയയ്ക്കാൻ ജ്യേഷ്ഠനെ ഏല്പിച്ചു. കേളുക്കുട്ടിനായരുടെ ഒപ്പ് ശിവരാമമേനോൻ

ഒരുകുറിയല്ല പലകുറി പരിചയിച്ചു ശീലിച്ചിട്ടുണ്ട്. ജ്യേഷ്ഠൻ ഒപ്പു കണ്ടപ്പോൾ തല കുലുക്കി സമ്മതിച്ചു.

മരിക്കാൻ കിടക്കുന്ന അച്ഛനെ മറുമറിയിൽ കൊണ്ടുപോയിക്കിടത്തി. അച്ഛന്റെ തനേറടം വീഴുന്നുണ്ടോയെന്നു നോക്കാൻ വേണ്ടി കുറച്ചിട കാത്തുനില്പാൻ ജ്യേഷ്ഠനോടു പറഞ്ഞു. ജ്യേഷ്ഠൻ തിരിച്ചുചെന്നപ്പോൾ അച്ഛന്റെ കിടപ്പിടം ശിവരാമമേനോൻ കയ്യേറിയിരിക്കുന്നു. മലിനവസ്ത്രം ധരിച്ചു് പാരവശ്യം നടിച്ചുകിടക്കുന്ന ശിവരാമമേനോൻ ജ്യേഷ്ഠനെക്കൊണ്ടു പുത്രകൃത്യം നിർവ്വഹിക്കാൻ ശാസിച്ചു. ശിവരാമമേനവന്റെ താൽക്കാലിക പുത്രനായിത്തീർന്ന ജ്യേഷ്ഠൻ കൈ തലോടിയും, കാലു തിരുമ്മിയും, ദീനവാണിയെ ശുശ്രൂഷിക്കാൻ കുനിഞ്ഞുനിന്നു ചെവിടൊപ്പിച്ചും, പല ശുശ്രൂഷകളും അഭ്യസിച്ചതിന്റെ ശേഷം രജിസ്ട്രാർ വരുമ്പോൾ പറയേണ്ടതായ ആവലാതിപ്രബന്ധവും ഉപദേശിച്ചു.

ശിവരാമൻ:—ഞാൻ ഇനി അച്ഛന്റെ നിലയിലാണെന്നു മനസ്സിലായില്ലേ? രജിസ്ട്രാർ വരുമ്പോൾ നിങ്ങൾ പറയേണ്ടതു് ഞാൻ ഉപദേശിച്ചുതരാം. മറക്കരുതു്. കേട്ടോളൂ. "അച്ഛന്റെ കിടപ്പുകണ്ടപ്പോൾ ഇനി അച്ഛനെ തനേറടത്തോട്ടുകൂടി കാണ്മാൻ സാധിക്കയില്ലെന്നു വിചാരിച്ചു് എത്ര വ്യസനിച്ചു. ഞാൻ വൈദ്യനെക്കാണ്മാൻ പോയതിനിടയ്ക്കു് ചെറിയമ്മയും, അധികാരിയുംകൂടി വന്നു് അച്ഛനെ മരുന്നു തന്നു മയക്കി എത്രയോഹിച്ചു എന്നു് അച്ഛനോമ്മയുണ്ടോ?" ഇങ്ങിനെയാണു പറയേണ്ടതു്. പറയൂ. കേൾക്കട്ടേ.

ജ്യേഷ്ഠന്നു വാചകം മുഴുവൻ ഓർമ്മ തോന്നിയില്ല. വീണ്ടും പറഞ്ഞു പറയിപ്പിച്ചു. "അച്ഛന്നു ഓർമ്മയുണ്ടോ" എന്ന ചോദ്യത്തിന്നു്,

ശിവരാമമേനോൻ:—(കിടന്ന കടപ്പിൽ കിടന്നു കൊണ്ട്) ഇല്ലാ മോനേ, അതൊന്നും ഓമ്മ തോന്നുന്നില്ല. ക്ഷീണം മാറുമെന്നു പറഞ്ഞു് ആ അസത്തു് എന്തോ എന്റെ വായിൽ ഒഴിച്ചു. അല്പം കഴിഞ്ഞു് കണ്ണു മഞ്ഞളിച്ചു. പിന്നെയൊന്നും ഓമ്മയില്ല.

ജ്യേഷ്ഠൻ:—ശിവരാമമേനോൻ അങ്ങിനെ പറഞ്ഞാൽ തെറ്റല്ലേ? മരുന്നു് അധികാരി ചെറിയമ്മയുടെ കയ്യിൽ കൊടുത്തു എന്നല്ലേ അനുജൻ പറഞ്ഞതു്?

ശിവരാമൻ:—നിനക്കു് ഇതയ്യുന്നേക്കാം ബുദ്ധിയുണ്ടെന്നു നടിക്കേണ്ടാ രോഗിക്കു് ഓമ്മശക്തിയുണ്ടാവില്ല. നാവിടയ്ക്കു കഴയും. അതു മനസ്സിലാക്കീട്ടുണ്ടോ? മനസ്സിരുത്തിക്കോളൂ. "ഒരു കടലാസ്സിൽ എന്നെക്കൊണ്ടെന്തോ കോറിച്ചു. പിന്നെ ഒന്നും ഓമ്മയില്ല."

ജ്യേഷ്ഠൻ:—അധികാരി കടലാസ്സു നിത്തിപ്പിടിച്ചു. ചെറിയമ്മ അച്ഛന്റെ കൈപിടിച്ചൊപ്പിടീച്ചു, എന്നല്ലേ പറയേണ്ടതു്?

ശിവരാമൻ:—തുടങ്ങീലോ രണ്ടാമതും! പെരുമണ്ടൻ! ദീനക്കാരു് തന്റേടം മറിയുമ്പോൾ ചെയ്യുന്ന പിന്നീട് ശരിക്കോമ്മയുണ്ടാവില്ല എന്നു ഞാൻ പറഞ്ഞില്ലേ? എന്നെ പഠിപ്പിക്കേണ്ട. ഞാൻ പഠിപ്പിച്ചതു് ഓമ്മവെച്ചാൽ മതി. ആ ആവലാതി ഒന്നുകൂടി കേൾക്കട്ടേ

ജ്യേഷ്ഠൻ:—അച്ഛന്റെ—തന്റേടത്തോടുകൂടി—ഇനി തന്റേടത്തോടുകൂടി—അച്ഛനെഴുന്നേൽപ്പോൾ—

ശിവരാമൻ:—അച്ഛനെ തന്റേടത്തോടുകൂടിക്കണ്ടെഴുന്നേൽപ്പോൾ തല്ലിക്കൊല്ലാൻ തോന്നി. അല്ലേ? കഷ്ടം! തലയിൽ ചളിയാണോ നിറച്ചിട്ടുള്ളതു്?

ജ്യേഷ്ഠൻ:—ഞാൻ അവിടെ തെല്ലിട മറന്നു.

ശിവരാമൻ:—രജിസ്റ്റർ മാണപത്രം രജിസ്ട്രാക്കാനിരിക്കുമ്പോൾ എനിക്കു മറവു തീക്കാൻ സാധിക്കയില്ല. ഇപ്പോൾ മുതല്ക്കുതന്നെ ഉരുക്കഴിച്ചുകൊള്ളു.

ജ്യേഷ്ഠൻ ഈ ജനകതനയസംവാദം ഉരുക്കഴിച്ചുറപ്പിച്ചുകൊണ്ടിരിക്കുമ്പോൾ രാജിസ്റ്റർ പുറത്തളത്തിൽ വന്നുകയറി.

രജിസ്റ്റർ—"ഇവിടെ ആരേയും കാണുന്നില്ല. കേളുക്കുട്ടിനായരെവിടേ?" എന്നു് അധികാരസ്വരത്തിൽ ചോദിച്ചു. ഇടയ്ക്കിടയ്ക്കു് ഗൌരവം പൂണ്ട മുളക്കത്തോടുകൂടി പുറത്തളത്തിൽ ചാഞ്ചിത്തുടങ്ങി.

ശിവരാമൻ:—അദ്ദേഹം വന്നു എന്നു തോന്നുന്നു.

എന്നു ദീനസ്വരത്തിൽ പറഞ്ഞു. ആവലാതിപ്രബന്ധം ഉരുക്കഴിച്ചുറപ്പിക്കുന്നതിനിടയ്ക്കു ജ്യേഷ്ഠൻ ശിവരാമമേനവൻ പറഞ്ഞതു കേട്ടില്ല. "അച്ഛന്റെ ഇന്നലത്തെ കിടപ്പു്" എന്നു കാലു തലോടിക്കൊണ്ടാവർത്തിച്ചുതുടങ്ങി. ശിവരാമമേനോൻ ശ്രുണ്ഠിയെടുത്തു. "നിന്റെ മുത്തച്ഛന്റെ മുന്നാളത്തെ കിടപ്പു്! എണീറ്റുപോവാനല്ലേ പറഞ്ഞതു്. (എന്നു ദ്വേഷ്യത്തോടുകൂടി) രജിസ്റ്റർ ആളെക്കാണാതെ മൂപ്പർ കിടക്കുന്ന മുറി തുറക്കാൻ ഇടയായാൽ—"

ജ്യേഷ്ഠൻ പിടഞ്ഞെണീറ്റു.

ജ്യേഷ്ഠൻ:—അതു പേടിക്കാനില്ല. ആളെ കാണില്ല. മുഴുവൻ മൂടിയിട്ടിട്ടുണ്ടു്. കിടക്കച്ചുവട്ടിലാണു്.

ശിവരാമൻ:—ശിവ, ശിവ,—ശാന്തം, പാവം! നായർകുഡുംബത്തിനു വന്നുചേർന്ന മാഹാത്മ്യം! ആട്ടേ,

പോയി കൂട്ടിക്കൊണ്ടുവരൂ. അടുത്തു വന്നാൽ അച്ഛനോട് രജിസ്ട്രാർ വന്നിട്ടുണ്ടെന്നു പറയേണം.

ജ്യേഷ്ഠൻ:—ഞാൻ പോയി കൂട്ടിക്കൊണ്ടുവരണോ? എന്തച്ഛനോടാണു പറയേണ്ടത്?

ശിവരാമൻ:—ഈ നേരത്തുള്ള അച്ഛനോട്—കഷ്ടം!—എന്നെ അളറിയിക്കരുതേ. "ഞാനിപ്പോൾ കേളുക്കുട്ടിനായരാണ്. ഇനിപ്പുതുക്കയേ സംസാരിക്കയുള്ളൂ. മനസ്സിരുത്തിക്കൊള്ളണം."

ജ്യേഷ്ഠനെപ്പുറത്തു കണ്ടപ്പോൾ രജിസ്ട്രാർ അകത്തേയ്ക്കു വന്നു. മുറിക്കുള്ളിലെത്തിയപ്പോൾ "അച്ഛാ, അദ്ദേഹം വന്നിട്ടുണ്ട്" എന്നു ജ്യേഷ്ഠൻ പറഞ്ഞു.

ശിവരാമൻ:—ആരത്തു മോനെ, അധികാരിയോ? ആ മരണപത്രവും കൊണ്ടുവന്നിട്ടുണ്ടോ?

ജ്യേഷ്ഠൻ:—അധികാരിയല്ല, രജിസ്ട്രാറ്.

ശിവരാമൻ:—ആര്? അന്യജനം കൂടെയുണ്ടോ?

രജിസ്ട്രാർ:—ഞാനാണ് കേളുക്കുട്ടിനായരെ! സുഖക്കേട് എങ്ങിനെ ഇരിക്കുന്നു? അല്പം ആശ്വാസമില്ലേ?

ശിവരാമൻ:—അങ്ങു വന്നതു സന്തോഷമായി. എന്താശ്വാസം! സമയം വരാൻ കാത്തുകിടക്കയാണ്. അതിന്നു മുമ്പു് ചെയ്യേണ്ടതു ചെയ്തുവെച്ചാൽ കൊള്ളാമെന്നുണ്ട്.

രജിസ്ട്രാർ:—മരണപത്രമെവിടെ? കാണട്ടെ.

ശിവരാമൻ:—എഴുതിവെച്ചിട്ടില്ല. മുമ്പാകെവെച്ചെഴുതി ഒപ്പിടേണമെന്നാണു മോഹം.

രജിസ്ട്രാർ:—എനിക്കത്ര നേരം താമസിക്കാൻ തരമില്ല. മരണപത്രം എഴുതിക്കഴിഞ്ഞിട്ടല്ലേ എനിക്ക് ആളെ അയയ്ക്കേണ്ടത്? ഞാൻ പോണു.

ശിവരാമൻ:—ഇങ്ങിനെ കല്പനയാകരുതു്. ആവു, അയ്യോ! വയ്യാ മോനേ, ഒട്ടത്തു വരൂ, കുനിഞ്ഞുനില്ക്കൂ.

ജ്യേഷ്ഠൻ:—(സ്വകാര്യം) പത്തു വേണോ, അഞ്ചു പോരേ?

ശിവരാമൻ:—പറഞ്ഞതു കേൾക്കൂ! വേഗമാകട്ടെ.

ജ്യേഷ്ഠൻ പറഞ്ഞപ്രകാരം പ്രവർത്തിച്ചു. രജിസ്റ്റാർ കടലാസിന്റെ മടക്കിൽ നിന്നു് അതിന്റെ വില നിശ്ചയിച്ചു. "എന്നാൽ വേഗമാവട്ടെ. എഴുത്തുകാരനാരുണ്ടു്?"

ശിവരാമൻ:—എന്റെയീ മൂത്ത മകനെക്കൊണ്ടു തന്നെയെഴുതിക്കാം. എഴുത്തുസാധനങ്ങളും തലയ്ക്കൽ ഇരിപ്പുണ്ടു്. ഞാൻ വാചകം പറഞ്ഞുതരാം. എഴുതിക്കൊള്ളൂ. എന്റെ വീട്ടുപേരും പേരും എല്ലാം എഴുതിക്കഴിഞ്ഞിട്ടു് എഴുതിവെച്ച മരണപത്രം—(എന്നു നിരുത്തി.)

ജ്യേഷ്ഠൻ:—അച്ഛന്റെ വീട്ടുപേരും പേരുമല്ലേ എഴുതേണ്ടതു്?

ശിവരാമൻ:—അതേയിതു അറിഞ്ഞുകൂടേ? ഇനി ഞാൻ പറയുന്നതു മനസ്സിലാക്കി എഴുതണം. "ഞാൻ എന്റെ നല്ല ബോധത്തോടുകൂടി ഇന്നവരെ യാതൊരു മരണപത്രവും എഴുതിവെയ്ക്കുകയോ, എഴുതിക്കൊടുക്കുകയോ ചെയ്തിട്ടില്ല"—എഴുതിക്കഴിഞ്ഞില്ലേ? മോനെ, വേഗമാവട്ടെ—"ഞാൻ തന്റേടം വിട്ടു കിടക്കുമ്പോൾ കൃത്രിമമായി വല്ലവരും എന്നെക്കൊണ്ടു വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം ഞാനിതിനാൽ റദ്ദാക്കുന്നു."

രജി:—ഓഹോ, അധികാരിയുടെ കൈവശമുള്ള മരണപത്രം ഈവിധമുണ്ടായതാണോ? ഒരു കൊച്ചനെ

വഴിക്ക വെച്ചു കണ്ടപ്പോഴാണു് എനിക്കീ വർത്തമാനം മനസ്സിലായതു്.

ശിവരാമൻ:—എന്റെറ അങ്ങനേ, അതൊന്നും പറയേണ്ട. അധികാരിയുടെ അക്രമം സഹിച്ചുകൂടാതായിട്ടുണ്ടു്.

റജി—അതെല്ലാം പോകട്ടെ. കാര്യം നടക്കട്ടെ.

ശിവരാമൻ:—മോനെ, മനസ്സിരുത്തണേ. കേട്ടോളൂ "എനിക്കിന്നുള്ളതും, ഇനി ഉണ്ടാവുന്നതുമായ സകല സ്ഥാവരജംഗമസ്വത്തുക്കൾ മുഴുവനും താഴെ പറയുന്ന നിശ്ചയമനുസരിച്ചു്, എന്റെറ നിശ്ചയമനുസരിച്ചു്, എന്റെറ അനന്തരവന്മാരായ ജ്യേഷ്ഠാനുജന്മാർ—"

ജ്യേഷ്ഠൻ:—രണ്ടുപേർക്കും കൂടി വേണോ? അനുജനെ ഞാൻ നോക്കിക്കൊള്ളാം. എന്റെറ പേർക്കു തന്നെ പോരെ?

ശിവരാമൻ:—എനിക്കാരും ഭേദമില്ല. ഞാൻ പറഞ്ഞതെഴുതുക. "രണ്ടുപേരും എന്റെറ മരണശേഷം അടക്കി അനുഭവിപ്പാൻ എന്റെറ പൂർണ്ണസമ്മതത്തോടുകൂടി ഇതിനാൽ നിശ്ചയം ചെയ്തിരിക്കുന്നു.

നിശ്ചയങ്ങൾ.

൧. എന്റെറ വിശ്വസ്തമിത്രവും, കാര്യസ്ഥനുമായി ഈ കുടുംബത്തിന്റെറ നന്മയ്ക്കു വേണ്ടി ക്ലേശിച്ചിട്ടുള്ളതിനു തന്ത്രംപാടി ശിവരാമമേനോനു തക്ക പ്രതിഫലം കൊടുത്തിട്ടില്ലാത്തതുകൊണ്ടു് അയ്യായിരം ഉറുപ്പിക ഒരു കൊല്ലത്തിനുള്ളിൽ എന്റെറ മൂത്ത മകൻ അയാൾക്കു കൊടുത്തു് രശീതി വാങ്ങേണ്ടതാകുന്നു."

ജ്യേഷ്ഠൻ:—(ഈ നിശ്ചയം കേട്ടപ്പോൾ എഴുത്തു നിത്തി എണീറ്റു ചെന്നു് അച്ഛനോടു് സകായ്മമായി) അച്ഛാ, ഈ കായ്യത്തിൽ മനസ്സിരുത്തരുതു്. വളരെ ക്ഷീണിക്കും. അച്ഛൻ പറഞ്ഞതു അമ്പതു് എന്നല്ലേ?

ശിവരാമൻ:—നീയെന്റെ വയസ്സു മൂത്ത കുട്ടിയല്ലേ? ഇനിയും കായ്പ്രാപ്തി വന്നില്ലല്ലോ! ശിവരാമനെ നീ നല്ലവണ്ണം അറിഞ്ഞിട്ടില്ല. അതുകൊണ്ടാണു് നിണക്കീ സംശയം തോന്നിയതു്.

ജ്യേഷ്ഠൻ:—മേനോന്റെ സഹായം വലുതാണെങ്കിലും അയ്യായിരം കുറച്ചധികംതന്നെയാണു്.

ശിവരാമൻ:—എനിക്കങ്ങിനെയല്ല തോന്നുന്നതു്. പന്തീരാണ്ടു കാലം ഈ കുടുംബത്തിനു വേണ്ടി ക്ലേശിച്ചതിനു് ശിവരാമനു ഞാൻ കൊടുപ്പാൻ നിശ്ചയിച്ചതുക അധികമായിട്ടില്ലെന്നാണെന്റെ പക്ഷം.

ജ്യേഷ്ഠൻ:—ഇങ്ങിനെ വാരിക്കോരിക്കൊടുപ്പാൻ മാത്രം ഇവിടെ മുതലുണ്ടോ?

ശിവരാമമേനോൻ:—(കോപത്തോടുകൂടി) എന്നോടു് ഇതിനെപ്പറ്റി അധികം സംസാരിപ്പാൻ നിന്റെ തൽക്കാലസ്ഥിതി ഓർത്തിട്ടു മതി. ഇനി എന്നെ നിർബന്ധിക്കയാണെങ്കിൽ നിങ്ങൾക്കുള്ളതുപോലും ഉള്ളതല്ല. ഓഹരിക്കു ശിവരാമനെ അധികാരിയാക്കിത്തീർക്കാൻ എനിക്കിപ്പോൾ അധികാരമുണ്ടെന്നു് ഓർമ്മയിരിക്കട്ടെ.

ജ്യേഷ്ഠൻ "നിർവ്വാഹമില്ലല്ലോ" എന്നു പറഞ്ഞു് മരണപത്രം പൂർത്തിയാക്കി ഒപ്പിട്ടുവാൻ കൊടുത്തു. ശിവരാമമേനോൻ ഒപ്പിട്ടു് റജിസ്ട്രാരുടെ കയ്യിൽ കൊടുത്തു.

റജിസ്റ്റാർ:—ഇതിലെന്തോ കൃത്രിമമുള്ളതുപോലെ തോന്നുന്നു. സ്വീകരിപ്പാനാലോചിച്ചിട്ടു വേണം.

ശിവരാമൻ:—അയ്യോ! ഒരു കളവുമില്ല. പച്ച പ്പരമാത്ഥമാണു്. മോനെ, ഇവിടെ വരൂ, ഒരു സ ത്യം പറയട്ടെ. അമ്മതുക്കുടി കണ്ടില്ലെന്നു വെയ്ക്കു. അല്ലെങ്കിൽ തകരാറിലാവും.

ജ്യേഷ്ഠൻ:—(സത്യം) "പിന്നെ നാലായിരത്തി തൊള്ളായിരത്തമ്പതേ ചോദിക്കാവു."

ശിവരാമൻ:—എടുത്തു കൊടുക്കു. കണക്കു പിന്നെപ്പ റയാം. റജിസ്റ്റാർ മരണപത്രം സാക്ഷിപ്പെടുത്തിപ്പോയി.

രണ്ടുപേരും തനിച്ചായപ്പോൾ ഗൃഹാഗ്രഹിയായ ജ്യേ ഷ്ഠൻ ശിവരാമനോടു്:—മേനോൻ ചതിക്കയല്ലേ ചെയ്തതു്? ഇത്രത്തോളം കളവു കരുതീട്ടുണ്ടെന്നറിഞ്ഞി ല്ല. ഒരു സഹോദരന്റെ നിലയ്ക്കാണു് ഞാൻ മേനവനെ വിശ്വസിച്ചതു്. അയ്യായിരം രൂപയല്ലേ തട്ടിപ്പറിച്ചതു്?

ശിവരാമൻ:—താനെന്നെ സഹോദരന്റെ നില യ്ക്കു വിചാരിച്ചുള്ളു. ഞാൻ നിന്റെ അച്ഛനായിട്ടാണു പെരുമാറിയതു്. അതോമ്മയുണ്ടോ? ചേപ്രത്തം തറവാ ടിക്കുണ്ടാവില്ല. ഞാൻ തട്ടിപ്പറിച്ചില്ല. ഊച്ചികളെ ആശ്ര യിച്ചതിനു ക്രൂലിയെന്നേയുള്ളു. കഴിഞ്ഞ കായ്യം പുറത്തു പറഞ്ഞാലുള്ള വൈഷമ്യം എന്നെക്കാൾ അധികം നിങ്ങൾക്കാണു്. അതു് ഓമ്മയിരിക്കട്ടെ. അയ്യായിരം രൂപ വേഗം തെയ്യാറാക്കിക്കൊള്ളു. അച്ഛൻ മരിച്ചിട്ടി ല്ലെങ്കിൽ വെള്ളം കൊടുത്തു കൊന്നാൽ നന്നു്. ഞാ നിതാ പോകുന്നു.

IV

ശരീരവും, മനസ്സും തമ്മിലുള്ള ബന്ധം

[ഒരു നല്ല ഗദ്യമെഴുത്തുകാരനും, പണ്ഡിതനുമാണ് റാവുസാഹിബ് ഓ. എം. ചെറിയാൻ അവർകൾ. അദ്ദേഹത്തിന്റെ മനശ്ശാസ്ത്രസംബന്ധമായ ''മനസ്സിന്റെ മാനദണ്ഡം'' എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ള ഈ പ്രബന്ധം ദൈനന്ദിനജീവിതത്തിൽ നാം അവശ്യം അറിഞ്ഞിരിക്കേണ്ടതായ ഒരു അതിപ്രധാനമായ സംഗതിയെ വിവരിച്ചിരിക്കുന്നു. സാഹിത്യസാഹൃത്തിലെ വിവരണവകുപ്പിൽ ഈ ലേഖനം ഉൾപ്പെടും. ''ഭ്രമിയും ജീവനും'' എന്ന ഒന്നാമത്തെ ഉപന്യാസത്തിലെ സാങ്കേതികമാർഗ്ഗംതന്നെയാണ് ഈ ഉപന്യാസവും സ്വീകരിച്ചിട്ടുള്ളത്.]

ശരീരവും മനസ്സും രണ്ടും രണ്ടാണു് എന്നു് എല്ലാവർക്കും അറിയാം. അവയിൽ ഓരോന്നിന്റേയും സ്വഭാവത്തേയും ലക്ഷണങ്ങളേയും കുറിച്ചു താത്വികന്മാരുടെ ഇടയിൽ വലിയ അഭിപ്രായഭേദങ്ങൾ ഉണ്ടായിട്ടുണ്ടു്; ഇനിയും ഉണ്ടാവുകയും ചെയ്യാം.

എന്നാൽ ശരീരം ഇന്നതു്, മനസ്സു ഇന്നതു് എന്നു് നമ്മുടെ ജീവിതത്തിൽ നാം നിർണ്ണയംചെയ്തിട്ടുണ്ടു്. സാധാരണ സംഗതികളെ സംബന്ധിച്ചു് ആ നിർണ്ണയം കായ്ക്ഷമവും ആണു്. ഒരു മനുഷ്യന്റെ മനസ്സു് എന്നു പറഞ്ഞാൽ ആ മനുഷ്യന്റെ പ്രജ്ഞകളുടേയും, വികാരങ്ങളുടേയും, നിർദ്ദേശങ്ങളുടേയും (Processes of Will) സമുദായം ആകുന്നു എന്നു പഠിതാവു ക്രമേണ പരിഛേദിച്ചു ഗ്രഹിക്കുന്നതായിരിക്കും. പ്രജ്ഞ, വികാരം, നിർദ്ദേശം ഇതുകൾ അന്യോന്യബന്ധമില്ലാതെ വേറെ വേറെ നിൽക്കുമെന്നു ഗ്രഹിക്കരുതു്. ഒരു മനഃപ്രവർത്തന

ത്തിൽ ഒരംശം അധികമായും, മറ്റതു കുറഞ്ഞും ഇരിക്കാവുന്നതു തന്നെ; എന്നാൽ മൂന്നു ലക്ഷണങ്ങളും ഒരുപോലെ സമ്മേളിച്ചും കാണാം. കൈ പൊള്ളുന്നതിനെ ഒരു കുട്ടി ഗ്രഹിക്കുന്നു എന്നിരിക്കട്ടെ. അതു വികാരപ്രധാനമാണു്, സംശയമില്ല. എന്നാൽ പൊള്ളൽ മൂക്കിന്മേലല്ല, കാലിന്മേലല്ല, കൈമേലാണു്, എന്നു ചെയ്യുന്ന വിവക്ഷനിമിത്തം പ്രജ്ഞയും, നിർദ്ദേശം അനുസരിച്ച ശ്രദ്ധയെ കൈവിരലിന്മേലേക്കു നടത്തുന്നതിനാൽ നിർദ്ദേശവും പ്രത്യക്ഷമാകുന്നുണ്ടു്. അതുപോലെ പ്രജ്ഞാപ്രധാനമായതോ, നിർദ്ദേശപ്രധാനമായതോ ആയ മനഃസ്സ്പഷ്ടീകരണങ്ങളിൽ മറ്റു രണ്ടംശങ്ങളേയും അപ്രധാനങ്ങളായിട്ടെങ്കിലും വിവേചിച്ചു കാണാവുന്നതായിരിക്കും. എന്റെ മനസ്സിന്റെ ഒരു ഭാഗത്തു വികാരവും, അപരഭാഗത്തു പ്രജ്ഞയും, മൂന്നാമതൊരു ഭാഗത്തു നിർദ്ദേശവും സ്ഥിതിചെയ്യുന്നു എന്നല്ല—എന്റെ മുഴുവനായ മനസ്സു്, വികാരങ്ങൾക്കു് അധീനമാകുന്നു, ബോധിക്കുന്നു അല്ലെങ്കിൽ (ആലോചിക്കുന്നു), നിർദ്ദേശിക്കുന്നു എന്നാണു് ഇവിടെ പ്രസ്താവിക്കുന്നതു്. കൃഷ്ണവർണ്ണം മഷിക്കകത്തു സ്ഥിതിചെയ്യുന്നു എന്നല്ല, കൃഷ്ണവർണ്ണം മഷിയുടെ ഒരംശമാണു്; കൊമ്പു് കാളയുടെ തലയിൽ വച്ചിരിക്കുന്നു എന്നല്ല, കൊമ്പു് കാളയുടെ ഒരംശമാകുന്നു എന്നു നാം വിവേചിക്കാവുള്ളതുപോലെ—പ്രജ്ഞകളും വികാരങ്ങളും നിർദ്ദേശങ്ങളും മനസ്സിൽ സ്ഥിതിചെയ്യുന്നു എന്നല്ല, അതുകൾ മനസ്സിന്റെ അംശങ്ങളാകുന്നു എന്നു് നാം ഓർക്കേണ്ടതാണു്.

എന്നാൽ മനുഷ്യന്റെ മനസ്സിന്റെ അംശമായ ഏതെങ്കിലും ഒരു പ്രജ്ഞ, വികാരം അല്ലെങ്കിൽ നിർദ്ദേശം

എപ്പോഴും പ്രബുദ്ധമായിരിക്കണം (ബോധത്തിൽ ഉണ്ടായിരിക്കണം) എന്ന നിർബന്ധമില്ല. ഒരു രൂപയ്ക്ക് പതിനാറണ വിലയാണ് എന്നുള്ള സംഗതി, ഇതു വായിക്കുന്ന ആളിന്റെ മനസ്സിന്റെ പ്രജ്ഞയിൽ ഉള്ളതാണ് എന്നിരുന്നാലും, ഇതു വായിക്കുന്ന സന്ദർഭത്തിൽ ആ പ്രജ്ഞ (പ്രബുദ്ധമല്ലായിരുന്നു) പഠിതാവിന്റെ ബോധത്തിൽ ഇല്ലായിരുന്നു, എന്നു ഞാൻ കരുതുന്നു. "ഓണത്തിനു വരുത്തുപ്പേരി ഉണ്ടാക്കുക കേരളത്തിൽ സാധാരണമാണ്." ഈ പ്രജ്ഞയും ഈ ഗ്രന്ഥം വായിക്കുന്ന സന്ദർഭത്തിൽ വായിക്കുന്ന ആളിന്റെ മനസ്സിൽ ഉണ്ടായിരുന്നു എങ്കിലും ബോധത്തിൽ ഉണ്ടായിരുന്നിരിക്കാൻ ഇടയില്ല. മനസ്സിന്റെ ഘടകങ്ങളായ പ്രജ്ഞ, വികാരം, നിർദ്ദേശം എന്നിവയുടെ ബോധത്തിൽനിന്നു പല പ്പോഴും താണുമറഞ്ഞു നിൽക്കുമിടയുണ്ട് എന്നതിനു ദൃഷ്ടാന്തങ്ങളെ വർദ്ധിപ്പിക്കുവാൻ പ്രയാസമില്ല. അങ്ങനെ ദൂരെ നിൽക്കുന്ന പ്രജ്ഞകളും മുതലായവയും മനസ്സിന്റെ അംശങ്ങളും തന്നെ. ആയതിനാൽ മനസ്സ് എന്നതിനു മുൻ പറഞ്ഞ വിവരണത്തെ ഇങ്ങനെ വികസിപ്പിക്കാം. ബോധത്തിൽ ഇപ്പോൾ ഉള്ളവയും ഭൂതത്തിൽ ഉണ്ടായിരുന്നവയും ആയ പ്രജ്ഞകളും, വികാരങ്ങളും, നിർദ്ദേശരീതികളും എന്ന വാസ്തവങ്ങളുടെ സമുദായമാകുന്നു മനസ്സ്. മനസ്സ് എന്താണെന്ന് ഇവിടെ വിവരിക്കുന്നില്ല; താത്വികന്മാരുടെ ഇടയിൽ, ആ ഭാഗം ഇന്നും ഒരു വാദവിഷയമാണ്. പ്രജ്ഞാമാർഗ്ഗമായും വികാരമാർഗ്ഗമായും നിർദ്ദേശമാർഗ്ഗമായും യാതൊന്നു പ്രത്യക്ഷമാകുന്നു, അതിനെ വിദ്വാന്മാർ മനസ്സ് എന്നു പറയുന്നു.

പ്രവൃത്തി എടുക്കുന്ന വിഷയത്തിൽ മനസ്സും ശരീരവും എത്ര ഗാഢമായി സംബന്ധങ്ങളായിരിക്കുന്നു എന്നുള്ള സംഗതി മിക്കവർക്കും അറിഞ്ഞുകൂടാത്തതാകുന്നു. എന്നാൽ അതുകൊണ്ടു തമ്മിലുള്ള സംബന്ധപ്രകാരങ്ങളെ പ്രത്യക്ഷീകരിക്കുവാൻ വലിയ പ്രയാസമില്ല. നമ്മുടെ നിർദ്ദേശങ്ങളെ അനുസരിച്ചു് (എന്നു പറഞ്ഞാൽ മനസ്സിനെ അനുസരിച്ചു്) കൈകാലുകൾ പണി എടുക്കുന്നതും, സന്തോഷം, സന്താപം, കോപം, ഭയം, അസൂയ മുതലായ വികാരങ്ങളെ അനുസരിച്ചു് (എന്നു പറഞ്ഞാൽ മനസ്സിനെ അനുസരിച്ചു്) പല്ലിന്മേൽനിന്നു ചിരി മാറുക (ചിരിക്കുക), കണ്ണുനീർ ഒഴുകുക, മുഖമാംസം മുറുകുക, മുഖമാംസം അയയുക, മുഖവർണ്ണം മാറുക എന്നിങ്ങനെ രീതിഭേദങ്ങൾ ഉണ്ടാവുന്നതും, ഉഗ്രമായ വിചാരം തലവേദനയെ ഉത്ഭവിപ്പിക്കുന്നതും, മനസ്സു് ശരീരത്തിന്മേൽ പ്രവർത്തിക്കും എന്നുള്ളതിനു ലക്ഷ്യങ്ങളാണു്. അതുപോലെ തന്നെ നടന്നു ശരീരം ക്ഷീണിക്കുകയോ, വിഷവായു ശ്വസിക്കുകയോ ചെയ്ത മനുഷ്യൻ മനസ്സിനെ പ്രവർത്തിപ്പിക്കുവാൻ അശക്തനാണു് എന്നുള്ളതു്, ശരീരരോഗബാധ മനഃശക്തികളെ കെടുക്കുന്നു എന്നുള്ളതു്, ഔഷധങ്ങളുടെ ശരീരപ്രവേശം മനഃസ്ഥിതിയെ രൂപാന്തരം ചെയ്യുന്നു എന്നുള്ളതു്, ദേഹനത്തിന്റെ സ്ഥിതി മനസ്സിനെ ആശ്വാസസന്തോഷസംപൂർണ്ണമായതോ, നിരാശാസന്താപസംപൂർണ്ണമായതോ ആക്കുന്നു എന്നുള്ളതു്—എന്നിതുകളൊക്കെയും, ശരീരം മനസ്സിന്മേൽ പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ ലക്ഷ്യങ്ങളാണു്. ഇതുകളെ ഇങ്ങനെ എടുത്തെടുത്തു കാണിക്കുമ്പോൾ അനുകൂലിക്കുന്നവരിൽ പലരും ഇതുകളെ സ്മരിക്കുകയോ, അദ്ധ്യാപനകാര്യത്തിൽ ഉപയോഗിക്കുകയോ സാധാരണ ചെയ്യാറില്ല.

ബാലന്മാരുടെ മനസ്സും ശരീരവും വളന്നറച്ചവയല്ല. ആയതിനാൽ അവരെ സംബന്ധിച്ചിടത്തോളം ശരീരം മനസ്സിനേയും മനസ്സു ശരീരത്തേയും അന്യോന്യം അധികം ചഞ്ചിപ്പിച്ചുകൊണ്ടിരിക്കും. ഒരു് അടി ഏററാൽ അശ്രുധാരാനിരോധം ചെയ്യുന്നതിനോ, ഒന്നു ഭയപ്പെട്ടു പോയാൽ മനസ്സിനെ ശരിയായി നിത്തുന്നതിനോ ബാലന്മാർ സാധാരണ ശക്തന്മാരല്ല. ശരീരവും മനസ്സും അന്യോന്യം സംബന്ധമുള്ളതുകളാണു്. ആ സംബന്ധത്തിന്റെ വ്യാപാരപ്രകാരങ്ങളെ അദ്ധ്യാപകന്മാർ അറിഞ്ഞിരിക്കേണ്ടതും തന്നെ.

V

അനപത്യതാദുഃഖം

[ഇന്നത്തെ ഭാഷാസാഹിത്യത്തിന്റെ ജനയിതാവെന്നു പേരെടുത്തിട്ടുള്ള കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ജീവചരിത്രത്തിന്റെ ഒരു വശം—അതായതു്, അദ്ദേഹത്തിന്റെ ദുഃഖപൂർണ്ണമായ കുടുംബജീവിതം—ഇതിൽ വർണ്ണിച്ചിരിക്കുന്നു. സാഹിത്യസാഹൃത്തിലെ വർണ്ണന എന്ന വിഭാഗത്തിൽ ഇതു് ഉൾപ്പെടുന്നതാണു്. ജീവചരിത്രം എന്ന സാഹിത്യരൂപത്തിൽ അതിലെ നായകൻ എന്തെല്ലാം പ്രവർത്തിച്ചു എന്നു വിവരിക്കുന്നതിനെക്കാൾ പ്രധാനമായിട്ടുള്ളതു് അദ്ദേഹം ഏതുതരം മനഷ്യനായിരുന്നു എന്നു വർണ്ണിക്കുന്നതാകുന്നു. ഇതാണു് ഇവിടെ ലേഖനകർത്താവു് ചെയ്തിരിക്കുന്നതു്]

ഈ ഗാർഹികാത്യാഹിതങ്ങളെ കൂടാതെ അപ്പിട്ടത്തെ നിരന്തരം ശല്യപ്പെടുത്തിയിരുന്നതു് അനപത്യത

യായിരുന്നു. കേരളവർമ്മദേവന്റെ വൈവാഹികജീവിതം പ്രേമസുരഭിലവും ആനന്ദമയവുമായിരുന്നുവെങ്കിലും,

'ഇന്നാണെ മൽസുകൃതകല്പകവല്ലി കാച്ച-
തിന്നാണെനിക്കു നയനോത്സവപൂർണ്ണലാഭം'

എന്ന ദിവ്യഗാനം പൊഴിപ്പിച്ച ഭാഗ്യാതിരേകം അവിട്ടത്തേക്ക് ഒരിക്കലും അനുഭവിക്കുവാനിടയാക്കാത്ത ദുർവ്വിധിയെ—

'നല്പൂർവക്ഷോണ്ടുവിലോകനത്താ-
ലുൾപ്പൂ തണുക്കുന്നതിനുള്ള ഭാഗ്യം
അപ്പുണ്യവാനാം നൃപനേകിയില്ലാ-
ക്കെല്പുള്ള ദുഷ്ടൻ വിധിയെന്തുചെയ്യാം'

എന്നിങ്ങനെ ആരാണ് പഴിക്കാത്തത്? സകലവിധ രാജഭോഗങ്ങളും സച്ഛന്ദം അനുഭവിച്ചുകൊണ്ടിരുന്ന അവിട്ടത്തേക്ക് ഒരു ഓമനസ്സന്താനത്തിന്റെ സമ്മുഖ ദർശനം ലഭിക്കുവാൻ ജഗദീശ്വരൻ സംഗതിയാക്കിയില്ലല്ലോ എന്നുള്ളതിനു്

'എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും
തണ്ടാർമകൻ ഹന്ത ചമപ്പതുണ്ടോ?'

എന്ന ലോകതന്ത്രപരമാർത്ഥമേ സമാധാനമായിട്ടുള്ളൂ. സംഗീതകാവ്യാലാപാദികളാൽ മാത്രം സിദ്ധദമ്പതിമാരെപ്പോലെ വിനോദിച്ചു കഴിക്കുന്നതിനാണ് അനപത്യന്മാരായ ഈ ഉത്തമദമ്പതികൾക്കിടയായതു്. നാഗോജിഭട്ടരെപ്പോലെ

'വിശാഖവിജയഃ പുത്രഃ
പുത്രീ മമ ശകുന്തളാ'

എന്നു പറഞ്ഞു് കേരളവർമ്മദേവനു് ഒട്ടൊക്കെ സമാധാനപ്പെടാമായിരുന്നുവെങ്കിലും, വഞ്ചിധരണിനിവാസി

കർക്കു് അവരുടെ രാജകുടുംബത്തിലെ സന്താനകല്പ വല്ലിയായിരുന്ന മഹാറാണിതിരുമനസ്സിലെ വന്ധ്യാത്വം അപാരവും അതിദുസ്സഹവുമായ വിഷാദത്തെ ഉത്ഭവിപ്പിച്ചു. ഈ ആഗ്രഹനിവൃത്തിക്കായി ചെയ്ത പ്രാർത്ഥനകളും വഴിപാടുകളുമെല്ലാം വെറും വനരോദനമായിത്തന്നെ പരിണമിച്ചതേയുള്ളു. ഇതു കാരണം അവരുടെ അനന്തര ജീവിതത്തിൽ പ്രത്യക്ഷപ്പെട്ട വിഷാദാത്മകത്വം നിഴൽപോലെ എല്ലായ്പോഴും അവരെ അനുഗമിച്ചിരുന്നു. മധുര, രാമേശ്വരം മുതലായ പുണ്യക്ഷേത്രങ്ങളിൽ ദർശനവും നേർച്ചയും മറ്റും നടത്തിയിട്ടും ഉദ്ദിഷ്ടഫലപ്രാപ്തി ആസന്നമാകുന്ന കാര്യം സംശയാസ്പദമാണെന്ന ബോധമുണ്ടാകുന്നതിനു് കാലതാമസം നേരിട്ടു.



കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

ഫ്രവൻസ്യ മാച്ചു്മാസം ൪-ാംനു- സർ ശേഷയ്യാശാസ്ത്രിക്കു് കേരളവർമ്മദേവൻ അയച്ച എഴുത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "ഒരു മഹർഷിയുടെ ആശിസ്സുപോലെ നിങ്ങളുടെ അഭിപ്രായത്തെ ഞാൻ കൈക്കൊള്ളുന്നു. നിര

വധി അപൂർവ്വയോഗ്യതകളോടുകൂടിയ സംസ്കൃതചിത്തയായ മഹാരാജ്ഞിയിൽ യഥാർത്ഥസ്ത്രീതത്ത്വത്തിനു തന്നെയാണു് സർവ്വപ്രാധാന്യം. അവിടുത്തെ സ്നേഹിതയായ മിസ്സ് ബ്ളാൻഡ്ഫോർഡിനെപ്പോലെ നിത്യകന്യകയായി അവിവാഹിതജീവിതം നയിക്കുന്നതിനു് അവിടുത്തേക്കു സാധിച്ചില്ലല്ലോ എന്നു് ചിലപ്പോഴൊക്കെ പരിതപിക്കാറുണ്ടു്. നമ്മുടെ ആശകളെല്ലാം ഏതു കായ്ത്തിൽ നിക്ഷിപ്തമാകുന്നുവോ, അതിന്റെ ഫലപ്രാപ്തി സന്ദിഗ്ധാവസ്ഥയിലാകുമ്പോൾ അതുവരെയുണ്ടായിട്ടുള്ള ആനന്ദഭാസുരമായ സുഖഭോഗാദികളെ വിസ്മരിക്കയെന്നതു് ലോകസഹജമാണു്. ഈയിടെയായി വിഷാദാത്മകമായ ഒരു മനോഗതി മഹാരാജ്ഞി തിരുമനസ്സുകൊണ്ടു പ്രദർശിപ്പിക്കുന്നതു് ഒട്ടും ആശ്ചര്യകരമല്ല. ഇനിയും പ്രസന്നതയും മനഃപ്രസാദവും ഉണ്ടാകുന്നതിനു് കഴിഞ്ഞ കഥകളെക്കുറിച്ചുള്ള അത്യൽക്കടമായ പശ്ചാത്താപം പ്രതിബന്ധമായിരിക്കും. എന്റെ ജീവിതസർവ്വസ്വമായ അവിടുത്തെ മനഃപ്രസാദം വീണ്ടെടുക്കുന്നതിനു് ഞാൻ എത്ര ത്യാഗവും ചെയ്യുവാൻ സർവ്വദാ ഒരുക്കമാണു്."

കേരളവർമ്മദേവനും ഈ വിഷാദാത്മകതത്ത്വത്തിനു് പലപ്പോഴും വശംവദനാകാതെയിരുന്നില്ല. കുട്ടികളെ കാണുമ്പോൾ അതിനു് ഉദ്ദീപനം ഉണ്ടാകുമായിരുന്നു. അവിടുത്തെ ഡയറിയിൽ ഈയിടയ്ക്കു് ഒരു ദിവസം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "കൃഷ്ണാ! എപ്പോഴാണു് ഞാൻ ഒരു മകന്റെ മുഖദർശനം കണ്ടാനന്ദിക്കുവാൻ പോകുന്നതു്? എന്തു്! മകൻ എന്നു ഞാൻ പറഞ്ഞുവോ? ഇപ്പോഴത്തെ സ്ഥിതിക്കു് ഒരു മകളല്ലേ ഭേദം? പക്ഷേ എല്ലാം ഈശ്വരനാണല്ലോ നിശ്ചയിച്ചു

ക്കേണ്ടതു്. ഞാൻ എല്ലാം അവിടെത്തന്നെ സമർപ്പിക്കുന്നു." ഈ അത്യാശ ഫലപ്രദമാകയില്ലെന്നു് അവിടത്തേക്കു തീർച്ചയായതു മുതൽ ചിന്താധീനയായ പ്രാണേശ്വരിയെ സമാശ്വസിപ്പിക്കുന്നതിനും സന്തോഷിപ്പിക്കുന്നതിനും കഴിയുന്നതു ശ്രമങ്ങളും ചെയ്തുവന്നു. എന്നാൽ നാം ചെല്ലുന്നതോടും മഹാറാണി തിരുമനസ്സിലെ സന്താപത്തിനു മൂർച്ച കൂടിയതേയുള്ളൂ. സ്വന്തകുട്ടികളെപ്പോലെ മാതൃനിർവിശേഷമായ സ്നേഹപാരവശ്യത്തോടുകൂടി പരിപാലിച്ചുവന്ന സഹോദരിയുടെ സന്താനങ്ങളിൽ ചിലരുടേയും പ്രിയസഹോദരിയുടേയും സ്വമാതാവിന്റേയും അന്ത്യവിയോഗവും, അവിടത്തേക്കു് വർദ്ധിച്ചുവന്ന ദേഹാസ്വാസ്ഥ്യവും തിരുമനസ്സിലെ വിഷാദാഗ്നിക്കു തൈലവർഷംപോലെയായി. കേരളവർമ്മദേവന്റേയും മഹാറാണി തിരുമനസ്സിലേയും സ്നേഹബഹുമാനങ്ങൾക്കു പാത്രങ്ങളായിരുന്ന സർ ശേഷയ്യാശാസ്ത്രി, പുതുക്കോട്ട ദിവാൻ വേദാന്തചാർലു മുതലായവർ ഇതെത്രയുംവേഗം ആവശ്യത്തെക്കുറിച്ചു് ഉൽബോധിപ്പിച്ചുതുടങ്ങിയിട്ടും മഹാറാണി തിരുമനസ്സുകൊണ്ടു് മറ്റു കാര്യങ്ങളിൽ കൂടുതൽ പ്രത്യക്ഷമാക്കിയ അനാസ്ഥ ഇതിലും പ്രകടിപ്പിച്ചതിനാൽ, ഫലത്തെ ചിങ്ങം ഒന്നാംതീയതി മാത്രമേ രണ്ടു രാജകുമാരിമാരുടെ കൈയ്യും പിടിച്ചുകൊണ്ടു നടന്നുള്ളൂ. ഫ്രെഡറിക്ക മാർച്ചുമാസം ഇരുപത്തിനാലാംതീയതി സർ ശേഷയ്യാശാസ്ത്രിയുടെ പേക്കു് കേരളവർമ്മദേവൻ അയച്ച എഴുത്തിൽ 'എനിക്കു് ഇപ്പോൾ വയസ്സായി. മഹാരാജ്ഞി തിരുമനസ്സിലേക്കു് ഭർത്താവു് അകന്നതേയുള്ളൂ. തീർച്ചയായും ഞാനാണു് മുമ്പു് ഇഹലോകവാസം വെടിയേണ്ടതു്. മഹാരാജ്ഞിയെക്കൂടാതെ ഒരു ദിവസമെങ്കിലും ജീവിക്കുകയെന്നതു് എനിക്കു് എത്രമാത്രം സങ്കടകരമായിരിക്കും? മഹാരാജ്ഞി തിരുമനസ്സു

കൊണ്ട് സ്വകുടുംബത്തിൽ നിന്നും രണ്ടു ബാലികമാരെ ദത്തെടുക്കുന്നതിനു സമ്മതിക്കുന്നതായാൽ എനിക്ക് എത്ര ആനന്ദപ്രദമായിത്തീരും? എന്നാൽ ഞാൻ അക്കാര്യത്തെക്കുറിച്ച് ഒന്നും അറിയിക്കുന്നതിന് ഇപ്പോൾ ധൈര്യപ്പെടുന്നില്ല. അവിടുത്തെ ഹിതത്തിനു വിരോധമായി വല്ലതും അറിയിക്കുന്നതു് അനപത്യത കൊണ്ടും മറ്റും ജീവിതനൈരാശ്യത്തിനു വശംവദയായ അവിടുന്ന് ഏതുവിധത്തിൽ സ്വീകരിക്കുമെന്ന് ഊഹിക്കാവുന്നതാണു്" എന്നിങ്ങനെ പ്രസ്താവിക്കുന്നു. ആ മാസം ൨൯-ാംനു- സർ ശേഷയ്യാശാസ്ത്രിക്ക് വീണ്ടും കേരളകാളിദാസൻ ഇങ്ങനെ എഴുതുന്നു: 'എന്റെ പ്രിയ ഭാഗിനേയന്റെ പ്രിയപത്നിയും, മഹാരാജ്ഞി തിരുമനസ്സിലെ സഹോദരിയുമായ തമ്പുരാട്ടി അഞ്ചു വയസ്സുള്ള ഓമനപ്പുത്രിയോടുകൂടി ഇപ്പോൾ ഇവിടെയുണ്ട്. മഹാരാജ്ഞിതിരുമനസ്സുകൊണ്ട് വേണമെങ്കിൽ ആ സുകുമാരിയായ ബാലികയെ ദത്തെടുക്കുന്നതിന് ആഗ്രഹിക്കാവുന്നതാണ്. പക്ഷെ അവിടുത്തേക്ക് ദത്തിനു ധൃതിപ്പെടേണ്ട കാരണമില്ലെന്നു തോന്നുമ്പോൾ അതിനെക്കുറിച്ച് അറിയിച്ചാൽ പ്രയോജനമില്ല.'

൧൮൯൨-ാമാണ്ട് ആരംഭത്തിൽ ബ്രിട്ടീഷ് ഗവമെന്റിന്റെ അനുവാദത്തോടുകൂടി ഇപ്പോൾ ആറുങ്ങൽ മൂത്തതമ്പുരാനും ഇളയതമ്പുരാനുമായി പരിലസിക്കുന്ന തമ്പുരാട്ടിമാരെ ദത്തെടുത്തശേഷം മഹാറാണിതിരുമനസ്സുകൊണ്ട് പത്തു മാസത്തോളമേ ജീവിച്ചിരുന്നുള്ളു. കേരളവർമ്മദേവന്റെ ആയുശ്ശേഷത്തെ അന്ധകാരമയമാക്കിയ ആ ദുസ്സഹദുഃഖസംഭവം ആ ആണ്ടു മിഥുനം ൨-ാംനു- വഞ്ചിവാസികളേയും കദനജലധിയിൽ നിമഗ്ന

രാക്കി. മിഥുനം ൧-ാംതു-ലത്തെ കേരളപാണിനിയുടെ ഡയറിക്കുറിപ്പിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "അമ്മാവനെ സന്ദർശിച്ചപ്പോൾ മഹാരാജഞിതിരുമനസ്സിലെ അപകടസ്ഥിതിയെപ്പറ്റി അറിഞ്ഞു. ആളുകളെ തിരിച്ചറിയുന്നതിനു പോലും അവിടുത്തേക്ക് അപ്പോൾ സാധിച്ചിരുന്നില്ല. ആ ദിവസം മുഴുവനും ശ്രീപാദത്തു കൊട്ടാരത്തിൽതന്നെ കഴിച്ചു. റോഡുകളിലെല്ലാം ഉൽക്കണ്ഠാഭരിതരായ ജനാവലി രാത്രി മുഴുവനും തിങ്ങിക്കൂടിയിരുന്നു." അടുത്തദിവസത്തെ ഡയറിയിൽ ഇങ്ങനെ തുടരുന്നു: "മഹാരാജഞിതിരുമനസ്സിലെ സ്ഥിതിക്ക് അല്പം ഭേദമുണ്ടെന്നു രാവിലെ പറഞ്ഞുകേട്ടു. എന്നാൽ ഞങ്ങളെല്ലാം ആശങ്കയ്ക്കു വശംവദരായിരുന്നു. ഒരുത്തരും ആശാഭരിതരായിരിക്കുന്നതിനു ധൈര്യപ്പെട്ടില്ല. വൈകുന്നേരം ശ്രീപാദത്തുകൊട്ടാരത്തിൽ കഴിച്ചു. അവിടുത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്നവർ ഏഴുമണിക്ക് അത്താഴം കഴിച്ചു വരുവാൻ രോഗിയുടെ മുറിയിൽനിന്നും പോന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ പെട്ടെന്നുണ്ടായ ഭാവഭേദം എല്ലാവരേയും അവിടെ ആനയിച്ചു. മഹാരാജാവു തിരുമനസ്സുകൊണ്ടും കാൽനടയായി അവിടെ എത്തി. ഉത്തരക്ഷണത്തിൽ അവിടെ മാറ്റൊലിക്കൊണ്ട സ്ത്രീകളുടെ നിലവിളിയാൽ പരിതാപകരമായ മഹാരാജഞിയുടെ നിര്യാണവാർത്ത എല്ലാവരും അറിഞ്ഞു. ഘോരമായ കാറും മഴയും ആ സന്ദർഭത്തിന്റെ ഭയാനകതയെ വർദ്ധിപ്പിച്ചു. ൧൧ മണിയോടുകൂടി പള്ളിയടക്കത്തിനായുള്ള ഘോഷയാത്ര കൊട്ടാരത്തിൽനിന്നും പുറപ്പെട്ടു. കാറിനേറെയും മഴയുടേയും ശല്യം വകവെയ്ക്കാതെ ഞങ്ങളെല്ലാം അനുയാത്ര പുറപ്പെട്ടു. രണ്ടു മണിയോടുകൂടി ആ കർമ്മങ്ങളെല്ലാം കഴിഞ്ഞു ഞങ്ങൾ മടങ്ങി."

ഈ ഭാരണസംഭവം കേരളവമ്മദേവന്റെ ജീവിതസുഖത്തിനു പൂർണ്ണവിരാമമിട്ടുവെന്നുള്ളതിനെക്കുറിച്ചു് സംശയമില്ല. അതോടുകൂടി അവിടുത്തെ മാനസോല്ലാസം എന്നാത്തേക്കുമായി അസ്തമിച്ചു.

VI

കഷ്ടണ്ടി

[സൌന്ദര്യത്തിനു് അപരിത്യാജ്യമായ തലമുടി കൊഴിഞ്ഞു കഷണ്ടി ബാധിക്കാതെയിരിക്കുവാനായി അതിനെ സംരക്ഷിക്കേണ്ട ആവശ്യകതയും, ആ സംരക്ഷണത്തിനുള്ള ആരോഗ്യശാസ്ത്രപരമായ മാർഗ്ഗങ്ങളും ഇതിൽ ഫലിതപൂർണ്ണമായി വിവരിച്ചിരിക്കുന്നു. സാഹിത്യസാഹ്യത്തിലെ വിവരണശാഖയിൽ പെട്ടതാ ഈ ലേഖനം. ഈ ഉപന്യാസം 'ഭൂമിയും ജീവനും' എന്ന ഒന്നാമത്തെ ലേഖനത്തിലെ സംക്ഷേതികമാർഗ്ഗമാണു സ്വീകരിച്ചിരിക്കുന്നതു്]

ആരോഗ്യപരമായ ജീവിതം നയിക്കയെന്നുള്ളതു് ഒരു കലാവിദ്യയാണെന്നു സമർത്ഥിക്കുന്നതിൽ എതിരഭിപ്രായമുണ്ടാകാനിടയില്ലല്ലോ. യഥാർത്ഥമായ ആരോഗ്യംപോലെ ഒരു സൌന്ദര്യം മറെറാന്നുമുണ്ടെന്നു തോന്നുന്നില്ല. ഒരുവന്റെ സകല അവയവങ്ങളും ശരിയായ ആരോഗ്യസ്ഥിതിയിലിരിക്കുന്നെങ്കിൽ അവനു സൌന്ദര്യം തന്നിയെ തോന്നിക്കുന്നു. ഏതെങ്കിലും ഒരംഗം അനാരോഗ്യപരമായിരുന്നാൽ തന്മൂലം സൌന്ദര്യത്തിനു ഹാനി ഭവിക്കുന്നു. സംഗീത,സാഹിത്യ,ചിത്രാദ്യകലകളെപ്പോലെ 'സൌന്ദര്യകല'യും പുലർത്തുന്നതിൽ ആധുനിക ജന

ങ്ങൾം ഉത്സുകരായിട്ടാണു കാണുന്നതു്. പക്ഷേ, അവരുടെ ശ്രമത്തിന്റെ അടിസ്ഥാനം പിഴയ്ക്കുന്നതുമൂലം ഫലം മിക്കവാറും നിരാശാജനകമായിട്ടാണു കാണാറുള്ളതു്. സൌന്ദര്യപരിപാലനത്തിൽ അത്യാശയുള്ള സ്ത്രീപുരുഷന്മാർ അവരുടെ ആരോഗ്യത്തെ മുൻനിറുത്തി പ്രയത്നിച്ചാൽ അഭീഷ്ടസാദ്ധ്യം ഉണ്ടാകാതിരിക്കയില്ല.

സൌന്ദര്യലോകത്തിൽ തലമുടിക്കുള്ള സ്ഥാനം ഏറ്റവും പ്രധാനമായതാണു്. മനോഹരമായ കുന്തൽശ്രേണി ഒരു വനിതാമണിയുടെ സ്വതേയുള്ള മുഖശ്രീയെ എത്രമേൽ വർദ്ധിപ്പിക്കുന്നു! സൌന്ദര്യവർണ്ണനകളിൽ മുടിയുടെ മികച്ച കാന്തിയെ ഗ്രന്ഥകർത്താക്കൾ വിസ്മരിക്കാതെ പുകഴ്ത്തുന്നു. കവിവര്യന്മാർക്കു് അവരുടെ തൂലികാപ്രയോഗചതുരതയാൽ നായികയുടെ സൌന്ദര്യധോരണിയെ മുടിയുടെ വിവരണമാത്രത്താൽ വിശദീകരിക്കാൻ സാധിക്കുന്നു. സൌന്ദര്യഭ്രമം അത്യുന്നത്യത്തെ പ്രാപിച്ചിരിക്കുന്ന പാശ്ചാത്യദേശങ്ങളിൽ സൌന്ദര്യവർദ്ധനവിനായി പരിശീലനം നൽകുന്ന കലാലയങ്ങളിൽ മുഖം, കഴുത്തു്, നയനം, നാസിക, പുരികം ഇവകളുടെ കൂട്ടത്തിൽ മുടിയുടെ സംരക്ഷണവും ഒരു പ്രധാന വിഷയമാക്കിയിരിക്കുന്നതായറിയാം.

ജാതി, മതം, കാലാവസ്ഥ, ശീതോഷ്ണസ്ഥിതി, രുചിഭേദം ഇത്യാദികളനുസരിച്ചു് തലമുടിയുടെ പരിരക്ഷണത്തിലും പല വ്യത്യാസങ്ങൾം ഉണ്ടായിരിക്കുകയും ഉണ്ടാകുകയും ചെയ്യുന്നു. തലയുടെ മുൻ, പിൻ, മേൽഭാഗം, വശങ്ങൾം ഇങ്ങിനെ "അഞ്ചുപാട്ടം" പരത്തി ഉരുട്ടി, നീട്ടിക്കെട്ടിയും, അയച്ചുകെട്ടി ചരിച്ചുവച്ചും, പിന്നിയും, പിന്നിച്ചുറ്റിയും, ഇരുവശങ്ങളിലായി പിന്നിച്ചുറ്റി

"തിരികട"ത്രുപത്തിൽ സ്ഥാപിച്ചും, കുറെ കെട്ടിയും, ശേഷം അഴിച്ച വിതറിയും, സൈഡെടുത്തു വകഞ്ഞു ചീകി പിന്നിൽ ബന്ധിച്ചും---പുറമെ, സുവർണ്ണപുഷ്പങ്ങളാലും, വിവിധവർണ്ണ നാടകളാലും മോടിപ്പെടുത്തിയും സ്ത്രീകൾ അവരവരുടെ വാസനാനുസരണം മുടിയെ ഭംഗിപ്പെടുത്താറുണ്ട്. മുടി ഉർല്ലുമോയുള്ളവർ കൃത്രിമമുടികൾ, തിരിപ്പൻ മുതലായവ വെച്ചുകെട്ടി കൃതാത്ഥരാകുന്നു. പുരുഷന്മാരിൽ ചില ജാതികളും ഇതിലൊട്ടും പിന്നോക്കമല്ല. മുന്നിലോ, പിന്നിലോ, ചെവിക്കു മുന്നിലോ മാത്രം മുടി നിറുത്തി ശേഷിച്ചതു മുണ്ഡനം ചെയ്യുന്നതു് മുടി മുഴുവനെ രക്ഷിക്കാനുള്ള മടികൊണ്ടാണെങ്കിൽ, മുടിയോടുകൂടി മനുഷ്യനെ സൃഷ്ടിച്ച പ്രകൃതിയെ വെറും വിഡ്ഢിയെന്നു നിനച്ചു് മുഴുവനേ "വടി"ക്കുന്ന കുഴിമടിയന്മാരെപ്പറ്റി എന്തു പറയട്ടെ. "അഴിച്ചിട്ടാൽ മുക്കോളമെത്തു"ന്ന ശിഖ, മൂർദ്ധാവിൽ "കോഴിച്ചുണ്ടു"പോലെയോ, പിന്നിൽ ഗുളികപ്രമാണമോ കെട്ടി സൂക്ഷിക്കുന്നവക്കു ലാവണ്യവാസന കുറവെങ്കിലും മാമൂലിലുള്ള പ്രതിപത്തി അപരിമിതമാണു്. ചുറ്റും വടിച്ചു തൊപ്പിപോലെ ക്രാപ്പടിച്ചു മുടി വയ്ക്കുന്നവരും, പിന്നിൽ കെട്ടിവച്ചു് മുൻവശം ക്രാപ്പുചെയ്തു ചീകിമിനുക്കുന്നവരും ഇരുപക്ഷത്തിലും ചേരാവുന്ന വാവൽജാതികളാണെന്നു വിചാരിക്കാം. ഈ മാതൃകകളെല്ലാം മാറിമറിഞ്ഞു് ഒരേ തരത്തിൽ മുടി ക്രാപ്പു ചെയ്യുന്നതാണു് സൌകര്യവും, സൌന്ദര്യദായകവും, ലാഭവുമെന്നു പരിഷ്കാരികളായ പുരുഷന്മാരും, ആകവെ വളർത്തുന്നതാണു് സൌന്ദര്യമെന്നു സ്ത്രീകളും, ഈയിടവരെയും മനസ്സിലാക്കിയിരുന്നതായി തോന്നുന്നുണ്ടു്. അതിനാൽ സ്ത്രീകൾക്കു് അവരുടെ മുടി വൃത്തിയായി സൂക്ഷിക്കുന്നതിനു് പുരുഷന്മാരേ

ക്കാൾ അധികം പ്രയത്നിക്കേണ്ടതായി വന്നക്കുടി. തോ
ത്തുക, ചീകുക, ചിട കളയുക, പെൻസിലിൽ ചുറ്റി ചുരു
ട്ടുക, ചുരുട്ടിവച്ച പശ തേയ്ക്കുക, വലിച്ചു പിന്നുക,
കെട്ടുക ഇത്യാദി സംരക്ഷണകളിൽ അധികസമയം വി
നിയോഗിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളാൽ
അവരുടെ മുടിക്കു തക്കതായ ഉദ്ദീപനശക്തി ലഭിക്കുന്നു.
പോരെങ്കിൽ, നീളമുള്ള മുടിയാകുമ്പോൾ കെട്ടിയിടുന്ന
കെട്ടിന്റെ ഭാരംകൊണ്ടും, മുറുക്കംകൊണ്ടും മുടിവിത്തു
കൾക്കു് ഉണ്ടാകാവുന്ന വലിവും അവയ്ക്കു യഥാർത്ഥമായ
ഒരു വളമായിത്തീരുന്നു. സ്നാനാനന്തരം മുടിയിലുള്ള
വെള്ളം കളയുവാനായി അമർത്തിത്തോർത്തേണ്ട ആവശ്യ
മുള്ളതുകൊണ്ടു് തലയിലെ തൊലി രോമവിത്തുകളോടു
കൂടി തലയോട്ടിയിൽ സമ്മർദ്ദിക്കപ്പെടുന്നു. അതുമൂല
മുണ്ടാകാവുന്ന പ്രത്യേക ഉദ്ദീപനം മുടിയുടെ ശരിയായ
വളർച്ചയ്ക്കും നിലനില്പിനും സഹായമാണു്. ഇതുപോലെ
തന്നെ കോതുകയും ചീകുകയും ചെയ്യുന്നതും ഉദ്ദീപനം
നൽകുന്നവ തന്നെയാണു്.

എന്നാൽ പുരുഷന്മാരുടെ മുടി, ചേത്തു ക്രാപ്പു
ചെയ്യുന്നതുകൊണ്ടു് അവയ്ക്കു് അത്യാവശ്യമായ ഉദ്ദീ
പനശക്തിയും വ്യായാമവും ലഭിക്കാൻ മാർഗ്ഗമില്ല. തല
യോട്ടിയെ ആച്ഛാദനം ചെയ്യുന്ന തൊക്കിനു് ക്രമമായ
വ്യായാമം സിദ്ധിക്കുന്നില്ലായ്കയാൽ രക്തപ്രവാഹം ശരി
പ്പെടുന്നില്ല. ഇങ്ങിനെ മുടിക്കും അതിന്റെ വിത്തിനും
അവ വളരുന്ന തൊക്കിനും വേണ്ട ഉദ്ദീപനശക്തിയുടേ
യും വ്യായാമത്തിന്റേയും അഭാവമാണു് കഷണ്ടിയുടെ
ആവിർഭാവത്തിനു ഹേതു. സ്ത്രീകൾക്കു കഷണ്ടി അപൂർവ്
മായിരിക്കുന്നതിൽ നിന്നും ഈ വസ്തുത ഊഹ്യമാണു്.

ശരിയായ കാരണം അറിയായ്കയാലും, ചികിത്സ ഫലിക്കായ്കയാലും സകലവിധ ശാസ്ത്രജ്ഞന്മാരേയും ചികിത്സക്കാരേയും ഒരുപോലെ ആദിമുതൽ വിഷമിപ്പിക്കുന്ന പ്രസ്തുത രോഗം അനാരോഗ്യത്തിന്റെ ഒരു ലക്ഷണമാണെന്നു ഗ്രഹിച്ചിട്ടുള്ളവരും അപൂർവം തന്നെയാണു്.

ചികിത്സ യാതൊന്നും കണ്ടുപിടിക്കായ്കയാൽ രക്ഷാമാർഗ്ഗമില്ലാതെ കഷണ്ടിക്കാർ ഒന്നുചേർന്നു് അതിനെ ഒരു "ആണതല"ലക്ഷണമാക്കി (നാണം, മീശ ഇതുകളുടെ ക്കൂട്ടത്തിൽ) കരുതിയിരിക്കയാണെന്നു തോന്നുന്നു. ഏതായാലും അസ്വാതന്ത്ര്യബഹിഷ്കരണത്തിനായി വേഷം, ധാടി, മോടി എന്നിവയെല്ലാറ്റിലും പുരുഷന്മാരെ അനുകരിച്ചുതുടങ്ങിയിരിക്കുന്ന പാശ്ചാത്യപരിഷ്കാരിണികൾ ഇക്കൂട്ടരുടെ മനോഗതി തെറ്റിദ്ധരിച്ചു് അവരുടെ അനുകരണലിസ്റ്റിൽ ക്രാപ്പുംക്രൂടി ഉൾപ്പെടുത്തിയതിനാൽ പ്രസ്തുത ആണതലവുംക്രൂടി ഇവരെ ബാധിക്കാതെ നിവൃത്തിയില്ലാത്തതായി കാലാന്തരം തെളിയിക്കും. ആണതലത്തിനു വേണ്ടിയല്ല, സ്വാതന്ത്ര്യത്തിനു വേണ്ടി, സൌന്ദര്യത്തെ ബലി കഴിപ്പാൻ മുതിരുന്ന "പരിഷ്കാരപ്രണയിനി"കളുടെ ധീരോദാത്തതയെ നമസ്കരിക്കാതെ നിവ്വാഹമില്ല.

ലോകത്തിൽ യാതൊന്നുംതന്നെ ഉപയോഗശൂന്യമായുണ്ടെന്നു തോന്നുന്നില്ല. ഏറ്റവും നിസ്സാരമായ തൃണംകൊണ്ടുപോലും പല പല ഉപയോഗങ്ങളും കാണുന്നുണ്ടു്. എന്നാൽ, സകല ജീവികളിലുംവച്ചു് ഉത്തമസ്ഥാനം അർഹിക്കുന്ന മനുഷ്യന്റെ ഉത്തമാംഗത്തിൽ കയറി സ്ഥാനം പിടിച്ചിരിക്കുന്ന കഷണ്ടികൊണ്ടു് എന്തൊരു പ്രയോജനമാണുള്ളതു്? അറിവിൽപ്പെട്ടതായി

ഒന്നുംതന്നെയില്ലെന്നു ചിലർ വിശ്വസിച്ചേക്കാം. അതു വെറും തെറ്റിദ്ധാരണയാണു്. ഏതെങ്കിലും ആവശ്യമോ, അത്ഥമോ ഇല്ലാത്തപക്ഷം ബുദ്ധിമാന്മാരായ നമ്മുടെ പൂർവ്വികന്മാർ തലയിൽ കഷണ്ടി ആക്രമിക്കുന്ന ഇടങ്ങളിലായി അതിനെ അനുസ്മരിപ്പിക്കയോ, അനുകരിപ്പിക്കയോ ചെയ്യുന്ന മുണ്ഡനം (പരിഷ്കാരപ്രിയന്മാർ അവിടെ ക്രാപ്പാക്കിയിട്ടുണ്ടു്) എന്തിനായി ചെയ്യിച്ചിരുന്നു? ബ്രാഹ്മണർ മുതലായവർ തലയിൽ മുൻഭാഗത്തു നെറ്റിക്കുമേലെയും, ചില പാതിരിമാർ മൂർദ്ധാവിലും മറ്റും ക്ഷൗരം ചെയ്യിക്കുന്ന മാമൂൽ ഏർപ്പാടു്, "പ്രാണോപകാരി"കളെ വല്ലവിധേനയും സഹായിപ്പാൻ മാത്രമുള്ള സാധുത്രാണനാസക്തികൊണ്ടോ—അഥവാ കൃത്രിമകഷണ്ടിനിമ്മാണപ്രിയംകൊണ്ടോ—എന്നുള്ളതു് ശാസ്ത്രാന്വേഷികളുടെ ഗാഢശ്രദ്ധ പതിയേണ്ട വിഷയമാണു്. ക്രൂരതെ, ആകാശമണ്ഡലത്തിൽനിന്നും ആകസ്മികമായി ഭവിക്കുന്ന നക്ഷത്രപതനം ദർശിച്ചാൽ ഉളവാകുമെന്നു വിശ്വസിച്ചിരിക്കുന്ന മഹാപാതകത്തിനു പരിഹാരമായി, പേരെടുത്ത "പത്തു കഷണ്ടിത്തലയന്മാരുടെ നാമധേയം" ഉച്ചരിക്കുന്നതൊന്നു്, മറ്റൊരു പ്രതിവിധിയില്ലെന്നു് അറിവുള്ളവർ പറഞ്ഞു പഠിപ്പിച്ചിട്ടുള്ളതാണു്. ആരോഗ്യരഹസ്യം എന്തെന്നറിയാതെ, അപ്രകൃതജീവിതപന്ഥാക്കളിൽപെട്ടു് നട്ടംതിരിഞ്ഞു് ജീവിതം നയിക്കുന്ന പരിഷ്കൃതമനുഷ്യനെ തിരിച്ചറിവാനായി പ്രകൃതി പതിച്ച ഈ മുദ്രകളെ സബഹുമാനം ഏവരും വീക്ഷിക്കേണ്ടതാണു്. ജീവിതോദ്ദേശ്യം ലൌകികസുഖാനുഭോഗമെന്നറിഞ്ഞു് പ്രകൃതിയോടു പടവെട്ടി സഞ്ചരിക്കുന്ന യുദ്ധവീരന്മാരുടെ വിജയസ്തംഭങ്ങളിൽ പരിലസിക്കുന്ന പ്രസ്തുത

അടയാളപത്രികകൾ ഒരിക്കലും ഉപയോഗശൂന്യമാവാൻ ഇടയില്ല.

കഷണ്ടിവഴ്ത്തുകൾ പലമാതിരി കാണാറുണ്ട്. ഏതു വഴിയായി, ഈ മാരണം ഇഴഞ്ഞുകയറിവരുമെന്ന് ആർക്കും ഊഹിക്കാൻ വയ്യ. നെറ്റിക്കു മേൽഭാഗം നേരെയൊ, നടുവിൽ സ്ഥലമൊഴിച്ച് ഇരുവശങ്ങളിൽ ക്രൂടിയോ, മൂർദ്ധാവിൽ പിൻഭാഗമായോ ആക്രമണം തുടങ്ങാറുണ്ട്. പാതിരാമണൽതിട്ടപോലെ, നെറ്റിക്കു മേലായി ഒരു ഭാഗം മുടി ശേഷിപ്പിച്ച് ചുറ്റും പടർന്ന് ആക്രമിക്കുന്നതും ഒട്ടും അസാധാരണമല്ല. ഉദ്ദീപനശക്തി ക്രൂടുതൽകൊണ്ട് രോമവിണ്ണുകൾ ചിലപ്പോൾ നിശ്ലേഷം നശിച്ചുണ്ടാവുന്ന ഒരുതരം 'വേലിക്കഷണ്ടി' ചില സ്ത്രീകളിൽ കാണാറുണ്ടെന്നുള്ളതും സ്മർത്തവ്യമാണ്. ചീകിവലിച്ചുമുറുക്കി കെട്ടിവയ്ക്കുന്നതുകൊണ്ട്, ചുറ്റുമുള്ള രോമങ്ങൾ ക്രൂടുതൽ വലിഞ്ഞു വിത്തോടെ പറിഞ്ഞു നഷ്ടപ്പെട്ട്, ചുറ്റും ക്ഷൌരംചെയ്തപോലെയായിത്തീരുന്നു. ഇത് ചില പ്രത്യേക ജാതിസ്ത്രീകളിലാണ് അധികം കാണാറുള്ളത്. തന്മൂലം അവരുടെ സ്വതേയുള്ള സൌന്ദര്യം ഒട്ടുംതന്നെ ക്രൂടുതലായി തോന്നിക്കുന്നില്ല. പ്രത്യുത, കുറെ വൃത്തികേട് മറ്റുള്ളവർക്കു തോന്നിക്കുന്നതെന്നും പറയേണ്ടിയിരിക്കുന്നു. ഇനിയും, ചിലരെ നാലുപാടും ആക്രമിച്ച് തല മുഴുവനെ വെണ്മാടസദൃശമാക്കിത്തീർക്കാറുമുണ്ട്.

എവിടെ കഷണ്ടി വ്യാപിക്കുന്നതാണ് യോഗ്യതയും ഭാഗ്യവുമെന്നു ചിലർ ചിന്തിച്ച് ഉഴലാതിരിക്കുന്നില്ല. യോഗ്യനായ ഒരുവന്റെ പിന്നിൽ കഷണ്ടി കണ്ട് അപ്രകാരം വരണമെന്ന് ആശിക്കുമ്പോൾ മറ്റൊരു

ബഹുയോഗ്യനെ മുന്നിൽ കഷണ്ടിയായി കാണാം. എന്നാൽ അതാവട്ടെയെന്നാണെങ്കിൽ മറെറാരു ബഹുമാന്യൻ മുഴക്കഷണ്ടിയായി പ്രത്യക്ഷപ്പെട്ടം. കഷണ്ടികൊണ്ടു് യോഗ്യതയുണ്ടാക്കാനായി യോഗ്യന്മാരായ അനേകതരം കഷണ്ടിക്കാരെ അനുകരിച്ചതിന്റെ ഫലമായിട്ടാണു് 'മുഴമുണ്ഡൻ' ജാതികം ഉത്ഭവിച്ചതെന്നു് ഒരു കിഴവൻ ഒരിക്കൽ പറകയുണ്ടായി. ഏതായാലും, യോഗ്യതയും, കഷണ്ടിയും, ബുദ്ധിശക്തിയും തമ്മിൽത്തമ്മിലുള്ള ബന്ധം തൽക്കാലം അജ്ഞാതമായാണിരിക്കുന്നതു്. എങ്കിലും, ചെറിയൊരു കഷണ്ടി, ഉണ്ണിമനുപോലെയും, ചിന്നക്കടവയർപോലെയും, ചെറിയ കോങ്കണ്ണുപോലെയും മറും ചിലക്കു യോജിക്കുന്നതായി പലരും അഭിപ്രായപ്പെടാറുണ്ടു്.

ഫാറ്റ്, ക്യാപ് ഇവകളും ധരിക്കുന്നതു് കഷണ്ടിക്കു് ഒരു കാരണമായി ചില ക്ലൂട്ടർ സ്ഥാപിക്കാറുണ്ടു്. എന്നാൽ കഷണ്ടിയുണ്ടാകത്തക്ക വിധം അത്ര അധികം നേരം ഇതുകളും ധരിക്കുക പുരുക്കന്മാരേ കാണാറുള്ളൂ. എങ്കിലും ഇതുകളും ധരിക്കുന്നതുമൂലം ഉണ്ടാകുന്ന മറെറാരു ദോഷം വിസ്മരിക്കത്തക്കതല്ല. സ്നാളിൽ ഉപയോഗിച്ചിരുന്ന തൊപ്പി ഷഷ്ടിപൂത്തിക്കു് ഉപയോഗിക്കുന്ന ക്ലൂട്ടരുമുണ്ടു്. നിലത്തു വച്ചാൽ ഉറുമ്പരിക്കയും, തലയിൽ വച്ചാൽ മൂട്ട കടിക്കയും, കണ്ണു തെറിയാൽ പട്ടി തട്ടിക്കൊണ്ടുപോകയും ചെയ്യത്തക്ക വിധം വൃത്തിഹീനമായി, എണ്ണയും ചെളിയും നിറഞ്ഞു നാറിയ തൊപ്പികൾ തലയിൽ വച്ചാൽ, നെറിയിലും തലയിലും പറ്റുന്ന വൃത്തികേടു കളവാൻ സോപ്പു തേച്ചു് ഒരേഴു ദിവസം കുളിച്ചുകിലേ മതിയാവൂ. തൊപ്പി, നിത്യം

ഉപയോഗിക്കുന്നവർ അതിനകമെ വക്കത്തുള്ള തുകൽ ആഴ്ചയിൽ ഒരിക്കലെങ്കിലും സോപ്പിട്ട കഴുകി ഉണക്കിയുപയോഗിച്ചാൽ നന്നായിരിക്കും. നമ്മുടെ നെറ്റിപോലെ അത്ര അധികം അഴുക്കു പുരളുന്ന ദേഹഭാഗമുണ്ടെങ്കിൽ, അയത്ര കൈകളും മാത്രമാണു്. ഇതോടുകൂടി നാറ്റുകൽ ചേർന്ന തൊപ്പി ധരിച്ചാലുള്ള കഥ എന്തായിരിക്കും!

ലോകത്തിൽ രണ്ടു രോഗങ്ങൾക്കു മാത്രമേ ചികിത്സ കല്പിക്കാത്തുള്ളുവെന്നാണു് സാധാരണ ജനവിശ്വാസം. അവയിൽ ഒന്നു കഷണ്ടിയും മറ്റതു് അസൂയയുമാണു്. അതിനാൽ ഇവ രണ്ടും ഉണ്ടാകാതിരിക്കാൻ ശ്രമിക്കുന്നതുതന്നെയാണു് അവയ്ക്കുള്ള പ്രധാന ചികിത്സ. രോമത്തിന്റെ ആരോഗ്യം ദേഹാരോഗ്യത്തെ അനുസരിച്ചിരിക്കും. ക്ഷീണന്മാരുടെ മുടി ശക്തികുറഞ്ഞു 'എലിവാലു'പോലെയിരിക്കുമ്പോൾ, ശക്തിമാന്മാരുടെ മുടി, ആദ്യമെങ്കിലും, ശക്തിമത്തായും ധാരാളമായുമിരിക്കും. മുടി ശരിയായി നിലനിൽക്കണമെങ്കിൽ, അവയ്ക്കു് ശരിയായ വ്യായാമവും, ഉദ്ദീപനവും ആവശ്യമാണു്. ഉദ്ദീപനമില്ലാഞ്ഞാൽ ക്രമേണ വിത്തുകൾ ക്ഷീണിച്ചു ക്ഷയിച്ചുപോകും. സ്ത്രീകൾ അവരുടെ മുടി സൂക്ഷിക്കുന്നതിൽ വേണ്ടുവോളം വ്യായാമം അവയ്ക്കു നൽകുന്നതിനാൽ അവക്കു കഷണ്ടി ഉണ്ടാകുന്നില്ല. മറിച്ചു്, പുരുഷന്മാർ ക്രാപ്പുചെയ്തു ലയിംജൂസും, വാഡ്‌ലയിനും പൂരട്ടി മുടി ഒതുക്കിവയ്ക്കുന്നതിനാൽ തക്കതായ ഉദ്ദീപനമില്ലാതെ വേഗത്തിൽ കഷണ്ടിയായിത്തീരുന്നു. എന്നാൽ പരിഷ്കാരഭ്രമത്താൽ നിലവിട്ട പാശ്ചാത്യവനിതകൾ അവരുടെ മുടിയും ക്രാപ്പുചെയ്തുടങ്ങിയിരിക്കുന്നതിനാൽ, പുരുഷന്മാരുടെ സങ്കടത്തിനു കുറവു വരുവാനിടയുള്ളതായി

തോന്നുന്നു. ക്രാപ്പു ചെയ്താലും, മുടിക്കു ശരിയായ ഉദ്ദീപനം നൽകിക്കൊണ്ടിരുന്നാൽ കഷണ്ടികൂടാതെയിരിക്കാം. മുടി വളരാനും, കൊഴിഞ്ഞു കഷണ്ടി ബാധിക്കാതിരിപ്പാനുമായി ഏതെല്ലാം സുഗന്ധമോഹനകുന്തളതൈലങ്ങൾ പുരട്ടിയാലും, എത്രതന്നെ ഉപയോഗിച്ചാലും ഫലമില്ല. ശരിയായി അമത്തിത്തോത്തിയും, ചീകിയും, ബ്രഷ് ചെയ്തും, ചട വിടുത്തിയും മറ്റും അവയ്ക്കു മിതമായ വ്യായാമം നൽകണം. ദേഹത്തെ പ്രകൃത്യനുസരണമായ രീതിയിൽ അരോഗമായി പരിപാലിക്കണം. അല്ലാതെ മറ്റു സിദ്ധൗഷധങ്ങളൊന്നുംതന്നെയില്ല; ഉണ്ടാകുമെന്നു തോന്നുന്നുമില്ല.

VII

ഭാഷാചമ്പുക്കളുടെ ചില പ്രത്യേകതകൾ

[മദ്ധ്യകാലങ്ങളിൽ ഭാഷാസാഹിത്യലോകത്തു് ഒരു പ്രധാന സ്ഥാനം കരസ്ഥമാക്കിയിരുന്ന ചമ്പുക്കളുടെ—അതായതു്, ഗദ്യപദ്യസമ്മിശ്രകാവ്യങ്ങളുടെ—മേന്മയെ ഒരു കവിയും പണ്ഡിതനുമായ വടക്കുംകൂർ രാജരാജവർമ്മരാജാ അവർകൾ ഇതിൽ വിവരിച്ചിരിക്കുന്നു. സാഹിത്യസാഹൃത്തിന്റെ ഉപഹാരമവകൂപ്പിൽ ഈ പ്രബന്ധം ഉൾപ്പെടുത്തുന്നു. നിരൂപണം എന്ന സാഹിത്യരൂപത്തിൽ പെടുന്ന ഒരു ലേഖനവുംകൂടിയാണിതു്. വായനക്കാരെ ഗ്രന്ഥപാരായണത്തിൽ സഹായിക്കുവാനായി സമുദ്ഭയനായ ഒരു മാതൃകാവായനക്കാരന്റെ നിലയിൽ, കഴിയുന്നിടത്തോളം നിഷ്പക്ഷമായി, വ്യക്തിപരമായ പക്ഷപാ

തങ്ങളെ അടക്കിവച്ചുകൊണ്ട്, ഒരാൾ ഒരു സാഹിത്യകൃതിയെപ്പറ്റി പുറപ്പെടുവിക്കുന്ന അഭിപ്രായത്തിനാണ് സാധാരണയായി നിരൂപണം എന്നു പറയാറുള്ളതു്]

നമ്മുടെ സാഹിത്യത്തിൽ അത്യുന്നതമായ സ്ഥാനത്തെ അർഹിക്കുന്ന ഒരു കാവ്യശാഖയാകുന്നു ചമ്പുപ്രബന്ധസമുദായം. ഭാഷയുടെ ദിവ്യമായ ആഭരണഭണ്ഡാഗാരമായി ആവിർഭവിച്ചിരിക്കുന്ന ഈ ശാഖ, അതിന്റെ അന്യാദൃശമായ മാഹാത്മ്യം നിമിത്തം കേരളീയരെ ആകർഷിച്ചു് പരമാനന്ദനിമഗ്നന്മാരാക്കി, അവക്കു സൽക്കാവ്യപരിശീലനംകൊണ്ടു ഉണ്ടാകുന്ന പ്രയോജനങ്ങളെ പ്രദാനം ചെയ്തുകൊണ്ടു് ഏകദേശം രണ്ടു ശതവർഷക്കാലം, അപ്രതിഹതമായ വിജയത്തോടുകൂടി പ്രചരിച്ചിരുന്നു എന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. ആ കാലത്തു് കേരളീയർക്കു ചമ്പുക്കളോടു് അസാധാരണമായ അഭിരുചിയും, ബഹുമതിയും ഉണ്ടായിരുന്നു എന്നും തൽഫലമായി വിലമതിക്കുവാൻ പാടില്ലാത്ത അനേകം പ്രബന്ധരത്നങ്ങൾ ഈ ശാഖയ്ക്കു ലഭിക്കുവാൻ ഇടയായി എന്നും കാണുവാൻ കഴിയും. അവ ഭാഷാദേവിയുടെ അമൂല്യങ്ങളും, അനശ്വരങ്ങളും ആയ ഭൂഷണങ്ങളാണെന്നു പറഞ്ഞാൽത്തന്നെ മതിയാകുകയില്ല. വൈശിഷ്ട്യംകൊണ്ടു് അവയെയെല്ലാം അതിശയിക്കുന്ന ആഭരണങ്ങൾ, അവയുടെ കാലത്തിനു മുൻപും പിൻപും ഉണ്ടായിട്ടില്ലെന്നു കൂടി പറഞ്ഞെങ്കിൽ മാത്രമേ വാസ്തവം മുഴുവനാകയുള്ളൂ. ഈ പ്രബന്ധങ്ങൾ, കേരളീയ ലോകത്തിലെ ഏതു് ഉത്തമസാഹിത്യത്തിനോടും കിടനിൽക്കുന്നതിനു വേണ്ട സൌഭാഗ്യം തികച്ചും പ്രദാനം ചെയ്തിട്ടുണ്ടെന്നു സഹൃദയന്മാർ സാഭിമാനം സമ്മതിക്കുമെന്നു വിശ്വസിക്കുന്നു.

സാഹിത്യത്തിന്റെ ഓരോ ശാഖയ്ക്കും മറ്റുള്ളതിൽനിന്നു ഭിന്നമായി ചില സ്വഭാവവിശേഷങ്ങൾ ഉണ്ട്. അവയിൽ ആ ശാഖയുടെ സ്വതന്ത്രം നിലനിൽക്കുന്നു. ഇപ്രകാരം ചില പ്രത്യേക സ്വഭാവങ്ങൾ ചമ്പുക്കൾക്കും ഉണ്ടായിരിക്കണമെന്നു സിദ്ധമാണല്ലോ. അവയെന്തെല്ലാമാണെന്നു വിചാരിക്കാം.

(൧) കാവ്യാരംഭത്തിൽ ചെയ്തിരിക്കുന്ന വസ്തുനിർദ്ദേശത്തിന്റെ സ്വഭാവം. (൨) കൃത്തും (ചാക്യാന്മാരുടെ കഥാകഥനം) പാഠകവുമായുള്ള ബന്ധം. (൩) ഭാഷയുടെ രീതി. (൪) വർണ്ണനത്തിന്റെ പ്രസ്ഥാനം. (൫) ഫലിതത്തിന്റേയും ഹാസ്യത്തിന്റേയും അസാധാരണത്വം. (൬) സംസ്കൃതവൃത്തങ്ങളുടേയും ദ്രാവിഡവൃത്തങ്ങളുടേയും സമ്മേളനം. (൭) തനിസ്സംസ്കൃതങ്ങളായ ഗദ്യങ്ങളുടേയും പദ്യങ്ങളുടേയും കല്പനം. (൮) ഭണ്ഡകങ്ങളുടെ പ്രയോഗം. (൯) സംസ്കൃതവൃത്തങ്ങൾക്കു കല്പിച്ചിരിക്കുന്ന പ്രാധാന്യം. (൧൦) പ്രാകൃതപ്രയോഗം. (൧൧) അന്യസംസ്കൃതകാവ്യങ്ങളിൽ നിന്നു ചെയ്തിരിക്കുന്ന ഗദ്യപദ്യസ്വീകരണം. (൧൨) സംസ്കൃതകാവ്യങ്ങളിൽ കാണുന്ന അലങ്കാരപ്രസ്ഥാനത്തിന്റെ അനുകരണം. (൧൩) ആകൃതികൊണ്ടും പ്രകൃതികൊണ്ടും സംസ്കൃതസാഹിത്യത്തോടു സിദ്ധമായിരിക്കുന്ന സാമീപ്യവും ഐക്യവും. (൧൪) സ്വതന്ത്രവും സർവ്വതോമുഖവും ആയ മനോധർമ്മഗതി. (൧൫) സർവോപരി നിരർഗ്ഗളമായ ഭക്തിയുടെ പ്രവാഹം.

ഇവയെ ആശ്രയിച്ചു ഭാഷാചമ്പുക്കളുടെ പ്രത്യേകസ്വഭാവങ്ങൾ നിലനിൽക്കുന്നു. ചമ്പുക്കളിലല്ലാതെ ഇവ മറ്റൊരു കാവ്യശാഖയിലും കാണുകയില്ല. ചമ്പു

ക്കളുടെ ഈ പ്രത്യേകസ്വഭാവങ്ങളിൽ ഓരോന്നിനേയും പറ്റി വിപുലമായി വിമർശനം ചെയ്യുന്നതിന് ഇവിടെ സൌകര്യമില്ല. അതുകൊണ്ട് ഇവയിൽ പ്രാധാന്യം അർഹിക്കുന്ന ചില സ്വഭാവങ്ങളെപ്പറ്റി അല്പം പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു.

ഭാരതീയരുടെ വിവിധങ്ങളായ ഭാഷാസാഹിത്യനദികളും അവയുടെ ഉല്പത്തിസ്ഥാനം, ഗതി ചെയ്യുന്ന മാർഗ്ഗം, ശാഖകൾ, ആകൃതി, പ്രകൃതി മുതലായവകൊണ്ടു പരസ്പരം എത്രമാത്രം ഭിന്നതയെ വഹിക്കുന്നുവെങ്കിലും ഒടുവിൽ അവയെല്ലാം പരമപുരുഷാർത്ഥലാഭോപായമാകുന്ന സമുദ്രത്തിൽ തന്നെ ചെന്നുചേരുന്നു എന്ന വാസ്തവം വിസ്മരിക്കാവുന്നതല്ല. പല കൈവഴികളോടും രൂപഭേദത്തോടുംകൂടി വിവിധ വിഷയങ്ങളെ ആശ്രയിച്ചു പ്രവഹിക്കുന്ന കേരളഭാഷാനദിയുടെ സ്ഥിതിയും ഇതുതന്നെ. കിളിപ്പാട്ട്, തുള്ളൽ, കഥകളി മുതലായ ശാഖകളിൽ നിർമ്മിതങ്ങളായിരിക്കുന്ന കാവ്യങ്ങൾ നോക്കിയാൽ ഈ അഭിപ്രായത്തിന്റെ യാഥാർത്ഥ്യം ഗ്രഹിക്കാം. ചമ്പുപ്രബന്ധങ്ങളും, കിളിപ്പാട്ടു മുതലായവയെപ്പോലെ ഭഗവൽഭക്തിയുടെ മാഹാത്മ്യത്തെത്തന്നെ പ്രാധാന്യേന ഉപദേശിക്കുന്നു. എന്നാൽ ഉപദേശത്തിനു സ്വീകരിച്ചിരിക്കുന്ന മാർഗ്ഗത്തിനു വ്യത്യാസമുണ്ട്.

ഈശ്വരഭക്തി ലഭിക്കുന്നതിന് പല മാർഗ്ഗങ്ങളും ഉണ്ടെങ്കിലും, അവയിൽ കഥാശ്രവണത്തിനു മേന്മ കൂടുന്നു. കഥകൾ കേൾക്കുന്നതിന് ഒരു കൌതുകം ജനങ്ങൾക്കു ബാല്യകാലം മുതൽക്കു തന്നെ ഉണ്ടായിക്കാണുന്നു. ജനങ്ങളുടെ വളർച്ചയോടുകൂടി ഈ സ്വഭാവം വളരുകയല്ലാതെ ക്ഷയിക്കുന്നില്ല. വൃദ്ധന്മാർക്കു കഥ പറയു

വാൻ പ്രത്യേകം ഒരു വാസനതന്നെയുണ്ട്. ഉത്തമകഥകൾക്കു ശ്രോതാക്കളെ സൽഗുണസമ്പന്നന്മാരാക്കുന്നതിനു് എത്രമാത്രം ശക്തിയുണ്ടെന്നു പറഞ്ഞറിയിക്കാവുന്നതല്ല. യാതൊരു ക്ലേശവുമില്ലാതെ, ആംഹിതമായും, സരസമായും സഞ്ചരിക്കാവുന്ന മനോഹരമാർഗ്ഗമാകുന്നു കഥ. ഈ വഴിയിൽക്കൂടി സഞ്ചരിക്കുന്നവക്കു് ഭക്തി, ജ്ഞാനം മുതലായ ഗുണങ്ങളെ സകൌതുകം സമ്പാദിക്കുവാൻ കഴിയും. ഇതാണു കഥകൾക്കുള്ള പ്രത്യേകവൈശിഷ്ട്യം. കേരളീയർ ചിരകാലം മുൻപുതന്നെ ഈ തത്ത്വത്തിന്റെ യാഥാർത്ഥ്യം വേണ്ടതുപോലെ ഗ്രഹിച്ചിരുന്നു. പതിവായി ജനങ്ങൾ കൂട്ടംകൂട്ടുന്ന ക്ഷേത്രങ്ങളിൽ കൂത്തു്, പാഠകം, പുരാണപാരായണം മുതലായവ ഏർപ്പെടുത്തിയിരിക്കുന്നതു് മുൻപു പറഞ്ഞ തത്ത്വത്തെ ആസ്പദമാക്കിയാകുന്നു. ഈ വക ഏർപ്പാടുകൾ ഇന്നും ക്ഷേത്രങ്ങളിൽ നടന്നുവരുന്നു.

മുൻപു പറഞ്ഞവയിൽ ചാക്യാന്മാരുടെ കഥനം ഒരു പ്രത്യേകരീതിയിൽ ഉള്ളതാകുന്നു. അവർ പ്രബന്ധങ്ങളിൽനിന്നു യുക്തങ്ങളായ ഭാഗങ്ങൾ ചൊല്ലി, അവയ്ക്കു് അർത്ഥം മനസ്സിലാകത്തക്കവിധം വിസ്തരിച്ചു വിശദമായി അർത്ഥം പറയുന്നു. ആകർഷകമായ വാഗ്വിലാസം, സമുചിതമായ അഭിനയം, സരസമായ ഫലിതം, പുതിയ പുതിയ മനോധർമ്മകല്പനം, ശൃംഗാരം, ഇവയെല്ലാം ചാക്യാന്മാരുടെ കഥനങ്ങളിൽ തികഞ്ഞിരിക്കും. വാക്ചാതുര്യവും മനോധർമ്മവും അവർക്കു സഹജങ്ങളായ ഗുണങ്ങളാകുന്നു. യഥേഷ്ടം, തങ്ങളുടെ മുൻപിൽ നേരെ നോക്കിയിരിക്കുന്ന സദസ്യരിൽ, വിഷലിപ്തങ്ങളായ ശകാരാസ്ത്രങ്ങളും മധുസ്യന്ദികളായ സ്തുതികുസുമങ്ങളും പ്രയോ

ഗിക്കുവാൻ ചാക്യാന്മാക്ക് പ്രത്യേകം ഒരു സ്വാതന്ത്ര്യവും സാമർത്ഥ്യവും ഉണ്ട്. ധീരകേസരികളായ അനേകം മഹാരാജാക്കന്മാരെ ലക്ഷ്യമാക്കിക്കൂടി, യാതൊരു ലക്ഷ്യവുമില്ലാതെ, ചാക്യാന്മാർ അവരുടെ ആയുധങ്ങൾ പ്രയോഗിക്കുക പതിവുണ്ടെന്നുള്ളതു് ഇന്നും അനുഭവത്തിൽ കാണുന്ന വാസ്തവമാകുന്നു. സദസ്സിൽ വെച്ചു ചാക്യാന്മാർ എന്തു പറഞ്ഞാലും അതിനു് ഉത്തരം പറയരുതെന്നാണു നിയമം. മഹാരാജാക്കന്മാർ ക്രമേ ഈ നിയമത്തെ ആദരിച്ചുവരുന്നു. വാഗ്ദേവിയുടെ സവിശേഷമായ അനുഗ്രഹസമ്പത്തു ലഭിച്ചിട്ടുള്ള ഒരു വർഗ്ഗക്കാരാണു് ചാക്യാന്മാരെന്നു പറയുന്നതിൽ തെറ്റില്ല. അത്യുജ്ജ്വലപ്രതിഭാവൈശിഷ്ട്യവും ആകർഷണശക്തിയും അവരുടെ കഥനരീതിക്കുണ്ടു്! ഈ സമുദായക്കാർ പൂർവ്വകാലത്തു് കഥനത്തിനു് ഉപയോഗിച്ചുവന്നിരുന്ന പ്രബന്ധങ്ങളായിരുന്നു ചമ്പുക്കൾ. മുൻകാലത്തു ചാക്യാന്മാക്ക് വേണ്ടി ഈ കാവ്യങ്ങൾ നിർമ്മിക്കപ്പെട്ടുവെന്നോ, അല്ലെങ്കിൽ ചാക്യാന്മാരുടെ കഥനം ഈ കാവ്യശാഖയെ ആശ്രയിച്ചു് ഉപജീവിച്ചുവന്നു എന്നോ പറയാവുന്നതാണു്.

സദസ്സിൽ ഇരിക്കുന്ന ഒരു സ്നേഹിതനോടു പറയുന്ന രീതിയിൽ ചാക്യാന്മാർ കഥ ആരംഭിക്കുന്നു. പഴയ ഭാഷാചമ്പുക്കളിൽ ഈ സ്വഭാവം പ്രതിബിംബിച്ചിരിക്കുന്നതു കാണാം.

വാരാന്നാസ്ഥാനരങ്ങേ വിരവിലിവിടെ വ-
ന്നിങ്ങനേ നമ്മിലെത്തു-
ന്നോരം തോഴാ വിളങ്ങും മനസി മമ സഭാ-
കമ്പിതേ വൻപ്രസാദം.

എന്നു് രാമായണചമ്പുവിന്റെ ആദിഭാഗത്തു കാണുന്നു. മിക്കവാറും പ്രാചീനചമ്പുക്കളും എല്ലാംതന്നെ ഈ രീതിയോടുകൂടിയാണു് കഥ ആരംഭിക്കുന്നതു്. പ്രകൃതത്തിൽ പറയുവാൻ തുടങ്ങുന്ന കഥയുടെ ഒരു സൂചനം അല്ലെങ്കിൽ നിർദ്ദേശം കൂടി ഉണ്ടായിരിക്കും. ഇതു് ചമ്പുക്കളിൽ മാത്രം കാണുന്ന പ്രത്യേക സ്വഭാവമാകുന്നു.

ചെമ്പൊൽപ്പൂമാതിണങ്ങീടിന ലളിത-
തനോ നിന്മുഖാംഭോജവീക്ഷാ-
സമ്പൽപ്രാപ്ത്യാ മദീയേ മനസി നി-
രുപമം മോദഭാരം വളർന്നു
വൻപെത്തും ഭാഗ്യവം വെന്നരികിലു-
പഗതേ രാമചന്ദ്രേ ജയശ്രീ-
സാഫല്യാഭോഗരമ്യേ ദശരഥനു
സഖേ മുൻപിലുണ്ടായപോലെ.

(രാമായണചമ്പു)

ഈ പദ്യത്തിൽ പൂവ്വാർദ്ധംകൊണ്ടു സഭയിൽ സ്നേഹിതനെ കണ്ടതിനാലുള്ള സന്തോഷം വണ്ണിച്ചു് ഉത്തരാർദ്ധംകൊണ്ടു പറയുവാൻ തുടങ്ങുന്ന കഥ പരശുരാമവിജയമാണെന്നു സൂചിപ്പിക്കുന്നു. ഈ സ്വഭാവം പൂർവ്വചമ്പുക്കളിൽ എല്ലാം കാണുന്നതുകൊണ്ടു്, ഇതു കാകതാലീയന്യായേന സംഭവിച്ചതല്ലെന്നും, ഇതിനു് എന്തെങ്കിലും ഒരു ആഗമം ആസ്പദമായി ഉണ്ടായിരിക്കണമെന്നും സിദ്ധിക്കുന്നു. ഈ ആഗമം ചാക്യാന്മാരുടെ കഥനസ്വഭാവമല്ലാതെ മറെറാന്നുമല്ല. രാമായണം മുതലായ ഭാഷാചമ്പുക്കളിലെ പല ഭാഗങ്ങളുടേയും അർത്ഥം, ചാക്യാന്മാരുടെ പ്രത്യേകമായ ഭാഷാരീതിയിൽ എഴുതിയിരിക്കുന്ന താളിയോലഗ്രന്ഥങ്ങൾ പലതും കാണുന്നുണ്ടു്. അവയെ ചാക്യാന്മാർ നിധിപോലെ സൂക്ഷിച്ചുവരുന്നു.

ഈ സംഗതിയും, ചാക്യാന്മാർ കഥനത്തിനു ഭാഷാചമ്പുക്കളെ ഉപയോഗിച്ചുവന്നിരുന്നു എന്നതിനു നിഷേധിക്കുവാൻ പാടില്ലാത്തതെളിവാകുന്നു. സർവ്വഥാ, ചാക്യാന്മാർ ചമ്പുക്കളെ ഉപയോഗിച്ചുവന്നിരുന്നില്ലെന്നുള്ള അഭിപ്രായം ആസ്പദരഹിതമെന്നതുതന്നെ തെളിയുന്നു. അടുത്തകാലേക്കാലമായി ചാക്യാന്മാർ ഭാഷാചമ്പുക്കളെ ഉപയോഗിക്കാറില്ല. എങ്കിലും അവർ, അവയിൽ സാരസ്യമേറിയ പല ഭാഗങ്ങളും സ്മരിച്ചും അവ കാണിച്ചുകൊടുക്കുന്ന വഴിയിൽ ക്രിടി ഗതിചെയ്തും, കഥനത്തിനു മോടി കൃട്ടാറുണ്ടെന്നു വ്യക്തമാകുന്നു. സംസ്കൃതകാവ്യങ്ങളിലെ ഗദ്യപദ്യങ്ങളും (അതേ രൂപത്തിൽ) ഭാഷാചമ്പുക്കളിൽ സ്ഥാനം പിടിച്ചിരിക്കുന്നതു കാണാമല്ലോ. ഇവ, കഥ പറയുമ്പോൾ ചാക്യാന്മാർ അന്യകാവ്യങ്ങളിൽ നിന്നു സന്ദർഭോചിതമായി ഉപയോഗിച്ചുവന്നിരുന്ന ഗദ്യപദ്യങ്ങളാകുന്നു. ചാക്യാന്മാർ അധികം ഉപയോഗിക്കാത്ത ഭാഷാചമ്പുക്കളിൽ ഇപ്രകാരമുള്ള ഭാഗങ്ങളും കാണുന്നില്ല. രാമായണം, ഭാരതം മുതലായ ഭാഷാചമ്പുക്കളെ ചാക്യാന്മാർ അതിധാരാളമായി ഉപയോഗിച്ചുവന്നിരുന്നു. അവയിലാണ് സംസ്കൃതകാവ്യങ്ങളിലെ ഗദ്യപദ്യങ്ങളും ധാരാളം കാണുന്നതെന്നു വസ്തുത പ്രത്യേകം സ്മരിക്കേണ്ടതാകുന്നു. മുൻകാലത്തു ചാക്യാന്മാരുടെ കഥനത്തിന് ഏറ്റവും ഇണങ്ങുന്ന വിധമാണ് ചമ്പുക്കളും നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ഫലിതം, വർണ്ണനസ്വഭാവം, ഹാസ്യരീതി മുതലായവകൊണ്ടു് മറ്റു സാഹിത്യശാഖകളിൽ നിന്ന് ഒരു പ്രത്യേകത ചമ്പുക്കളിൽ കാണുന്നതിനു കാരണം, അവ, ചാക്യാന്മാരുടെ കഥനത്തിനു വേണ്ടി നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്നതുതന്നെയാണ്. പാഠകക്കാരും ചമ്പുക്കളെ ഉപയോഗിച്ചുവന്നിരുന്നു.

ഇതാണു് ചാക്യാന്മാക്കും (പാഠകക്കാക്കും) ചമ്പുക്കൾക്കും ഉള്ള ബന്ധത്തിന്റെ സ്വഭാവം.

വൃത്തത്തെ സംബന്ധിച്ചിടത്തോളവും ഭാഷാചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തെ ചമ്പുക്കൾ സൃഷ്ടിച്ചിട്ടുണ്ടു്. ഇവയുടെ ആവിർഭാവത്തിനു മുൻപു് ഭാഷയിൽ സംസ്കൃതവൃത്തങ്ങൾക്കു് ഏറ്റവും പരിമിതമായ പ്രവേശനമേ ഉണ്ടായിരുന്നുള്ളൂ. മുൻപു്, ചില ഒറ്റശ്ലോകങ്ങളും ദുർല്ലഭം ചില കാവ്യങ്ങളും സംസ്കൃതവൃത്തങ്ങളിൽ ഉണ്ടായിട്ടുണ്ടു്. എങ്കിലും അവയ്ക്കു വേണ്ട പ്രാധാന്യം ഇല്ലായിരുന്നു. ഇങ്ങനെ സങ്കുചിതമായ ഒരു വൃത്തകുല്യയിൽ കൂടി അസ്വതന്ത്രയും ക്ലിഷ്ടയും ആയി ഗതി ചെയ്തിരുന്ന കൈരളിയെ, അതിവിശാലവും പരിശുദ്ധവും ആയ സംസ്കൃതവൃത്തമഹാനദിയിൽ പ്രവേശിച്ചു യഥേച്ഛം വിഹരിക്കുവാൻ അനുവദിച്ചതു്, ചമ്പുകാരന്മാരാകുന്നു. എന്നാൽ സംസ്കൃതവൃത്തസ്വീകരണസംരംഭത്തിൽ അവർ ദ്രാവിഡവൃത്തങ്ങളേയും വേണ്ടതുപോലെ ആദരിച്ചിരുന്നു എന്ന വസ്തുത അല്പവും വിസ്മരിക്കാവുന്നതല്ല. വിവിധങ്ങളായ സംസ്കൃതവൃത്തങ്ങളുടെ കല്പനം കൊണ്ടു ഭാഷയ്ക്കു് എത്രമാത്രം സൌന്ദര്യവും വൈഭവവും ഉണ്ടാക്കാമെന്നതിനു ചമ്പുപ്രബന്ധസമുദായംതന്നെ പരമോദാഹരണം. ചമ്പുക്കളുടെ ആവിർഭാവത്തോടുകൂടി ഭാഷയിൽ സംസ്കൃതവൃത്തങ്ങൾക്കു ദൃഢമായ പ്രതിഷ്ഠയും വിപുലമായ പ്രചാരവും ലഭിച്ചു. ബഹുരൂപങ്ങളായ ദ്രാവിഡവൃത്തങ്ങളേയും ചമ്പുക്കളിൽ പ്രയോഗിച്ചിട്ടുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. ഗദ്യസ്ഥാനത്താണു് അവയെ ഉപയോഗിച്ചിരിക്കുന്നതു്. കിളിപ്പാട്ടു്, തുള്ളൽ, ഭണ്ഡകം (കഥകളി) മുതലായവയിൽ കാണുന്ന പല

വൃത്തങ്ങളും ആദ്യമായി ഭാഷയിൽ ഉപയോഗിച്ചവർ ചമ്പുകാരന്മാരാകുന്നു. ചമ്പുക്കളിൽ കാണുന്ന ദ്രാവിഡ വൃത്തങ്ങളെ അല്പം രൂപഭേദത്തോടുകൂടിയും ചിലപ്പോൾ അതുപോലെ തന്നെയും കിളിപ്പാട്ടുകളിലും തുള്ളലുകളിലും സ്വീകരിച്ചിട്ടുണ്ടെന്നു കാണാം.

തദനു ജനാർദ്ദനജനനദശായാം
പെരുകിന രോഷം പണി പണി പറവാൻ

* * * * * * *

ഹരഹര ശിവശിവ ദശമുഖഭൂജഗേ
തവ മണി വിശിഖസുവർണ്ണവിഭിന്നേ

* * * * * * *

ഗോദാവര്യാം സലിലം കേചന
ദക്ഷിണഗംഗാസലിലം കേചന

(ഭാഷാരാമായണചമ്പു)

ഇത്യാദി ദ്രാവിഡവൃത്തങ്ങളെ അനുകരിച്ചുതന്നെയാണ് കുഞ്ചൻനമ്പ്യാർ തുള്ളലുകളിൽ വൃത്തങ്ങൾ കല്പിച്ചിരിക്കുന്നതു്. എന്നാൽ തുള്ളലുകളിലെ വൃത്തങ്ങൾ എല്ലാം ചമ്പുക്കളിലെ ദ്രാവിഡവൃത്തങ്ങളിൽനിന്നു ഗൃഹീതങ്ങളാണെന്നു പറയാവുന്നതല്ല. ബാണൻ, സുബന്ധു, ദണ്ഡി മുതലായ മഹാകവികളുടെ ഗദ്യകാവ്യങ്ങളിലും സംസ്കൃത ചമ്പുക്കളിലും കാണുന്ന ഗദ്യങ്ങളെ അനുകരിച്ചു നിർമ്മിച്ചിരിക്കുന്ന അനേകമനേകം തനിസ്സംസ്കൃതഗദ്യങ്ങൾ ചമ്പുക്കളിലുണ്ടു്. അലങ്കാരമോടി, പദപ്രൗഢി, ആശയപുഷ്ടി, അമിതമായ കല്പനാദൈർഘ്യം, ഉജ്ജ്വലത്വം മുതലായ ഗുണങ്ങൾ അതിരു കവിഞ്ഞു പരിലസിക്കുന്നവയാണു് ആവക ഗദ്യങ്ങൾ എന്നു് മുമ്പുക്കത്തിൽ പറയുവാനേ ഇവിടെ സൌകര്യമുള്ളൂ. ബാണഭട്ടതി

കൾക്കു ക്രമേണ അസൂയയെ ജനിപ്പിക്കുന്ന അതിപ്രൌഢസരസഗദ്യങ്ങളും ചമ്പുക്കളിൽ തിളങ്ങുന്നുണ്ടെന്നു സഹൃദയന്മാർക്ക് അനുഭവപ്പെടുന്നതാണു്. ഒർല്ലഭം പ്രാകൃതകല്പിതങ്ങളായ ഗദ്യങ്ങളും പദ്യങ്ങളും ചമ്പുക്കളിൽ ഉണ്ടു്. അവയും സാരസ്യം തികഞ്ഞവയാകുന്നു. ഇടയ്ക്കിടയ്ക്കു ചമ്പുക്കളിൽ കാണുന്ന ദണ്ഡകങ്ങളുടെ പദപ്രവാഹശക്തിയും, അശയധോരണിയും പുളകകരമാണെന്നല്ലാതെ മറെറാന്നും പറയുവാനില്ല. കഥകളിൽ കാണുന്ന ദണ്ഡകങ്ങൾക്കു ചമ്പുക്കളിലുള്ളവയുടെ സ്വതോമുഖമായ സൌഭാഗ്യം ഉണ്ടോ എന്നു സംശയമാകുന്നു.

ഭാഷാരീതിയിൽ അത്യന്തം സ്ഫുടമായ ഒരു പ്രത്യേകത ചമ്പുക്കൾക്കുണ്ടു്. സംസ്കൃതപദങ്ങളെ വിഭക്തിപ്രത്യയങ്ങളോടുകൂടി, മലയാളപദങ്ങളോടു ക്രിയച്ചേർത്തു് ഇത്രമാത്രം നിരങ്കുശമായും ധാരാളമായും, എന്നാൽ അനന്യസാധാരണവും സവിശേഷവും ആയ ആസ്വാദ്യതയോടുകൂടിയും പ്രയോഗിച്ചു വിജയം നേടിയിട്ടുള്ള കവികൾ ചമ്പുകാരന്മാർ മാത്രമാകുന്നു. കഥകളികളിലും, ഗിരിജാകല്യാണംപോലെയുള്ള പ്രബന്ധങ്ങളിലും നിരങ്കുശമായ സംസ്കൃതപ്രയോഗം കാണാം. എന്നാൽ അവയിൽ ചമ്പുക്കളുടെ ഭാഷാരീതിയിൽ കാണുന്ന "മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളന സുരഭിലത" അല്പവും സഹൃദയന്മാർക്ക് അനുഭവപ്പെടുന്നതല്ല.

൧. തനിസ്സംസ്കൃതം.

൨. തനി (പച്ച) മലയാളം.

൩. ഭാഷാപദങ്ങളെക്കാളും വിഭക്തിപ്രത്യയത്തോടുകൂടിയ സംസ്കൃതപദങ്ങൾ അധികമുള്ളതു്.

൪. ഭാഷയും സംസ്കൃതവും സമമായി ചേർക്കപ്പെട്ടിട്ടുള്ളതു്.

൫. സംസ്കൃതത്തെക്കാൾ ഭാഷ കൂടിനില്ക്കുന്നതു്.

൬. പേരിനു മാത്രം ഭാഷാപദമുള്ളതു്.

൭. സംസ്കൃതം പേരിനു മാത്രമുള്ളതു്.

ഏന്നിവ ചമ്പുക്കളിൽ കാണുന്ന ഭാഷാരീതികളാകുന്നു. ഈ രീതികൾ എല്ലാം ചമ്പുക്കളിൽ കാണുവാൻ കഴിയും. എങ്കിലും ഇവയിൽ മൂന്നാമത്തതിനുതന്നെ ചമ്പുക്കളിൽ സർവ്വത്ര പ്രാധാന്യം സിദ്ധമായിരിക്കുന്നു. ഈ പ്രബന്ധങ്ങളുടെ സർവ്വസാധാരണമായ ഭാഷാരീതിയും ഇതുതന്നെ. ഭാഷയിൽ ചമ്പുക്കളിൽ കാണാത്ത ഒരു പുതിയ രീതി നിർമ്മിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല.

ത്രൈലോക്യേ സൌരഭംകൊണ്ടുരപെരുകിന
പീനാപദോനക്കലമ്പൻ–
മാലാജാലങ്ങൾ തൂകും തിട്ടവനപെരുമാൾ
ഞാനിരിക്കേ വിശങ്കം

നീ ലാളിക്കുന്നതെന്തെങ്കിലൊരു മനുജശിശുവും
വാനരത്തിൻകിശോരം–
പോലേ പേടിച്ചു രാക്ഷാടപി പിഴകി വനാ–
ന്തത്തെ വന്നാശ്രയന്തം.

(സുഗ്രീവസഖ്യം)

*　　*　　*　　*　　*

ഭാവിച്ചു ഞാൻ തൊട്ടവർ പിന്നെയാരും
ജീവിക്കുമാറില്ലിഹ പാരിലെങ്ങും
ദേവി പ്രഭോ മൽബലമല്ല പണ്ടേ
കൈവന്ന മയ്യാടയിതായതല്ലോ.

(രാവണവിജയം)

ഇവിടെ ഉദ്ധരിച്ച പദ്യങ്ങളിൽ കാണുന്ന രീതികൾക്കു ഗുരുതരമായ വ്യത്യാസം ഉണ്ട്. സംസ്കൃതപദബാഹുല്യം നിമിത്തം ഓജസ്സും പ്രൌഢിയും തികഞ്ഞതാണു് ആദ്യത്തെ ശ്ലോകം. രണ്ടാമത്തേതു ലളിതമായ ഭാഷാപ്രയോഗംകൊണ്ടു് ഏറ്റവും പ്രസന്നവും വ്യക്തയുള്ളവും ആയിരിക്കുന്നു. ചമ്പുക്കളിലെ സംസ്കൃതപ്രചുരമായ രീതിക്കു പൂർവ്വകാലത്തു് ഭാഷയിൽ നല്ല പ്രചാരമുണ്ടായിരുന്നു. ആ കാലത്തു് വിവിധവിഷയങ്ങളെ അധികരിച്ചു നിർമ്മിതങ്ങളായിരിക്കുന്ന അസംഖ്യം ഒറ്റശ്ലോകങ്ങളും ചന്ദ്രോത്സവാദികാവ്യങ്ങളും ചമ്പുക്കളിൽ സാമാന്യേന കാണുന്ന ഭാഷ്യയുടെ രീതിയിൽ വിരചിതങ്ങളാകുന്നു. ഈ ഭാഷാരീതി അടുത്ത കാലംവരെ നിലനിന്നിരുന്നു എന്നു് * ഭാഷാശാകുന്തളം മുതലായ കൃതികൾ തെളിയിക്കുന്നു.

ഹാസ്യത്തിലും ഫലിതത്തിലും കാണുന്ന വൈഭവം ചമ്പുക്കളുടെ ഒരു പ്രത്യേക ഗുണമാകുന്നു.

ഈ സന്ദർഭത്തിൽ നമ്മുടെ സാദരമായ ശ്രദ്ധയെ ആകർഷിക്കുന്ന മറെറാരു പ്രധാന വിഷയമാകുന്നു ചമ്പുക്കളുടെ വർണ്ണനാപ്രസ്ഥാനം. ഈ പ്രബന്ധങ്ങളുടെ അന്യാദൃശമായ ആഭ്യന്തരസൌകുമാര്യത്തിൻെറ ജീവൻ അവയുടെ വർണ്ണനാരീതിയെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നുവെന്നു പറയാം. സൂക്ഷ്മങ്ങളായ മനോവൃത്തിഭേദങ്ങളേയും, സ്ഥൂലങ്ങളായ നഗരാർണ്ണവശൈലാടികളേയും പറഞ്ഞറിയിക്കുള്ള വർണ്ണനങ്ങൾ ചമ്പുക്കളിൽ സുലഭങ്ങളാകുന്നു. വസ്തുക്കളുടെ നാനാമുഖങ്ങളായ ഗുണദോഷങ്ങളെ കാണുന്നതിനും, അവയെ സാരസ്യമേറിയ ഒരു പുതിയ രീതി

---

* കേരളവർമ്മ വലിയകോയിത്തമ്പുരാൻ ആദ്യമായി പരിഭാഷപ്പെടുത്തിയതു്.

യിൽ വണ്ണിച്ചു ഫലിപ്പിക്കുന്നതിനും ചമ്പുകാരന്മാക്ക് ഒരു നിസ്സല്യമായ വൈഭവുണ്ട്. പുതിയ പുതിയ മനോധർമ്മങ്ങൾകൊണ്ടു സുഭിലങ്ങളാക്കിച്ചെയ്തിരിക്കുന്ന അലങ്കാരങ്ങളും യാതൊരു ലോഭവും ഇല്ലാതെ ചമ്പുക്കളിലെ വണ്ണനങ്ങളിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. അവ ബഹുമുഖങ്ങളായ ലോകധർമ്മങ്ങളെ പ്രതിബിംബിപ്പിക്കുന്നവയാണെന്നും പറയേണ്ടതുണ്ട്. വിവാഹാഭിഷേകയാഗാദ്യുത്സവങ്ങളും, നഗരം, വനം, ശൈലം, സമുദ്രം മുതലായവയെ അധികരിച്ച് ചമ്പുക്കളിൽ ചെയ്തിരിക്കുന്ന വണ്ണനങ്ങളിൽനിന്ന് ഈ അഭിപ്രായം യഥാർത്ഥമാണെന്നു ഗ്രഹിക്കാം. ശൃങ്ഗാരപരമായ നായികാവർണ്ണനത്തിൽ ചമ്പുകാരന്മാരുടെ വിരുത് ഒന്നു വേറെ തന്നെയാകുന്നു. രാമായണം, നാരായണീയം മുതലായ പ്രബന്ധങ്ങളിൽ വിവാഹം, അഭിഷേകം, വനം, നഗരം മുതലായവയെപ്പറ്റി ചെയ്തിരിക്കുന്ന വർണ്ണനങ്ങളും സ്മരിക്കുന്നത് ഈ സന്ദർഭത്തിൽ യുക്തമായിരിക്കും. കാമുകന്മാർ, കാമിനിമാർ, വൈദ്യന്മാർ, ജ്യോതിഷക്കാർ, മന്ത്രവാദികളും മുതലായി ഉത്സവത്തിൽ സംബന്ധിക്കുവാൻ വന്നുകൂടുന്ന വഴിക്കാരെ പിടികൂടി, ചമ്പുകത്താക്കന്മാർ, അവർക്കു കണക്കിനു കൊടുക്കുന്ന 'സമ്മാന'ത്തിന്റെ സാരസ്യം ആ വക വണ്ണനങ്ങളും വായിച്ചുതന്നെ അറിയണം. നമ്പൂതിരിയെന്നും, നായരെന്നും, പണ്ഡിതനെന്നും, പാമരനെന്നും മറ്റും യാതൊരു ഭേദവുമില്ലാതെ എല്ലാവരുടേയും മർമ്മങ്ങളും ലക്ഷ്യമാക്കി ചമ്പുകാരന്മാർ അവരുടെ അതിനിശിതങ്ങളായ വാക്കുബാണങ്ങളും പ്രയോഗിച്ചിട്ടുണ്ടെന്നു ഈ വക വണ്ണനങ്ങളിൽനിന്നു മനസ്സിലാക്കാം. നായിക (ബാണയുദ്ധം), അയോദ്ധ്യ, വനം, സീതാവിവാഹം, പട്ടാഭിഷേകം, രാവണന്റെ പ്രതാപം, രാവു

ണവധാനന്തരം ലോകത്തിലുണ്ടായ സ്വാസ്ഥ്യം, ലളിതാ ശ്രുചിണിയും 'നിക്യത്തകുചനാസിക'യും ആയ ശൂർപ്പ ണഖ, കാമദേവന്റെ' രാജധാനി (കാമദഹനം) എന്നി വയെപ്പററി ചെയ്തിരിക്കുന്ന വർണ്ണനങ്ങളം ലോകോത്തര ചമൽക്കാരതരംഗിതങ്ങളാണെന്നല്ലാതെ വേറെയൊന്നും പറയുവാനില്ല. ഈവിധമുള്ള വർണ്ണനാപ്രസ്ഥാനം വിപുലതയേറിയ സംസ്കൃതസാഹിത്യത്തിൽതന്നെ വിരള മാകുന്നു.

മേപ്പത്തൂർ ഭട്ടതിരിയും, കുഞ്ചൻനമ്പ്യാരും ചമ്പുക്ക ളിലെ വർണ്ണനാമാർഗ്ഗത്തെ അനുകരിച്ചിട്ടുള്ള രണ്ടു മഹാ കവികളാണ്. ഭട്ടതിരി ചമ്പുക്കളെ അനുസരിച്ച് പല മോടികളും സ്വന്തം പ്രബന്ധങ്ങളിൽ വരുത്തിയിട്ടുണ്ട്. നായാട്ട്, വിവാഹം, വനം, വൈദ്യമന്ത്രവാദിവിടഭോദി വർഗ്ഗക്കാരുടെ വിവിധഭാവങ്ങളം ഇവയെ അധികരിച്ച് കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളിൽ കാണുന്ന വർണ്ണന ങ്ങൾക്ക് ചമ്പുക്കളുടെ പ്രസ്ഥാനത്തോട് അമിതമായ കടപ്പാടുണ്ടെന്നു സ്പഷ്ടമാകുന്നു.

ഹാസ്യത്തിൽ എന്നപോലെ ശൃംഗാരത്തിലും ചമ്പു ക്കൾക്ക് ഒരു പ്രത്യേകതയുണ്ട്. കാമദഹനം, കൊടിയവി രഹം, രാജരതാവലീയം, ഉദ്യാനപ്രവേശം (രാമായണ ചമ്പു) മുതലായവയിൽ ഈ പ്രത്യേകത സജീവമായും അനുപമമായും കളിയാടുന്നതു കാണാം. ഈവക പ്രബ ന്ധങ്ങളം എത്രമാത്രം രസനിമഗ്നങ്ങളും ഫലിതഭ്രയിഷ്ടങ്ങളും ആണെന്ന് അനുഭവരസികന്മാർക്കല്ലാതെ അറി യാവുന്നതല്ല.

VIII

മാമാങ്കം

[പ്രാചീനകേരളത്തിൽ പന്ത്രണ്ടു വർഷത്തിലൊരിക്കൽ നടത്തിവന്ന ഒരു ആഘോഷത്തേയും, അതിനെക്കുറിച്ചുള്ള ഐതിഹ്യങ്ങളേയും ഈ ലേഖനത്തിൽ വിവരിക്കുന്നു. ഇതു് സാഹിത്യസാഹൃത്തിലെ വിവരണവകുപ്പിൽ ചേരുന്നതാണു്. 'ഭൂമിയും ജീവനും' എന്ന ഒന്നാംലേഖനത്തിലെ സാങ്കേതികമാർഗ്ഗം സ്വീകരിച്ചിട്ടുള്ള ഒരു ഉപന്യാസവുമാണു് ഇതു്]

മലയാളത്തിൽ ടിപ്പുസ്സുൽത്താന്റെ ആക്രമണത്തിനു മുമ്പുവരെ തിരുനാവാ മണപ്പുറത്തു വെച്ചു് ചിങ്ങവ്യാഴകാലങ്ങളിൽ "മാമാങ്കം" അല്ലെങ്കിൽ "മാമാകം" എന്നൊരു മഹോത്സവം ആഘോഷിച്ചിരുന്നുവെന്നുള്ള സംഗതി സുപ്രസിദ്ധമാണല്ലൊ. "മാമാങ്കം" എന്ന പദത്തെ ശരിയായിപ്പറയുമ്പോൾ "മാഘമകം" എന്നാണു പറയേണ്ടതു്. (മാഘമാസത്തിലെ മകം, അതായതു്, മകരത്തിലെ കറുത്തവാവു കഴിഞ്ഞു് കുംഭത്തിലെ കറുത്തവാവിനടുത്തു വരുന്ന മകം) ഇതു് സാധാരണ വെളുത്തവാവു സംബന്ധിച്ചു മാത്രമേ വരികയുള്ളു. അതുകൊണ്ടു് മാമാങ്കം പ്രായേണ കുംഭമാസത്തിലായിരിക്കും. അഥവാ ചിങ്ങവ്യാഴത്തിലുള്ള മഹത്തായ മാഘമാസത്തിനെ "മാമാകം" എന്നു പറയുന്നു.

ഈ സ്ഥിതിക്കു് മാമാങ്കകാലം, വർഷകാലം കഴിഞ്ഞു്, ഭാരതപ്പുഴയിലെ കലക്കവും ഒഴിഞ്ഞു്,

മണത്തിട്ടകളും തെളിഞ്ഞു്, മകരത്തിലെ മരംകോച്ചുന്ന മഞ്ഞിന്റെ ശക്തി ശമിച്ചു്, കൊയ്ത്തു കഴിഞ്ഞിട്ടു് അറകളും നിറഞ്ഞു്, സ്വതേതന്നെ പ്രകൃതിദേവി തെളിഞ്ഞിട്ടുള്ള മലയാളത്തിലെങ്ങും ചക്ക, മാങ്ങ മുതലായ ഫലസസ്യാദികളും നിറഞ്ഞു്, പകൽ അനന്തതീവ്രതരങ്ങളായ സൂര്യകിരണങ്ങളാൽ പ്രകാശമാനങ്ങളായ ദിഗ്ഭാഗങ്ങളോടുകൂടിയും, ഭാരതപ്പുഴയിലെ സ്ഫടികനിർമ്മലങ്ങളായ തിരമാലകളിൽ തട്ടി സഞ്ചരിച്ചുമായി വീശുന്ന മന്ദമാരുതനാൽ പരമാനന്ദപ്രദമായും, പ്രദോഷം മുതൽ പ്രഭാതംവരെ ക്രമേണ പ്രശോഭിതനായ ചന്ദ്രന്റെ കൌമുദിവിലാസങ്ങളാൽ പകലെപ്പോലെതന്നെ ചുറ്റുമുള്ള പദാർത്ഥങ്ങളുടെ തത്പബോധിനികളായി സകല ജനമനോരമകളായ രാത്രികളോടുകൂടിയും ഇരിക്കുന്ന ഒരു കാലമാകയാൽ, മലയാളത്തിൽ ഈവിധമുള്ള ഒരു മഹോത്സവം ആഘോഷിക്കുന്നതിനു് സർവ്വപ്രകാരത്തിലും ഇതിലധികം നന്നായിട്ടു് ഒരു കാലം തെരഞ്ഞെടുപ്പാൻ അസാദ്ധ്യമാണെന്നു് ഇന്നുള്ളവർക്കും സമ്മതമായിരിക്കുകൊണ്ടു്, ഏതൽപ്രവർത്തകന്മാരായ പൂർവ്വന്മാർ ഈവക വിഷയങ്ങളിൽ ചെയ്തിരുന്ന ദീർഘാലോചനകളുടേയും, അവരുടെ ഔചിത്യത്തോടും രസികതത്തോടും കൂടിയുള്ള മനോധർമ്മത്തിന്റേയും വൈചിത്ര്യവും, മഹത്വവും എത്രമാത്രമുണ്ടായിരുന്നു എന്നു് നല്ലവണ്ണം അനുമാനിക്കാവുന്നതാകുന്നു.

ഇങ്ങനെയുള്ള ഒരു മഹോത്സവാഘോഷത്തിന്റെ ഉത്ഭവവും, അതിന്റെ ചടങ്ങുകളും എന്തെല്ലാമായിരുന്നു എന്നുള്ളതുകൂടി പ്രസ്താവയോഗ്യമാണല്ലൊ.

ഇപ്പോൾ അമേരിക്കയിലും മറ്റും ഉള്ള മാതിരി പൂർവ്വകാലങ്ങളിൽ മലയാളത്തിലും ഒരുവിധം ജനസമു

ഭായരാജ്യഭരണം നടപ്പുണ്ടായിരുന്നു. കേരളീയബ്രാഹ്മണരായ നമ്പൂരിമാർ ഗ്രാമാധിപത്യംമുഖേന വളരെക്കാലം ശിക്ഷാരക്ഷാധികാരം വഹിച്ചുവന്നിരുന്നു. പിന്നീടു് ഈ നടപ്പുകൊണ്ടു് തങ്ങൾക്കു വല്ല അസൌകര്യങ്ങളും നേരിട്ടിട്ടോ മറ്റോ, തങ്ങളുടെ സ്വാതന്ത്ര്യത്തിന്നും അധികാരത്തിന്നും ഭംഗം ക്രൂടാതെ, വല്ല പ്രകാരവും ഈ "സൊല്ല" ഒഴിച്ചുവയ്ക്കണമെന്നു കരുതീട്ടോ, എങ്ങിനെയെങ്കിലും, അവരെല്ലാവരുംകൂടി ആലോചിച്ചു് പരദേശത്തുനിന്നും രാജവംശ്യന്മാരിൽ ആരെയെങ്കിലും ഒരാളെ ഇഷ്ടപ്രകാരം തെരഞ്ഞെടുത്തു കൊണ്ടുവന്നു് തങ്ങളുടെ നിശ്ചയങ്ങൾക്കു കീഴടക്കി രാജ്യഭാരം ചെയ്തക്കവണ്ണം അവരോധിക്ക (രാജാവായി വാഴിക്ക) പതിവായിരുന്നു. അങ്ങിനെ അവരോധിക്കപ്പെട്ട ഒരാളെ പന്തീരാണ്ടു ചെല്ലുമ്പോൾ ആ സ്ഥാനത്തുനിന്നും മാറ്റി പിന്നെയും മുമ്പിലത്തെപ്പോലെതന്നെ വേറെ ഒരാളെ തെരഞ്ഞെടുത്തു വാഴിക്കും. ഇങ്ങനെ അവരോധിക്കുന്നതിന് മലയാളത്തിലെ ബ്രാഹ്മണരും, നാനാജാതിമതസ്ഥന്മാരായ മറ്റു ജനങ്ങളും ഒന്നിച്ചു് ഒരു സ്ഥലത്തു ചേരണമെന്നും, അതിലേക്കു് തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിലെക്കാൾ സൌകര്യമുള്ളതു തിരുനാവായാണെന്നും തീർച്ചപ്പെടുത്തിയതു ക്രൂടാതെ, നവയോഗികളുടെ പ്രതിഷ്ഠയായ മേല്പറഞ്ഞ ക്ഷേത്രം പണ്ടേതന്നെ അനന്യസാമാന്യമായ ഈശ്വരചൈതന്യവിലാസത്തിന്നു കീർത്തിപ്പെട്ടതും, സമീപത്തുള്ള മലയാളത്തിലെ "ഗംഗാനദി"യായ ഭാരതപ്പുഴയിൽ സ്നാനംചെയ്തു പിണ്ഡം വയ്ക്കുന്നതു് പിതൃപ്രീതികരമാണെന്ന പുരാണപ്രസിദ്ധമായിട്ടുള്ളതും ആകകൊണ്ടു്, കൊല്ലംതോറും ശിവരാത്രിയ്ക്കു് അടുത്തു് "തൃപ്പറങ്ങോട്ടു്" ഉറക്കൊഴിവു കഴിച്ചു്

അനേകം മലയാളിഹിന്ദുക്കൾ അവിടെ സ്നാനപിണ്ഡാദി ക്രിയകൾക്കായി വന്നുകൂടുകയും ചെയ്തിരുന്നു.

മാമാങ്കം ഉണ്ടാകുന്നതു പന്തീരാണ്ടു കൂടുമ്പോളാ ണെന്നു മുമ്പു പറഞ്ഞുവല്ലൊ. മാമാങ്കം ഇരുപത്തെട്ടു ദിവസംകൊണ്ടു് അവസാനിക്കുന്നതായ ഒരു മഹോത്സവമാണു്. അതിനിടയ്ക്കു് വളരെ ക്ഷേത്രങ്ങളിലെ ദേവന്മാരെ (ഇരുപത്തെട്ടീശ്വരന്മാരെ എന്നാണു കേട്ടിട്ടുള്ളതു്) അവരവരുടെ അവസ്ഥപോലെയുള്ള ആഘോഷങ്ങളോടുകൂടി അവിടെ എഴുന്നെള്ളിച്ചു കൊണ്ടുവരും. ഈ വക എഴുന്നെള്ളിപ്പിൽ അതാതു ക്ഷേത്രനാഥന്മാർ അവരവരുടെ ശക്തിക്കും യുക്തിക്കും ഭക്തിക്കും തക്കവണ്ണം എന്തെല്ലാം മോടി പിടിപ്പിക്കുമെന്നു കേളികേട്ട തൃശ്ശിവപേരൂർ പൂരം തന്നെ നമുക്കു വേണ്ടുന്ന അറിവു തരുന്നതിനാൽ അധികം വിസ്തരിക്കുന്നില്ല. എങ്കിലും മാമാങ്കത്തിൽ എഴുന്നെള്ളിച്ചിരുന്നതാണു്, അടുത്ത കാലത്തു കോഴിക്കോട്ടു നടന്ന "തിരുവണ്ണൂർ ഭേദ്യകേസ്സി"നു വിഷയമായ സ്വർണ്ണവിഗ്രഹമെന്നുള്ള സംഗതി ഇവിടെ പ്രത്യേകം പറയാതിരിപ്പാൻ പാടില്ല. ഇതു കൂടാതെ മാമാങ്കത്തിൽ എഴുന്നെള്ളിക്കുന്നതിൽ പ്രധാനിയായ ആനയുടെ മണികൾ, ചങ്ങല മുതലായതും കൂടി സ്വർണ്ണം കൊണ്ടുള്ളതായിരുന്നു എന്നു പറയുന്നതു് എത്രത്തോളം വിശ്വസനീയമാണെന്നു് അറിഞ്ഞുകൂടാ. എന്നാൽ പ്രസിദ്ധകവിയായ "ശുകസന്ദേശ"കർത്താവിന്റെ വംശത്തിൽ പണ്ടു് ഒരു ജ്യോതിശാസ്ത്രപണ്ഡിതൻ ഉണ്ടായിരുന്നു എന്നും, അദ്ദേഹം തന്റെ ശാസ്ത്രസിദ്ധാന്തങ്ങളിൽ ചിലതിനെ അനുഭവപ്പെടുത്തുവാനായി ഒരു വാദപരീക്ഷയിൽ മാമാങ്കത്തിൽ എഴുന്നെള്ളിച്ചിരുന്ന ആനയുടെ

പൊന്നിൻചങ്ങല ആരും അറിയാതെ മോഷ്ടിച്ചു എന്നും ഒരു ഐതിഹ്യമുണ്ട്.

മാമാങ്കം തുടങ്ങിയാൽ അവസാനിക്കുന്നതിനു മുമ്പിൽ മലയാളത്തിൽ ഓരോ വിഷയത്തിൽ യോഗ്യന്മാരായിട്ടുള്ളവരെല്ലാം യഥാസൌകര്യം അവിടെ ചെന്നു ചേരേണ്ടതാണെന്ന് അന്നുള്ള മഹാന്മാർക്കു പ്രത്യേകം നിർബന്ധമുണ്ടായിരുന്നു. അവരിൽ ചിലരുടെ ആഗമനം അവശ്യം ഒഴിച്ചുകൂടാത്തതായിരിക്കത്തക്കവണ്ണം ചിലർക്കു ചില പ്രത്യേകാധികാരങ്ങളും ചുമത്തിയിരുന്നു. ഈ കൂട്ടത്തിൽ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടേയും, പൂഞ്ഞാറ്റിൽ തമ്പുരാക്കന്മാരുടേയും മറവും വംശമൂലമായ "അയിരൂർ ചാക്കര" സപ്തരുപത്തിൽ നിന്നു "മാടം കേറി"യതിനു ശേഷമേ മാമാങ്കത്തിന്നായി മണപ്പുറത്തു കെട്ടിയുണ്ടാക്കുന്ന ഭോജനശാലയിൽ ബ്രാഹ്മണർക്കു ഭക്ഷിപ്പാൻ പാടുള്ളു (മാടം എന്നാൽ രാജാക്കന്മാർക്ക് എഴുന്നെള്ളി ഇരിപ്പാനുള്ള മഞ്ചം) എന്നൊരു ഏർപ്പാടുണ്ടായത്രെ. ഇതു കൊണ്ട് അവർക്ക് പണ്ടേതന്നെ വംശശ്രേഷ്ഠിയും, സദാചാരനിഷ്ഠയും ഉണ്ടായിരുന്നു എന്നൂഹിക്കാം. എങ്കിലും കൊടുങ്ങല്ലൂർ രാജാക്കന്മാരെ തങ്ങളുടെ പിതൃസ്ഥാനം നിമിത്തം സവിശേഷം ആദരിച്ചുവരുന്ന കോഴിക്കോട്ടു രാജാക്കന്മാർക്കു മാമാങ്കത്തിൽ പ്രാധാന്യം ലഭിച്ചതിനു ശേഷമല്ലയോ ഈ ഏർപ്പാട് ഉണ്ടായതെന്നു ശങ്കിക്കാനവകാശമില്ലെന്നില്ല.

മേല്പറഞ്ഞ പ്രകാരം മാമാങ്കത്തിൽ വച്ച് വളരെക്കാലം അനേകം പെരുമാക്കന്മാരുടെ അവരോധം നടന്നുവരികയും, അതിനിടയ്ക്കു ബ്രാഹ്മണന്മാരുടെ സ്വാതന്ത്ര്യാധികാരങ്ങളും ക്രമേണ ക്ഷയിച്ചും, പെരുമാ

ക്കന്മാരുടെ രാജാധികാരവും പ്രഭുശക്തിയും മലയാള ത്തിൽ ഒരുമാതിരി ശാശ്വതമായി വേരുറച്ചും നില നിന്നുപോരികയും ചെയ്തു എന്നുമല്ല, പെരുമാക്കന്മാ രുടെ കീഴിൽ കേരളം പല ഖണ്ഡങ്ങളായി പിരികയും, അവിടവിടെ ഓരോ ഉപരാജാക്കന്മാർ ഭരണകർത്താക്ക ന്മാരായിത്തീരുകയും ചെയ്തതിനാൽ, അവസാനത്തിൽ പെരുമാക്കന്മാർ കേവലം കേരളചക്രവർത്തിപദത്തെ പ്രാപിക്കുകയും ചെയ്തു.

ഇങ്ങനെയിരിക്കുന്ന കാലത്തിൽ പെരുമാക്കന്മാ രുടെ ഒടുവിലെ ആളായ ഭാസ്കരരവിവർമ്മൻ എന്ന പെരുമാളാൽ തന്റെ അവസാനകാലത്തിൽ കൊടുങ്ങ ല്ലൂർ മഹോദയപട്ടണത്തിൽ ഇന്നും അതിമാനുഷന്മാ രായ ആ മഹാത്മാക്കളുടെ പൂർവ്വചരിത്രത്തെ സാക്ഷീ കരിച്ചു നിൽക്കുന്ന തൃക്കുലശേഖരപുരം എന്ന തന്റെ പരദേവതാക്ഷേത്രത്തിന്റെ കിഴക്കുവശത്തുള്ള ഉദക മംഗലം എന്ന ക്ഷേത്രത്തിൽ വച്ച് തന്റെ സാമന്ത രാജാക്കന്മാരിൽ ഓരോരുത്തക്കും പൂർണ്ണാധികാരത്തോട്ട ക്കൂടി കേരളരാജ്യത്തെ ഓരോ ഖണ്ഡമായി തിരിച്ചു്, അതിനു നിശ്ചയിച്ചു്, ഉദകപൂർവ്വം ദാനംചെയ്യപ്പെട്ട തിൽ മേല്പടി തിരുനാവാ എന്ന സ്ഥലം വെള്ളാട്ടര രാജാവിനു് അധീനമാവുകയും, അതിനു ശേഷം പെ രുമാക്കന്മാരുടെ അവരോധം അവസാനിക്കയാൽ മാമാ ങ്കത്തിൽ പെരുമാക്കന്മാർ വാണിരുന്ന സ്ഥലത്തു രാജാ പദവിയോട്ടക്കൂടി വെള്ളാട്ടരരാജാവു് പ്രവേശിച്ചുവരിക യും ചെയ്തുവന്നു.

മാമാങ്കത്തിൽ പെരുമാക്കന്മാർ സ്ഥാനാരോഹണം ചെയ്തു നിൽക്കുന്നതിനു് "നിലപാടുനിൽക്കുക" എന്നും

ആ സ്ഥലത്തിന്ന് "നിലപാട്ടുതറ" എന്നും ഇന്നും പറഞ്ഞുവരുന്നതും, അവിടം വളരെ വിശേഷമായ ഒരു സ്ഥലമാണെന്ന കാഴ്ചയിൽ പ്രത്യക്ഷമാകുന്നതുമാണ്. നിലപാട് നിൽക്കുന്നതിന മുമ്പായി ആക്കെങ്കിലും വല്ല സങ്കടവുമുണ്ടെങ്കിൽ, ആയതു് അപ്പോഴം തീർക്കുകയോ, അല്ലാത്തപക്ഷം ഇന്ന സമയത്തിന്നകം തീർത്തുകൊള്ളാമെന്ന പ്രതിജ്ഞ ചെയ്യുകയോ ചെയ്തതിന്നശേഷമേ നിലപാടേൽക്കാൻ പാടുള്ളു എന്നൊരു ഉഷ്ണരമായ വീരവ്രതവും ക്രടിയുണ്ട്. ഇതിന്ന് "അഭീഷ്ടദാനം" എന്ന പേരാകുന്നു.

ഇങ്ങനെ മാമാങ്കം വെള്ളാട്ടരരാജാവിന്റെ ആജ്ഞാക്ഷത്തിൽ കഴിഞ്ഞുവന്നിരുന്നതിനിടയ്ക്ക്, ഒരിക്കൽ കോഴിക്കോട്ടനിന്ന് മാമാങ്കത്തിൽ കച്ചവടത്തിന്ന പോയി മടങ്ങിവന്ന തന്റെ പ്രത്യേക സേവകന്മാരായ ചില മാപ്പിളമാരോട് സാമൂതിരിപ്പാട് "മാമാങ്കം നന്നായോ? വിശേഷം എന്തെല്ലാമായിരുന്നു?" എന്ന കല്പിച്ച ചോദിച്ചതിന്, "മാമാങ്കം നന്നായി. എങ്കിലും അടിയങ്ങൾക്ക സുഖമായില്ല" എന്ന് അവർ ഉത്തരം പറഞ്ഞു. "അതെന്താ? കച്ചവടത്തിൽ ലാഭമുണ്ടായില്ലെന്നുണ്ടോ?" "അതല്ല, ഇത്രുവരെ മലയാളത്തിൽ ഏകാധിപത്യം വഹിച്ചിരുന്ന മഹാന്മാർ നിലപാട നിന്നിരുന്ന സ്ഥലത്തു് അതിന്ന തക്ക യോഗ്യതയില്ലാത്ത ഒരാൾ പ്രവേശിച്ചുകണ്ടതിനാലാണ്." "അതിനെന്താണു നിവൃത്തി? ഇപ്പോൾ അങ്ങിനെയുള്ള ഒരാൾ ഇല്ലല്ലോ." "നിവൃത്തിയുണ്ട്; അങ്ങിനെ ഒരാളും ഉണ്ട്." "അങ്ങിനെ പറയുന്നതല്ലാതെ സാധിപ്പാൻ തരമില്ലല്ലോ." "അങ്ങിനെ പറയുന്നതല്ല. ആനവാഭമുണ്ടെങ്കിൽ ഇനിയത്തെ മാമാ

ങ്കത്തിന്ന് ഞാടിയങ്ങും അതു സാധിച്ചുകൊള്ളാം." "എ
ന്നാൽ ശ്രമിച്ചോളു. വിരോധമില്ല" എന്നു് സാമൂതിരി
പ്പാടും കല്പിച്ചു.

അതിനുശേഷം പിന്നത്തെ മാമാങ്കത്തിന്ന മുമ്പിൽ
മാപ്പിളമാർ വെള്ളാട്ടിരരാജാവിനെ ചെന്നു കണ്ടു് വളരെ
ശ്ലാഘിച്ച കൂട്ടത്തിൽ "മാമാങ്കത്തിൽ നിലപാടുനില്പാൻ
അവിടേയ്ക്കല്ലാതെ മറെറാരു രാജാവിനും ഭാഗ്യമുണ്ടായി
ല്ലല്ലോ; അതുതന്നെ അവിടുത്തെ മഹത്വത്തെ പ്രത്യക്ഷ
പ്പെടുത്തുന്നുണ്ടു്" എന്നു പറഞ്ഞു. അതു കേട്ട രാജാവു്
"അതു് എനിക്കു സംഗതിവശാൽ സിദ്ധിച്ചതല്ലേ? അ
തൊരു മഹത്വസാക്ഷ്യമാകുന്നതല്ലല്ലോ." "അതല്ല; അ
ങ്ങിനെ അവിടേയ്ക്കു സംശയമുണ്ടെങ്കിൽ അടുത്ത മാമാ
ങ്കത്തിന് ഒരു വീരപരീക്ഷ നിശ്ചയിക്കുക." "അങ്ങി
നെതന്നെ; ഏതു പ്രകാരം വേണമെന്നു നിശ്ചയിക്കു
വിൻ." "എന്നാലവിടുന്നു് നിലപാടു നില്ക്കുമ്പോൾ, അ
വിടുത്തെ സൈന്യങ്ങളും മുമ്പിൽ രണ്ടു വരിയായി ആയു
ധപാണികളായി നേരെ നില്ക്കുക. അപ്പോൾ സാമൂതി
രിപ്പാട്ടിലേയോ, മറെറാ വല്ല രാജാക്കന്മാരുടേയോ ഭാഗ
ത്തിൽനിന്നു് ആരെങ്കിലും ഒരാൾ ഒറെറയ്ക്കു കടന്നുവന്നു്
ഇവിടത്തെ സൈന്യങ്ങളെ ജയിച്ചു് നിലപാടു നില്പാ
നുള്ള സ്ഥലത്തു പ്രവേശിക്കുന്നതായാൽ, നിലപാടു നി
ല്പാനുള്ള അധികാരം അങ്ങോട്ടും, അതുപോലെ തന്നെ
അവിടുന്നു നില്ക്കുമ്പോൾ ഇവിടുത്തെ ആളു ജയിച്ചുവെ
ങ്കിൽ, ആ സ്ഥാനം ഇങ്ങോട്ടും വിട്ടുകൊടുക്കത്തക്കവണ്ണം
ഒരു നിശ്ചയം ചെയ്യുക. എന്നാൽ ഇതിൽവെച്ചു് ആക്കാ
ണ്ണ യോഗ്യത എന്നറിയാമല്ലോ" എന്നു പറഞ്ഞു.

രാജാവും അങ്ങിനെ സമ്മതിക്കയും ചെയ്തു. പിന്ന
ത്തെ മാമാങ്കത്തിന്നു് അപ്രകാരം പരീക്ഷിച്ചതിൽ, ആയു

ധാഭ്യാസത്തിൽ അതിസമർത്ഥന്മാരായ വെള്ളാട്ടരരാജാവിന്റെ സൈന്യത്തെയെല്ലാം സാമൂതിരിപ്പാട്ടിലെ ഭടന്മാരിൽ ഒരുവൻ തോല്പിച്ചതിനാൽ ആ വഴിക്കു നിലപാടു നില്പാനുള്ള അവകാശം സാമൂതിരിപ്പാട്ടിലേയ്ക്കു സിദ്ധിക്കയും ചെയ്തു. അതിൽപിന്നെ പല തവണയും സാമൂതിരിപ്പാട്ടിലേയും വെള്ളാട്ടരരാജാവിന്റേയും സൈന്യങ്ങൾ തമ്മിൽ ഈ നിലപാടുനില്പിനെപ്പറ്റി മഹാഭയങ്കരമായ പലേ യുദ്ധവും ഉണ്ടായിട്ടുള്ളതായി കേൾവിയുണ്ട്. എങ്കിലും അതിലെല്ലാം സാമൂതിരിപ്പാട്തന്നെ ജയിച്ചു. കേറിയ സ്ഥാനത്തുനിന്നും ഇറങ്ങാതെതന്നെ മാമാങ്കം അവസാനിച്ചു എന്നാണ് ഐതിഹ്യം.

എന്നാൽ അന്നു മലയാളത്തിലുള്ള മറ്റു രാജാക്കന്മാർക്കും ഈ സ്ഥാനലബ്ധിക്കു സ്വാഭാവികമായി ആഗ്രഹം ജനിപ്പാൻ അവകാശമുണ്ടായിരിക്കാമെങ്കിലും, അന്ന് കൊച്ചി, തിരുവിതാംകൂർ മുതലായ തെക്കുള്ള രാജാക്കന്മാർക്കും ഇന്നുള്ള പ്രാബല്യം സിദ്ധിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ സാമൂതിരിപ്പാടിനെ ജയിക്കാൻ തക്ക ശക്തിയുള്ള രാജാക്കന്മാർ ചുരുക്കമായിരുന്നതുകൊണ്ട് മറ്റുള്ളവരാരും ഈ കായ്ത്തിൽ പ്രവേശിക്കാതിരുന്നതാണെന്നു ഊഹിപ്പാൻ മതിയായ കാരണം ഉണ്ട്.

IX

പഞ്ചവൻകാട്

[കേരളത്തിലെ ആഖ്യായികാകർത്താക്കളുടെ മുന്നണിയിൽ നിൽക്കുന്ന സാഹിത്യകുശലൻ സി. വി. രാമൻപിള്ള ''മാർത്താണ്ഡവർമ്മ'', ''ധർമ്മരാജാ'', ''രാമരാജാബഹദൂർ'' എന്നീ ചരിത്രനോവലുകളും, അഥവാ റൊമാൻസുകളും, ''പ്രേമാമൃതം'' എന്ന സാമൂഹ്യനോവലും, ''കുറുപ്പില്ലാക്കളരി'', ''പണ്ടത്തെ പാച്ചൻ'', ''പാപി ചെല്ലണ്ടം പാതാളം'', ''തെന്തനാംകോട്ട് ഹരിശ്ചന്ദ്രൻ'', ''കുറുപ്പിന്റെ തിരിച്ചുവരവ്'' എന്നിത്യാദി പ്രഹസനങ്ങളും രചിച്ചിട്ടുണ്ട്. ''മാർത്താണ്ഡവർമ്മ'' എന്ന റൊമാൻസ് തുടങ്ങുന്ന അദ്ധ്യായമാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്. ദക്ഷിണതിരുവിതാംകൂറിൽ നാഗർകോവിലിനു സമീപത്തുള്ള പണ്ടുണ്ടായിരുന്ന ''പഞ്ചവൻകാട്'' എന്ന വിജനസ്ഥലത്തുവച്ച് എ. ഡി. 1729-ം ശതാബ്ദത്തിൽ നടന്നതായി ഗ്രന്ഥകർത്താവു സങ്കല്പിച്ചിട്ടുള്ള ഒരു സംഭവത്തെ ഇതിൽ വർണ്ണിച്ചിരിക്കുന്നു. കഥാനായകനും, മാർത്താണ്ഡവർമ്മ യുവരാജാവിന്റെ ആശ്രിതന്മാരിൽ ഒരു പ്രധാനിയുമായ അനന്തപദ്മനാഭനെ, ആ യുവരാജാവിൽനിന്നു രാജ്യഭരണാവകാശം കയ്യൊഴിക്കുവാൻ ശ്രമിക്കുന്ന അന്നത്തെ മഹാരാജാവിന്റെ പുത്രനായ ശ്രീപദ്മനാഭൻതമ്പിയുടേയും അദ്ദേഹത്തിന്റെ സഹായികളും ഇടപ്രഭുക്കന്മാരുമായ എട്ടുവീട്ടിൽപിള്ളമാരുടേയും കിങ്കരന്മാർ ക്രൂഢമായി വധിക്കുവാൻ ഉദ്യമിക്കുന്ന രംഗമാണ് ഇതിൽ വർണ്ണിച്ചിരിക്കുന്നത്. സാഹിത്യസാഹൃത്തിലെ വർണ്ണനവകുപ്പിലും, ആഖ്യാനവകുപ്പിലും ഇതു ഉൾപ്പെടും. റൊമാൻസ്, അഥവാ, ചരിത്രനോവൽ എന്ന സാഹിത്യരൂപം ഭൂതകാലജീവിതത്തെ ഭാവനാപരമായി ചിത്രീകരിക്കുന്നതാണ്. നോവൽ എന്ന സാഹിത്യരൂപത്തിനും റൊമാൻസിനും തമ്മിൽ വ്യത്യാസമുണ്ട്. നോവൽഗ്രന്ഥകാരൻ സമകാലീനമായ ജീവിതത്തിന്റെ ഭാവനാപരമായ ഒരു ചിത്രീകരണമാണു ചെയ്യുന്നത്. ഒരു നോവലിലും ഒരു റൊമാൻസിലും ഒന്നുപോലെ ഇതിവൃത്തം, അഥവാ, പ്ലോട്ട്, കഥാപാത്രങ്ങൾ, വർണ്ണനം, സംഭാഷണം എന്നീ നാലു

അംശങ്ങളും ഉണ്ടായിരിക്കും. റൊമാൻസ് സാധാരണയായി പാത്ര സൃഷ്ടിയെക്കാളും അധികം പ്രാധാന്യം ഇതിവൃത്തത്തിനു നൽകുന്നതാണ്. നേരേമറിച്ച് നോവലിൽ സാധാരണയായി പാത്രസൃഷ്ടിക്ക് ഇതിവൃത്തത്തെക്കാളും കൂടുതൽ പ്രാധാന്യം ഉണ്ടായിരിക്കും. ഇതിനെപ്പറ്റി കൂടുതൽ വിവരങ്ങൾക്കു ''രൂപമഞ്ജരി'' നോക്കുക]

ഈ കഥയുടെ ആരംഭത്തിൽ പ്രസ്താവിക്കപ്പെടുന്ന സംഗതികളും ഒരു വനപ്രദേശത്താണു നടന്നതു്. വനപ്രദേശം എന്നു പറഞ്ഞതുകൊണ്ടു് "ഝില്ലിഝങ്കാരനാദമന്ധിതം" ആയും, "സിംഹവ്യാഘ്രശല്യാദി മൃഗഗണനിഷേവിതം" ആയും ഉള്ള ഒരു ഘോരവിപിനം എന്നു വായനക്കാർ വിചാരിച്ചുപോകരുതു്. ചെറുതായ വൃക്ഷങ്ങളും മുൾച്ചെടികളും നിറഞ്ഞു്, ജനസഞ്ചാരം അപൂർവമായി മാത്രം ഉള്ളതായ ഒരു പ്രദേശമെന്നേ ഗ്രഹിക്കാനുള്ളു. വല്ല തടിനികളാലാകട്ടെ, ശിലാതലങ്ങളാലാകട്ടെ, സുരഭികളായ പുഷ്പങ്ങളാലാകട്ടെ, ആ വനം അലങ്കരിക്കപ്പെട്ടിരുന്നില്ല. ഒരാൾപ്പൊക്കത്തോളം ഉയർന്നു നിൽക്കുന്ന ചില ചെടികളും ദുർഗ്ഗന്ധവാഹികളായ പുഷ്പങ്ങളെക്കൊണ്ടു പ്രശോഭിതമായും, അത്യുന്നതങ്ങളായ ചില വൃക്ഷങ്ങൾ അവിടവിടെ വിയന്മാർഗ്ഗത്തോളം പൊങ്ങിയും കാണപ്പെട്ടതുകൊണ്ടുള്ള രമ്യതയല്ലാതെ ചേതോഹരങ്ങളായ മറ്റു ലക്ഷണങ്ങൾ യാതൊന്നുംതന്നെ ആ വനത്തിനുണ്ടായിരുന്നില്ല. നെടുതായി വളർന്നുനില്ക്കുന്ന കരിമ്പനക്കൂട്ടങ്ങൾ വല്ല വനദേവതയുടേയും ഘോഷയാത്രയിൽ പിടിക്കപ്പെട്ട പച്ചക്കുടകൾ പോലെ കാണ്മാനുണ്ടായിരുന്നു. അന്യവൃക്ഷങ്ങളേയും ചെടികളേയും ആ വനത്തിൽ വാഴിച്ചുകൂടെന്നുള്ള മാത്സര്യംകൊണ്ടെന്നു തോന്നിക്കുംവണ്ണം, കള്ളിയെന്നുള്ള ഒരു വക മുൾച്ചെടി ഉൾമദത്തോടുകൂടി കരിമ്പന മുതലായ

ഓരോ തരുക്കളേയും വളഞ്ഞു് തിക്കിത്തിരക്കി നിരോധിച്ചുനിന്നിരുന്ന. നിലത്തിന്റെ സ്വഭാവം മേല്പറഞ്ഞ ലക്ഷണങ്ങൾക്ക് ഏറ്റവും യോജിപ്പുള്ളതായിരുന്ന. ചെറിയ പാറകളേയും, കുത്തുള്ള ചരൽക്കല്ലുകളേയും ഒഴികെ ആ കാട്ടിന്റെ മദ്ധ്യേയുള്ള ഒറ്റയടിപ്പാതയിൽക്കൂടി സഞ്ചരിച്ചിട്ടുള്ള ജനങ്ങളുടെ പാദങ്ങൾ വേറൊന്നിനേയും സ്പർശിച്ചിട്ടില്ല. മഴ ചൊരിയുന്ന സമയങ്ങളിലല്ലാതെ, മറ്റു കാലങ്ങളിൽ ആ വനത്തിൽ ജലം തീരെ ദുർല്ലഭമായിരുന്ന. കുന്നും കുഴിയുംകൊണ്ടു് സഞ്ചാരത്തിന് അതിദുർഘടമായ ആ പ്രദേശത്തു് അടുത്തുവെങ്കിൽ, എത്ര ബലവാനായ പുരുഷനും ഉടൻ ദാഹവും ക്ഷീണവും ഉണ്ടാകുമായിരുന്ന. വനമെന്നുള്ള നാമധേയത്തെ ധരിക്കുന്നതുകൊണ്ടു് പക്ഷി, മൃഗം ഈവക ജന്തുക്കൾക്ക് ഇരിപ്പിടം നൽകാഞ്ഞാൽ ലോകബോദ്ധ്യത്തിനു പോരല്ലോ എന്നു തോന്നീട്ടെന്ന പോലെ, കഴുക്, ക്രമൻ എന്നീ പറവകൾക്കും, കാടൻ, കാട്ടുകുന്നൻ മുതലായ മൃഗങ്ങൾക്കും ആ വനം അഭയം അരുളി അവയെ പോററി രക്ഷിച്ചുപോന്ന. നായാട്ടിൽ തല്പരന്മാരായ നായന്മാർ ഈ വനത്തെ മാത്രം തങ്ങളുടെ പാദങ്ങളെക്കുറിച്ചുള്ള പ്രതിപത്തിമൂലം ആക്രമിക്കാൻ ആലോചിക്കപോലും ചെയ്തിട്ടില്ല.

മഹത്തുക്കളുടെ സാമീപ്യമോ, സംസർഗ്ഗമോ കൊണ്ടു് നിസ്സാരന്മാരും ചിലപ്പോൾ ഉൽകൃഷ്ടന്മാരായി കാണപ്പെട്ടുന്നുണ്ടല്ലോ. എന്നാൽ ഇങ്ങിനെയുള്ളവരുടെ പ്രകൃത്യാ ഉള്ള ഹീനസ്വഭാവത്തെക്കാണുമ്പോൾ മഹത്തുക്കൾക്ക് ഒരു ഭാവഭേദം സംഭവിച്ചുപോകയും ചെയ്യും. ഇതിനുമണ്ണം മേൽപ്പറഞ്ഞ കാടു് ഒരു രാത്രിയിൽ പ്രഥമയാമത്തിൽ ചന്ദ്രസ്പർശത്താൽ ശോഭിച്ചിരുന്ന

വെങ്കിലും, ചെങ്കനൽനിറത്തോടു് ഉയർന്നവന്ന പൂർണ്ണചന്ദ്രൻ മേൽഭാഗത്തു് എത്തിയപ്പോഴെയ്ക്കു് വിളറി വർണ്ണം പകർന്നു കാണപ്പെട്ടന്നു. ആകാശവീഥിയിൽ സഞ്ചരിക്കുന്ന മേഘശകലങ്ങൾ സതതരഗതിയെ വിട്ടു് മാന്ദ്യത്തെ അവലംബിച്ചിരിക്കുന്നു. എന്തോ ഭയങ്കരമായ കാര്യയാൽ സ്തബ്ധരാക്കപ്പെട്ടപോലെ വൃക്ഷലതകളും തങ്ങളുടെ നൃത്തങ്ങളെ വെടിഞ്ഞു നിശ്ചലന്മാരായി നില്ക്കുന്നു. മാരുതനും ഭയാക്രാന്തനായി, ശ്വാസോച്ഛ്വാസരഹിതനായി ചമഞ്ഞിരിക്കുന്നു. രജനിയുടെ സ്തുതിപാഠകന്മാരായ ജംബുകസമൂഹങ്ങൾ മാത്രം അവരുടെ ഉദ്യോഗത്തിൽ ഏതും ഉപേക്ഷ കൂടാതെ രാഗവിസ്താരങ്ങൾ ചെയ്തു് അർദ്ധരാത്രിയുടെ മാഹാത്മ്യത്തെ വാഴ്ത്തുന്നു. ഈ സംഗീതത്തിനു താളമായി നിദ്രാഭംഗം വന്നു് ഭീതിമൂലം അങ്ങോട്ടും ഇങ്ങോട്ടും പറക്കുന്ന പക്ഷികളുടെ ചിറകടികളും കേൾപ്പാനുണ്ടു്. യക്ഷിപ്രേതാദികളായ ദേവതകളുടെ വാസഭ്രമിയെന്ന ജനങ്ങളാൽ വിശ്വസിക്കപ്പെട്ടിരുന്ന ഈ വനത്തിലെ പക്ഷികളുടെ നിദ്രാവിധ്വംസനം ചെയ്ത സംഭവം എന്താണെന്നു് ആരായുകതന്നെ.

ഈ കാട്ടിന്റെ മദ്ധ്യത്തിൽക്കൂടിയുള്ള മാർഗ്ഗത്തിൽ ഒരു സ്ഥലത്തു് മുകളിൽ നിൽക്കുന്ന ചന്ദ്രന്റെ പ്രതിബിംബമോ എന്ന സംശയിക്കത്തക്കതായ ഒരു ഛായ കാണപ്പെട്ടന്നു. സമീപവീക്ഷണത്തിനു ദൃശ്യമാകുന്നതു് അതിഘോരമായുള്ള ഒരു കാര്യയാണു്. മാർദ്ദവം എന്നതറിഞ്ഞിട്ടില്ലാത്ത ആ നിലത്തു് തന്റെ ദേഹത്തിൽനിന്നു പ്രവഹിച്ചതായ കട്ടനിണത്തിൽ മഗ്നനായിട്ടു് ദിവ്യവിഗ്രഹനായ ഒരു പുരുഷൻ മരണവേദനകൊണ്ടു് കൈകാലുകൾ നിലത്തടിച്ചും, "അയ്യോ! നാരായണ! അമ്മ"

എന്നിങ്ങനെയെല്ലാം അതിഭയനീയമാംവണ്ണം ഇടയ്ക്കിടെ ആത്മസ്വരത്തിൽ വിളിച്ചും, ശ്വാസം മുട്ടി ചിലപ്പോൾ ഭൂമിയിൽ നിന്നു പൊങ്ങി വീണ്ടും പതിച്ചും ചരമപ്രാന്തസ്ഥനായി കിടക്കുന്നു. ദേഹത്തിൽ അവിടവിടെ അനേകം വെട്ടുകൾ ഏറ്റു, അതുകളിൽ നിന്ന് അപ്പോഴും രക്തം തിളച്ചു പൊങ്ങുന്നു. അരയിൽ ധരിച്ചിരിക്കുന്ന വസ്ത്രം രക്തത്തിൽ മുങ്ങീട്ട് കാലോടു പതിഞ്ഞു കാണപ്പെടുന്നു. തലയിൽ ധരിച്ചിരുന്ന വസ്ത്രം ഒരു ചെടിമേൽ വീണു കിടക്കുന്നു. വലതു കരത്തിനു സമീപത്തു് പിടിവിട്ട കിടക്കുന്ന ഖഡ്ഗത്തിൽ രക്തപാനം അതുധാരാളമായി കഴിച്ചതിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. വെട്ടുകൾ ഏറ്റു ശകലിതമായിരിക്കുന്ന ഒരു പരിച, സമീപത്തുള്ള ഒരു വൃക്ഷത്തിൽ നിന്നു വെട്ടുകൾ കൊണ്ടതന്നെ അറ്റു ചിതറിക്കിടക്കുന്ന ലതകളുടേയും ശാഖാഗ്രങ്ങളുടേയും ഇടയിൽ കിടക്കുന്നു. അതിന്മേലുള്ള വെള്ളിക്കുമിളകളിൽ ചന്ദ്രരശ്മി പതിക്കയാൽ ഏറ്റവും ശോഭിച്ചും, ചുറ്റുമുള്ള ചെടികൾ പാദാഘാതംകൊണ്ടു് ഒടിഞ്ഞും, നിലത്തോടു പതിഞ്ഞും, ചരൽക്കല്ലുകൾ പൊടിഞ്ഞും, എല്ലാം രക്തകണങ്ങൾ അണിഞ്ഞും കാണപ്പെടുന്നു. മരണാവസ്ഥയിൽ കിടക്കുന്ന ഈ യുവാവിനു് ഇരുപതിൽ അധികം വയസ്സു കാണുകയില്ല. തല വളത്തി ഭുജത്തോളം നീട്ടി കണ്ണിച്ചിരിക്കുന്നു. വിശാലമായ നെറ്റിയും, മഷി അണിഞ്ഞിരിക്കുന്നുവോ എന്നു തോന്നിപ്പിക്കുന്നതായ കറുപ്പോടുകൂടിയ പുരികങ്ങളും, ദന്തത്തിൽ പണി ചെയ്തിട്ടുള്ള ചില വിശേഷവിഗ്രഹങ്ങളിൽ കാണപ്പെടുന്നതുപോലെയുള്ള നാസികയും, കരിമസ്തകം പോലെ വിരിഞ്ഞ മാറും, ഒതുങ്ങിയ അരയും, നീണ്ടുരുണ്ട ഘനം പൂണ്ടുള്ള ബാഹുക്കളും, അതിമനോ

ഹരമായ വണ്ണവും കണ്ടാൽ ആരും അസാരനല്ലെന്നു പ്രഥമദൃഷ്ടിയിൽത്തന്നെ ഏവനും ബോദ്ധ്യപ്പെട്ടും.

ഈ യുവാവിന്റെ ശരീരത്തിൽനിന്നു പുറത്തേയ്ക്കുള്ള രക്തഗതി കുറച്ചുനേരംകൊണ്ടു നിന്നുതുടങ്ങി. കൈകാൽ അനക്കങ്ങളും ഇടവിട്ടും വളരെ ക്ഷീണത്തിലും ആയി; ശ്വാസവും അടങ്ങി; പെട്ടെന്നു നേത്രങ്ങൾ ഒന്നു തുറന്നു. മരണാവസ്ഥയിലാണെങ്കിലും ആ നേത്രങ്ങളിലെ കരുമിഴികളിൽ നിന്നു സ്ഫുരിക്കുന്ന തേജസ്സിനെ എങ്ങിനെ വർണ്ണിക്കുന്നു? എന്തു പൌരുഷവും പ്രൌഢിയും ഗാംഭീര്യവും ആ മുഖത്തു് ഇപ്പോൾ കളിയാടുന്നു. നവമായി വികസിച്ച പുഷ്പംപോലെ എന്തുയും ചേതോഹരനായുള്ള ഈ യുവാവിന്റെ നവയൌവ്വനാവസ്ഥയിൽ ഈ മൂർത്തി വന്നുകൂടുന്നതു വിധിയുടെ നിഷ്ഠുരതകൊണ്ടെന്നല്ലാതെ എന്തു പറയുന്നു! നേത്രങ്ങൾ തുറന്നു് ആകാശത്തോടു നോക്കിയപ്പോൾ, തന്നെ അനുഗ്രഹഭാവത്തോടും അനുകമ്പയോടും കടാക്ഷിക്കുന്ന ചന്ദ്രനേക്കണ്ടു് ഒരു മന്ദഹാസം തൂകുന്നു. എന്തോ തന്റെ അഭിമതത്തെ ഉച്ചരിക്കുന്നതിനു ശ്രമിച്ചതിൽ "പ്" എന്ന അർദ്ധാക്ഷരം മാത്രം കഷ്ടിച്ചു ചുണ്ടുകളിൽ നിന്നു പുറപ്പെടുന്നു. അതികഠിനമായുള്ള വ്യസനത്തിന്റെ സൂചകമായി നേത്രങ്ങളിൽ കണ്ണീർ നിറയുന്നു. മുഖം മുഴുവൻ ഭാവം പകരുകയും മാറിടം വികസിച്ചു് അമരുകയും ചെയ്യുന്നു. ഇതുയും അനിമിഷംകൊണ്ടു കഴിഞ്ഞു് നേത്രങ്ങൾ വീണ്ടും അടയുന്നു. സകല ചലനവും നിലയ്ക്കുന്നു. ലോകസാക്ഷിയോടു യാത്രയും ചൊല്ലി കാമോപമനായ ആ യുവാവു് ചരാഗതിക്കു സന്നദ്ധനാകുന്നു.


മാതാപിതാക്കന്മാരുടേയോ ഭാര്യാബന്ധുക്കളുടേയോ വാത്സല്യത്തോടുകൂടിയുള്ള അവസാനശുശ്രൂഷകളൊന്നും

ക്കുടാതെ ഈ തേജോരൂപന്റെ് ഈവിധമായ മരണം സംഭവിക്കുന്നതിനു സംഗതിയാക്കിയ പാപകർമ്മം എന്താണെന്നുള്ള അന്വേഷണം നിഷ്ഫലമായുള്ളതാണു്. ഇന്ദ്രിയങ്ങൾക്കു ഗോചരങ്ങളല്ലാത്തതായ സംഗതികളെപ്പറ്റി പ്രതിവാദിക്കുന്നതിനു് പ്രത്യേകം ഒരു പാണ്ഡിത്യം വേണം. അതിനാൽ ഈ മരണം സംബന്ധിച്ചുള്ള ലൌകികാന്വേഷണങ്ങളെ മാത്രം ചെയ്കയല്ലാതെ ആത്മീയമായുള്ള പൂർവ്വോത്തരസംബന്ധങ്ങളെപ്പറ്റി ഈ കഥയിൽ വായനക്കാർക്കു് ഒരു അറിവും കൊടുക്കാൻ ശ്രമിക്കുന്നില്ല. കലഹകാരണങ്ങളെ കനകം, കാമിനി എന്നീ രണ്ടു വകയായിട്ടു് കൃഷ്ണൻ എന്ന കവിമുഖ്യൻ വിഭാഗിച്ചിട്ടുണ്ടു്. ഇതുകളിൽ കനകകാംക്ഷകൊണ്ടല്ല ഈ കൊല ചെയ്യപ്പെട്ടതെന്നു്, ഒരു സംഗതിയാൽത്തന്നെ പ്രത്യക്ഷപ്പെട്ടുന്നുണ്ടു്. കണ്ണുകളിൽ മിന്നുന്ന രണ്ടു കുണ്ഡലങ്ങളേയും, കൈവിരലിൽ കിടക്കുന്ന നവരത്നഖചിതമായ അംഗുലീയത്തേയും തസ്കരന്മാർ ഉപേക്ഷിക്കുമെന്നു തോന്നുന്നില്ല. തസ്കരന്മാരുടെ കൃത്യമെന്നു വിചാരിക്കുന്നതിനു് ഈ ആക്ഷേപമുള്ളതുകൊണ്ടു്, ഈ യുവാവിന്റെ മരണം കാമിനിമൂലം ഉണ്ടായ കലഹത്തിന്റെ ഫലമെന്നുതന്നെ ഇതരതെളിവു് ഉണ്ടാകുന്നതുവരെ വിചാരിക്കേണ്ടതായിരിക്കുന്നു. എന്തു കാരണത്താലായാലും വഞ്ചകപ്രയോഗത്താൽ വന്നിട്ടുള്ള മൃതിയെന്നു തീർച്ചയാക്കുന്നതിൽ യാതൊരു ആക്ഷേപവുമില്ല.

യുവാവു്, ശ്വാസോച്ഛ്വാസങ്ങളും നിന്നു് യാതൊരു ചലനവും കൂടാതെ നിശ്ചേഷ്ടനായി കിടപ്പായപ്പോൾ വനത്തിന്റെ ഒരു ഭാഗത്തു നിന്നു് ചില ശബ്ദങ്ങൾ കേട്ടുതുടങ്ങുന്നു. കാട്ടുചെടികളിന്മേലും കല്ലുകളിന്മേലും ജോട്ടകൾ പതിക്കുന്നതിന്റെ ശബ്ദമാണു് മുഖ്യമായി കേൾക്കുന്നതു്.

ന്നതു്. ഘനമായ മനുഷ്യസഞ്ചയങ്ങളും കേൾക്കുന്നുണ്ടു്. കാൽപെരുമാറ്റം അടുത്തടുത്തു വരുന്നു. ചെടികളുടെ ഇടയിൽ ചില വണ്ണഭേദങ്ങളും ചന്ദ്രികയിൽ കാണപ്പെടുന്നു. വിചിത്രവസ്ത്രധാരികളായി, ആയുധപാണികളായി നാലു പേർ, ചെടികളെ കൈകൊണ്ടു ഭേദിച്ചും, ആവശ്യമുള്ളപ്പോൾ ആയുധങ്ങളെക്കൊണ്ടു വെട്ടിയും വഴിയുണ്ടാക്കി, യുവാവിന്റെ ശരീരം കിടക്കുന്ന രക്തക്കളത്തിൽ എത്തി. അവർ കുപ്പായങ്ങളും, മൂന്നു നാലു് ആളുകൾക്കു വിഷമംകൂടാതെ കടന്നിരിക്കുന്നതിനു സ്ഥലമുള്ളതായ കാലുറകളും, മിന്നുന്ന കിരീടങ്ങളും, നാനാവർണ്ണം കലർന്നുള്ള അരക്കെട്ടുകളും ധരിച്ചു് വാൾ കുന്തം മുതലായ ആയുധങ്ങളും വഹിച്ചിരുന്നു. സ്വർണ്ണവസ്ത്രധാരിയായി ഒരു യുവാവും, ഗജവിഗ്രഹനായി, ബന്ധധാരിയായി ഒരു വയോധികനും, രണ്ടു ഭയങ്കരാകാരന്മാരായ ഭൃത്യന്മാരും ആയ ഈ നാലാളുകളും യുവാവു കിടക്കുന്ന പ്രദേശത്തെത്തിയപ്പോൾ, ഒരുപോലെ ഞെട്ടി പുറകോട്ടു മാറി കുറച്ചുനേരം എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും നോക്കിക്കൊണ്ടു നിന്നു. പിന്നീടു് സ്വർണ്ണവസ്ത്രധാരിയായവൻ മരണാവസ്ഥയിൽ ആയിരുന്ന യുവാവിന്റെ സമീപത്തു ചെന്നു് മുട്ടുകുത്തി കുറേനേരം സൂക്ഷിച്ചുനോക്കീട്ടു് വൃദ്ധനോടു് എന്തോ പറഞ്ഞു. വൃദ്ധൻ തല കുലുക്കിയതല്ലാതെ ഉത്തരം ഒന്നും പറഞ്ഞില്ല. മറെറയാൾ ഉടനെ വൃദ്ധന്റെ സമീപത്തു ചെന്നു് അപേക്ഷാഭാവത്തിൽ ഓരോന്നു പറഞ്ഞു. ഒടുവിൽ ഊക്കനായ വൃദ്ധൻ തന്റെ ഉദരഭാരത്തെ വഹിച്ചുകൊണ്ടു് നരച്ച വെള്ളിക്കമ്പികൾപോലെ ഉദരത്തോളം എത്തീട്ടുള്ള താടിയെ കൈകൊണ്ടു പ്രേമത്തോടെ തടവി ഒതുക്കീട്ടു് മരിക്കുന്നവനോ മരിച്ചവനോ ആയ യുവാ

വിൻെറ അടുത്തു ചെന്നു് വടിയെ ബലമായി നിലത്തു ന്നിയും, മുട്ടിൽ കൈ കൊടുത്തും, നരച്ചുള്ള പുരികങ്ങളെ ചുളുക്കിയും, വളരെ ബുദ്ധിമുട്ടി, ഒരുവിധത്തിൽ ഒന്നു കുനിഞ്ഞു്, മുറിവേറ്റിട്ടുള്ള ഭാഗങ്ങളെ നോക്കി നിർണ്ണയപ്പെടുത്തുകയും, മാറിൻെറ ഇടത്തുഭാഗത്തു് അല്പനേരം



കൈ വച്ചുകൊണ്ടിരിക്കയും ചെയ്തതിൻെറ ശേഷം താഴ്ന്നതിനുണ്ടായതിലും അധികം പ്രയത്നങ്ങൾ ചെയ്തു് ഉയർന്നു് തന്നോടടുക്കുടിയുള്ള യുവാവിനോടു് അവിയന്ത്രത്തിൽ നിന്നും "ഭും ഭും" എന്നു പുക പൊങ്ങുന്ന സ്വരത്തിൽ എന്തോ പറഞ്ഞു. ആ യുവാവു് കിങ്കരന്മാർക്കു് എന്തോ ആജ്ഞ കൊടുത്തു. തങ്ങളുടെ കൈകളിലുണ്ടാ

87

യിരുന്ന നെടിയ ശൂലങ്ങളേയും അരയിൽ കെട്ടിയിരുന്ന വസ്ത്രങ്ങളേയുംകൊണ്ട് ഒരു മഞ്ചലും, ഇലകൾകൊണ്ടുമെത്തയും വേഗത്തിൽ അവർ ആജ്ഞാനുസരണം ചമച്ചു. സ്വർണ്ണവസ്ത്രക്കാരൻ തന്റെ കിരീടത്തിനു് അലങ്കാരമായി ധരിച്ചിരുന്ന തലക്കെട്ടിനെ അഴിച്ചു് ഇലകളുടെ മേൽ വിരിച്ചു. ഉടൻ കിങ്കരന്മാർ ആ യുവാവിന്റെ ശരീരത്തെ എടുത്തു് അതിന്മേൽ കിടത്തി തങ്ങളുടെ സ്കന്ധങ്ങളിൽ വഹിച്ചുകൊണ്ടു് വന്ന മാർഗ്ഗത്തുടെ നടന്നു തുടങ്ങി. വൃദ്ധനും യുവാവും പുറകെ യാത്രയായി. ഇവർ യമകിങ്കരന്മാരോ, തസ്കരന്മാരോ, വഞ്ചിക്കപ്പെട്ട യുവാവിന്റെ വൈരികളോ ആരാണു്? ആക്കറിയാം?

X

ഒരു പരീക്ഷ

[മുവടെ ചേത്തിരിക്കുന്നതു് "മുല്ലയ്യൂൽ വേനം" എന്ന ഭാഷാശബ്ദനാടകത്തിന്റെ അവസാനരംഗങ്ങളാണു്. യാഥാസ്ഥിതികതത്തിന്റെ സങ്കേതമായ (ആലുവായിലെ) മുല്ലയ്യൂൽവേനത്തിൽ ഗൃഹനായകനായ പത്മനാഭപിള്ളയുടേയും ഭാര്യയായ ജാനകിഅമ്മയുടേയും അപേക്ഷ അനുസരിച്ചു് ജാനകിഅമ്മയുടെ സഹോദരിയും ഒരു വലിയ ഉപ്പതിഷ്ണുവുമായ ഭാനുമതിഅമ്മയുംകൂടി വന്നു പാർത്തുതുടങ്ങുന്നു. ഭാനുമതിയമ്മ ക്രമേണ പത്മനാഭപിള്ളയെ വശീകരിച്ചു് തന്റെ വിപ്ലവകരങ്ങളായ ആദർശങ്ങൾ അദ്ദേഹത്തിൽ സംക്രമിപ്പിക്കുന്നു. താൻ ഭാനുമതിഅമ്മയിൽ അനുരക്തനായ വിവരം പത്മനാഭപിള്ള പ്ലക്ഷ

മായി മനസ്സിലാക്കുന്നില്ലെങ്കിലും, ജാനകിഅമ്മ ആദിയിൽതന്നെ അതു കണ്ടുപിടിക്കുന്നു. ഭർത്താവിന്റെ ജീവിതസുഖം ഭാനുമതിഅമ്മയും അദ്ദേഹവും തമ്മിലുള്ള വിവാഹത്തെ ആശ്രയിച്ചിരിക്കുന്നു എന്നും, അതിനു താൻ തടസ്സമായി നിൽക്കരുതെന്നും നിശ്ചയിച്ച് ആ ത്യാഗശീല ആലുവാപ്പുഴയിൽ റെയിൽവേപ്പാലത്തിൽനിന്നും ചാടി ആത്മഹത്യ ചെയ്യുന്നു. ജാനകിഅമ്മയുടെ പ്രസ്തുത ധാരണയെ അകറ്റുന്നതിനു പകരം അതിനെ ബലപ്പെടുത്തുന്നതിനാണ് ഭാനുമതിഅമ്മ ഉദ്യമിച്ചിരുന്നത്. മാനസികരോഗംകൊണ്ട് ഭാര്യ ആത്മഹത്യ ചെയ്തു എന്ന് പദ്മനാഭപിള്ള തെറ്റിദ്ധരിക്കുന്നു. ജാനകിഅമ്മയുടെ മരണശേഷം പദ്മനാഭപിള്ളയും ഭാനുമതിഅമ്മയും ഒരു കൊല്ലത്തോളം സഹോദരങ്ങളെപ്പോലെ ജാനകിഅമ്മയുടെ ഭർത്തൃസഹോദരിയായ നാണിയമ്മയോടുകൂടി മുല്ലയ്ക്കൽവീട്ടിൽ ഒരുമിച്ചു താമസിക്കുന്നു. ഇതിനിടയ്ക്ക് ഗുരുവായൂർ സത്യാഗ്രഹം ആരംഭിക്കുകയും പദ്മനാഭപിള്ളയുടെ നൈസർഗ്ഗികമായ യാഥാസ്ഥിതികത്വം ഭാനുമതിഅമ്മയുടെ പ്രേരണാശക്തികൊണ്ടു നശിച്ച് അദ്ദേഹം സത്യാഗ്രഹികളുടെ അനുകൂലിയായി ഭവിക്കുകയും ചെയ്യുന്നു. പദ്മനാഭപിള്ളയുടെ പഴയ മിത്രങ്ങൾ അദ്ദേഹത്തിന്റെ മാനസാന്തരത്തിൽ ക്ഷോഭിച്ച് ജാനകിഅമ്മയുടെ മരണത്തിന്റെ യഥാർത്ഥകാരണത്തെപ്പറ്റിയും, പദ്മനാഭപിള്ളയും ഭാനുമതിഅമ്മയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും അപവാദങ്ങൾ പരത്തുന്നു. ഈയിടയ്ക്കുതന്നെ പദ്മനാഭപിള്ള ഭാനുമതിഅമ്മയോട് തന്നെ വിവാഹംചെയ്യണമെന്ന് അപേക്ഷിക്കുകയും, ആദ്യം കളിയായി പദ്മനാഭപിള്ളയെ വശീകരിക്കുവാൻ തുടങ്ങിയവളും, ഇപ്പോൾ ഗാഢമായി അദ്ദേഹത്തെ സ്നേഹിച്ചുവന്നിരുന്നവളുമായ ഭാനുമതിഅമ്മ, തന്റെ അപരാധബോധത്താലും, തനിക്കും നിഷ്കൃഷ്ടമായ അദ്ദേഹത്തിന്റെ ഭാര്യോപഭത്തിനു യോഗ്യതയില്ലെന്നുള്ള വിചാരം നിമിത്തവും, ആ വിവാഹപ്രാർത്ഥനയെ നിരസിക്കുകയും ചെയ്യുന്നു. ജാനകിഅമ്മയുടെ ചിറ്റപ്പനും ഒരു തനി യാഥാസ്ഥിതികനുമായ ദാമോദരൻപിള്ളയുടെ വാക്കുകളിൽനിന്നും, ജാനകിഅമ്മ ആത്മഹത്യയ്ക്ക് അല്പദിവസം മുമ്പ് ഒരു പത്രാധിപക്കയച്ചിരുന്ന കത്തിൽ പറഞ്ഞിരുന്ന വിവരങ്ങളിൽനിന്നും, ഭാര്യയുടെ മരണത്തിന്റെ യഥാർത്ഥകാരണത്തെപ്പറ്റി പദ്മനാ

ഭപിള്ള സംശയിച്ചുതുടങ്ങുന്നു. തന്റെ പ്രേരണയാലാണ് ജാനകി അമ്മ ആത്മഹത്യ ചെയ്തതെന്ന് ഭാനുമതിഅമ്മ പദ്മനാഭപിള്ളയോട് പറയുകയും, തനിക്ക് ഇപ്പോൾ അദ്ദേഹത്തോട് തോന്നിയിട്ടുള്ള യഥാർത്ഥമായ അനുരാഗത്തെ അദ്ദേഹത്തെ അവൾ ധരിപ്പിക്കുകയും ചെയ്യുന്നു. അനന്തരം അവൾ പദ്മനാഭപിള്ളയിൽനിന്ന് എന്നേയ്ക്കുമായി മാറിത്താമസിക്കുന്നതിനു നിശ്ചയിച്ച് ഒരു ദിവസം രാത്രിയിൽ തീവണ്ടി കയറുന്നതിനായി സ്റ്റേഷനിലേക്കു പോകുന്നതിന് റിക്ഷാ ഏർപ്പാടുചെയ്യുകയും ചെയ്യുന്നു. സന്ധ്യയ്ക്കു റിക്ഷാവണ്ടി വരുന്നതു ഭാനുമതിഅമ്മ കാത്തുകൊണ്ടിരുന്ന ഘട്ടത്തിലാണ് ചുവടെ ചേർത്തിരിക്കുന്ന രംഗങ്ങൾ തുടങ്ങുന്നത്. ഇവിടെ ചേർത്തിട്ടുള്ള രംഗങ്ങളിൽ ഭാനുമതിഅമ്മയുടെ അനുരാഗസമ്മതത്തിലും വാക്കുകളിലും തനിക്ക് ഇപ്പോൾ വിശ്വാസം തോന്നുന്നില്ലെന്നു പദ്മനാഭപിള്ള പറയുകയും, തന്റെ മനസ്സിൽ വിശ്വാസം ജനിപ്പിക്കുവാൻ അവൾ താൻ നിർദ്ദേശിക്കുന്ന ഒരു പരീക്ഷയ്ക്കു തയ്യാറുണ്ടോ എന്നു ചോദിക്കുകയും ചെയ്യുന്നു. അതിനു താൻ തയ്യാറാണെന്നു ഭാനുമതിയമ്മ സസന്തോഷം അദ്ദേഹത്തെ ധരിപ്പിക്കുന്നു. ഒടുക്കം ഭാനുമതിഅമ്മയും പദ്മനാഭപിള്ളയും ഒരുമിച്ച് ജാനകിഅമ്മ ആത്മഹത്യ ചെയ്ത പാലത്തിൽനിന്ന് ആലുവാപ്പുഴയിൽ ചാടി ജീവിതം അവസാനിപ്പിക്കുകയും ചെയ്യുന്നു.

ഇതിനെ സാഹിത്യസാഹ്യത്തിലെ ആഖ്യാനം എന്ന വകുപ്പിൽ ചേർക്കാം. പാശ്ചാത്യസാഹിത്യത്തെ അനുകരിച്ചുണ്ടായതാണ് ഭാഷാഗദ്യനാടകപ്രസ്ഥാനം. ഗദ്യനാടകം എന്ന സാഹിത്യരൂപം, പ്രേക്ഷകരുടെ മുമ്പിൽ സ്റ്റേജിൽ, അഥവാ, രംഗത്തിൽ വച്ച് നടന്മാർ അഭിനയിക്കത്തക്കവണ്ണം മുഴുവനും സംഭാഷണരൂപത്തിലും ഗദ്യത്തിലും രചിക്കപ്പെട്ടിട്ടുള്ള ഒരു കഥയാണ്. സാധാരണ നാടകങ്ങളും ഗദ്യപദ്യസമ്മിശ്രങ്ങളായിരിക്കും. സാധാരണ ഭാഷാനാടകങ്ങളിൽ രസസ്ഫുരണത്തിനാണ്, നടനക്ഷമതയ്ക്കല്ല, പ്രാമുഖ്യം നൽകാറുള്ളത്. സാധാരണ ഭാഷാനാടകങ്ങളിൽ, അവ നടനക്ഷമമാകത്തക്കവണ്ണം ക്രിയാംശത്തിലും (അതായത് ഇതിവൃത്തരചനയിലും), ഘടനയിലും (അതായത്, നാടകഭാഗങ്ങളും തമ്മിലുള്ള ചേർച്ചയിലും) തൽകർത്താക്കന്മാർ ശ്രദ്ധ പതിപ്പിക്കാറില്ല. ഗദ്യനാടകങ്ങളിൽ ഇവയിൽ പ്രത്യേ

കമായ ശ്രദ്ധ പതിപ്പിച്ചിരിക്കും. ചുരുക്കത്തിൽ, സാധാരണ ഭാഷാ നാടകങ്ങളും സാധാരണയായി നടനക്ഷമത കുറയുന്ന കാവ്യങ്ങളും, ശുദ്ധനാടകങ്ങളും സാധാരണയായി കാവ്യരസം കുറയുന്ന നടനക്ഷമങ്ങളായ കഥകളും ആയിരിക്കുമെന്നു സാമാന്യമായി പറയാം. കൂടുതൽ വിവരങ്ങൾക്കു 'രൂപമഞ്ജരി' നോക്കുക.]

ഭാനുമതിയമ്മ:—(കരു ദീർഘനിശ്വാസം ചെയ്തുകൊണ്ട്) ഇവിടെയെന്തൊരുണ്ണം? (ജനലിനു സമീപം ചെന്നു നിൽക്കുന്നു)

പത്മനാഭപിള്ള:—(കസേരയിലിരുന്നുകൊണ്ട്) ഭാനു, നമുക്കു മറെറാന്നും ചെയ്യുവാൻ കഴികയില്ല. നീ പോകുന്നതുതന്നെയാണു ഭേദം.

ഭാനുമതിയമ്മ:—ഞാനും അതുതന്നെയാണുദ്ദേശിക്കുന്നതു്.

പത്മനാഭപിള്ള:—നമുക്കീ അവസാനനിമിഷങ്ങളെങ്കിലും സന്തോഷകരമായി കഴിച്ചുകൂട്ടാം. നീ എന്റെ സമീപത്തു വന്നിരിക്കു്.

(ഭാനുമതിയമ്മ അടുത്തു ചെന്നിരിക്കുന്നു)

ഭാനുമതിയമ്മ:—ചേട്ടാ! ചേട്ടനെന്താണെന്നോടു പറയുവാനുള്ളതു്?

പത്മനാഭപിള്ള:—നിനക്കു് നിന്റെ ഭാവിയെക്കുറിച്ചു് യാതൊരു ഉൽക്കണ്ഠയും വേണ്ടെന്നാണു് എനിക്കാദ്യമായി നിന്നോടു പറവാനുള്ളതു്.

ഭാനുമതിയമ്മ:— (മന്ദഹസിച്ചുകൊണ്ട്) എന്റെ ഭാവിയോ?

പത്മനാഭപിള്ള:—അതിനു വേണ്ട സകല ഏർപ്പാടുകളും ഞാൻ വളരെ മുൻപുതന്നെ ചെയ്തിട്ടുണ്ടു്. എനിക്കു് എന്തു സംഭവിച്ചാലും നിനക്കു ബുദ്ധിമുട്ടേണ്ടി വരികയില്ല.

ഭാനുമതിയമ്മ:—ചേട്ടാ! ചേട്ടനതും ചെയ്യുക ഴിഞ്ഞോ?

പദ്മനാഭപിള്ള:—നീ അതറിഞ്ഞിരിക്കുമെന്നു ഞാൻ വിചാരിച്ചു.

ഭാനുമതിയമ്മ:—ഞാനതിനുശേഷം കാര്യങ്ങളെക്കുറിച്ചു വിചാരിച്ചിട്ടു കാലം കുറെയായി.

പദ്മനാഭപിള്ള:—നാം തമ്മിലുള്ള ബന്ധം എന്നും പഴയപോലെ നിലനിൽക്കുമെന്നാണോ നീ വിചാരിച്ചതു്?

ഭാനുമതിയമ്മ:—അതെ,ഞാനങ്ങിനെ വിചാരിച്ചു പോയി.

പദ്മനാഭപിള്ള:—ഞാനും അങ്ങിനെ വിചാരിക്കാതിരുന്നില്ല. എന്നാൽ എന്റെ ജീവിതമവസാനിച്ചാൽ——

ഭാനുമതിയമ്മ:—ചേട്ടനെന്നിൽ കൂടുതൽ ജീവിച്ചിരിക്കും.

പദ്മനാഭപിള്ള:—എന്റെ ഉപയോഗശൂന്യമായ ജീവിതംകൊണ്ടു് എന്തു ചെയ്യുവാനും എനിക്കു സ്വാതന്ത്ര്യമുണ്ടു്.

ഭാനുമതിയമ്മ:—എന്തു്! ചേട്ടനും ആത്മ——

പദ്മനാഭപിള്ള:—എന്നാൽതന്നെ അതിലത്ഭുതപ്പെടുവാനൊന്നുമുണ്ടായിരിക്കുകയില്ല. ഇത്ര വളരെ ഭയനീയമായ ഒരു പരാജയത്തിനു ശേഷം.....ഉൽകൃഷ്ടമായ ഒരു ജീവിതം നയിക്കുണമെന്നു വിചാരിച്ചു ഞാൻ പോരു തുടങ്ങുന്നതിനു മുൻപുതന്നെ പോക്കളത്തിൽ നിന്നു് ഒളിച്ചോടി.

ഭാനുമതിയമ്മ:—വീണ്ടും യുദ്ധക്കളത്തിലേയ്ക്കു തിരിച്ചുപോകണം, ചേട്ടാ! ഒന്നുകൂടി ശ്രമിക്കൂ. വിജയം നിശ്ചയമാണ്. ചേട്ടൻ അസംഖ്യം ജനങ്ങളെ ഉദ്ധരിക്കും. ഒന്നു ശ്രമിച്ചുനോക്കൂ.

പത്മനാഭപിള്ള:—എന്റെ പ്രവൃത്തിയിൽ എനിക്കുതന്നെ വിശ്വാസമില്ലാതായിത്തീർന്നിരിക്കുന്നു.

ഭാനുമതിയമ്മ:—ചേട്ടന്റെ പ്രവൃത്തിക്ക് ആദ്യം തന്നെ വിജയമാണുണ്ടായത്. ഒരു ജീവിയെ ചളിയിൽ നിന്നു കരകേറ്റി. ചേട്ടനെന്നെ വാസ്തവത്തിൽ ഉണർത്തിയാക്കുകയാണു ചെയ്തത്.

പത്മനാഭപിള്ള:—എനിക്കു നീ പറയുന്നതു വിശ്വസിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ—

ഭാനുമതിയമ്മ:— (കൈ കൂടഞ്ഞുകൊണ്ട്) എന്റെ പൊന്നുചേട്ടാ! എനിക്കെങ്ങിനെ ചേട്ടനെ വിശ്വസിപ്പിക്കുവാൻ കഴിയും? ഒരു മാർഗ്ഗം പറഞ്ഞുതരൂ.

പത്മനാഭപിള്ള:—(ഭയന്നു ഞെട്ടിക്കൊണ്ട്) അതിനെക്കുറിച്ചു പറയേണ്ട. ഒന്നും പറയേണ്ട.

ഭാനുമതിയമ്മ:—അല്ലാ, നമുക്കതിനെക്കുറിച്ചുതന്നെയാണു സംസാരിക്കേണ്ടതു്. ചേട്ടന്റെ സംശയമവസാനിപ്പിക്കുവാൻ ഏതെങ്കിലും ഒരു മാർഗ്ഗം പറഞ്ഞുതരൂ. എന്റെ ബുദ്ധിയിലൊന്നും തോന്നുന്നില്ല.

പത്മനാഭപിള്ള:—നിനക്കു തോന്നാത്തതു് നമുക്കു രണ്ടുപേക്കും നല്ലതുതന്നെ.

ഭാനുമതിയമ്മ:—എന്നെ അങ്ങിനെ പറഞ്ഞു മടക്കുവാൻ ചേട്ടനു സാധിക്കയില്ല. ചേട്ടന്റെ ദൃഷ്ടിയിൽ എന്റെ മഹാപരാധം തീച്ചു കഴുകിക്കളയുവാൻ ഏതെ

ങ്കിലുമൊരു മാർഗ്ഗമുണ്ടെങ്കിൽ അതെന്നോടു പറയുവാൻ ചേട്ടൻ കടപ്പെട്ട ആളാണു്.

പത്മനാഭപിള്ള:— (പറയുവാൻ മടിച്ചുകൊണ്ടു്) എന്നാൽ നമുക്കൊന്നു പരീക്ഷിക്കാം. നീ എന്നെ സ്നേഹിക്കുന്നു എന്നും, ഞാൻമൂലം നീ ഗർഭവതിയായിത്തീർന്നിട്ടുണ്ടെന്നും നീ പറയുന്നു. നീ പറയുന്നതു ശരിയാണോ എന്നു നമുക്കൊന്നു പരീക്ഷിക്കാമോ? എന്താ പറയൂ.

ഭാനുമതിയമ്മ:—ഞാനൊരുക്കംതന്നെ.

പത്മനാഭപിള്ള:—ഏതവസരത്തിലും?

ഭാനുമതിയമ്മ:—ചേട്ടൻ പറയുമ്പോഴും, എത്രയും വേഗത്തിലായാൽ അത്രയും നല്ലതു്.

പത്മനാഭപിള്ള:—എന്നാൽ ഞാൻ പരീക്ഷിക്കുവാൻ പോകുന്നു. നീ എനിക്കുവേണ്ടി.ഇന്നു രാത്രി——ഹെയി! വേണ്ട, ഒരിക്കലും വേണ്ട.

ഭാനുമതിയമ്മ:—പറയൂ, ചേട്ടാ, പറയൂ. എന്തിനു മടിക്കുന്നു? ഞാനിപ്പോഴേതന്നെ കാണിച്ചുതരാം.

പത്മനാഭപിള്ള:—നിനക്കതിനുള്ള ധൈര്യമുണ്ടോ? നിനക്കതിനുള്ള മനശ്ശക്തിയുണ്ടോ? ആശാൻ പറഞ്ഞതുപോലെ നിന്റെ തെറ്റിനു പ്രതിവിധി ചെയ്യുവാൻ, എനിക്കു വേണ്ടി ജാനു പോയ വഴിയേ, നിനക്കു പോകുവാൻ ധൈര്യമുണ്ടോ? ഇന്നുരാത്രി!.....

ഭാനുമതിയമ്മ:—(സ്തബ്ധയായി എഴുന്നേറ്റു നിൽക്കുന്നു) ചേട്ടാ! ചേട്ടാ!!

പത്മനാഭപിള്ള:—അതേ, ഭാനു! നീ ഇവിടെ നിന്നു പോയാലും ഈ ഒരു ചോദ്യം എന്നെ എന്നും അലട്ടിക്കൊണ്ടിരിക്കും. ഓരോ മണിക്കൂറിലും ഇതെന്നെ അലട്ടിക്കൊണ്ടിരിക്കും. ഹാ! നിന്നെ എന്റെ മുൻപിൽ

കാണുന്നതുപോലെ തോന്നുന്നു. ആ പാലത്തിന്റെ നടുവിൽ നീ നിൽക്കുന്നു. നീ ആ കൈവരിയിൽ പിടിച്ചുകൊണ്ട് കീഴോട്ട് കുനിയുന്നു. അതാ! നീ ആ ജല പ്രവാഹത്തിലേയ്ക്കു കുതിയ്ക്കുന്നു. ഇല്ല. നീ പിന്മാറുന്നു. ജാനു ചെയ്യുന്നു ചെയ്യുവാൻ നിനക്കു ധൈര്യമില്ല.

ഭാനുമതിയമ്മ:—അങ്ങിനെ ചെയ്യുവാനെനിക്കു ധൈര്യമുണ്ടായാലോ? ഞാനതു സന്തോഷമായിട്ടു ചെയ്താലോ? അപ്പോൾ ചേട്ടനെന്തു പറയും?

പത്മനാഭപിള്ള:—അപ്പോൾ എനിക്കു നിന്നെ വിശ്വസിക്കാതെ നിവൃത്തിയില്ലെന്നു വരും. എനിക്കെന്നിൽത്തന്നെ വിശ്വാസം വർദ്ധിക്കും. മറ്റു ഹൃദയങ്ങളെ പരിശുദ്ധമാക്കുവാനുള്ള ശക്തി മനുഷ്യഹൃദയങ്ങൾക്കുണ്ടെന്നു ഞാൻ വിശ്വസിക്കും. ഹൃദയങ്ങൾക്കു സ്വയം പരിശുദ്ധമായിത്തീരുവാൻ കഴിയുമെന്നുള്ള വിശ്വാസം——

ഭാനുമതിയമ്മ:—ചേട്ടന് ആ വിശ്വാസം ഉണ്ടാകുകതന്നെ വേണം.

പത്മനാഭപിള്ള:—നിനക്കതിനുള്ള ശേഷിയും ധൈര്യവുമുണ്ടോ, ഭാനു?

ഭാനുമതിയമ്മ:—അതു് ചേട്ടനു് നാളെ അറിയാം. അല്ലെങ്കിലെന്റെ ശരീരം കണ്ടുകിട്ടുമ്പോഴറിയാം.

പത്മനാഭപിള്ള:—(കൈകൊണ്ടു് നെറ്റി തടവിക്കൊണ്ടു്) ഇതൊരു ഭയങ്കരമായ പരീക്ഷണമായിരിക്കും.

ഭാനുമതിയമ്മ:—എനിക്കാവശ്യമുള്ളതിൽ ക്രൂരതയായി ആ പുഴയിൽ കിടന്നു മരവിക്കണമെന്നില്ല. എന്റെ ശരീരമുടൻതന്നെ പുഴയിൽനിന്നു കയറുവാൻ കഴിവുള്ളതൊക്കെ ചേട്ടൻ ചെയ്യണം.

9 5

പത്മനാഭപിള്ള:—ഇതൊക്കെ എന്തു ഭ്രാന്തു പറച്ചിലാണു്! നീ പോയാലുമിവിടെ താമസിച്ചാലും, നീ പറയുന്നതെല്ലാം ശരിയാണെന്നു ഞാനിത്തവണ ക്രൂടി വിശ്വസിക്കാം.

ഭാനുമതിയമ്മ:—അർത്ഥമില്ലാത്ത വാക്കുകൾ പറയാതിരിക്കൂ, ചേട്ടാ! ഇമ്മാതിരി കള്ളങ്ങളും ആത്മവഞ്ചനയും നമുക്കു മതിയാക്കാം. ഇത്രയും കഴിഞ്ഞതിനു ശേഷം എന്റെ വാക്കുകൾ ചേട്ടനെങ്ങിനെ വിശ്വസിക്കുവാൻ സാധിക്കും?

പത്മനാഭപിള്ള:—നിനക്കത്തു ചെയ്യുവാനുള്ള ധൈര്യമുണ്ടാകുകയില്ലെന്നു വിചാരിക്കുമ്പോൾ ഞാൻ നടുങ്ങുന്നു.

ഭാനുമതിയമ്മ:—ഒരു ധൈര്യക്കുറവുമുണ്ടായിരിക്കയില്ല.

പത്മനാഭപിള്ള:—ഉണ്ടാകുകതന്നെ ചെയ്യും. ജാനകി പോയ വഴിയേ പോകുവാൻ നിനക്കു ധൈര്യമുണ്ടാകുകയില്ല.

ഭാനുമതിയമ്മ:—എന്നാണോ ചേട്ടൻ വിശ്വസിക്കുന്നതു്?

പത്മനാഭപിള്ള:—അതെ. നീ ജാനുവിനെപ്പോലുള്ളവളല്ല. നിനക്കു് ജീവിതത്തെക്കുറിച്ചു് യാതൊരു തെറ്റിദ്ധാരണകളുമില്ല.

ഭാനുമതിയമ്മ:—ഈ കുടുംബത്തിലുള്ളവർക്കു ജീവിതത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളെല്ലാമിപ്പോഴെനിക്കുമുണ്ടു്. ഞാൻ ചെയ്ത പാപം കഴുകിക്കളയേണ്ടതെന്റെ കടമയാണു്.

പത്മനാഭപിള്ള:—(തുറിച്ചുനോക്കിക്കൊണ്ടു്) നോക്കു്! അതു നിന്റെ അഭിപ്രായമാണോ?

ഭാനുമതിയമ്മ:—അതെ!

പത്മനാഭപിള്ള:—(ദൃഢനിശ്ചയത്തോടുകൂടി) ഭാനു! എന്റെ നാസ്തികബുദ്ധി വീണ്ടും തിരിച്ചുവരുന്നതുപോലെ തോന്നുന്നു. നമ്മിലുപരിയായി ഒരു വിധികർത്താവുമില്ല. അതുകൊണ്ട് നമ്മെ ശിക്ഷിക്കുവാനുള്ള കടമയും അവകാശവും നമുക്കുതന്നെയുള്ളതാണു്.

ഭാനുമതിയമ്മ:—(തെറിദ്ധരിച്ചുകൊണ്ട്) അതു ശരിയാണു്. എന്റെ അവസാനം ചേട്ടന്റെ സൽഗുണങ്ങൾക്കു് കൂടുതൽ തെളിച്ചമുണ്ടാക്കും.

പത്മനാഭപിള്ള:—എന്നിൽ തെളിച്ചമൊന്നും ശേഷിച്ചിട്ടില്ല.

ഭാനുമതിയമ്മ:—ഉണ്ടു്, വളരെയൊക്കെയുണ്ടു്. ചേട്ടന്റെ ജീവിതമാകുന്ന കപ്പലിനെ പിടിച്ചു താഴ്ത്തുന്ന ഒരു യന്ത്രമായി ജീവിക്കുവാനെനിക്കു കഴികയില്ല. എന്റെ ജീവിതമവസാനിക്കുകയാണു ഭേദം. ഉഷ്ണത്തുങ്ങൾകൊണ്ടു് കൈ കഴുകിയ എന്റെയീ ജീവിതത്തെ വലിച്ചിഴച്ചുകൊണ്ടു് ഞാനെന്തിനു നടക്കുന്നു? എന്റെ പ്രവൃത്തികൊണ്ടുതന്നെ നശിപ്പിച്ചുകളഞ്ഞ എന്റെ കഴിഞ്ഞുപോയ സുഖങ്ങളോർത്തു് ഞാനെന്തിനു ദുഃഖിക്കണം? ഞാനീ ദുഷിച്ച ജീവിതം അവസാനിപ്പിക്കുതന്നെ ചെയ്യും.

പത്മനാഭപിള്ള:—നീ പോകയാണെങ്കിൽ പുറകെ ഞാനുംക്രൂടിയുണ്ടു്.

ഭാനുമതിയമ്മ:—(ദുഃഖസൂചകമായ ഒരു ചിരിയോടുകൂടി നോക്കിക്കൊണ്ടു്) എന്നോടു കൂടെ വേണമെങ്കിൽ വന്നുകണ്ടുകൊള്ളൂ.

പത്മനാഭപിള്ള:—ഞാനും നിന്നോടുകൂടി വരുന്നു.

ഭാനുമതിയമ്മ:—ആ പാലത്തിലേക്കാണോ? അതിനുശേഷം ആ വഴിയേ നടക്കുവാൻപോലും ധൈര്യപ്പെട്ടിട്ടില്ലാത്ത ചേട്ടൻ——

പത്മനാഭപിള്ള:—നീ അതു മനസ്സിലാക്കിയോ?

ഭാനുമതിയമ്മ:—(ദുഃഖത്തോടുകൂടി) മനസ്സിലാക്കി. അതൊന്നു മാത്രമാണെന്റെ പ്രണയം നിരാശയിലവസാനിപ്പിച്ചതു്.

പത്മനാഭപിള്ള:—ഭാനു! ഞാനിതാ എന്റെ കയ്യ് രണ്ടും നിന്റെ തലയിൽ വെച്ചു സത്യം ചെയ്യുന്നു. (അങ്ങിനെ ചെയ്തുകൊണ്ട്) ഞാനിതാ നിന്നെ എന്റെ ഭാര്യയായി സ്വീകരിക്കുന്നു.

ഭാനുമതിയമ്മ:—(പത്മനാഭപിള്ളയുടെ കൈകളും തന്റെ കയ്യിലെടുത്തുകൊണ്ട് അദ്ദേഹത്തിന്റെ നെഞ്ചിലേയ്ക്കു തല ചായ്ക്കുന്നു) മതി, ചേട്ടാ, എനിക്കു സമാധാനമായി. (കൈകളും വിടുന്നു) ഇനി ഞാൻ സന്തോഷത്തോടുകൂടി എന്റെ ജീവിതമവസാനിപ്പിച്ചുകൊള്ളാം.

പത്മനാഭപിള്ള:—ഭാര്യയും ഭർത്താവുമൊന്നിച്ചുതന്നെ പോകണം.

ഭാനുമതിയമ്മ:—പാലംവരെ മാത്രം.

പത്മനാഭപിള്ള:—പാലത്തിന്മേലും, നീ പോകുന്നിടത്തെല്ലാം ഞാനും കൂടി വരുന്നു. എന്റെ ധൈര്യമെനിക്കു തിരിച്ചുകിട്ടി.

ഭാനുമതിയമ്മ:—അതാണുത്തമമെന്നു് ചേട്ടനു തോന്നുന്നുണ്ടോ?

പത്മനാഭപിള്ള:— അതാണു് ഏകമാർഗ്ഗമെന്നു് ഞാൻ തീർച്ചയാക്കി.

ഭാനുമതിയമ്മ:—ചേട്ടൻ സ്വയം വഞ്ചിക്കുകയാണെങ്കിലോ? ഇതൊരു വെറും സ്വപ്നം മാത്രമാണെങ്കിലോ? മുല്ലയ്ക്കൽവീട്ടിലെ വല്ല യക്ഷികളും——

പത്മനാഭപിള്ള:—ആയിരിക്കാം. ഈ കുടുംബത്തിലുള്ളവക്കു് അവയിൽനിന്നു രക്ഷ കിട്ടുകയില്ല.

ഭാനുമതിയമ്മ:—എന്നാൽ ചേട്ടനിവിടെ നിൽക്കൂ.

പത്മനാഭപിള്ള:—ഭാര്യ ഭർത്താവിനോടെന്നപോലെ ഭർത്താവു് ഭാര്യയോടും ക്രൂരി പോവുകതന്നെ വേണം.

ഭാനുമതിയമ്മ:—എന്നാൽ ഞാനൊന്നു ചോദിക്കട്ടെ! ചേട്ടൻ എന്റെ ക്രൂരതെ വരികയാണോ? അതോ ഞാൻ ചേട്ടനെ അനുഗമിക്കയാണോ?

പത്മനാഭപിള്ള:—അതിനെക്കുറിച്ചു് നമുക്കൊരു വളരെ ആലോചിക്കേണ്ടതു.

ഭാനുമതിയമ്മ:—എങ്കിലും എനിക്കു് അറിഞ്ഞാൽക്കൊള്ളാമെന്നാഗ്രഹമുണ്ടു്.

പത്മനാഭപിള്ള:—നാം ഒന്നിച്ചുപോകുന്നു. ഞാൻ നിന്റെ ക്രൂരതെയും നീ എന്റെ ക്രൂരതെയും പോകുന്നു.

ഭാനുമതിയമ്മ:—അതാണു് പരമാർത്ഥം.

പത്മനാഭപിള്ള:—ഇപ്പോൾ നാം രണ്ടു പേരും ഒന്നാണല്ലോ!

ഭാനുമതിയമ്മ:—അതെ. നാം ഒന്നുതന്നെ. വരൂ, നമുക്കു് സന്തോഷമായിപ്പോകാം.

(അവർ കൈ കോത്തു പിടിച്ചുകൊണ്ട് പുറത്തേയ്ക്കു പോകുന്നു. പുറത്തേയ്ക്കുള്ള വാതിൽ തുറന്നുതന്നെ കിടക്കുന്നു. കുറച്ചു കഴിഞ്ഞു നാണിയമ്മ പ്രവേശിക്കുന്നു)

നാണിയമ്മ:— കുഞ്ഞേ! വണ്ടി .....അല്ലാ!..... (ചുറ്റും നോക്കുന്നു) ഇവിടെയില്ലേ? രണ്ടുപേരും കൂടി രാത്രിയിൽ പുറത്തു പോയിരിക്കയാണോ? കൊള്ളാം! ഇതെന്തൊരന്യായമാണു്? (വരാന്തയിലിറങ്ങി നോക്കുന്നു. തിരിച്ചു ഹാളിലേയ്ക്കു വരുന്നു) മുറ്റത്തുമില്ല. (ജനലിൽ ചെന്നു പുറത്തേയ്ക്കു നോക്കുന്നു) അതാ! അവിടെ ആ വെളുത്തുകാണുന്നതെന്താണു്? അയ്യോ! അതാ! അവർ രണ്ടുപേരും പാലത്തിൽ കയറണു. കഷ്ടം! ഈ പാപികളെ ദൈവം രക്ഷിക്കട്ടെ! കെട്ടിപ്പിടിക്കാനും, ഉമ്മ വയ്ക്കാനും കണ്ടുപിടിച്ച സ്ഥലം! അയ്യോ! (ഉറക്കെ വിളിച്ചുകൊണ്ട്) അയ്യോ! അതാ രണ്ടുപേരും താഴത്തേക്കു ചാടണു! അയ്യോ? പുഴയിലേയ്ക്കു്! പുഴയിലേയ്ക്കു്! അയ്യോ!! ഓടിവരണേ! രക്ഷിക്കണേ! അയ്യോ!!! അയ്യോ!!!! (കാൽ വിറച്ചു താഴെ വീഴുന്നു) ഇല്ല! ഇല്ല! ആരും രക്ഷിക്കാൻ കഴിയില്ല! എന്റെ മരിച്ച കൊച്ചമ്മ അവരെയും കൊണ്ടുപോയി!

XI

നടനകല

[കലയെ സാമാന്യമായും, നടനകലയെ പ്രത്യേകമായും വിവരിക്കുന്ന ഈ ലേഖനം സാഹിത്യസാഹ്യത്തിലെ ഉപപാഭനവകുപ്പിൽ ചേരുന്നതാണ്. 'ഭ്രമിയും ജീവനും' എന്ന ഒന്നാംലേഖനം സചീകരിച്ചിട്ടുള്ള സാങ്കേതികമാഗ്രമാണ് ഈ ഉപന്യാസത്തിലും സചീകരിച്ചിട്ടുള്ളത്]

സാധ്നങ്ങളുടെ സൃഷ്ടിയിൽ പ്രകടിതമാകുന്ന പാടവമാണ് കല. ഒരു ഓട്ടുപാത്രം നിർമ്മിക്കുന്നതിലും, ഒരു കാവ്യം രചിക്കുന്നതിലും നിർമ്മാണസാമർത്ഥ്യം പ്രത്യക്ഷമാകുന്നുണ്ടെങ്കിൽ, അവ രണ്ടും കലാകൃതികളാണെന്നു പറയാം. അവ രണ്ടും നിർമ്മാണപാടവം കാണിക്കുന്നില്ലെങ്കിൽ, അവ കലാകൃതികളാകുന്നതേയല്ല. കലയെ പ്രയോജനകരമായ കലയെന്നും, ലളിതകല, അഥവാ, സുന്ദരകലയെന്നും രണ്ടു തരമായി സാധാരണയായി വിഭജിക്കാറുണ്ട്. ഒരു ഓട്ടുപത്രം വെള്ളംകോരിവയ്ക്കുന്നതിന് ഉപയോഗപ്പെടുന്നു. തന്മൂലം അതു മനുഷ്യന്റെ ഒരു കായികമായ ആവശ്യത്തിനു് ഉപകരിക്കുന്നു. അതു കൊണ്ടു് അതിൽ പ്രകടിതമായ കലയ്ക്കു് പ്രയോജനകരമായ കല എന്നു പേരു കിട്ടി. നേരേ മറിച്ചു് ഒരു കാവ്യം വായിക്കുമ്പോൾ അതു നമ്മുടെ ശാരീരികമായ യാതൊരു ആവശ്യവും നിറവേറുന്നില്ല. അതു് നമ്മുടെ മനസ്സിൽ ആനന്ദം ജനിപ്പിക്കുന്നതേയുള്ളൂ. തന്നിമിത്തം അതു് മനുഷ്യന്റെ ഒരു മാനസികമായ ആവശ്യം നിറവേറുകയാണു ചെയ്യുന്നതു്. അതിനാൽ അതിൽ പ്രക

ടിതമായ കലയ്ക്ക് ലളിതകല, അഥവാ, സുന്ദരകല എന്ന നാമം ലഭിച്ചു. ഒരു ഓട്ടുപാത്രം ഉണ്ടാക്കുമ്പോൾ, അതു് ഇന്ന ഉപയോഗത്തിനാണെന്നുള്ളതു് ആദ്യമേ തന്നെ സുവ്യക്തമാണു്. നേരേ മറിച്ചു്, ഒരു കാവ്യം രചിക്കുമ്പോൾ അതിന്റെ പ്രയോജനം ആദ്യമേതന്നെ സുവ്യക്തമാകുന്നില്ല. ഇവയാകുന്ന പ്രയോജനകരമായ കലയ്ക്കും സുന്ദരകലയ്ക്കും തമ്മിൽ സാധാരണയായി സങ്കല്പിക്കാറുള്ള വ്യത്യാസങ്ങൾ.

പ്രയോജനകരമായ കലയ്ക്കും സുന്ദരകലയ്ക്കും തമ്മിൽ മൈനേന്ദിനജീവിതത്തിൽ നാം സങ്കല്പിക്കാറുള്ള പ്രസ്തുത വ്യത്യാസങ്ങൾ ശാസ്ത്രീയമായി സാധൂകരിക്കാവുന്നവയല്ലെന്നും ഇവിടെ ഓർമ്മിക്കേണ്ടതാണു്. നവീനമനശ്ശാസ്ത്രജ്ഞന്മാരിൽ ഒരുകൂട്ടർ മനസ്സിനും ശരീരത്തിനും തമ്മിൽ നാം സങ്കല്പിക്കാറുള്ള വ്യത്യാസം മിഥ്യയാണെന്നു വാദിക്കുന്നുണ്ടു്. ഒരു ഓട്ടുപാത്രത്തിൽ പ്രകടിതമായ നിർമ്മാണപാടവം കണ്ടു നമുക്കുണ്ടാകുന്ന ആനന്ദത്തിനും, ഒരു കവിത വായിക്കുമ്പോൾ നമ്മിൽ ജനിക്കുന്ന ആനന്ദത്തിനും തമ്മിൽ യഥാർത്ഥമായി യാതൊരു വ്യത്യാസവുമില്ല. മനസ്സിനും ശരീരത്തിനും തമ്മിൽ ഐക്യമോ, ഏറ്റവും അടുത്ത ചാർച്ചയോ ഉള്ളതിനാൽ, മാനസികമായ പ്രയോജനവും, ശാരീരികമായ പ്രയോജനവും തമ്മിലുണ്ടെന്നു തോന്നുന്ന വ്യത്യാസവും യഥാർത്ഥമായിട്ടുള്ളതല്ല. പ്രയോജനത്തെ സംബന്ധിച്ചുള്ള സുവ്യക്തതയും അവ്യക്തതയും ശാസ്ത്രീയമായി സ്ഥാപിക്കുവാൻ പ്രയാസമാണു്. ശാസ്ത്രദൃഷ്ട്യാ പ്രയോജനകരമായ കലയ്ക്കും സുന്ദരകലയ്ക്കും തമ്മിൽ വ്യത്യാസമില്ലെങ്കിലും, പ്രായോഗികമായി അവയ്ക്കു തമ്മിൽ ലോകർ വ്യത്യാസം കല്പിച്ചിട്ടുള്ളതിനാൽ, നമുക്കു് അതു സ്വീകരിച്ചേ മതിയാവൂ.

കല അനുപത്തിനാലുണ്ടെന്നു ഹിന്ദുക്കളും, എഴുപത്തിരണ്ടുണ്ടെന്നു ജൈനന്മാരും വിശ്വസിച്ചുവന്നിരുന്നു. പാശ്ചാത്യരുടെ ദൃഷ്ടിയിൽ കലയുടെ സംഖ്യയ്ക്ക് അതിരില്ല. കല ഇങ്ങിനെ അനവധി ഉണ്ടെങ്കിലും, അതിന്റെ ഒരു വിഭാഗമായ സുന്ദരകലയിൽ സംഗീതം, കാവ്യം അഥവാ സാഹിത്യം, ചിത്രമെഴുത്ത്, വാസ്തുശില്പം, പ്രതിമാശില്പം, നൃത്തം, നടനം അഥവാ നാട്യം എന്ന് ഏഴെണ്ണമുള്ളതായിട്ടാണ് സാധാരണയായി വിചാരിച്ചുവരുന്നത്. ഈ ഏഴു സുന്ദരകലകളിൽ ചിലതിനെ കൂട്ടിച്ചേർത്ത് സുന്ദരകലയിൽ തന്നെ ചില തരംതിരിപ്പുകളും ഇല്ലാതില്ല. ഉദാഹരണമായി, സംഗീതവും സാഹിത്യവും നാം ശ്രവണേന്ദ്രിയത്തിൽക്കൂടി അനുഭവിച്ചു രസിക്കുന്നതിനാൽ അവയ്ക്കു ശ്രാവ്യകലകളെന്നും, ശേഷിച്ച സുന്ദരകലകളെ നാം നയനേന്ദ്രിയത്തിൽക്കൂടി അനുഭവിച്ചു രസിക്കുന്നതിനാൽ അവയ്ക്ക് ദൃശ്യകലകളെന്നും പേരുകൾ ലഭിച്ചിട്ടുണ്ട്. മറ്റുള്ള തരംതിരിപ്പുകളെ ഇവിടെ പ്രസ്താവിക്കുന്നില്ല.

കാണികളിലോ, വായനക്കാരിലോ, രസം അതായത് കലാപരമായ ഒരു ആനന്ദാനുഭവം ജനിപ്പിക്കുക എന്നതാണ് സകല സുന്ദരകലകളുടേയും ഉദ്ദേശം. ഇതിന് ഓരോ കലയും സ്വീകരിച്ചിട്ടുള്ള കരുക്കൾ മാറിമാറിയിരിക്കുന്നതാണ്. നൃത്തം താളാനുസൃതങ്ങളായ അംഗവിക്ഷേപങ്ങളാൽ പ്രേക്ഷകനിൽ രസം ജനിപ്പിക്കുന്നു. രേഖകളും വർണ്ണങ്ങളുമാണ് കാണികളിൽ രസം അങ്കുരിപ്പിക്കുവാൻ ചിത്രകല ഉപയോഗപ്പെടുത്തുന്ന കരുക്കൾ. കാവ്യം വാക്കുകളേയും, സംഗീതം നാദത്തേയും, ശില്പം ഘനത്തേയും കരുക്കളായി സ്വീകരിച്ചിരിക്കുന്നു. നടനകലയാകട്ടെ, അനുകരണാത്മകങ്ങളായ അംഗവ

ലനങ്ങളേയാണ് പ്രേക്ഷകരിൽ രസം ജനിപ്പിക്കുവാൻ ഉതകുന്ന കരുക്കളായി അംഗീകരിച്ചിരിക്കുന്നതു. പ്രസ്തുത അംഗചലനങ്ങൾ മുഖേന നടനകല പ്രേക്ഷകന്റെ മനസ്സിൽ ഒരു മായാബോധം ഉളവാക്കി അവനിൽ രസം ജനിപ്പിക്കുന്നു. താൻ ആരാണെന്നു ഭാവിക്കുന്നുവോ, ആ മനുഷ്യന്റെ ഭാവങ്ങളേയോ, അതായതു് വികാരങ്ങളേയോ, തത്തുല്യങ്ങളായവയേയോ പ്രേക്ഷകനിൽ ജനിപ്പിച്ചു് അവനെ രസിപ്പിക്കുകയാണു് നടന്റെ ഉദ്ദേശം. ഇവിടെ രസിപ്പിക്കുക എന്നു പറഞ്ഞതു് മുമ്പടെ വിവരിക്കുന്ന ഒരു വിസ്തൃതമായ അർത്ഥത്തിലാണെന്നു് ഓർമ്മിക്കണം. പ്രേക്ഷകനു തോന്നുന്നതു സന്തോഷമായാലും ശരി, സന്താപമായാലും ശരി, കലാദൃഷ്ട്യാ അവ രണ്ടും ഒന്നുപോലെ അവനെ രസിപ്പിക്കുന്നുണ്ടു്. ഉദാഹരണമായി, മുകളിൽ ചേർത്തിട്ടുള്ള ഗദ്യനാടകത്തിൽ വിവരിക്കുന്ന പദ്മനാഭപിള്ളയുടേയും ഭാനുമതിഅമ്മയുടേയും ആത്മഹത്യകൾ നമ്മിൽ സന്താപം മാത്രമേ ജനിപ്പിക്കുന്നുള്ളുവെങ്കിലും, കലാദൃഷ്ട്യാ അവ നമ്മെ രസിപ്പിക്കുന്നു എന്നു വേണം പറയേണ്ടതു്. സാധാരണയായി സന്താപംകൊണ്ടു് ഒരുത്തനു രസം ഉണ്ടാകുമെന്നു നാം പറയാറില്ല. നടന്റെ ഉദ്ദേശം തന്നിൽ അന്തസ്സ്യൂതമായി വന്നുകൊണ്ടിരിക്കുന്ന ഭാവങ്ങളുടെ, അഥവാ മനസ്ഥിതികളുടെ, സ്വഭാവങ്ങളെക്കുറിച്ചും, തന്മൂലം തന്റെ വ്യക്തിത്വത്തെക്കുറിച്ചും, കാണികളിൽ ഒരു മിഥ്യയായ വിശ്വാസം ജനിപ്പിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. കാണികളിൽ ജനിക്കുന്ന പ്രസ്തുത മിഥ്യാബോധം പ്രത്യേക തരത്തിലുള്ള ഒന്നാകുന്നു. തന്റെ മനസ്സിൽ ജനിക്കുന്ന വികാരങ്ങൾ മായാവികാരങ്ങളാണെന്നുള്ള ബോധവും, ആ വികാരങ്ങൾ

യഥാർത്ഥമായി അനുഭവിക്കുന്നതിൽനിന്നു ജനിക്കുന്ന ആനന്ദവും ഒരേ സമയത്തുതന്നെ പ്രേക്ഷകന്റെ മനസ്സിൽ കുടികൊള്ളുന്നുണ്ട്. നടനു സാമർത്ഥ്യം കുറയുമ്പോൾ പ്രേക്ഷകന്റെ പ്രസ്തുത മിശ്രാബോധം, ആ ആനന്ദാനുഭൂതിയെ നശിപ്പിക്കുകയുണ്ടാകും, പ്രബലമായി വളരുകയും ചെയ്യും.

നടനം, അഥവാ അഭിനയം നാലു തരത്തിലുണ്ടെന്നും, അവ ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്നാണെന്നും ഭാരതീയനാട്യശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. തല, കൈയ്, നെഞ്ച്, പാർശ്വം, കടി എന്നു അംഗങ്ങളെക്കൊണ്ടും, കണ്ണ്, പുരികം, മൂക്ക്, അധരം, കപോലം, താടി എന്നു ഉപാംഗങ്ങളെക്കൊണ്ടും അഭിനയിക്കുന്നതിനാണ് ആംഗികം എന്നു പേരു നൽകിയിരിക്കുന്നതു്. വാക്കുകൊണ്ടു് അഭിനയിക്കുന്നതിനു വാചികമെന്നും, വേഷഭൂഷാദികളെക്കൊണ്ടു് അഭിനയിക്കുന്നതിനു് ആഹാര്യമെന്നും, സ്വേദം, സ്തംഭം, രോമാഞ്ചം മുതലായ എട്ടു സാത്വികഭാവങ്ങളെക്കൊണ്ടുള്ള അഭിനയത്തിനു സാത്വികമെന്നും പേരുകൾ പറഞ്ഞുവരുന്നു. നാടകത്തിൽ പ്രസ്തുത നാലുതരം അഭിനയങ്ങളും ഉണ്ടായിരിക്കും. കഥകളിയെ, അഥവാ ആട്ടത്തെപ്പോലെയുള്ള നൃത്യത്തിൽ വാചികം ഒഴിച്ചുള്ള അഭിനയങ്ങളേ കാണുകയുള്ളൂ. ആട്ടത്തിൽ നടന്മാർ നാടകങ്ങളിലെ നടന്മാരെപ്പോലെ സംസാരിക്കുകയോ, പാടുകയോ ചെയ്യുകയില്ലെന്നും, അവർ ആടുക, അഥവാ അഭിനയിക്കുക മാത്രമേ ചെയ്യുകയുള്ളൂ എന്നും പ്രത്യേകം പറയേണ്ടതില്ലല്ലൊ.

നടനത്തെ അപഗ്രഥിച്ചുനോക്കിയാൽ, അതിൽ ഒന്നിനെ തുടർന്നു് ഒന്നു വരുന്ന മൂന്നു് അംശങ്ങളുണ്ടെന്നു

കാണാൻ കഴിയും. അനുകരണം, വ്യാഖ്യാനം, ധ്വനി, അഥവാ വ്യഞ്ജനം എന്നാകുന്നു ഇവ. ലോകത്തിൽ നടക്കുന്ന ഒരു പ്രവൃത്തി ഒരു നടൻ കാണുന്നു. ആ പ്രവൃത്തിയിൽ അടങ്ങിയിരിക്കുന്ന അംഗചലനങ്ങളെ അതുപോലെ അയാൾ തന്നിലും ജനിപ്പിക്കുമ്പോൾ, ആ നടൻ ആ പ്രവൃത്തിയെ അനുകരിക്കുകയാണു ചെയ്യുന്നത്. ഇതുകൊണ്ടു മാത്രം അതു നടനമായിത്തീരുന്നതല്ല. കുരങ്ങിനെപ്പോലെ ഉയർന്ന പടിയിലുള്ള ഒരു ജന്തുവിനും ഇത്തരം അനുകരണം സുസാദ്ധ്യമാണു്. "അനുകരണം അവസാനിക്കുമ്പോൾ മാത്രമേ കല തുടങ്ങുകയുള്ളൂ" എന്നാണു് ഓസ്കർ വൈൽഡ് എന്ന പ്രസിദ്ധ ഇംഗ്ലീഷ് നാടകകർത്താവു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. പ്രസ്തുത പ്രവൃത്തി നടനമായി പരിണമിക്കണമെങ്കിൽ, രണ്ടു പടികൾ കൂടി അതു കടന്നേ തീരൂ. ഒന്നാമതായി, ആ നടൻ ആ പ്രവൃത്തിയെ തന്റെ സ്വന്തമാക്കി അതിൽ അയാളുടെ വ്യക്തിപരമായ സത്തയെ ഉൾക്കൊള്ളിക്കണം. പ്രസ്തുത പ്രവൃത്തിയെ അയാൾ സ്വതന്ത്രമായി വ്യാഖ്യാനിച്ചാൽ മാത്രമേ ഇതു സാദ്ധ്യമാകുകയുള്ളൂ. അനന്തരം, പ്രസ്തുത വ്യാഖ്യാനാനുസരണം അയാൾ ആ പ്രവൃത്തിയിൽ അടങ്ങിയിട്ടുള്ള ചലനങ്ങളേയും, അവയുടെ അർത്ഥങ്ങളേയും പ്രായേണ ധ്വന്യാത്മകങ്ങളായ ചില ചലനങ്ങളാൽ പ്രത്യക്ഷപ്പെടുത്തുന്നു. ഇതോടുകൂടി നടനം പൂർണ്ണമാകുകയും ചെയ്യുന്നു. ഏതു് അഭിനയത്തിലും പടിപ്പടിയായുള്ള ഈ മൂന്നു് അംശങ്ങളും ഉണ്ടായിരിക്കുമെങ്കിലും, രംഗത്തിൽ പ്രേക്ഷകർ കാണുന്നതു് മൂന്നാം ദശയിലെ പ്രസ്തുത പ്രായേണ ധ്വന്യാത്മകങ്ങളായ ചലനങ്ങൾ മാത്രമാണു്.

നടനത്തെ സാദൃശ്യാത്മകനടനമെന്നും, ധ്വന്യാത്മകനടനമെന്നും രണ്ടു പ്രധാന തരങ്ങളായി പാശ്ചാത്യ കലാനിരൂപകർ വിഭജിച്ചിട്ടുണ്ട്. ആധുനിക നാടകാഭിനയങ്ങളിൽ സാദൃശ്യാത്മകനടനവും, കഥകളിയിൽ ധ്വന്യാത്മകനടനവും കാണാം. നടനം സാദൃശ്യാത്മകമായാലും ശരി, ധ്വന്യാത്മകമായാലും ശരി, കുറേയെങ്കിലും ധ്വന്യാത്മകത്വം അതിൽ ഉണ്ടായിരുന്നേ മതിയാവൂ. ഇതിനു മൗലികമായ കാരണം "കലയ്ക്കു ധ്വന്യാത്മകത്വമുള്ളതു്, മനുഷ്യനും ധ്വന്യാത്മകത്വമുള്ളതു കൊണ്ടുതന്നെ" എന്നുള്ള ഓസ്കർവൈൽഡിന്റെ വാക്കുകളിൽ വിവരിക്കാം. സകല സൃഷ്ടികളേയും നിർമ്മിക്കുന്നതിൽ സ്രഷ്ടാവു സ്വീകരിച്ചിട്ടുള്ള പ്രധാന തത്വങ്ങളെ, സൃഷ്ടികളിൽ വച്ചു് ഉത്തമനായ മനുഷ്യനിൽ നിന്നു മനസ്സിലാക്കാവുന്നതാണു്. മനുഷ്യൻ സൃഷ്ടിതത്വങ്ങളെ ധ്വനിപ്പിക്കുന്നു എന്നു് ഇതിനെ മറ്റൊരുവിധത്തിൽ പറയാം. അതുപോലെ തന്നെ കലയുടെ മൌലികതത്വങ്ങളും ഓരോ ഉത്തമകലാസൃഷ്ടിയും ധ്വനിപ്പിക്കുന്നതാണു്. വികാരങ്ങളെ അംഗവിക്ഷേപങ്ങളും, അഥവാ ചലനങ്ങളുംകൊണ്ടു മാത്രമേ പ്രത്യക്ഷപ്പെടുത്തുവാൻ സാധിക്കുകയുള്ളൂല്ലോ. ഈ അംഗവിക്ഷേപങ്ങളിൽ, അഥവാ ചലനങ്ങളിൽ ചിലതിനു് മറവുള്ളവയെക്രൂടി ധ്വനിപ്പിക്കുവാൻ കഴിയും. ഒരു നടൻ അനുകരിക്കുന്ന പ്രവൃത്തിയിൽ അസംഖ്യം അതിസൂക്ഷ്മങ്ങളായ അംഗവിക്ഷേപങ്ങളും അടങ്ങിയിരിക്കും. ഇവയെ മുഴുവനും അയാൾക്കു് അനുകരിക്കുവാൻ സാധിക്കായ്കയാൽ, അവയെ എല്ലാം ധ്വനിപ്പിക്കുന്ന ഏതാനും ചില അംഗവിക്ഷേപങ്ങളെ അയാൾക്കു തിരഞ്ഞെടുക്കേണ്ടതായിവരുന്നു. ഇതുകൊണ്ടാണു് ധ്വന്യാത്മകങ്ങളായ ഏതാനും

അംഗചലനങ്ങൾ ക്രമാതെ യാതൊരുതരം അഭിനയവും സാദ്ധ്യമല്ലെന്ന മുകളിൽ പ്രസ്താവിച്ചുത്തു.

നടനത്തെ സാദൃശ്യാത്മകനടനമെന്നും, ധ്വന്യാത്മകനടനമെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ടെന്ന മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവയ്ക്ക് ഓരോ ഉദാഹരണമെടുത്തു് ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം വിശദമാക്കാം. സാദൃശ്യാത്മകനടനത്തിനു് മകുടോദാഹരണമായി റഷ്യയിലെ മോസ്കോ ആർട്ട്തിയേറ്റർപ്രവർത്തകർ സ്വീകരിച്ചിട്ടുള്ള സ്റ്റാനിസ്ലാവ്സ്കിപദ്ധതി എടുക്കാവുന്നതാണു്. ഈ പദ്ധതി അനുസരിച്ചു് നടന്മാർ അഭിനയിക്കുവാൻ പോകുന്ന നാടകത്തിലെ ഓരോ രംഗങ്ങളിലും കഥാപാത്രങ്ങൾക്കു് ഉണ്ടായിരിക്കേണ്ട മനസ്ഥിതിയെപ്പറ്റി റിഹേർസൽസമയത്തു് ഒരു വാദപ്രതിവാദം നടത്തുന്നതാണു്. നടന്മാരിൽ സന്ദർഭോചിതങ്ങളായ മനസ്ഥിതികൾ യഥാവസരം ജനിക്കുന്നതിനുള്ള പരിശീലനങ്ങൾ അവർക്കു നൽകുകയും ചെയ്യും. ഇങ്ങനെ അഭിനയിക്കേണ്ട ഭാവങ്ങളേ പറ്റി നടന്മാർക്കു നല്ല പരിശീലനങ്ങൾ നൽകിയതിനു ശേഷം, പ്രസ്തുത ഭാവങ്ങൾക്കു് ഉചിതമായിട്ടുള്ള അംഗചലനങ്ങൾ യഥേഷ്ടം നാടകാഭിനയസന്ദർഭങ്ങളിൽ ഉണ്ടാക്കുന്നതിനുള്ള സ്വാതന്ത്ര്യം അവർക്കുതന്നെ വിട്ടുകൊടുക്കുകയാണു ചെയ്യുന്നതു്. ഭാവം ശരിയായി ഉണ്ടായാൽ, നടന്മാർ പൂർവ്വനിർദ്ദേശമൊന്നേ അതിനു് അനുരൂപങ്ങളായ അംഗചലനങ്ങൾ സ്വയമേവ ഉണ്ടാക്കിക്കൊള്ളും എന്നതാണു് ഇതിൽ അന്തർഭവിച്ചിരിക്കുന്ന മൌലികതത്വം. സാദൃശ്യാത്മകനടനം കണ്ടു രസിക്കുന്നതിനു പ്രത്യേക പരിശീലനം ഒന്നുംതന്നെ ആവശ്യവുമില്ല

കഥകളിയിലെ നടനത്തിൽ ധ്വന്യാത്മകനടനത്തിന്റെ സമ്പൂർണ്ണമായ രൂപമാണു നാം കാണുന്നതു്. ഓരോ ഭാവങ്ങൾക്കും ഇന്ന ഇന്ന അംഗചലനങ്ങൾ വേണ്ടതാണെന്നു മുൻനിർദ്ദേശം അതിൽ ഉണ്ടായിരിക്കുകയും, ആ നിർദ്ദേശങ്ങളിൽ നിന്നും അണുമാത്രം വ്യതിചലിക്കാതെ കഥകളിയിലെ നടന്മാർ, അഥവാ ആട്ടക്കാർ അവയെ അഭിനയിക്കുകയും ചെയ്യും. പ്രസ്തുത മുൻനിർദ്ദേശങ്ങൾ ഏറിയകൂറും ധ്വന്യാത്മകങ്ങളായ ചലനങ്ങളെ നിർദ്ദേശിക്കുന്നവയും ആയിരിക്കും. ഇതിനും പുറമേ, ആട്ടക്കഥകളുടെ അഭിനയത്തിൽ മുദ്രകൾക്കു്—അതായതു് ഒറ്റക്കൈയ്യുകൊണ്ടും ഇരട്ടക്കൈയ്യുകൊണ്ടും കാണിക്കുന്ന സങ്കേതാത്മകങ്ങളായ ആംഗ്യങ്ങൾക്കു്—സവ്വപ്രാധാന്യം ഉണ്ടായിരിക്കുന്നതുമാണു്. ഉദാഹരണമായി, പതാകം എന്ന മുദ്ര എടുക്കാം. വിരലുകളെല്ലാം അടുപ്പിച്ചുനിവത്തി നിത്തുകയും, പെരുവിരൽ അല്പം വളയ്ക്കുകയും ചെയ്താൽ പതാകം, അതായതു് കൊടി ക്കുറ എന്നതിനു മുദ്രക്കൈയ്യായി. മുഷ്ടി പിടിച്ചു മുഖത്തിനു നേരെയായി മാറോടു ചേത്തു് അമ്മാനമാടുന്നതുപോലെ കാണിച്ചാൽ പാട്ടു് എന്നതിനു മുദ്രക്കൈയ്യായി. ഈ മുദ്രകൾ ധ്വന്യാത്മകങ്ങളായ ചിഹ്നങ്ങളാകയാൽ, അവ ആട്ടത്തിലെ ധ്വന്യാത്മകങ്ങളായ അംഗചലനങ്ങൾക്കു് അനുയോജ്യമായിട്ടുള്ളവ തന്നെ. ആട്ടത്തിലെ അഭിനയം കണ്ടു രസിക്കുന്നതിനു് ഈ ധ്വന്യാത്മകതത്ത്വത്തിന്റെ പ്രാചുര്യം നിമിത്തം പ്രത്യേകപരിശീലനം കൂടിയേ തീരൂ.

XII

എന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവം

[ഇന്നത്തെ ഗദ്യമെഴുത്തുകാരുടെ മുന്നണിയിൽ നിൽക്കുന്ന ഒരു ദേഹമാണ് സി. വി. കുഞ്ഞുരാമൻ അവർകൾ. അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഒരു സ്മരണീയമായ സംഭവം അദ്ദേഹം തന്നെ വിവരിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഈ ഭാഗം ആത്മചരിത്രം എന്ന ഗദ്യരൂപത്തിൽ ഉൾപ്പെടുന്നതാണ്. ജീവചരിത്രം എന്ന ഗദ്യരൂപവും, ആത്മചരിത്രം എന്ന ഗദ്യരൂപവും തമ്മിലുള്ള വ്യത്യാസം ജീവചരിത്രത്തിൽ ഒരാൾ മറ്റൊരാളുടെ ജീവിതകഥ എഴുതുകയാണ ചെയ്യുന്നതെന്നും, ആത്മചരിത്രത്തിൽ ഒരാൾ തന്റെ ജീവിതകഥ സ്വയം രചിക്കുകയാണ ചെയ്യുന്നതെന്നും ഉള്ളതാകുന്നു. ഒരു ആത്മചരിത്രവും ഒരു ജീവചരിത്രത്തെപ്പോലെ കഥാനായകൻ എന്തെല്ലാം ചെയ്തു എന്നു കാണിക്കുന്നതിനെക്കാൾ അധികം അദ്ദേഹം ഏതുതരം മനുഷ്യനായിരുന്നു എന്നു കാണിക്കുന്ന ഒരു ചിത്രം വരയ്ക്കുകയാണ ചെയ്യേണ്ടത്. ഉദ്ധൃതഭാഗം വർണ്ണനം എന്ന സാഹിത്യസാഹ്യത്തിലെ വകുപ്പിൽ ഉൾപ്പെടും]

എന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളിൽ ഒന്ന് അറിയണമെന്നു നിങ്ങൾ ആവശ്യപ്പെടുന്നു. 67 വർഷക്കാലം മനസ്സിനെ പുറകോട്ടു സഞ്ചരിപ്പിച്ചു ജീവിതശൃംഖലയുടെ സകല കണ്ണികളേയും ഒരുപോലെ പരിശോധിച്ചുനോക്കിയല്ലാതെ പ്രധാന കണ്ണികളേതെല്ലാം, അപ്രധാനകണ്ണികളേതെല്ലാം എന്നു കണ്ടുപിടിക്കുക സാദ്ധ്യമല്ലല്ലോ. പ്രധാന കണ്ണികൾ തന്നെ പലതുണ്ടെങ്കിലും ഞാൻ മുൻകൂട്ടി പ്രതീക്ഷിച്ചിരിക്കാത്ത സരണിയിലേക്ക് എന്നെ തിരിച്ചുവിട്ടിട്ടുള്ള വളരെ പ്രധാന

മായ ഒരു കണ്ണി (സംഭവം) ഉണ്ടെന്നു് എനിക്കു തോന്നുന്നതിനെ പറയാം. എന്റെ പതിനഞ്ചാമത്തെ വയസ്സിലാണു് ആ സംഭവം ഉണ്ടായതു്. കൃത്യമായി കാലനിണ്ണയം ചെയ്തു പറയുന്നപക്ഷം [illegible] വൃശ്ചികം ഏ-ാംതീയതി വൈകുന്നേരം ആണു് ആ സംഭവത്തിന്റെ ആരംഭം. അന്നു് അർദ്ധരാത്രിവരെ എന്നെ കിടക്കയിലിട്ടു ഉരുട്ടിയ ഒരു സംഭവമാണു് അതു്.

എനിക്കു പതിനഞ്ചു വയസ്സു് ആകുന്നതിനു നാലഞ്ചു കൊല്ലം മുമ്പു മുതൽക്കു് വൃശ്ചികമാസം എനിക്കു് ഒരു വ്രതമാസമായിത്തീർന്നിരുന്നു. സാക്ഷരന്മാരായ ബാലന്മാർക്കൊക്കെ വൃശ്ചികമാസം ആയിടയ്ക്കു് ഒരു വ്രതമാസംതന്നെയായിരുന്നു. സൂര്യോദയത്തിനു മുമ്പു് സ്നാനം കഴിച്ചു് ഭസ്മചന്ദനാദികം ധരിച്ചു്, ഒന്നാംദിവസം ഒരു പൂവു്, രണ്ടാംദിവസം രണ്ടു പൂവു്, ഇങ്ങനെ അത്തപ്പൂവിടുന്നമാതിരി മുപ്പതാംതീയതി മുപ്പതു പൂവുവരെ ഇടണം. അതു പ്രഭാതകർമ്മം. സായാഹ്നകർമ്മം കൂളിച്ചു കുറിയിട്ടു് രാമായണംവായനയാണു്. പഠിപ്പിന്റെ അവസ്ഥപോലെ ചിലർ ഭാരതവും, വലിയ ഭക്തന്മാർ ഭാഗവതവും വായിക്കാറുണ്ടു്. എന്റെ വായന എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടായിരുന്നു. വൃശ്ചികമാസം അവസാനിക്കുന്ന ദിവസം രാമായണം വായനയും അവസാനിക്കണം. അന്നവസാനിച്ചില്ലെങ്കിൽ ഒരു മണ്ഡലം (നാല്പത്തൊന്നു ദിവസം) തികയുന്നിടംവരെ വായന നീട്ടിക്കൊണ്ടുപോയി അവസാനിപ്പിക്കണം.

എന്റെ ജ്യേഷ്ഠൻ ഒരാൾ ഉണ്ടായിരുന്നു. എന്നെക്കാൾ നാലു വയസ്സു മൂപ്പുണ്ടായിരുന്നു. നിത്യം സന്ധ്യ കഴിഞ്ഞു് രാമായണംവായന നിർവ്വിഘ്നമായി നടത്തിക്കൊ

ണ്ടിരുന്ന ഒരാളായിരുന്നു. നാടോടി സാവേരിരാഗത്തിൽ നാട്ട മുഴുവൻ വച്ചു മുഴക്കിക്കൊട്ടക്കുന്ന ഒരു വായനക്കാര നായിരുന്നു അദ്ദേഹം. അതു കേട്ട് ആ രാഗത്തിൽത്തന്നെ ഞാനും രാമായണം വായിക്കുവാൻ തുടങ്ങി. വായിക്കണ മെന്ന് അച്ഛനും അമ്മാവനും, അക്ഷരവിദ്യ ആരംഭിച്ച് അവസാനിപ്പിച്ചിട്ടില്ലാത്ത അമ്മയും നിശ്ചയിച്ചുവന്നു. എന്റെ വായനയെ ഒന്നു പരിഷ്കരിച്ചാൽകൊള്ളാമെന്ന് അമ്മാവനു തോന്നി. രാമായണം വായന പഠിക്കുവാൻ എന്നെ അമ്മാവൻ ഒരു വീട്ടിൽ വൃശ്ചികം ഒന്നാംതീ യതി പകലേ എഴുപ്പാട്ട ചെയ്തു. ഞാൻ വൃശ്ചികമാസം മുഴുവനും ആ വീട്ടിൽ ചെന്നു രാമായണംവായന പഠിച്ചു കൊള്ളണമെന്നുള്ള അമ്മാവന്റെ 'സുഗ്രീവാജ്ഞ'യും എനിക്കു ലഭിച്ചു.

അന്നു സന്ധ്യയ്ക്ക് ഞാൻ ആ വീട്ടിൽ ചെന്നു. ആ വീട്ടിലെ കാരണവരായ ഉടയാടശ്ശേരി വേലായുധൻവൈ ദ്യർ അക്കാലത്തെ ഈഴവരിലും, ഇക്കാലത്തെ ഈഴവ രിലും എനിക്കു പരിചയമുള്ള നാട്ടുപ്രമാണികളായ കാര ണവന്മാരുടെ ക്രൂത്തിൽ പരമരസികനായ ഒരാളായിരു ന്നു. എത്ര കടന്ന പരിഷ്കാരങ്ങളും സമുദായത്തിൽ വരു ത്തുന്നതിനും അക്കാലത്ത് അദ്ദേഹത്തെപ്പോലെ സമ്മത മുള്ള ഒരു ഈഴവപ്രമാണിയെ ഞാൻ കണ്ടിട്ടില്ല. ഡാക്ടർ പല്പു, മെസ്സേർസ് എം. ഗോവിന്ദൻ, കെ. സി. കരുണാ കരന്റെ അച്ഛൻ, അദ്ദേഹത്തിന്റെ അമ്മാവൻ മുതലായി അക്കാലത്തെ ഈഴവമുഖ്യന്മാരൊക്കെ അദ്ദേഹത്തിന്റെ പരിചയക്കാരായിരുന്നു. അദ്ദേഹത്തിന്റെ യോഗ്യതയേയും രസികതചാതുര്യത്തേയും അവരിൽ ചിലർ ഇന്നും ഓർക്കുന്നുണ്ട്. ഒരു പത്തുപതിനഞ്ചുരാഗത്തിൽ രാമായണം വായിക്കാൻ അദ്ദേഹത്തിന് അറിയാം. അദ്ദേഹത്തിന്റെ മകനും

അദ്ദേഹത്തേക്കാൾ ഭംഗിയായി രാമായണം വായിക്കുന്ന ഒരു യുവവിദുഷി ആയിരുന്നു. ഞാൻ ഒന്നാംപാഠം മുതൽ മൂന്നാംപാഠംവരെ മലയാളം പഠിച്ചതു് ആ വീട്ടിന്റെ തൊട്ടു തെക്കേതിൽ സ്ഥിതിചെയ്തിരുന്ന മിഷൻസ്കൂളിലായിരുന്നു. എന്നെ ഒന്നും രണ്ടും പാഠങ്ങൾ വായിക്കുവാനും, കേട്ടെഴുതുവാനും അഭ്യസിപ്പിച്ചതു് നോഹ ആശാന്റെ ആജ്ഞ അനുസരിച്ചു് ആ വിദുഷിയായിരുന്നു. ഞാൻ മൂന്നാംപാഠം പഠിക്കാൻ തുടങ്ങിയപ്പോൾ ആ വിദുഷി സ്കൂൾ വിട്ടു് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചു പോയി. മൂന്നാംപാഠം മുഴുവനാകുംമുമ്പേ ഞാൻ ഇംഗ്ലീഷു പഠിക്കാനും പോയി. പിന്നീടു് ആറേഴു കൊല്ലം കഴിഞ്ഞാണു് രാമായണം വായന പഠിക്കാൻ ആ വീട്ടിൽ ചെന്നു് എന്റെ ബാല്യകാലഗുരുനാഥയായ ആ വിദുഷി ഇക്കാവമ്മയെ കണ്ടതു്.

സന്ധ്യയ്ക്കു് അടിച്ചുതളിയെല്ലാം കഴിഞ്ഞു് വിളക്കു കൊളുത്തുന്നതിനു അല്പം മുമ്പായി ഞാൻ അവിടെ ചെന്നു. വീട്ടിന്റെ മൻവശത്തു മീനത്തുകോണിൽ ഉണ്ടായിരുന്ന വെൺകളി പൂശിയ കിണറുകല്ലിൽ ഞാൻ ചെന്നു കയറിനിന്നു. എന്തോ ഒരു സങ്കോചം കൊണ്ടു് അവിടെ നിന്നു മുമ്പോട്ടു കാലു നീക്കുവാൻ കഴിയാതെ ഞാൻ ആ കിണറുകല്ലിൽത്തന്നെ ഇതികർത്തവ്യതാമൂഢനായി നിൽക്കുമ്പോൾ ഇക്കാവമ്മ ഒരു ചെപ്പുകുടവുമായി കിണറുകല്ലിൽ വന്നുകയറി. എന്നെ കണ്ടു നല്ലവണ്ണം പുഞ്ചിരി തൂകുവാൻ അറിയാവുന്ന ഇക്കാവമ്മ ഒരു പുഞ്ചിരി തൂകിയതു് ഇന്നും എനിക്കു കാണാം. ആ പുഞ്ചിരിയുടെ വാച്യവും വ്യംഗ്യവുമായ അർത്ഥം ഇന്നുവരെ എനിക്കു വ്യാഖ്യാനിച്ചു തീർക്കുവാൻ കഴിഞ്ഞിട്ടില്ല. വെള്ളം നിറച്ചു് ചെപ്പുകുടവും തൂക്കി

കൊണ്ട് എന്നെ വീട്ടിന്റെ പൂമുഖത്തേയ്ക്ക് ക്ഷണിച്ചു. ഞാൻ വളരെ പണിപ്പെട്ട പൂമുഖത്തു കയറി സ്തംഭം പിടിച്ചു നിന്നു. വൈദ്യർ ഉടൻതന്നെ വന്ന് ഇറയത്തു് ഇരുന്നു. എന്നോട് തിണ്ണയിൽ ഇരിക്കുവാൻ ആജ്ഞാപിച്ചു. അല്പം കഴിഞ്ഞു് നിലവിളക്കും രാമായണപ്പുസ്തകവും കൊണ്ട് ഇക്കാവമ്മയും ഹാജരായി. അവർ കൂളിച്ചു ചീകി പൂകുവശം കൊണ്ടയായി കെട്ടിയിട്ടിരുന്ന ഭംഗിയുള്ള തലമുടിയിൽ പിച്ചിപ്പൂമാല ചുറ്റി ക്രുത്രിമ ഭംഗിയും സൌരഭ്യവും വരുത്തിയിരുന്നു. വിളക്കിന്റെ മുൻവശത്തു ഞാൻ ഇരുന്നതിനു് അഭിമുഖമായി തെക്കോട്ട തിരിഞ്ഞു് ഇക്കാവമ്മയും ഇരുന്നു. ഇക്കാവമ്മയുടെ ഇളയ സഹോദരൻ, എന്നിലും ഇളയ പത്മനാഭൻ, ഗാന്ധുവെറ്റസായ്പിന്റെ സെക്കൻഡ് റീഡറുമായിട്ട് ഇക്കാവമ്മയുടെ ഇടത്തുവശത്തു വന്നിരുന്നു. ഞാൻ അയാൾക്ക് ഇംഗ്ലീഷ് റവ്വേഷൻ നടത്തണമെന്നും, ഇക്കാവമ്മ അതിനു ഫീസ്സായിട്ട് എന്നെ രാമായണം വായന പഠിപ്പിക്കണമെന്നുമായിരുന്നു ഇക്കാവമ്മയുടെ അച്ഛനും എന്റെ അമ്മാവനും തമ്മിൽ അന്നു നടന്ന കരാർ. എന്റെ വീതം റവ്വേഷൻ അരമണിക്കൂർ സമയംകൊണ്ടു ഞാൻ ഒരു വിധം നടത്തി. വളരെ ലജ്ജിച്ചും, വിഷമിച്ചുമാണ് ആ ജോലി അന്നു നിവ്വഹിച്ചതു്. അതു കഴിഞ്ഞു രാമായണംവായനയ്ക്ക് ആരംഭിച്ചു.

ഇക്കാവമ്മ രാമായണം എടുത്തു് എന്റെ അടുക്കലേയ്ക്കു നീട്ടി. ഞാൻ വാങ്ങിയില്ല. എന്റെ ഉത്സംഗത്തിൽ വച്ചു തന്നു. ഞാൻ കൈകൊണ്ടു തൊട്ടില്ല. വൈദ്യരും മകളും മകനും മാത്രമല്ല എന്റെ വായന കേൾക്കാൻ കൌതുകത്തോടുകൂടി കണ്ണുരണ്ടുമടച്ചു തുറന്നു വച്ചവർ. വൈദ്യരുടെ അനന്തിരവരിൽ നല്ലവണ്ണം ഭംഗിയായി

രാമായണം വായിക്കുന്ന ഒരാൾ, ഇക്കാവമ്മയുടെ അമ്മ, ആ വീട്ടിലുള്ള മറ്റാളുകൾ, എല്ലാം വന്ന് ഓരോരോ സ്ഥാനങ്ങൾ പിടിച്ചു. എല്ലാവരുടേയും നോട്ടം എന്റെ നേരെ ആയപ്പോൾ, എന്റെ നോട്ടം കീഴ്പോട്ടായി. മുഖം ഉയർത്താൻ എനിക്കു ധൈര്യമുണ്ടായില്ല. പുസ്തകം തൊടാൻ എന്റെ കൈകൾ ഇളകിയില്ല. ആരൊക്കെ നിർബന്ധിച്ചാലും ഞാൻ വായന തുടങ്ങില്ലെന്നു തീർച്ചപ്പെടുത്തി. അന്തർമുഖനായ യോഗിയുടെ സമാധിപോലെ ഞാൻ ഉറച്ച മനസ്സോടുകൂടി അധോമുഖനായിട്ടുതന്നെ ഇരുന്നു. ബുദ്ധിമാനായ വൈദ്യർക്ക് എന്റെ വിഷമം എന്തെന്നു മനസ്സിലായി. "കൊച്ചിക്കാ, എടുത്തു വായന തുടങ്ങൂ" എന്നു വൈദ്യർ മകളോട് ആജ്ഞാപിച്ചു. അവരെടുത്ത് "ശ്രീരാമരാമ രാമ" എന്നങ്ങോട്ടു വായനയും തുടങ്ങി. സാവേരിയായിരുന്നു രാഗം. ഏഴെട്ടു ശീലുകൾ വായിച്ചു, രാഗമൊന്നു മാറി. അതിനു മുമ്പ് ആ രാഗം ഏതു് ഇന്ന രാഗമാണെന്നുള്ള തിരിച്ചറിവോടുകൂടി ഞാൻ കേട്ടിരുന്നില്ല. മുഖാരിരാഗത്തിലായിരുന്നു ആ വായനയെന്ന് എട്ടു പത്തു ദിവസം കഴിഞ്ഞ ശേഷമേ എനിക്കു മനസ്സിലായുള്ളൂ. എന്തിനു വിസ്തരിക്കുന്നു.

"നാണമെന്നിയേ മുടാ നാവിന്മേൽ നടനംചെ-
യ്യേണാങ്കാനനേ യഥാകാനനേ ദിഗംബരൻ"

എന്ന കവി വാണിമാതാവിനോടു പ്രാർത്ഥന ചെയ്യുന്ന വരികളിലെത്തി. അനന്തരം ഞാൻ വായിക്കണമെന്നുള്ള നിർബന്ധം വൈദ്യരുംകൂടി തുടങ്ങി. നിവൃത്തിമില്ലാതെ പുസ്തകം വാങ്ങി കണ്ണുനിറഞ്ഞുമായ ശബ്ദത്തോടുകൂടി അസംസ്കൃതസാവേരിരാഗത്തിൽ ഞാൻ വായന തുടങ്ങി.

എന്റെ വായന കേട്ട് സകലരുടേയും മുഖത്തു നിന്ന് ഓരോതരം മന്ദഹാസങ്ങൾ പുറപ്പെട്ടു. സംസ്കൃതങ്ങളായ പല പല രാഗങ്ങളിൽ രാമായണംവായന കേട്ട് പരിചയിച്ച അവരുടെ കണ്ണുകളിൽ എന്റെ പ്രാകൃത രാഗം ചെന്നു മുഴങ്ങിയപ്പോൾ അവക്ക് എന്നെക്കുറിച്ചുണ്ടായ അവജ്ഞ എന്തായിരിക്കുമെന്ന് അതിന്റെ ആഴംവരെ കാണ്മാൻ എനിക്ക് അന്ന് കഴിഞ്ഞിരുന്നില്ല.

മുൻ ചൊന്ന വരികളുടെ അർത്ഥം അറിയാമോ എന്ന വൈദ്യൻ എന്നോട് ചോദിച്ചു. അറിഞ്ഞുകൂടെന്നു ഞാൻ പറഞ്ഞതു കേട്ടുകൊണ്ട് തിരിഞ്ഞു മകളെ നോക്കി "നിനക്കു പറയാമോ അർത്ഥം?" എന്നു ചോദിച്ചു. മണി മണിയായിട്ട് ഇക്കാവമ്മ അർത്ഥം പറഞ്ഞു് എനിക്കു വിസ്മയം ജനിപ്പിച്ചു. ചുരുക്കിപ്പറയാം. "യഥാ കാനനേ ദിഗംബരൻ" എന്നുള്ള ഉപമയുടെ ഭംഗി വൈദ്യൻ അന്നു വർണ്ണിച്ചതു് ഇന്നും ഞാൻ ഓർക്കുന്നുണ്ടു്. വൈദ്യൻ അന്നു വർണ്ണിച്ചതുപോലെയല്ല ഇന്നെനിക്ക് അതിനെ വർണ്ണിക്കുവാൻ തോന്നുന്നതു്. നഗ്നനായ ഒരു വനു കാട്ടിൽ നടക്കുവാൻ ലജ്ജിച്ചിട്ടാവശ്യമില്ലല്ലോ എന്നുള്ള വഴിക്കായിരുന്നു വൈദ്യരുടെ അർത്ഥപ്രവചനം പോയതു്. ദിഗംബരമൂർത്തിയുടെ ഉദ്യാനനൃത്തത്തെയാണു് കവി ഉപമാനമാക്കിയതെന്നുള്ളതിനു സംശയമില്ല. നടരാജമൂർത്തി ദിഗംബരനായി (നഗ്നനായി) നൃത്തം ചെയ്യുന്നതിനെ അനുകരിക്കുവാൻ ഇന്നത്തെ നൃത്തവിദഗ്ധനായ ഗോപീനാഥനു പോലും സാദ്ധ്യമാണെന്നു തോന്നുന്നില്ല.

"അടങ്ങാതന്തിക്കണിയലർശരരിപുസാമി നടനം
തുടങ്ങുമ്പോൾ നോക്കി സരസമഥ കൊണ്ടാടുമവളെ,

മടങ്ങാതെപ്പോഴും നവരസമൊലിക്കുന്ന മിഴിയാൽ
കൊടുങ്ങല്ലൂരമ്മേ! കുശലമടിയങ്ങൾക്കു തരണേ."

എന്നുള്ള കൊടുങ്ങല്ലൂർ, കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പദ്യം ഈ സന്ദർഭത്തിൽ എന്റെ ഓർമ്മയിൽ വന്നടിച്ചുപോകുന്നു. ആ നടരാജദിഗംബരനൃത്തം പാർവ്വതീദേവിയുടെ മുമ്പിൽ നിന്നു നടത്തുന്ന ശ്രീപരമേശ്വരനേയും, ആ നൃത്തം "നവരസമൊലിക്കുന്ന മിഴി"കളോടുകൂടി നോക്കിനിന്നു രസിക്കുന്ന ശ്രീപാർവ്വതിയേയും ധ്യാനിച്ചു പ്രത്യക്ഷപ്പെടുത്തിയാൽ അനുഭ്രതമാകുന്ന ആനന്ദം എങ്ങനെ വിസ്തരിക്കേണ്ടു എന്നു് എനിക്കു് അറിഞ്ഞുകൂടാ. പക്ഷേ ആ നൃത്തത്തെയാണു് ഉപമാനമാക്കിയതെന്നു് അന്നു് എനിക്കു് അറിഞ്ഞുകൂടായിരുന്നു.

ഇക്കാവമ്മയുടെ അർത്ഥപ്രവചനം കേട്ടു് എനിക്കുണ്ടായ ബുദ്ധിക്ഷയം എന്റെ ആത്മാഭിമാനത്തെ ഉണർത്തി. ഇക്കാവമ്മയ്ക്കു് എന്നെക്കാൾ നാലു വയസ്സിന്റെ പ്രായക്കൂടുതൽ ഉണ്ടായിരുന്നു. എന്റെ ഗുരുനാഥയുമായിരുന്നു. എങ്കിലും ഇക്കാവമ്മ ഒരു സ്ത്രീയും ഞാനൊരു പുരുഷനും ആയിരുന്നുകൊണ്ടു് ഇങ്ങനെയൊരു സന്ദർഭത്തിൽ വച്ചു് ഒരു പരിഭ്രമി എനിക്കുണ്ടായല്ലോ എന്നുള്ള വിചാരം എന്റെ ഹൃദയത്തിൽ വലിയ വേലിയേറ്റം ഉണ്ടാക്കുകയാൽ അന്നു് അർദ്ധരാത്രിയാകുംവരെ എനിക്കു് ഉറക്കം ഉണ്ടായില്ല. പ്രഭാതത്തിൽ ആ വീട്ടിലുള്ളവരിൽ ആരുംതന്നെ ഉണരുംമുമ്പെ ഞാൻ ഉണർന്നു വീട്ടിലേയ്ക്കു പുറപ്പെട്ടു. എന്റെ അച്ഛന്റെ ഭാഗിനേയനായിട്ടു് കുഞ്ചുനായർ എന്നൊരു സരസനായ സംസ്കൃതപണ്ഡിതനുണ്ടായിരുന്നു. അദ്ദേഹവും ക്രൂടി അന്നു വീട്ടിൽ താമസമായിരുന്നു.

ഞാൻ വീട്ടിൽ ചെന്ന ഉടനെ രാമായണം എടുത്തു് അന്നു വായിക്കേണ്ട ഭാഗം മുഴുവൻ വായിച്ചുനോക്കി. എനിക്കു് അർത്ഥം അറിഞ്ഞുകൂടാത്ത വാക്കുകളുടേയും വരികളുടേയും അർത്ഥം കുഞ്ഞിനാശാനോടു ചോദിച്ചു വളരെ വിശദമായി മനസ്സിലാക്കി. അന്നു രാത്രി വായന കഴിഞ്ഞു് അർത്ഥം പറയാൻ തുടങ്ങിയപ്പോൾ വായന യിൽ എനിക്കു പരാജയമായിരുന്നു എങ്കിലും, അർത്ഥം പറഞ്ഞപ്പോൾ എനിക്കു വിജയം തന്നെ ലഭിച്ചു. വൃശ്ചികമാസം അവസാനിച്ചപ്പോൾ രാമായണം കിളി പ്പാട്ടിലെ ഏതു ഭാഗമെടുത്തു വായിച്ചാലും ഒരു ക്രസലും ക്രൂടാതെ അർത്ഥം പറയാനുള്ള പാടവം എനിക്കുണ്ടായി ത്തീർന്നു. ആ വിഷയത്തിൽ ഇക്കാവമ്മയേയും വൈദ്യ രെപ്പോലും തോല്പിക്കുതന്നെ ചെയ്തു. എങ്കിലും വായന യിൽ അവരെ ആരെയും തോല്പിക്കാൻ കഴിഞ്ഞില്ല. സാഹിത്യഗ്രന്ഥപാരായണത്തിലേയ്ക്കും, സ്രാഹിത്യപരി ശ്രമത്തിലേയ്ക്കും എന്നെ തിരിച്ചുവിട്ട ആ വൃശ്ചികം ഒന്നാംതീയതി സന്ധ്യയിലെ സംഭവം ഞാനെങ്ങിനെ യാണു മറക്കുക?

S.S.L.C. Examination.

I

പാർത്ഥസാരഥിയായ ശ്രീകൃഷ്ണൻ

[ആധുനിക മലയാളഭാഷയുടെ മിക്ക പ്രവർത്തകകളുടേയും ഉല്പത്തിസ്ഥാനമായ മഹാകവി തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛന്റെ ജനനസ്ഥലം മലബാർജില്ലയിലെ പൊന്നാനിത്താലൂക്കിലുള്ള തൃക്കണ്ടിയൂർ അംശവും, ജീവിതകാലം ഉദ്ദേശം കൊല്ലം ൭൦൦-നും ൭൭൩-നും (എ. ഡി. ൧൭൭൫-നും ൧൮൫൩-നും) ഇടയ്ക്കുമാണ്. കിളിപ്പാട്ടുപ്രസ്ഥാനത്തേയും, തനിക്കു മുമ്പുതന്നെ ജനിച്ചിരുന്ന മണിപ്രവാളഭാഷാരീതിയേയും പൂർവ്വാധികം പ്രചരിപ്പിച്ച് മലയാളത്തിന് തമിഴിന്റെ പിടിയിൽ നിന്ന് ശാശ്വതമായ സ്വാതന്ത്ര്യം അദ്ദേഹം നേടിക്കൊടുക്കുകയുണ്ടായി. എഴുത്തച്ഛൻ ക്ലാസ്സിക്ക്, അഥവാ യഥാസ്ഥിതികപ്രസ്ഥാനത്തിൽ പെട്ട ഒരു കവിയാണ്. ജിജ്ഞാസയുടെ അഭാവം, പഴയ സാഹിത്യമാതൃകകളോടുള്ള പ്രതിപത്തി, പ്രതിപാദനരീതിയെ മുൻനിർത്തിയും വിഷയത്തിന്റെ തിരഞ്ഞെടുപ്പിൽ പുതിയതിനോട് അലസത കാണിച്ചുമുള്ള സാഹിത്യനിർമ്മാണം, പ്രകൃതിയെക്കാൾ അധികം മനുഷ്യനിൽ താല്പര്യം, മനുഷ്യന്റെ സാദ്ധ്യതകൾ പരിമിതമാണെന്നുള്ള ബോധം, പ്രസാദം, സാർവ്വത്രികമായ തരം കഥാപാത്രങ്ങളുടേയും, സർവ്വത്ര കാണാവുന്ന വികാരങ്ങളുടേയും വർണ്ണനം, ആത്മനിയന്ത്രണം, ഭീപ്രതീതിയിലേയ്ക്കുള്ള പോക്ക് മുതലായവയാണ് ക്ലാസ്സിക്കുപ്രസ്ഥാനത്തിലെ കവികളുടെ സഹജവിശേഷങ്ങൾ. കിളിപ്പാട്ടിൽ രചിച്ചിട്ടുള്ള അദ്ധ്യാത്മരാമായണം, മഹാഭാരതം എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ. അത്യന്തമായ പ്രതിഭയും, അതിഗാഢമായ ഈശ്വരഭക്തിയും ഈ കൃതികളിൽ പൊന്തിച്ചുനിൽക്കുന്നുണ്ട്. എ. ഡി. ൧൮-ാംശതാബ്ദം മുതൽക്ക് ൧൯-ാംശതാബ്ദംവരെ ഭാരതത്തിൽ നിലവിലിരുന്നിരുന്ന ഭക്തിപ്രസ്ഥാനത്തിന്റെ പിടിയിൽ പെട്ടിരുന്ന ഒരു ഭേഷമാണ് എഴുത്തച്ഛൻ. അദ്ദേഹം ഒരു മഹാകവി മാത്രമല്ല, ഒരു ആദ്ധ്യാത്മിക

കവി, അഥവാ മതകവി ക്രൂടിയാണ്. തന്റെ ചിന്താഗതി സഭാ മതപരമായിരുന്നാൽ മാത്രമേ—ഇടയ്ക്കിടെ മതകവിതകൾ രചിച്ചാൽ പോരാ—ഒരു കവിക്ക് മതകവിയെന്ന നാമത്തിന് അർഹതയുണ്ടാകുകയുള്ളൂ. ഒരു മതകവി താൻ അനുസരിക്കുന്ന മതത്തിന്റെ സിദ്ധാന്തങ്ങളെയല്ല, പിന്നെയോ, ആ സിദ്ധാന്തങ്ങൾ മാനുഷികഹൃദയങ്ങളിൽ ജനിപ്പിക്കുന്ന ഫലങ്ങളെയാണ് വർണ്ണിക്കേണ്ടത്. ഈ രണ്ട് ഉപാധികളും എഴുത്തച്ഛൻ അനുസരിക്കുന്നതുകൊണ്ട് അദ്ദേഹം ഒരു മതകവിയായി ഭവിച്ചു. മഹാഭാരതയുദ്ധത്തിൽ കർണ്ണനോട് യുദ്ധം ചെയ്യുവാൻ പുറപ്പെട്ട അർജ്ജുനന്റെ സാരഥിയായി പരിലസിച്ച ശ്രീകൃഷ്ണനെ കർണ്ണന്റെ സാരഥിയായ ശല്യർ കർണ്ണനെ വർണ്ണിച്ചു കേൾപ്പിക്കുന്ന ഭാഗമാണ് മുമ്പടെ ചേർത്തിരിക്കുന്നത്. ഇതു വർണ്ണന (Descriptive poetry) എന്ന പദ്യരൂപത്തിന്റെ, അഥവാ പദ്യപ്രസ്ഥാനത്തിന്റെ പ്രശസ്തി എന്ന ശാഖയിൽ ഉൾപ്പെടും]

(അന്നനട)

നിരന്ന പീലികൾ നിരക്കവേ കെത്തി
നെറുകയിൽക്രുട്ടി തിരമൊട്ട കെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾമിന്നിടും മണിക്കിരീടവും
കുനുകുനചിന്നും കുറുനിരതന്മേൽ
നനനനെപ്പൊടിഞ്ഞൊരു പൊടിപററി
തിലകവുമൊട്ട വിയപ്പിനാൽ നന-
ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചു സംഹരി-
ച്ചിളകുന്ന ചില്ലീയുഗളഭംഗിയും
അടിയാരെക്കുറിച്ചൊരു കരുണയും
കഠിനദുഷ്ടരോടെഴുന്ന കോപവും
മുടമൊഴിമാരിൽ വളർന്ന രാഗവും

കലഹംകണ്ടൊരത്ഭുതരസങ്ങളും
ചപലന്മാരോട്ട കലന്ന ഹാസവും
എതിരിട്ടന്നോക്കു ഭയങ്കരത്വവും
പല്വുമിങ്ങനെ നവനവരസ-
മിടയിടക്കുടെക്കലന്ന നേത്രവും
മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയർപ്പുതുള്ളികളം പൊടിഞ്ഞ നാസിക
സുമന്ദഹാസവുമധരശോഭയും
തുളസിയും നല്ല സരസിജങ്ങള-
മിളതായീടിന തളിരുകളുമാ-
യിടകലന്നുടനിളകും മാലകളം
തടയും മുത്തുമാലകളും കൌസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി
പിടിച്ചൊരു കരതലവും കുങ്കുമം
മുഴക്കെപ്പൂശിന തിരുമുമാറും
നിറഞ്ഞ മഞ്ഞപ്പുന്തുകിലും കാഞ്ചികളം
പദസരോരുഹയുഗവുമെന്നുടെ
ഹൃദയംതന്നിലങ്ങിരിക്കുംപോലെയ-
മ്മണിരഥംതന്നിലകം കുളിർക്കവേ
മണിവർണ്ണൻതന്നെത്തെളിഞ്ഞു കണ്ടു ഞാൻ.

II

കേവലമായ ഒരു പ്രണയം

[ഭാഷയിലെ നവീന ഖണ്ഡകാവ്യപ്രസ്ഥാനത്തെ, അതായത് മഹാകാവ്യങ്ങൾക്കു പകരം ലഘുകാവ്യങ്ങൾ രചിക്കുന്നതിനെ, ക്ലാസ്സിക്ക് മാർഗ്ഗത്തിൽ നിന്നു റൊമാൻറിക്ക്, അഥവാ കാല്പനികമാർഗ്ഗത്തിലേക്കു തിരിച്ചുവിട്ട പ്രസിദ്ധ മഹാകവിയായ കുമാരനാശാന്റെ ജനനസ്ഥലം തിരുവിതാംകൂറിലെ ചിറയിൻകീഴ് താലൂക്കിലുള്ള കായിക്കരയും, ജീവിതകാലം കൊല്ലം ഫാർന്ന-മുതൽക്ക് ഫാൻൻ-വരെയും ആണ്. പ്രബലമായ ജിജ്ഞാസ, പുതിയതിനോടുള്ള പ്രതിപത്തി, വിഷയത്തിനു സവ്പ്രാധാന്യം നൽകുക, മനുഷ്യനോടുള്ളതിനേക്കാൾ അധികം പ്രകൃതിയോടു താല്പര്യം, മനുഷ്യന്റെ സാഭ്യുതകൾക്കു സീമയില്ലെന്നുള്ള ബോധം, കലുഷമായ പ്രതിപാദനം, ഏറിയകൂറും വിശേഷവ്യക്തികളുടെയോ അസാധാരണങ്ങളായ വികാരങ്ങളുടെയോ വർണ്ണനം, ആത്മനിയന്ത്രണത്തിന്റെ കുറവ്, വികാരതീക്ഷ്ണത, ശാലീനരീതിയിലേക്കുള്ള പോക്ക് മുതലായവയാണ് കാല്പനികപ്രസ്ഥാനത്തിന്റെ സഭാവവിശേഷങ്ങൾ. നമ്മുടെ ചിന്തയേയും വികാരത്തേയും ഒന്നുപോലെ ശക്തിപൂർവ്വം തട്ടിയുണർത്തുവാൻ പ്രത്യേക പാടവമുള്ള ഒരു മഹാകവിയാകയാൽ കുമാരനാശാനെ ഭാഷയിലെ റീയലിസ്റ്റിക്ക്, അഥവാ സാദൃശ്യാത്മകപ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാളായും പരിഗണിക്കാം. ജീവൽസാഹിത്യപ്രസ്ഥാനത്തിലെ ഉപജ്ഞാതാക്കളിൽ അഗ്രഗണ്യനായും അദ്ദേഹത്തിനു ഭാഷാസാഹിത്യലോകത്തിൽ ഒരു പ്രധാന സ്ഥാനമുണ്ട്. 'ദുരവസ്ഥ', 'ചണ്ഡാലഭിക്ഷുകി' എന്ന രണ്ടു കൃതികൾ രചിച്ചതിനാലാണ് അദ്ദേഹം ജീവൽസാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളിൽ മുഖ്യനായി ഭവിച്ചത്. ജീവൽസാഹിത്യത്തിന്റെ ലക്ഷണങ്ങളെ പിന്നീട് വിവരിക്കുന്നതാണ്. പ്രണയവർണ്ണനത്തിൽ ആശാനോടു കിടനിൽക്കുന്ന ഭാഷാകവികൾ വളരെ ദുർല്ലഭമാണ്. ആശാന്റെ പ്രധാന കൃതികൾ നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത, കരുണ എന്നിവയാണ്. നളിനിയിൽ നിന്നാണ് ചുവടെ ചേർത്തിരിക്കുന്ന ഭാഗം എടു

ത്തിട്ടുള്ളതു്. തന്റെ പ്രണയം അറിയാതെ വനത്തിൽ പോയി സന്യസിച്ച ഭിവാകരനെ, അതിനു ശേഷം സന്യസിച്ച വനത്തിൽ സഞ്ചരിക്കുമ്പോൾ നളിനി കണ്ടുമുട്ടുന്നു., അപ്പോൾ താൻ അവളെ ഒരു പരിചാരികയായി പോലും സ്വീകരിക്കുന്നതല്ലെന്നു് ഭിവാകരൻ അവളെ ധരിപ്പിക്കുന്നു. ഇതു കേട്ടപ്പോൾ ഉണ്ടായ കഠിനമായ ദുഃഖത്താൽ ബോധം കെട്ടുവീണ നളിനിയെ ഭിവാകരൻ എടുത്തു തന്റെ തോളിൽ കിടത്തിയതിനു ശേഷം അദ്ദേഹം വിലപിക്കുന്ന ഭാഗമാണു് ഇവിടെ ഉദ്ധരിക്കുന്നതു്. ഇതു് ആത്മഗീതം (Lyric) എന്ന പദ്യരൂപത്തിന്റെ വിലാപം എന്ന ശാഖയിൽ ഉൾപ്പെടും]

ഓമലാംമുഖമതീന്നു നിർഗ്ഗമി-
'ച്ചേ'മിതിശ്രുതി നിഗ്രഹവൈഖരീ;
ധാമമൊന്നുടനയന്നു മിന്നൽപോൽ
രമ്യാമമണ്ഡലമണഞ്ഞു മാഞ്ഞുതേ. ക

ക്ഷീണയായ് മിഴിയടച്ചു, നിശ്ചല-
പ്രാണയായുടനവന്റെ തോളതിൽ
വീണു, വായു വിരമിച്ച കേതുവിൽ
താണുപറ്റിയ പതാകപോലവൾ. ഖ

ഞെട്ടിയൊന്നകമുലഞ്ഞു സംയമം
വിട്ടു വീർത്തു നെടുതായ് മഹായമി
പട്ടിടഞ്ഞ തനുതന്റെ മേനി വേർ-
പെട്ടിടാഞ്ഞു ബത! ശങ്ക തേടിനാൻ. ന

സ്തബ്ധമായ് ഹൃദയ,മേറി ഭാരമ-
പ്പുഷ്പഹാരമുടനെയ് തണുത്തുപോയ്,
സൂചിയല്ല, ലയമല്ല, യോഗമ-
ല്ലപ്പൊഴാന്നതവളെന്നറിഞ്ഞവൻ. ഴ

എന്തു സംഭവേ? മിതെന്തു ബന്ധ? മി-
ങ്ങെന്തു ഹേതു? വിതിനെന്തൊരത്ഥമൊ!
ഹന്ത! കമ്മഗതി! ബാലയെന്നെറ ബാ-
ഹാന്തരം ചരമശയ്യയാക്കിനാൾ! ഭ

സ്നേഹഭാജനതയാന്ന വൃത്തിതിൽ
ദേഹമിങ്ങിനെ വെടിഞ്ഞു പാററപോൽ
മോഹമാന്ന പരമാം മഹസ്സഹോ
മോഹനാംഗി തഴകിക്കഴിഞ്ഞിവൾ. ന്ന

ആരറിഞ്ഞു തനുഭൃത്തുകൾക്കു നി-
സ്സാരമേവമസുബന്ധമെന്നഹോ!
നാരി! നിന്നിളവയസ്സിതേതു? വൃ-
ത്താരിയന്ന പരിപാകമേതയേ! ൈ

ഞെട്ടറുന്ന മലരും തുണാഞ്ചലം
വിട്ടിടുന്ന ഹിമബിന്ദുതാനുമേ
ഒട്ടു ദുഃഖമിയലാം, വപുസ്സു വേ-
റിട്ട നിൻസുഖമഹോ കൊതിക്കിലാം. വ്വ

ഹന്ത! സാധു, മധുരീകരിച്ചു നീ
സ്വന്ത മൃത്യു സുകുമാരചേതനെ!
എന്തുനാണമിയലാം ഭവജ്ജിതൻ
ജന്തുഭീകരകരൻ ഖരൻ യമൻ? ൻ

ജാതസൌഹൃദമുറങ്ങുവാൻ സ്വയം-
ജാത തള്ളയുടെ മാറണഞ്ഞപോൽ
നീ തുനിഞ്ഞു നിരസിച്ചിരിക്കിൽ ഞാ-
നേതു സാഹസികനാമഹോ! പ്രിയേ! ഫ്ര

ത്യാഗമേവനു വരും സമഗ്രമീ
ഭോഗലോഭനജഗത്തിലെന്നുമേ,
വേഗമിന്നതു വെടിഞ്ഞു ഹാ! മഹാ-
ഭാഗയാം നളിനി! ധന്യതന്നെ നീ! ൧൧

ഉത്തമേ! വിഗതരാഗനാകുമെ-
ന്നുൾത്തടത്തെയുമുലച്ചു ശാന്ത നീ;
ഇത്തരം ധരയിലെങ്ങു ശുദ്ധമാം
ചിത്തവും മധുരമായ ഭാവവും? ൧൨

നേരു, ശൈശവമതിക്കലന്നു, നിൻ-
ഭ്രീരിയാം ഗുണമറിഞ്ഞതില്ല ഞാൻ;
കോരകത്തിൽ മധുവെന്നപോലെയും-
ത്താരിൽ നീ പ്രണയമാന്നിരുന്നതും. ൧൩

ഇന്നഹോ! ചിരസമാഗമം സ്വയം
തന്ന ദൈവഗതിയെത്തൊഴുന്ന ഞാൻ
എന്നുമല്ലുനുതപിച്ചിടുന്നു, തേൻ-
വെന്ന നിന്മൊഴികൾ നിന്നുപോകയാൽ. ൧൪

ബദ്ധരാഗമിഹ നീ മൊഴിഞ്ഞൊരാ-
ശുദ്ധവാണി വനവായുലീനമായ്,
ശുദ്ധയാന്തിനെയാസപ്പിച്ചു ഹാ!
സിദ്ധസന്തതി സുഖിക്കുമോമലേ! ൧൫

നീലവിൺനടുവുറച്ചു ഭാനു, കാ-
ണ്മീല കാട്ടിലുമനക്കമൊന്നിനും;
ബാല നീ ത്തുടുതി പൊങ്ങുമീക്കിനാൽ
കാലചക്രഗതി നിന്നുപോയിതോ? ൧൬

മാനസം പരിപവിത്രമായി നിൻ-
ധ്യാനയോഗ്യചരിതം സ്മരിച്ചയേ!
ജ്ഞാനി നീ ഭവതി സിദ്ധിയാന്നൊരെൻ-
മേനിയും മഹിതതീർത്ഥഭൂമിയായ്. ഫ്ര

III

വഷ്കാലം

[മലയാളഭാഷ ചെന്തമിഴിനും സംസ്കൃതത്തിനും അടിമപ്പെട്ടിരിക്കുമ്പോൾ മികച്ച ഭാഷാഭിമാനത്തോട് അതിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ഇദംപ്രഥമമായി പ്രയത്നിച്ച മഹാകവിയാണ് ചെറുശ്ശേരി ശങ്കരൻനമ്പൂതിരിപ്പാട്. അദ്ദേഹം ജനിച്ച ഇല്ലത്തിന്റെ പേര് ചെറുശ്ശേരിഇല്ലമെന്നും, അദ്ദേഹത്തെ ദത്തെടുത്ത ഇല്ലത്തിന്റെ നാമം പൊനത്തിലില്ലം എന്നും ആയിരുന്നു. കൃഷ്ണഗാഥ, ചെറുശ്ശേരിഭാരതം എന്നീ കൃതികളുടെ കർത്താവായ ഇദ്ദേഹത്തിന്റെ ജനനസ്ഥലം മലബാർജില്ലയിലെ ചിറയ്ക്കൽതാലൂക്കിലുള്ള പള്ളിക്കുന്ന് അംശത്തിലെ കാനത്തൂരു ഗ്രാമമാണ്. കൊല്ലം ന്യൂഫ മുതൽക്ക് ന്യർറ വരെ (എ. ഡി. ഫർർന്ന മുതൽക്ക് ഫർന്നൂ വരെ) കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മൻ കോലത്തിരിയുടെ സമകാലീനനായിരുന്ന ചെറുശ്ശേരിനമ്പൂരിപ്പാട്. ക്ലാസ്സിക്ക്, അഥവാ യാഥാസ്ഥിതികപ്രസ്ഥാനത്തിൽ പെട്ട ഒരു കവിയാണു ചെറുശ്ശേരി. അദ്ദേഹത്തിന്റെ ഉത്തമകൃതിയായ കൃഷ്ണഗാഥയിലെ, അഥവാ കൃഷ്ണപ്പാട്ടിലെ കവിതാരീതി അക്ലിഷ്ടവും സരസവും ആയ രീതിക്കു മകുടോദാഹരണമാകുന്നു. ഭാഷാസാഹിത്യത്തിൽ മനോധർമ്മവികാസത്തിനും, അർത്ഥാലങ്കാരപ്രയോഗചാതുര്യത്തിനും ചെറുശ്ശേരിയോട് കിടനിൽക്കുന്ന മറെറാരു കവി

ഉണ്ടെന്ന തോന്നുന്നില്ല. ചുവടെ ഉദ്ധരിച്ചിരിക്കുന്ന വർഷകാലവർണ്ണനം കൃഷ്ണഗാഥയിൽ നിന്ന് എടുത്തിട്ടുള്ളതാണ്. ഈ ഭാഗം വർണ്ണനം എന്ന പദ്യരൂപത്തിന്റെ ഗോപകാവ്യം (Pastoral) എന്ന ശാഖയിൽ ഉൾപ്പെടും]

(മഞ്ജരി)

മേചകകാന്തി കലർന്നു തുടങ്ങീതേ
മേഘങ്ങളെല്ലാമേ മെല്ലെ മെല്ലെ,
വല്ലവീവല്ലഭൻതന്നുടെ കാന്തിയെ
വെല്ലേണമെന്നുടൻ ചിന്തിച്ചിട്ടോ?
ഡംബരമുണ്ടു മുഴങ്ങിത്തുടങ്ങീത-
ങ്ങംബരം തന്നിലേ മെല്ലെ മെല്ലെ;
അംബുജജാലങ്ങളംബുധിതന്നിലു-
മംബരം തന്നിലും മേവിനിന്നു.
ഹാസങ്ങളം മെല്ലവേ പാഞ്ഞുതുടങ്ങിതേ
കംസൻ തൻജീവിതമെന്നപോലെ.
പാരിച്ചുനിന്നൊരു പേമഴ തൂകീട്ടു
പാരിടമെങ്ങുമേ മുങ്ങിക്കുടി.
വർഷത്തെക്കണ്ടുള്ള കർഷകന്മാരെല്ലാം
ഹർഷത്തെപ്പൂണ്ടു തുടങ്ങീതെങ്ങും.
കൂമ്പുതുടങ്ങിന മച്ചകമോരോന്നി-
ലിമ്പമുതുടങ്ങി പലക്കുമപ്പോൾ,
പച്ചോടമില്ലാഞ്ഞിട്ടംചൂടുമുണ്ടായി
പിച്ചയായുള്ളോന്നിക്കാലലീല.
ചീർത്തുള്ള മേഘത്തിൻചാർത്തു പരന്നപ്പോൾ
മാർത്താണ്ഡബിംബം മറഞ്ഞുപോയി.
മായയിൽ മൂടിന മാനസം തന്നിലെ
ജ്ഞാനം മറഞ്ഞങ്ങു പോകുംപോലെ.

നീപങ്കം പൂത്തതു കണ്ടോരു വണ്ടുകൾ
നീളവേ പാഞ്ഞുതുടങ്ങി തന്നിൽ.
നന്മ കുറഞ്ഞോരു നെന്മേനി വേണ്ടീല-
യുന്മേഷമാണ്ടുള്ളോക്കെന്നേയുള്ളൂ.
ബാധകനായോരു വാതം വരുന്നേരം
വാതലടച്ചു തുടങ്ങീതെങ്ങും
ജാളൃമാണ്ടിങ്ങനെ പോരുന്നോരെങ്ങുമേ
മാന്യരായെന്നുമേ വന്നുകൂടാ.

IV

ഒരു മഴത്തുള്ളി

[ഇന്നു ജീവിച്ചിരിക്കുന്ന പ്രസിദ്ധരായ ഭാഷാമഹാകവികളിൽ ഒരാളും, ഒരു കേരളവിദ്വാനും സാഹിത്യഗവേഷകനുമാണ് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ. ഇദ്ദേഹത്തിന്റെ ചില കൃതികൾ ക്ലാസ്സിക്ക്, അഥവാ യഥാസ്ഥിതികപ്രസ്ഥാനത്തിലും, മറ്റു പലതും റൊമാൻറിക്ക്, അഥവാ കാല്പനികപ്രസ്ഥാനത്തിലും ഉൾപ്പെട്ടും. ഉമാകേരളം, പിംഗള, കല്ലോലിനി, ഭക്തിദീപിക, കിരണാവലി, താരഹാരം, തരംഗിണി, മണിമഞ്ജൂഷ, ഹൃദയകൌമുദി മുതലായവയാണ് ഇദ്ദേഹത്തിന്റെ പ്രധാന കൃതികൾ. താരഹാരത്തിലുള്ളതും കാല്പനികപ്രസ്ഥാനത്തിൽ പെട്ടതുമായ "ഒരു മഴത്തുള്ളി" എന്ന കവിതയുടെ പ്രഥമഭാഗത്തിൽനിന്നു തിരഞ്ഞെടുത്ത ശ്ലോകങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നതു്. ഇതു് ആത്മഗീതം എന്ന പദ്യരൂപത്തിന്റെ ഗീതം (Ode) എന്ന ശാഖയിൽ ഉൾപ്പെട്ടും. ഒരു ഏകഭാവത്തെ ആസ്പദിച്ചു രചിച്ചിട്ടുള്ള ആത്മഗീതമാണ് ഗീതം]

അതാ! പതിക്കുന്നു വിയത്തിൽനിന്നും—
അന്യായം—ആലംബനമാരുമെന്യേ,
കാലപ്പകർച്ചയ്ക്കുടിപെട്ട, ഹാഹാ!
കല്യാണമെയ്യാളുമൊരംബുബിന്ദു. ൧

വാനത്തു തൂവെൺമുഴുമുത്തുപോലേ
സചേതനാസേചനകത്വമേന്തി,
ലസിച്ചൊരീയോമനയെച്ചവിട്ടി-
ത്താഴത്തു വീഴ്ത്താൻ കഴലാക്കുയന്നു? ൨

നീയാരു? സന്താനമരത്തിൽനിന്നു
ഞെട്ടറ്റു വീഴും മലർമൊട്ടുപോലെ;
മന്ദാകിനീസൈകതഭൂവിൽനിന്നു
പതിക്കുമന്നച്ചെറുമുട്ടപോലെ; ൩

വിധാതൃയാനദ്വിജചഞ്ചു വിട്ട
സിതാംബുജസ്വാദുമൃണാളിപോലേ;
ശക്രന്റെ കൊറ്റക്കുടയിങ്കൽനിന്നു
തെറിച്ച വൈരക്കുളിർചില്ലുപോലെ; ൪

സ്ഥാനംപിഴച്ചംബരവീഥി വിട്ട
താഴത്തിറങ്ങും പുതുതാരപോലേ;
പുണ്യക്ഷയത്തിൽ ത്രിദിവം ത്യജിച്ച
ഭൂലോകമെത്തും സുമനസ്സുപോലെ; ൫

വരുന്നു? പക്ഷേ കുളിർതെന്നലേന്തും
വാനാറുനീറിൻകണതല്ലജം നീ;
അതല്ലയെന്നാൽ മദമാന്നു നില്പൂ-
മൈരാവതത്തിൻകരശീകരം നീ; ൬

മധുവ്രതാസ്വാദിതശിഷ്ടമാകും
മന്ദാരമാധ്വീകണികാവതംസം;
പൗലോമിതന്മേൽ സഖിമാർ തളിക്കും
ഗന്ധർവ്വാംഭഃപ്പുഷ്പതപ്രകാണ്ഡം; ൯

വാചസ്പതിക്കായ് ശതമന്യു നൽകും
പാദ്യാംബുവിൻ പാവനമായ ബിന്ദു;
സ്വർഗ്ഗസ്ഥപീയൂഷഘടത്തിൽനിന്നു
തുള്ളിത്തുളുമ്പാൻ തുനിവാന്ന തുള്ളി. വ

[കൂളകം]

അല്ലല്ല! നീരാട്ടുകഴിഞ്ഞു തോത്തി-
യാശാംഗനത്തയുലഴിച്ചുലയ്ക്കു
കോടക്കരിങ്കാർകുഴലിങ്കൽനിന്നു
ചെറിറു വീഴും ചെറുനീർക്കണം നീ. ൻ

ഭവാനെയും സോദരരേയുമോമൽ-
കാദംബിനീകാമിനി, തൻവയറ്റിൽ
ചുമന്നുകൊണ്ടെത്ര ദിനങ്ങളം വാണു
സുപവ്പാഭാങ്കിതമാം നഭസ്സിൽ! ഫം

.....

തായയ്ക്കു ഗർഭം പരിപൂർണ്ണമായി;
കുട്ടിക്കിടാവിൻജനനം കഴിഞ്ഞു;
അത്തറ്റിൽ നാം കാണൊരു കാഴ്ചയേതോ
സന്താനഗോപാലകഥാപ്രഭേദം! ഫഫ

സഞ്ജാതമാത്രങ്ങളം കിടാങ്ങളെങ്ങും
താഴോട്ട താഴോട്ട പതിച്ചിടുന്നു;
ഇല്ലൊററയുണ്ണിക്കുമിരിപ്പു വാനിൽ:—
ഈററില്ലമേ! നിൻനില ശൂന്യശൂന്യം!! ഫവ

മീന്നൽപ്പിണർക്കാപ്പണിയും കരങ്ങ-
ളെങ്ങോട്ടു നീട്ടുന്ന പയോദമാലേ!
നിന്മക്കളം പൊയ്പ്പോയി; നിനക്കു കാലം
സപ്തസപാടച്ചുരമായ് ച്ചമഞ്ഞു!! ൧൩൫

.....

ജന്മക്ഷണത്തിൽ ജനയിത്രിയാളെ-
പ്പിരിഞ്ഞു നക്ഷത്രപഥത്തിൽനിന്നും
അധഃപതിക്കുന്ന കിടാങ്ങളം നിങ്ങളം,
മദ്വത്സരേ! മദ്ധ്യമലോകപാന്ഥർ. ൧൩൮

തലോടുവാനും,ണ്ടമരർഷികളംകും,
താരാട്ടു പാടാൻ സുരനാരിമാക്കും,
അമ്മിഞ്ഞ നൽകാൻ സുരഭിക്കുമാശ;
ഹാ! നിങ്ങളത്രയ്ക്കഭിജാതരുപർ! ൧൩൯

അതെന്തിനോത്രുന്നു? മുഴങ്ങിടട്ടേ-
യാക്രന്ദനം നിഷ്ഫലമംബരത്തിൽ;
ഇല്ലില്ല നിങ്ങളംക്കുമിവക്കുമോക്കി-
ലിതഃപരം ലേശമുണാനുബന്ധം. ൧൪൦

സഹിക്കയില്ലിഗ്ഘനപുത്രശോകം
കാദംബിനിത്തയ്യൽ; കൂറേക്കഴിഞ്ഞാൽ
ദിങ്നാരിമാർതൻനിടിലത്തിൽനിന്നാ-
ക്കസ്തൂരികപ്പൊട്ടു മറഞ്ഞുപോകും. ൧൪൧

V

ശ്രീകൃഷ്ണനും യശോദാനന്ദനും

[ചെറുശ്ശേരിയുടെ വർണ്ണനങ്ങളിലുള്ള തന്മയത്വവും ഹൃദയംഗമത്വവും നല്ലപോലെ കാണിക്കുന്ന ഒരു ഭാഗമാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്. ഗോകുലത്തിൽനിന്നുള്ള പ്രവാസവും മഥുരയിലുള്ള നിവാസവും കൊണ്ടു തനിക്കുണ്ടായ വിയോഗവേദനയെ കുമാരനായ കൃഷ്ണൻ ഈ ഭാഗത്തിൽ നന്ദഗോപരെ ധരിപ്പിക്കുന്നു. ഇതു് ആഖ്യാനം (Narrative poetry) എന്ന പദ്യരൂപത്തിൽ ഉൾപ്പെട്ടതു്]

(മഞ്ജരി)

അമ്മയ്ക്കു നൽകുവാൻ ചെമ്മുള്ള ചേലകം
നന്ദനൻ കൈയ്യിലേ നൽകിച്ചൊന്നാൻ:
"നൽച്ചേല നാലുമെന്നമ്മ തൻ കൈയ്യിലേ
ഇപ്പുയിൽ നൽകേണമിന്നതന്നെ.
എന്നമ്മ തന്നോടു ചൊല്ലേണം പിന്നെ നീ
എന്നെ മറക്കൊല്ലായെന്നിങ്ങനെ.
പാൽവെണ്ണയുണ്ണാഞ്ഞു വേദനയുണ്ടുള്ളിൽ
പാരമെനിക്കെന്നു ചൊൽക പിന്നെ.
വെണ്ണയും പാലുമിങ്ങാരാനും പോരുന്നോ-
രുണ്ടെങ്കിൽ മെല്ലേ വരുത്തവേണം
വാഴപ്പഴങ്ങളും വണ്ണം തിരണ്ടവ
കേഴവനല്ലായ്കിലെന്നു ചൊൽവൂ;
ചിറ്റാടയുണ്ടു ഞാൻ പെട്ടകം തന്നുള്ളിൽ
മറ്റാരും കാണാതെ വച്ചുപോന്നു,

ഊനപ്പെട്ടില്ലല്ലീയെന്നതേ ചിന്തിച്ചു
ദീനമാകുന്നതെന്മാനസത്തിൽ.
മഞ്ഞരം പിഴിഞ്ഞൂള്ള ക്രൂരകളൊന്നുമേ
മങ്ങാതെ മാനിച്ചുകൊള്ളുണം നീ.
വെറിലതിന്ന ചൊരുക്കിന നേരത്തു
തെറ്റെന്നു പൂട്ടവാൻ ചെന്നേനല്ലോ
ക്രൂലിയായന്നതിനമ്മ താൻ നൽകിന
ചേലയും മാലുറുപോകല്ലാതെ
പിള്ളരേ നള്ളിനാനെന്നങ്ങു ചൊല്ലീട്ട
പീലികൊണ്ടെന്നെയടിച്ചാളമ്മ
കേണുകൊണ്ടന്നു വഴക്കായിപ്പോയി ഞാൻ
ഊണിന്നു വാരാതേ നിന്നനേരം
തെണ്ടുമായെന്നതിനന്നു നീ നൽകിന
കണ്ടിക്കഞ്ചേല മറക്കൊല്ലാതെ
പൊങ്ങിനോരംശം പുലമ്പി നിന്നീടുന്ന
കിങ്ങിണിയെങ്ങാനും വീഴൊല്ലാതെ
പാവകളൊന്നുമേ പാഴായിപ്പോകാതെ
പാലിച്ചുകൊള്ളേണം പാരാതെ നീ,
ചേണുറുനിന്നുള്ളോരോണവില്ലൊന്നുമേ
ഞാണുറു പോകല്ലാ ഞാൻ വരുമ്പോഴം."

VI

ബാലിയും രാവണനും

[രസപുഷ്ടികൊണ്ട് ഭാഷയിലെ ആട്ടക്കഥകളുടെ മുന്നണിയിൽ ഒരു സ്ഥാനമുള്ള ബാലിവിജയം ആട്ടക്കഥയുടെ കർത്താവായ കല്ലൂർ നംപൂതിരിപ്പാട്ടിലെ ജനനസ്ഥലം തൃശ്ശിവപേരൂരിനു സമീപമുള്ള കല്ലൂർ ഇല്ലവും, ജീവിതകാലം കൊല്ലം ൯൨൦–മുതൽക്ക് ൯൭൦–വരേയും (ഏ. ഡി. ൧൭൪൫–മുതൽക്കു ൧൭൯൫–വരെ) ആകുന്നു. ബാലിവിജയത്തിനു പുറമേ മധുകൈടഭവധം, സുമുഖീസ്വയംവരം, സ്വാഹാസുധാ എന്നീ മൂന്നു ആട്ടക്കഥകളും കൂടി അദ്ദേഹം രചിച്ചിട്ടുണ്ട്. ആട്ടക്കഥ നടനം എന്ന സുന്ദരകലാവിഭാഗത്തിന്റെ നൃത്യം എന്ന ശാഖയിൽ ഉൾപ്പെട്ടതാണു്. നടനം, അഥവാ നാട്യം വാക്യാർത്ഥാഭിനയവും രസാശ്രയവും, നൃത്യം പദാർത്ഥാഭിനയവും ഭാവാശ്രയവുമാകുന്നു. ആട്ടക്കഥയിൽ, അഥവാ കഥകളിയിൽ വാചികാഭിനയം ഉണ്ടായിരിക്കുകയില്ല. ആട്ടക്കഥകളിലെ കഥാപാത്രങ്ങൾ പുരാണപുരുഷന്മാരായിരിക്കുന്നതാണ്. ആട്ടക്കഥയിലെ കഥയിലെ കവിവാക്യം ശ്ലോകത്തിലും, പാത്രങ്ങളുടെ സംഭാഷണം പദത്തിലും, അതായതു് പാട്ടിലും ആയിരിക്കും. കവിവാക്യത്തിനു ചിലപ്പോൾ ഭണ്ഡകവും ഉപയോഗിക്കും. പദത്തിൽ പല്ലവി, അനുപല്ലവി, ചരണം എന്നീ വിഭാഗങ്ങൾ സാധാരണയായി ഉണ്ടായിരിക്കുകയും ചെയ്യും. ചുവടെ ഉദ്ധരിച്ചിട്ടുള്ള ഭാഗം ആഖ്യാനം എന്ന പദ്യരൂപത്തിൽ ഉൾപ്പെട്ടതു്. ബാലി രാവണനെ വാലാൽ വരിഞ്ഞുകെട്ടി അദ്ദേഹത്തെ സങ്കടപ്പെടുത്തിയതിനു ശേഷം, ഒന്നും അറിയാത്ത ഭാവത്തിൽ രാവണനെ അഴിച്ചുവിടുന്നതാണ് ഇവിടെ വിവരിച്ചിരിക്കുന്നതു്]

(ഭണ്ഡകം)

അന്നേരമങ്ങു രിപുവുന്തോരു ഭീതികര-
നിന്ദ്രാത്മജൻ സ ഖലു ബാലീ
കപിതിലകമെയ്തലീ കനകമണിമാലീ

സമരമതിലേല്ക്കുമൊരു വിമതബലവും പാതി-
വരികയിവനെന്ന വരശാലീ. ൧

ഏതും മനസ്സിലറിയാതെന്ന ഭാവേന
കൌതൂഹലത്തൊടുമോരൻ
അധികതരധീരൻ അവനതിഗഭീരൻ
നിജ വപുഷി മേവുമൊരു നിശിചരനെയുംകൊണ്ടു
നിരവധികബാഹുബലസാരൻ. ൨

അൻപോട്ട ചാടി പുനരംഭോധി രണ്ടിലതി-
കമ്പംവിനാ വിരവിൽ മുങ്ങീ
ജപമഥ തുടങ്ങീ സുചിരമഥ പൊങ്ങീ
പരിചിനൊട്ട തപ്പുണവുമഖിലമപി ചെയ്ത പുന-
രുടകപതി വരുണനെ വണങ്ങീ. ൩

ബാലാഗ്രവാസിയൊരു നീലാദ്രിശൃംഗമിവ
പൌലസ്ത്യനങ്ങനുഗമിച്ചു
കിമപി വിഷമിച്ചു കഥമപി സഹിച്ചു
സ്നാനമപി ലവണജലപാനമതു ചെയ്തളവിൽ
മാനസവിശുദ്ധിയുമുദിച്ചു. ൪

ഏവം കഴിച്ചു നിജ ദേവാച്ചനം പുരിയി-
ലാവോളവും ഝടിതി പോന്നു
സഭയതിലിരുന്ന സചിവരഥ വന്നു
അതുപൊഴതു വീരമതിലമരുമൊരു ദശമുഖനു-
മാഹന്ത വേദന വളർന്നു. ൫

ഖേദം വളൻ ബഹുരോദങ്ങൾ ചെയ്തുമൊരു
നാദങ്ങൾ കേട്ടഥ തെളിഞ്ഞു
കിമപി ച തിരിഞ്ഞു കണ്ടവനറിഞ്ഞു
സാന്ത്വത്തിലേറിയൊരു സന്തോഷഭാവേന
ബന്ധനമഴിച്ചഥ പറഞ്ഞു. ൬

ചരണം.

പങ്കേരുഹാക്ഷ! രാക്ഷസേന്ദ്ര പാകവൈരി തന്നെ
ബന്ധിച്ച സമർത്ഥൻ തൻറെ താതനോ നീ?
കൈലാസമെടുത്തു നിജ പാണികളിൽ പല
ലീലാവിനോദങ്ങൾ ചെയ്ത വീരനോ നീ?
എന്തിനിഹ നമ്മുടെയ ലാംഗ്രലത്തിൽ വന്നു?
ഹന്ത! പറഞ്ഞീടുക നീ കാര്യമെല്ലാം.

VII

ലങ്കാദഹനം

[തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻറെ അദ്ധ്യാത്മരാമായണത്തിലെ സുന്ദരകാണ്ഡത്തിൽ നിന്നാണ് ഈ ചേർത്തിരിക്കുന്ന ഭാഗം എടുത്തിട്ടുള്ളതു്. ഹനുമാൻ സീതയ്ക്കു ശ്രീരാമൻറെ സന്ദേശംകൊണ്ടു ചെന്ന അവസരത്തിൽ അദ്ദേഹം ലങ്കയെ തീവച്ചു നശിപ്പിക്കുന്നതിനെ ഇവിടെ വർണ്ണിച്ചിരിക്കുന്നു. ഇതു് ആഖ്യാനം എന്ന പദ്യരൂപത്തിൽ ഉൾപ്പെടും]

(കളകാഞ്ചി)

ചരമഗിരിഗോപുരാഗ്രേ വായുവേഗേന
ചാടിനാൻ വാഹകന്മാരെയും കൊന്നവൻ,
ഉഡുപതിയൊടുരസുമടവുയരമിയലുന്ന രത്നോത്തുംഗസൗധാഗ്രമേറി മേവീടിനാൻ.
ഉടവസിതനികരമുടനുടനുപരി വേഗമോടുൽപ്പതൃപിനൊയുമുൽപ്പതൃ സത്വരം,

കനകമണിമയനിലയമഖിലമനിലാത്മജൻ
കത്തിച്ചുകത്തിച്ചു വർദ്ധിച്ചിതഗ്നിയും.
പ്രകൃതിചപലതയൊടവനചലമോരോ മണി-
പ്രാസാദജാലങ്ങൾ ചുട്ടുതുടങ്ങിനാൻ,
ഗജതുരഗരഥബലപദാതികൾപക്ഷിയും
ഗവ്യങ്ങളായുള്ള രമ്യഹർമ്മ്യങ്ങളും
അനലശിഖകളമനിലസുതഹൃദയവും തെളി-
ഞ്ഞാഹന്ത വിഷ്ണുപദം ഗമിച്ചു തദാ.
വിബുധപതിയൊട്ടു നിശിചരാലയം വെന്തൊരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയർന്നൊന്നു മുദാ.
ഭവനതലഗതവിമലദിവ്യരത്നങ്ങളാൽ
ഭൂതിപരിപൂർണ്ണമായുള്ള ലങ്കയും
പുനരനിലസുതനിത്ര ദഹിപ്പിച്ചിതെങ്കിലും
ഭൂതി പരിപൂർണ്ണമായ്വന്നിതത്ഭുതം!
ദശവദനസഹജഗൃഹമെന്നിയേ മറ്റുള്ള
ദേവാരിഗേഹങ്ങൾ വെന്തുക്രൂടീ ജ്വാൽ.
രഘുകുലപതിപ്രിയഭൃത്യനാം മാരുതി
രക്ഷിച്ചുകൊണ്ടാൻ വിഭീഷണമന്ദിരം.
കനകമണിമയനിലയനികരമത്ര വെന്തോരോ
കാമിനിവർഗ്ഗം വിലാപം തുടങ്ങിനാർ.
ചിക്കുരഭവസനചരണാദികൾ വെന്താശു
ജീവനം പോർപെട്ട ഭ്രമേണ പതിക്കയും
ഉടലുരുകിയുരുകിയുടനഴറിയലറിപ്പാഞ്ഞു-
മുന്നതമായ സൌധങ്ങളിലേറിയും
ദഹനനുടനവിടെയുമടുത്തു ദഹിപ്പിച്ചു
താഴത്തുവീണു പിടച്ചു മരിക്കയും;

മമ തനയ! ജനക! രമണ! പ്രാണനാഥ! ഹാ!
മാമകം കമ്മമയ്യോ! വിധി! ദൈവമേ!
മരണമുടനടലുരുകിമുരുകിവരികെന്നതു
മാറുവാനാരുമില്ലയ്യോ ശിവശിവ!
നിശിചരികളം ബഹുവിധമൊരോന്നേ പറകയും
നിൽക്കുംനിലയിലേ വെന്തുമരിക്കയും,
ശരണമിഹ കിമിതി പലവഴിയുമടനോടിയും
ശാഖികളം വെന്തു മുറിഞ്ഞുടൻ വീഴുകയും
രഘുകുലവരേഷ്ടദൂതൻ ശ്രിയാമാചര-
രാജ്യമെഴുന്നൂറു യോജനയും ക്ഷണാൽ
സരസബഹുവിഭവയുതഭോജനം നൽകിനാൻ
സന്തുഷ്ടനായിതു പാവകദേവനും.

VIII

മേഘോപാലംഭം

[പല ഉൽകൃഷ്ടകാവ്യങ്ങളും രചിച്ച് ഭാഷാസാഹിത്യത്തിൽ ഒരു ഉന്നതസ്ഥാനം കരസ്ഥമാക്കി ജീവിച്ചവരുന്ന വാസനാനുഗൃഹീതനായ ഒരു കവിയാണ് കുറിപ്പുറത്തു കേശവൻനായർ അവർകളം. കാവ്യോപഹാരം, നവ്യോപഹാരം മുതലായവയാണ് ഇദ്ദേഹത്തിന്റെ പ്രധാന കൃതികളം. ഇദ്ദേഹത്തെ റൊമാൻറിക്ക്, അഥവാ കാല്പനിക പ്രസ്ഥാനത്തിൽ പെട്ടന്ന ഒരു കവിയായി പരിഗണിക്കാം. ഇദ്ദേഹത്തിന്റെ ഒരു ഖണ്ഡകവിതയാണ് കാവ്യോപഹാരത്തിൽനിന്നെടുത്തു് ഇവിടെ ചേത്തിരിക്കുന്നതു്. ഇതു് ആത്മഗീതം എന്ന പദ്യരൂപത്തിന്റെ ഗീതം എന്ന ശാഖയിൽ ഉൾപ്പെട്ടം.]

'ഒരു വയസ്സു കഴിഞ്ഞു, കവിഞ്ഞുപോ-
കരുത്തു ജീവിതകാലമൊരാൾക്കുമേ
കരുത്തുകൊ'ണ്ടലറുന്നിതു കൊണ്ടലാ-
ണ്ടരുതി കണ്ടിഹ കാലഭയങ്കരം. ക

ദിനകരന്റെ കരം വഴി ജീവനം
വിനയൊഴിഞ്ഞിയലും ഘനമേ, ഭവാൻ
അനഘമിത്ര മഹസ്സു മറച്ചു ഉർ-
ട്ടിനത ചേപ്പിതു ദുസ്സഹമെത്രയും. ഖ

വിഷമണച്ചുയിർ പോക്കുമഹിക്കുമേ
വിഷമബാധ വിധിപ്പവനാകയാൽ
വിഷദ, നിന്നുടെ ജീവനഭാഗ്യതാ-
വിഷയവൈഭവമത്ഭുതമത്ഭുതം! ഗ

അലഘുമാരുതവേഗമിതേറുടൻ
തുലയുമേ തവ ജീവനമെങ്കിലും
ജലദ, ഹേ, ജഡ, നിന്നിടിവാംപ്പയ-
റുലകിനിപ്പൊഴമല്ലലിനല്ലയോ? ഘ

IX

കൃഷിക്കാരുടെ പാട്ട്

[വള്ളത്തോൾ നാരായണമേനോൻ അവർകൾ ഇന്നു ജീവിച്ചിരിക്കുന്ന പ്രസിദ്ധ മഹാകവികളിൽ അഗ്രഗണ്യനാണ്. ഒരു ക്ലാസ്സിക്ക് കവിയായി കവിതയെഴുത്തു തുടങ്ങിയെങ്കിലും, ഭാഷയിൽ റൊമാൻറിക്ക്, അഥവാ കാല്പനികപ്രസ്ഥാനം സ്ഥാപിക്കുവാൻ പണിപ്പെട്ടു പല ഉൽകൃഷ്ടങ്ങളായ കാല്പനികഖണ്ഡകാവ്യങ്ങളും രചിച്ച ഒരു മഹാനാണ് അദ്ദേഹം. അദ്ദേഹം ജീവൽസാഹിത്യപ്രസ്ഥാനത്തിൽപ്പെട്ട ഏതാനും ഖണ്ഡകാവ്യങ്ങളും എഴുതിയിട്ടുണ്ട്. ഇവയിലും അദ്ദേഹത്തിൻെറ കാല്പനികഖണ്ഡകാവ്യങ്ങളുടെ ഗുണങ്ങൾ കാണുന്നതാണ്. ലളിതകോമളമായ പദവിന്യാസം അദ്ദേഹത്തിൻെറ കവിതകളുടെ ഒരു വിശേഷഗുണമാണ്. വാല്മീകിരാമായണം, ചിത്രയോഗം, ബന്ധനസ്ഥനായ അനിരുദ്ധൻ, മശലനമറിയം മുതലായവയാണ് അദ്ദേഹത്തിൻെറ പ്രധാന കൃതികൾ. അദ്ദേഹത്തിൻെറ ഖണ്ഡകവിതകൾ ക്രോഡീകരിച്ചു സാഹിത്യമഞ്ജരി എന്ന നാമത്തിൽ ഏഴു ഭാഗങ്ങൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ ഖണ്ഡകവിതകൾ മറ്റുള്ള കൃതികളേക്കാൾ ശ്രേഷ്ഠങ്ങളാകുന്നു. സാഹിത്യമഞ്ജരി ഏഴാംഭാഗത്തിൽനിന്ന് എടുത്തു ചുവടെ ചേർത്തിട്ടുള്ള ''കൃഷിക്കാരുടെ പാട്ട്'' ജീവൽസാഹിത്യപ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന ഒരു ഖണ്ഡകാവ്യമാകുന്നു. അഹിംസാവ്രതം സ്വീകരിച്ചിട്ടുള്ള ഭാരതീയകർഷകർ, ലോകത്തിലെ വമ്പിച്ച സാമ്രാജ്യങ്ങളിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന യുദ്ധസന്നാഹങ്ങളെ കണ്ടു പാടുന്നതാണ് ഉദ്ധൃതഭാഗം. ഒരു ജീവൽസാഹിത്യകൃതിയുടെ വിഷയം ഇദാനീന്തനമായ ഒരു പ്രശ്നമായിരിക്കും. വ്യക്തിയുടെ പുരോഗതി ലാക്കാക്കിയല്ല, സമുദായത്തിൻെറ പുരോഗതി ലാക്കാക്കി വേണം, അതിനെ ജീവൽസാഹിത്യത്തിൽ പ്രതിപാദിക്കേണ്ടതു്. അതിലെ പാത്രങ്ങൾ ഒരു സമുദായമോ, ഒരു സമുദായത്തിലേയോ, ഒരു വർഗ്ഗത്തിലേയോ വ്യക്തിയെന്ന നിലയുള്ള ഒരു വ്യക്തിയോ ആയിരിക്കും. അവശതകളുള്ള സാധാരണ

ജനങ്ങളോട് അതു പ്രത്യേക അനുഭവം കാണിക്കുന്നതുമാണ്. ജീവൽസാഹിത്യത്തിന്റെ ഈ മുഖ്യലക്ഷണങ്ങളും ഇവിടെ ഉദ്ധരിച്ചിട്ടുള്ള ''കൃഷിക്കാരുടെ പാട്ടി''ൽ കാണാവുന്നതാണ്. ഇതു് ആത്മഗീതം എന്ന പദ്യരൂപത്തിന്റെ 'ഗീതം' എന്ന ശാഖയിൽ ഉൾപ്പെടും]

(കേക)

ചെറുണ്ടാമിരിമ്പിനും കണ്ണനീരെങ്കിലു,തി-
ങ്ങിറ്റിറുവീണീയക്ഷരങ്ങളായ് ക്കാണായേനേ:—
''ജീവരക്തത്തെപ്പോറിപ്പിലത്തും കൃഷിയ്ക്കുള്ള
കേവലായുധങ്ങളായ'' മേവേണ്ടുമെൻക്രൂട്ടക്കാർ
ജീവരക്തത്തെപ്പോർകൊണ്ടൊഴുക്കിക്കളയുന്ന
കൈവേലയ്ക്കുപയുക്തരാവുകയല്ലോ ചെയ്വൂ:
എങ്ങാനുമൊരു ശിരസ്സോന്നയന്നതായ് ക്കണ്ടാ-
ലു,ങ്ങതിൻനേരേ ചലിച്ചിളിച്ചുകാട്ടും ഖഡ്ഗം,
കുതിച്ചുചാട്ടം കുന്തം, കുരച്ചുയുപ്പും തോക്കെ-
ന്നിതുകളാക്കിത്തീക്കപ്പെട്ടപെട്ടവശർ നാം
ദുഷ്പ്രഭുക്കൾക്കായെത്ര പേക്കൊല നടത്തുന്നീ-
ലി?—പ്പാപക്കറപ്പെന്ന നീങ്ങുന്ന നമുക്കയ്യോ!''

ആരിതു വായിപ്പാനുണ്ടിന്ന,നക്ഷരർ കൃഷി-
ക്കാരധിവസിയ്ക്കുമീക്കുത്ത നാടല്ലാതെ?
പീരങ്കിപ്പുകകളാൽട്ടിക്കെട്ടും കറുപ്പിച്ചു
പേരിനെ വെളുപ്പിയ്ക്കും വീരരല്ലീ രാജ്യക്കാർ.
അന്യരെയടിച്ചമത്താജ്ഞിയ്ക്കുമൊരൌന്നത്യ-
മന്യായവിമുഖരായുള്ളോക്കു മിഥ്യൌന്നത്യം:
മറു പവ്തങ്ങളെത്താഴ്ത്തിനിത്തിയിട്ടാണോ
മുറുമുന്നതി കൊംവതിന്ത്യതൻകുലാദ്രീന്ദ്രൻ?

ആ മഹാത്മാവെന്നെന്നുമവതൻ പൊക്കം കണ്ടു
സാമോദം ചിരിച്ചുകൊണ്ടരുംവൃ തെളിഞ്ഞാൽ!

ഒന്നിനും കാലക്കേടു നേരിടാതിടതിങ്ങി
നിന്നുകൊള്ളട്ടേ നാനാസസ്യങ്ങളും വയൽകളിൽ;
എന്നോളം മുളയ്ക്കുകില്ലസ്മസ്യഷ്ടസ്നേഹ-
മന്നോളം നമുക്കവ തരിശ്ശുനിലങ്ങളാതാൻ!
ചാണകം വാരാൻ വേണ്ടിക്കുമ്പിട്ടകൊമ്പുകൊണ്ടെയ്യേ,
താണുനില്പ്പോലേ കെടുനീതിതൻതിരുമുമ്പിൽ;
ചുമലേ, വഹിച്ചുകൊമ്പുകാസ്ഥയാ കലപ്പയെ,-
ച്ചുമന്നുപോകായ്ക നീ സ്വാർത്ഥത്തിൻനിയോഗത്തെ.
പോരിനു വിളിയ്ക്കുന്നില്ലാരെയും, കടിൽകളിൽ-
ച്ചോരുവായ്ത്തിരിയുമിച്ചക്കളുടെ ശബ്ദം;
പാരതന്ത്ര്യത്താൽ നഗ്നപ്രായരായോരെ പ്രിയ-
ഗീരിനാൽസ്സമാശ്വസിപ്പിയ്ക്കയേ ചെയ്യുന്നുള്ളൂ.
പരർതൻ കഷ്ടപ്പാടാൽപ്പൊറുതി നെയ്യുണ്ടാക്കാൻ—
പരർതൻ മുതുകെല്ലാൽസ്സൗധതോരണം കെട്ടാൻ—
പരർതൻ ശവങ്ങളാൽ സ്വർഗ്ഗസോപാനം തീർപ്പാ-
നൊരുങ്ങില്ലൊരുനാളുമഹിംസയുടെ രാജ്യം.

കാമംപോലുലകിനെക്കശക്കിപ്പിഴിയാന-
ല്ലീ, മഹാകർമ്മക്ഷേത്രമാത്മീയകരങ്ങളെ
ആത്മത്തിൻകൂടുക്കിങ്കൽനിന്നൂരിയെടുപ്പതി,-
ങ്ങാമയവ്യഥിതരെത്തലോടുന്നതിനത്രേ—
ഭാരതമതംഗജം ചങ്ങല പൊട്ടിപ്പതു
പാരിനെച്ചതച്ചുകൊണ്ടങ്ങിങ്ങു പായാനല്ല;
വാരിയിൽ വീഴിയ്ക്കപ്പെട്ടഴലും തൻക്രൂരരെ-
ക്രൂരനാം തുമ്പിക്കയ്യാൽപ്പിടിച്ചു കേറാനത്രേ—

ഒട്ടേറെനാൾകൊണ്ടോഷ്ട്രനടിയിത്തു ചിറ-
ക്കെട്ടിടച്ചുഴുകുന്നതുഴിയെ മുക്കാനല്ല;
ചുട്ടെരിപൊരിക്കൊള്ളും 'വിവിധദേശങ്ങളെ-
ക്കഷ്ടമാം ദേഹം പോക്കിജ്ജീവിപ്പിപ്പതിനത്രേ.
മംഗളാത്മാവാം ജഗൽക്കർത്താവിൻകൃഷിനില-
ത്തെങ്ങെങ്ങു മനുഷ്യത്വം ചാഴികൾക്കിരയായ്പ്പോം,
അങ്ങങ്ങാ വിനകളെപ്പേർത്താട്ടിക്കളയുവാ-
നെങ്ങിനെ വീശിയ്യാം നാം പ്രാണവായുവെപ്പോലും?
നന്നായിസ്സുഖിയ്ക്കുമാറാകട്ടെ ലോകം സർവ-
മെന്നല്ലോ ഭരതോർവി പണ്ടേ പാടിയ ഗാനം!

X

മയൂരസമാഗമം

[ഇന്നത്തെ മലയാളസാഹിത്യത്തിന് അതിന്റെ ആധുനികത്വം നൽകുവാൻ ആദ്യമായി പ്രയത്നിച്ചവരിൽ അഗ്രഗണ്യനാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ. അദ്ദേഹത്തിന്റെ ജനനസ്ഥലം ചങ്ങനാശ്ശേരിയും, ജീവിതകാലം കൊല്ലം ൧൦൭൰-മുതൽക്ക് ൧൰൯൰-വരേയുമാകുന്നു. ശാകുന്തളം, മയൂരസന്ദേശം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന ഭാഷാപദ്യകൃതികൾ. അദ്ദേഹം ക്ലാസ്സിക്ക്; അഥവാ യാഥാസ്ഥിതികപ്രസ്ഥാനത്തിൽപ്പെട്ട ഒരു കവിയും, ഭാഷയിലെ ആധുനിക ഗദ്യസാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും, പൂർണ്ണനല്ലെങ്കിലും "കേരളവർമ്മപ്രസ്ഥാനം" എന്നു ചിലർ പേരിട്ടിട്ടുള്ള ആധുനിക ഭാഷാസാഹിത്യത്തിലെ പദ്യപ്രസ്ഥാനത്തിന്റെ നായകനുമാകുന്നു. ശബ്ദാലങ്കാരങ്ങളിൽ, പ്രത്യേകിച്ച് ദ്വിതീയാക്ഷരപ്രാസത്തിൽ, അതി

143.

യായ ഭാവം, സംസ്കൃതപ്രയോഗബാഹുല്യം എന്നിവയാണ് പ്രസ്തുത പ്രസ്ഥാനത്തിന്റെ മുഖ്യലക്ഷണങ്ങൾ. മയൂരസന്ദേശം എന്ന സന്ദേശകാവ്യം, അഥവാ ദൂതകാവ്യം, അതിന്റെ പ്രൌഢിയും ഗാംഭീര്യവും നിമിത്തം, ഭാഷാസന്ദേശകാവ്യങ്ങളുടെ മുന്നണിയിൽ നിലകൊള്ളുന്നുണ്ട്. വിരഹിയായ നായകനോ, വിരഹിണിയായ നായികയോ ഒരു പ്രേമസന്ദേശവും കൊടുത്തു് ജീവികളിൽ ഒന്നിനെയോ, ജീവനില്ലാത്ത മേഘം, കാറ്റ് മുതലായ വസ്തുക്കളിൽ ഒന്നിനെയോ, യഥാക്രമം നായികയുടെയോ, നായകന്റെയോ അടുക്കലേക്ക് അയയ്ക്കുന്ന രൂപത്തിലാണ് സന്ദേശകാവ്യങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. സാധാരണയായി, ഒരു സന്ദേശകാവ്യത്തിന്റെ പൂർവ്വഭാഗത്തിൽ ദൂതിനുള്ള കാരണം, സന്ദർഭം, ദൂതാവർജനം, ദൂതന്റെ മാർഗ്ഗവർണ്ണനം എന്നിവയും, ഉത്തരഭാഗത്തിൽ നായികയുടെയോ, നായകന്റെയോ വാസസ്ഥലവർണ്ണനയും, ഇവരിൽ ഒരാളിന്റെ വർണ്ണനയും സന്ദേശവിവരണവും ഉണ്ടായിരിക്കുന്നതാണ്. മിക്ക സന്ദേശകാവ്യങ്ങളുടേയും സ്ഥായിയായ രസം വിപ്രലംഭശൃംഗാരമാകുന്നു. സന്ദേശകാവ്യത്തെ ഒരുതരം വിലാപകാവ്യമായും പരിഗണിക്കാം. മയൂരസന്ദേശത്തിന്റെ പൂർവ്വഭാഗത്തിൽ നിന്നൊട്ടുമുവടെ ചേർത്തിട്ടുള്ള ഭാഗം ദൂതിന്റെ സന്ദർഭവും, ദൂതാവർജനവും വിവരിക്കുന്നു. ഈ സന്ദേശകാവ്യത്തിന്റെ നായകൻ ഗ്രന്ഥകർത്താവുതന്നെയാണ്. രാജകോപത്താൽ അദ്ദേഹത്തിന് കൊല്ലം ൧൭൩൰-ൽ മദ്ധ്യതിരുവിതാംകൂറിലുള്ള അരിപ്പാട്ട് ബന്ധനത്തിൽ പാർക്കേണ്ടതായി വന്നു. അവിടെവച്ച് ഒരിക്കൽ അദ്ദേഹം ഒരു മയിലിനെ കാണുകയുണ്ടായി. ഈ മയൂരദർശനവും അതിനോടുള്ള അദ്ദേഹത്തിന്റെ സംഭാഷണവുമാണ് ഉദ്ധൃതഭാഗം വർണ്ണിക്കുന്നത്. ഈ ഭാഗം ആഖ്യാനം എന്ന പദ്യരൂപത്തിൽ ഉൾപ്പെടും.]

ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്രദൃഷ്ടതപത്താലൊരുവന്നുവാം മാനനഷ്ടത്തിനാലും
കഷ്ടപ്പെട്ടുപുരുഷനൊരു നാലഞ്ചു കൊല്ലം കഴിച്ചാൽ
ക്ലിഷ്ടക്കേടാൽ വരുവത്തു പരീഹാരമില്ലാത്തതല്ലോ. ൫

ആവിശ്ചിന്താഭരമവനരിപ്പാട്ട വാണോരു കാലേ [രം
സേവിക്കാനായ് ഗ്രഹനെയൊരു നാളാസ്ഥയാപോയനേ-
ഭാവിശ്രേയഃ പിശുനശകുനം കണ്ടുപോൽ നീലകണ്ഠം
കോവിൽക്കെട്ടിൽകപചന ഭഗവദ്വാഹനംമോഹനാഖ്യം. ൫

കൊണ്ടൽക്കോളാൽകലിതകുതുകംപീലിയെല്ലാംപരത്തി-
ക്കൊണ്ടുകേകിപ്രവരനഴകോടാട്ടമാടുന്ന ഭംഗീം
കണ്ടുക്കാമീ നിജകമനിയാം നീലവേണീം നിനച്ചി-
ട്ടിണ്ടൽക്കേറ്റം വശഗനവിടെത്തന്നെമിണ്ടാതെനിന്നാൻ. ൬

സന്താപച്ഛം സകലജഗതാം സ്പന്ദനേ വന്ദനംചെ-
യ്തെന്തായാലും വിഷമമിതിനാലൊന്നുമില്ലെന്നുറച്ചു
ചിന്താമഗ്നൻ ചിരമവിടെനിന്നമ്മയൂരത്തതോടേവം
ഹന്താത്യന്തം പരവശതയാലന്തരംഗ്ഗേണ ചൊന്നാൻ. ൭

"ധന്യാത്മാവേ! ഖഗവര! ജയിച്ചാലുമുള്ളം കനിഞ്ഞി-
ട്ടന്യായത്താലഴലിലുഴലുന്നെന്നെ നീ താൻ തുണയ്ക്കൂ
വന്യാവാസേ വിഹഗനിവഹേ ബാഹ്യലേയൻഗ്രഹിച്ചാ-
നന്യാസാധാരണഗുണഗണം കാങ്കയാൽത്തന്നെ നിന്നേ. ൮

പാരിൽപാത്താലിഹഫണികുലത്തിൽ നിന്നോട്ടുതുല്യം
വൈരിത്വം പൂണ്ടൊരു പതഗമാം പത്രമേറിച്ചുരിക്കും
ശൌരിക്കും താംപ്രതി മമതയാൽത്തന്നെനിൻപൃഷ്ഠലഗ്നം
ഭ്രരിശ്രീചേന്നൊരു തനുരുഹം മൂർദ്ധ്നി ചൂടുന്ന ദേവൻ. ൯

ആകാരത്തിൻസൂക്ഷ്മമയിതുപോലേതു പക്ഷിക്കു പാരിൽ?
കേകാരാവം ശ്രവണസുഖദം കേൾക്കിലോ തുച്ഛിയാകാ
ലോകാനന്ദപ്രദമസദൃശം സ്പന്ദവും തേ ശകുന്തേ!
ശോകാനാം മേ ശുഭഗുണ! ഭവാനീശനാം നാശനായ. ൧൦

ദൂനം ദൂരസ്ഥിതദയിതനായേതുമാശ്വാസമില്ലാ-
ഞ്ഞേനം ദീനം ജനമനുകനിഞ്ഞാന്നുചെയ്കാലുമിപ്പോൾ
സ്വാനന്ദപുരംപുരവരമതിൽചെന്ന മൽപ്രാണനാഥ-
യ്ക്കാനന്ദംനിയതുള്ളകപറഞ്ഞെന്റെ സന്ദേശവാക്യം. വ

പക്ഷിശ്രേഷ്ഠ! സ്വയമവിടെ നീ പോകിലെൻപ്രാണനാ-
ലക്ഷിച്ചന്യാദൃശസുഷമകൊണ്ടാശു ഭൂലോകലക്ഷ്മീം[ഥാം
അക്ഷിദ്വന്ദ്വാതവസഫലമാംകിഞ്ചതൽപ്രാണനെസ്സം-
രക്ഷിച്ചുണ്ടാമൊരുതുരുതരം പുണ്യവും ഗണ്യമല്ലോ. ൻ

.....

കോടക്കാർകൊണ്ടിരുളിയലുമീയംബരം കാണവേ മാൻ-
പേടക്കണ്ണാം വിരഹവിധുരീഭാവമാന്നെന്റെ നാഥാ
ക്രൂടെക്രൂടെക്കരയുമതിനാലാശു നീയന്തികേ ചെ-
ന്നാടൽക്കെല്പില്ലാമൊതിയുളവാക്കേണമെൻക്ഷേമമോതി. ൧൦

.....

പ്രേയാനാമെൻചിരവിരഹമാംപ്രൗഢചണ്ഡാതപത്താ-
ലായാസപ്പെട്ടതിവിവശയായ്പിച്ചിപോൽ വാടിവാഴും
ജായായാ മേ പ്രിയസഖ! ഭവാനെന്റെ സന്ദേശമാകും
തോയാസാരാൽതചരിതമരുളീടേണമുത്താപശാന്തിം. ൧൧

തന്ദേശം ചെന്നണവതിനു തേ ചൊല്ലുവേൻ മാർഗ്ഗമാദൗ
സന്ദേശംചൊന്നഥ സപദി ഞാൻ യാത്രയാക്കാം ഭവാനേ
സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരുഫലമിഹ പ്രാണിനാം ക്ഷ്മോണി-
[തന്നിൽ. ൧൨

XI

മരണത്തിന്റെ ആവശ്യകത

[കേരളക്കരയിൽ കടിലു തൊട്ടു കൊട്ടാരംവരെയുള്ള സകലതരം ജനങ്ങളുടേയും ഇടയ്ക്കു പ്രചാരമുള്ള കാവ്യങ്ങളും രചിക്കുവാൻ ആദ്യമായി തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛനും, പിന്നീട് കലക്കത്തു കുഞ്ചൻനമ്പ്യാർക്കും മാത്രമേ ഇന്നുവരെ സാധിച്ചിട്ടുള്ളൂ. പാമരന്മാർക്കും ക്രുടി വായിച്ചു രസിക്കാവുന്ന കാവ്യങ്ങളും രചിക്കുന്നതിൽ അനന്യസദൃശമായ വൈഭവം പ്രദർശിപ്പിച്ചുള്ള മഹാകവിയായ കുഞ്ചൻനമ്പ്യാരുടെ ജനനസ്ഥലം തിരുവില്വാമലയ്ക്കു സമീപമുള്ള കിള്ളിക്കുറിശ്ശിമംഗലവും ജീവിതകാലം ഉദ്ദേശം കൊല്ലം വ്വ്വ0–ന്നം ന്ദ്ര0–ന്നം ഇടയ്ക്കും ആകുന്നു. ഒരു ക്ലാസ്സിക്ക് കവിയും, തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമായ അദ്ദേഹം അരഡപതിൽപരം തുള്ളൽകഥകളും, പതിന്നാലുവൃത്തം, ശ്രീകൃഷ്ണചരിതം മുതലായ മറ്റു കൃതികളും രചിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്കുകൂടി മനസ്സിലാകുന്ന ലളിതഭാഷ, ചലനാത്മകതപം നിറഞ്ഞൊഴുകുന്ന വൃത്തം, ഫലിതവും തന്മയത്വവും മികച്ചുനിൽക്കുന്ന വർണ്ണനാപാടവം, ഹാസ്യരസം എന്നിവയാണ് കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളുടെ പ്രത്യേക ഗുണങ്ങൾ. കാവ്യത്തിന്റെ ജാത്യാലുള്ള ഗുണമായ ചലനാത്മകതപം പ്രത്യക്ഷമാക്കുവാൻ പറ്റിയപ്പുമായ ഒരു പ്രസ്ഥാനമാണ് കുഞ്ചൻനമ്പ്യാർ സ്ഥാപിച്ച തുള്ളൽപ്രസ്ഥാനം. പഞ്ചേന്ദ്രോപാഖ്യാനം പറയൻതുള്ളലിൽ നിന്നെടുത്തിട്ടുള്ളതാണ് ചുവടെ ചേർത്തിരിക്കുന്ന ഭാഗം. പണ്ട് യമധർമ്മൻ ദീർഘകാലംകൊണ്ടു തീർക്കേണ്ടതായ ഒരു യാഗം ആരംഭിക്കുകയുണ്ടായി. കാലൻ ഇങ്ങനെ യാഗം ഭീക്ഷിപ്പും, അദ്ദേഹത്തിന്റെ ഭൃത്യന്മാർ യാഗകാര്യങ്ങളും ചെയ്യുന്നതിൽ ഏർപ്പെട്ടും ഇരുന്നതിനാൽ, അക്കാലത്തു ഭൂമിയിലുള്ള യാതൊരു ജന്തുക്കൾക്കും മരണമില്ലാതെയായിത്തീർന്നു. ഇതിൽ നിന്നു ജനിച്ച കഷ്ടാവസ്ഥയാണ് കവി ഇവിടെ വിവരിച്ചിരിക്കുന്നതു്. ഇതു വർണ്ണനം എന്ന പദ്യരൂപത്തിൽ ഉൾപ്പെട്ടതു്]

പൊറുപൊറുവളരുന്ന ജീവജന്തുക്കൾക്കു പാത്താൽ
അറമില്ലാ പാരിടത്തിലൊരു ദിക്കുമൊഴിവില്ലാ,
മറു മാംസം ഭുജിക്കുന്ന ജനങ്ങൾക്കുമിതുകാലം
കൊറുപോലും നാസ്തിയായി മരിപ്പാനുമെളുതല്ലാ;
മെച്ചമോടേ പുലി പന്നി സിംഹവും തങ്ങളിൽത്തന്നെ
പച്ചമാംസം കടിച്ചാശു ഭുജിക്കുന്നു സർവകാലം;
കൊച്ചുമത്സ്യങ്ങളെപ്പാടെ വിഴുങ്ങും ഘോരമത്സ്യങ്ങൾ,
സച്ചർമമായ് മറൊരു ദാരുണ്യത്തുടെ പോരുമവയെല്ലാം.
ദുഷ്ടജന്തുക്കളെക്കൊണ്ടു നിറഞ്ഞു ഭൂതലമെല്ലാം
അൽപ്പിമാത്രംപോലുമാശം കൊടുപ്പാനില്ലെന്നുവന്നു
പട്ടിണിക്കു വഴി വീണു വഴിപോക്കർക്കു കഷ്ടം
പട്ടണത്തിലെങ്ങുമിപ്പോൾ പണവും കാണുമില്ലാതായ്.
ഊട്ടുതെണ്ടി നടന്നാൽപ്പിഴുകഴിക്കും ബ്രാഹ്മണർക്കിപ്പോൾ
ഊട്ടിലെങ്ങും ചോറുകിട്ടാ പുരുഷാരത്തിൻറെമൂലം
ആട്ടമാടിനടക്കുന്നോരാട്ടമെല്ലാമുപേക്ഷിച്ചു
ക്രൂരമൊക്കെപ്പിരിഞ്ഞോരോ കൊട്ടിലയ്യമിരക്കുന്നു.
പാട്ടുകാർക്കു വിശന്നിട്ടു സ്വരവും ഭർത്സമായി
നാട്ടിലെങ്ങുമൊരുകാശു ലഭിപ്പാനും വകയില്ല;
പാട്ടുകേട്ടാലാർക്കുസൗഖ്യം പട്ടിണിയായിയ്യിടക്കുമ്പോ-
ളൂട്ടുകേട്ടാൽ തലപൊക്കുമതു കേൾപ്പാനെങ്ങുമില്ല;
ചേട്ടനെന്നും തമ്പിയെന്നും തങ്ങളിലുള്ളനുരാഗം
ചേട്ടകൾക്കു നാസ്തിയായി ക്രൂരമേറിച്ചമകയാൽ.
ചേട്ടനെന്നാലൊന്നരണ്ടല്ലൻപത്തും തുരുമഞ്ഞൂറും
ക്രൂരമായിപ്പുലകൊൾവാനെന്തുബന്ധം ചാക്കുമില്ലാ.

.....

കവടിക്കാരനായുള്ള ഗണിതക്കാരനുമിപ്പോൾ
കപടങ്ങൾ പറഞ്ഞാനും ഫലിപ്പിപ്പാൻ വകയില്ല;

ഗണിതഗ്രന്ഥവും കെട്ടിത്തലയ്ക്കുവെച്ചൊരുങ്ങിക്കിൽ
കണിശന്മാർ വിശന്നങ്ങു ശയിക്കുന്ന പലർക്കുടി.
ഗുണദോഷം വിചാരിച്ചു പറഞ്ഞാലെങ്കിലും നാലു-
പണംകിട്ടാൻ തടവില്ല പണ്ട,തിപ്പോളൂർജ്ജിതമായി.
ഗുണമെന്തു? ദോഷമെന്തു? മരണമില്ലൊരുനാളും
ഗണിതംകൊണ്ടൊരുവസ്തു ഗ്രഹിപ്പാനില്ലെന്നവന്നു.
ചികിത്സിപ്പാനെങ്ങുമാക്കും രോഗമില്ല ശരീരത്തിൽ;
രോഗമെല്ലാമന്തകന്റെ സചിവന്മാരവർ പിന്നെ
യാഗമങ്ങു ശ്രമിക്കുന്ന നടപ്പാൻ കല്പനയില്ലാ.
യോഗഗ്രന്ഥവും നല്ലോരഷ്ടാംഗഹൃദയവും
ആകക്കൂടവെയങ്ങു കെട്ടിവെച്ചു വൈദ്യരെല്ലാം

.....

രസികച്ചാരെന്ന ഭാവം നടിച്ചു സഖിയുമായി-
ട്ടസുരന്മാരെന്നപോലെ രോഗിവീട്ടിൽ ചെന്നുകൂടി,
ഗുളികയും കഷായവും കൊടുത്തു ചാക്കടുക്കുമ്പോഴം
കളവു വല്ലതും ചൊല്ലിത്തിരിക്കും വൈദ്യനിക്കാലം.
തരംകെട്ട തനിക്കു ഭക്ഷണത്തിന്നു വകയില്ലാ-
ഞ്ഞിരന്നുണ്ടു നടക്കുന്ന വിരുന്നുണ്മാനെങ്ങുമില്ല;
"ഘനചന്ദനശുണ്ഠ്യംബു പഞ്ചകോശീരസാധിതം"
മനസ്സിലുണ്ടിവയെല്ലാം പ്രയോഗിപ്പാനെങ്ങുമില്ല.
യമനും വൈദ്യനും തമ്മിൽ പ്രാണവിശ്വാസമെന്നാലും
യമനെക്കൂടാതെ കൊൽവാൻ വൈദ്യനേകനെളുതല്ല.

XII

കാദംബരീവിലാപം

[മഹാഭാരതത്തിന്റെ ചുരുക്കം പുരാണത്തർജ്ജിമകൊണ്ട് ഭാഷാകവികളുടെ കൂട്ടത്തിൽ വളരെ ഉയർന്ന ഒരു സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുടൻതമ്പുരാൻ തുപ്പൽകോളാമ്പി, കംസൻ, കാദംബരീകഥാസാരം മുതലായ മറ്റു പദ്യകൃതികളും രചിച്ചിട്ടുണ്ട്. ഒരു ക്ലാസ്സിക്ക്, അഥവാ യാഥാസ്ഥിതികകവിയായ കുഞ്ഞിക്കുടൻ തമ്പുരാൻ "കൊട്ടങ്ങല്ലൂർ പ്രസ്ഥാനം" എന്ന ഒരു ഭാഷാസാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു കൂടിയാണ്. സംസ്കൃതപദങ്ങളെ, പ്രത്യേകിച്ച് സംസ്കൃതപ്രത്യയങ്ങളെ പരിത്യജിക്കുക, ഭാഷയുടേയും പ്രതിപാദനത്തിന്റേയും രീതി സാധാരണ ജനങ്ങൾക്ക് എളുപ്പം മനസ്സിലാകത്തക്കവണ്ണം ലളിതവും പ്രസന്നവുമാക്കുക എന്നിവയാണ് കൊട്ടങ്ങല്ലൂർ പ്രസ്ഥാനത്തിന്റെ ഉദ്ദേശങ്ങൾ. കാദംബരീകഥാസാരം എന്ന അദ്ദേഹത്തിന്റെ കാവ്യത്തിന്റെ ഒരംശത്തിൽ നിന്നു തിരഞ്ഞെടുത്തിട്ടുള്ളതാണ് ചുവടെ ചേർത്തിരിക്കുന്ന ശ്ലോകങ്ങൾ. ബാണൻ എന്ന പ്രസിദ്ധസംസ്കൃതകവിയുടെ കാദംബരീ എന്ന പ്രാചീന ആഖ്യായികയെ കാവ്യത്തിൽ സംക്ഷേപിച്ചിട്ടുള്ളതാണ് ഈ കൃതി. ശൂദ്രകൻ എന്ന രാജാവിനു സമ്മാനം കിട്ടിയ വൈശമ്പായനൻ എന്ന കിളി അദ്ദേഹത്തോട് തന്റെ പൂർവ്വജന്മത്തിലെ കഥ പറഞ്ഞുകേൾപ്പിക്കുന്നു. അതു് ഇപ്രകാരമാണ്:—ഉജ്ജയിനിയിലെ യുവരാജാവായ ചന്ദ്രാപീഡനും, അവിടത്തെ മന്ത്രിയുടെ പുത്രനും ഇപ്പോൾ കിളിയായിത്തീർന്നിരിക്കുന്നവനുമായ വൈശമ്പായനനും ആത്മമിത്രങ്ങളായിരുന്നു. ഒരിക്കൽ ചന്ദ്രാപീഡൻ നായാട്ടിനു പോയപ്പോൾ, അദ്ദേഹത്തിന് ഏകനായി ഒരു കാട്ടിൽ സഞ്ചരിക്കേണ്ടിവന്നു. കാട്ടിൽ വച്ച് മഹാശ്വേത എന്ന ഒരു യുവതപസ്വിനിയെ അദ്ദേഹം കണ്ടുമുട്ടുകയുണ്ടായി. ഒരു ഗന്ധർവ്വരാജകുമാരിയായ ആ യുവതിയുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്, അവർക്കും പുണ്ഡരീകൻ എന്നൊരു ബ്രാഹ്മണയുവാവിനും തമ്മിൽ പരസ്പരം അനുരാഗം ജനിച്ചിരുന്നുവെങ്കിലും അവളുടെ സന്ന്യാസ

പ്രതം അവളെ വിവാഹത്തിന് അനുവദിച്ചിരുന്നില്ലെന്നും, തന്നിമിത്തം മുണ്ടായ ദുഃഖത്താൽ പുണ്ഡരീകൻ മൃതിയടഞ്ഞു എന്നും, അവരുടെ വിവാഹം ഒരു കാലത്തു നടക്കുമെന്നുള്ള പ്രവചനം കേട്ട് അവൾ ആ കാലം കാത്തിരിക്കുകയാണെന്നും ചന്ദ്രാപീഡൻ മനസ്സിലാക്കുന്നു. മഹാശ്വേതയുടെ വിവാഹത്തിനു ശേഷമേ താൻ കല്യാണം കഴിക്കുകയുള്ളൂ എന്നു ശപഥംചെയ്തിട്ടുള്ള കാദംബരി എന്ന മറ്റൊരു ഗന്ധർവരാജകുമാരി ഉണ്ടെന്നും ചന്ദ്രാപീഡൻ അറിയുന്നു. കാദംബരിയുടെ ശപഥം അവളെക്കൊണ്ടു ലംഘിപ്പിക്കുവാൻ മഹാശ്വേത അനന്തരം ചന്ദ്രാപീഡനോട് അപേക്ഷിക്കുന്നു. ചന്ദ്രാപീഡൻ ഇതിനു സമ്മതിക്കുകയും ഒട്ടുടനെ കാദംബരിക്കും ചന്ദ്രാപീഡനും തമ്മിൽ പരസ്പരം അനുരാഗം ജനിക്കുകയും ചെയ്യുന്നു. അനന്തരം പിതാവിന്റെ അപ്രതീക്ഷിതമായ കല്പനനിമിത്തം ചന്ദ്രാപീഡൻ കാദംബരിയോടു യാത്രപറയാതെ ഉജ്ജയിനിയിലേക്കു തിരിച്ചുപോകുന്നു. തന്നോടുകൂടി ഉജ്ജയിനിയിലേക്കു തിരിച്ചുപോകാതെയിരുന്ന വൈശമ്പായനനെ തേടി പിന്നീട് ചന്ദ്രാപീഡൻ അവിടെ വരുന്നു. അപ്പോൾ മഹാശ്വേത സീമാതീതമായ സന്താപത്തിൽ നിമഗ്നയായിരിക്കുന്നതു കണ്ട് അദ്ദേഹം അതിന്റെ കാരണം അന്വേഷിച്ചറിയുന്നു. തന്റെ യതിവ്രതത്തെ തന്നെക്കൊണ്ടു ലംഘിപ്പിക്കുവാനായി അടുത്തജന്മത്തിലെ പുണ്ഡരീകനെ, അഥവാ, ഇജ്ജന്മത്തിലെ വൈശമ്പായനനെ മഹാശ്വേത ശപിച്ച് ഒരു കിളിയാക്കിയതുകൊണ്ടാണ് അവൾ ദുഃഖിക്കുന്നതെന്നു ചന്ദ്രാപീഡൻ മനസ്സിലാക്കുന്നു. തന്റെ ആത്മമിത്രത്തിന്റെ ഈ ദുരവസ്ഥ അറിഞ്ഞയുടനെ, ദുഃഖത്താൽ ചന്ദ്രാപീഡൻ മരിച്ചു വീഴുന്നു. അപ്പോൾ അവിടെ മദലേഖ എന്ന തോഴിയോടുകൂടി വന്നു ചേർന്ന കാദംബരി തന്റെ മൃതനായ കാമുകനെ കണ്ട് വിലപിക്കുന്ന ഭാഗമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. ഈ ഭാഗം ആത്മഗീതം എന്ന പദ്യരൂപത്തിന്റെ വിലാപം എന്ന ശാഖയിൽ ഉൾപ്പെടും]

ഏപ്പോഴും കണ്ണുനീരിങ്ങനെയിടമുറിയാ-
തിട്ടൊലിപ്പിച്ചുകൊണ്ടി-
ട്ടിപ്പോഴേറെക്കരഞ്ഞിങ്ങൊരു നില കിടയാ-
ഞ്ഞിട്ട് ഞാനോ കഴങ്ങീ

ഇപ്പാടെന്നാൽ പ്രയാസം, സഖി! ദുഷ്ടമിനിയാ-
മുഖ്യമാർഗ്ഗം ഗമിപ്പോൻ
മൽപ്രാണേശൻ മഹാത്മാവൊരുവഴിയിതിലേ-
ക്കിന്നു കാണിച്ചുതന്നും. ൫

നാണംവിട്ടു കരഞ്ഞതില്ല വിലപി-
ച്ചീലിഷ്ടനാശത്തിനാ-
പ്രാണൻക്രൂടി വെടിഞ്ഞു വല്ലഭനെനി-
ക്കാമാർഗ്ഗമില്ലെന്നതോ
ന്യൂനം ദൈവതവാക്കിനാൽസ്സഖി! മഹാ-
ശ്രേഷ്ഠൻ! നിനക്കാപ്രിയൻ-
താനൊന്നിച്ചമരാനൊരാശയതിനാൽ-
ജീവിപ്പതും യുക്തമാം. ൬

ഞാനേവം ദുഷ്ടദൈവം പലവിപുല മനോ-
രാജ്യമെല്ലാം മുടിക്കേ
സ്ഥാനേ കല്യാണമില്ലാത്തവം കടുവിഷമ-
പ്രാണനാലെന്തെടുക്കും
നീ നേരിട്ടെന്റെ മാതാവിനുമതുവിധമ-
ല്ലുന്നുമെൻ നാശദുഃഖാൽ
താനേ തട്ടുന്ന ധൈര്യക്കുറവയി മടയേ-
ഖേ! ശമിപ്പിച്ചിടേണം. ൭

എൻഗേഹത്തിങ്കൽ നീതാൻ വിമലമണിഗവാ-
ക്ഷങ്ങളാം മാറാല ചുറ്റാ-
തങ്ങേറിപ്പാക്ക ഞാൻതാനെഴുതിയൊരു കുമാ-
രന്റെ ചിത്രസ്വരൂപം

ഭംഗ്യാ സൂക്ഷിച്ചുവെച്ചീടണമഴകെഴുമ-
ദ്ദേഹമാക്കാന്തിപൂരം
മങ്ങാതേ ചിത്രമായെങ്കിലുമവനിയിൽ നി-
ല്ക്കട്ടെയാചന്ദ്രതാരം. ൪

എന്മെത്തയ്ക്കുതലയ്ക്കൽവെച്ചു വെറുതേ
പൂജിച്ചുപോന്നുള്ളോരാ-
നന്മട്ടേന്തിന കാമദേവപടമേ
കീറിക്കളഞ്ഞുക്കണം
ചെമ്മേ നമ്മുടെ കേളിശൈലമരചൻ
വാണാസ്ഥലം ശാന്തനാം
ബ്രഹ്മഷ്ടിക്കു കൊട്ടക്ക മറൊരുവരും
പാത്താൽ കണക്കല്ലതിൽ. ൫

.....

എന്നെക്കാണാഞ്ഞു വീണ്ടും ചപലമിഴിയയ-
ച്ചെന്നെറ ഗേഹത്തിൽ മാഴ്കും
പൊന്നേണപ്പൈതലാളേ സഖി! സപദി വനം
കേറിവിട്ടീടവേണം
പിന്നെക്കാളിന്ദിയെൻപെങ്കിളി മമ പരിഹാ-
സാഖ്യനാം തത്തയോടാ-
യന്നേ തമ്മിൽപ്പിണങ്ങും പതിവുടനുടനി-
ല്ലാതെയാകേണമേ നീ. ൯

മുന്നം ഞാൻ മടികേറിവെച്ചു സരസം
ലാളിച്ച കീരിക്കിടാ-
വെന്നും നിൻമടികേറിടട്ടെയകലെ-
പ്പോകാനയച്ചീടൊലാ

ഇന്നെന്തിങ്ങനെ വിസ്മരിപ്പതു ഗുഹാ-
ചാരങ്ങളേതെങ്കിലും
തന്നെത്താനെരിതീ പടന്ന ചിതയൊ-
ന്നുണ്ടാക്കിടേണം ക്ഷണം. ൬

ആയീ ഞാൻ കരയുന്നതെന്തിനിയും
കാണേണമങ്ങന്തടൻ
പോയീട്ടൻപൊട കൊള്ളിക്കുട്ടിയെരിതീ!
വെയ്ക്കുൻറ കേയൂരക!
തീയീ രാജകുമാരനുള്ളഴകെഴും-
മെയ്യിൽ കൊളുത്താവത-
ല്ലായീദ്രോഹമെടുത്തുകൊണ്ടു സഖിലേ
ചാടുന്നതാണുത്തമം. വ്

മിത്രസ്നേഹത്തിനാലിങ്ങടലുടനെ വെടി-
ഞ്ഞീക്കുമാരൻ ഗമിച്ചി-
ട്ടിത്രയുള്ളം ജീവനേന്തിബ്ബത സമയമിള-
ച്ചെന്നു ലജ്ജിച്ചിടുന്നോൻ
പാത്തീട്ടന്നിന്നെയെന്നന്നിവളൊടരുളിയാ-
ണാമഹാൻ പോയതെന്നാൽ
പാത്തീട്ടന്നിന്നുമാന്തിച്ചുവളിതി കരുതും
നിശ്ചയം ജീവനാഥൻ. ൻ

XIII

അനന്തശയനം

[കുഞ്ചൻനമ്പ്യാരുടെ സമകാലീനനായി കൊല്ലം ൧൦–ാംശതാബ്ദത്തിൽ (എ. ഡി. ൧൭–ാംശതാബ്ദത്തിൽ) ജീവിച്ചിരുന്ന രാമപുരത്തു വാര്യർ ക്ലാസ്സിക്ക്, അഥവാ യഥാസ്ഥിതികപ്രസ്ഥാനത്തിൽ പെട്ട വാസനാനുഗൃഹീതനായ ഒരു കവിയാണ്. കൂചേലവൃത്തം വഞ്ചിപ്പാട്ടാണ് അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതി. തിരുവനന്തപുരത്തെ അനന്തശയനക്ഷേത്രത്തിന്റെ ശില്പവേലയെ കൂചേലവൃത്തം വഞ്ചിപ്പാട്ടിൽ നിന്നു ചുവടെ ഉദ്ധരിച്ചിട്ടുള്ള ഈ ഭാഗം വർണ്ണിക്കുന്നു. ഇതു വർണ്ണനം എന്ന പദ്യരൂപത്തിൽ ഉൾപ്പെട്ടതാം]

(നതോന്നത)

ഒറക്കല്ലൊന്നോടിവന്ന മുഖമണ്ഡപീഭവിച്ചു
മറെറാന്നിതിൽപ്പരം മന്നക്കാജ്ഞകൊണ്ടാമോ?
കുറമറ തിരുക്കാപ്പു,മകത്തേമുറവും, തിരു–
മുറത്തുള്ള മണ്ഡപവുമമ്പലം നാലും,
ചുറിനകത്തും പുറത്തും ബലിശിലകളും, വെണ്മ–
പെറ വേദികയും, പൊന്നിൻകൊടിമരവും,
അറത്തികലന്തരീക്ഷം പൊക്കിക്കളഞ്ഞാത്മപീഠം
പററിയോരു പക്ഷിരാജപരിഷ്കാരവും,
ഇന്ദ്രനീലശിലയാ നിർമ്മിതമാം ശീവേലിപ്പന്തൽ
ഇന്ദ്രിയങ്ങൾക്കാനന്ദമാമങ്കണങ്ങളും,
ചന്ദ്രശാലാശ്രേണികളും, ചാരുതരഹർമ്മ്യങ്ങളും,
ചന്ദ്രികാചർച്ചിതങ്ങളാം പ്രാസാദങ്ങളും,
ഗോപുരം നാലും വളർന്ന വാമനന്റെ വട്ടമേറും
സ്തൂപുരംപോലെ വിളങ്ങും പൊൻപ്രാകാരവും;

ദീപിക്കുന്ന ദിവി രത്നമയം, പൊല്ലപ്പെട്ടതെല്ലാം
പാപിട്ടുക്കുകൾക്കേ കല്ലും മരവുമാവൂ.
രൂപീഭവിച്ചിട്ടനന്തതല്പേ ശയിക്കുമാനന്ദ-
രൂപിയാം പത്മനാഭന്റെ പുരി, സഹസ്രം-
സ്ഫടികളെക്കൊണ്ടാകാശം തുളയ്ക്കുന്ന ഭാസാ വിശേഷം
വ്യാപിക്കുന്ന വിശാലത പുകഴ്ത്തിക്കൂടാ.
വാടകളും,മെല്ലാനാളും വസന്തശ്രീ വിളയാടും
വാടികളും, വണ്ടേറും പൂങ്കാവുകളുടെ
വാടകളും, വാപികൂപതടാകാദികളും ചുറ്റും
വീടുകളും മഠങ്ങളും വിളങ്ങീടുന്ന.
അത്രയല്ലരികത്തമരാവതിയെക്കാട്ടിലതി-
ചിത്രമായ വഞ്ചിരാജരാജധാനിയും
പത്മിവാഹനന്റെ പുരി പൊറിട്ട പിറന്നണ്ടാത്ത
പുത്രിയെന്നപോലെ പരിലസിച്ചീടുന്ന

XIV

കൊച്ചിക്കായലിൽ രാത്രിയിൽ

[രഘുവംശം, കുമാരസംഭവം, മേഘസന്ദേശം, നാഗാനന്ദം മുതലായ സംസ്കൃതകൃതികളെ ഭാഷയിലേക്കു തർജ്ജിമ ചെയ്യും, കോമപ്പൻ, കണ്ണൻ, പാക്കനാർ, കൊച്ചി ചെറിയ ശകുന്തന്തമ്പുരാൻ എന്നീ ''പച്ചമലയാള''കാവ്യങ്ങളെ രചിച്ചും, ഭാഷാകവികളുടെ കൂട്ടത്തിൽ ഒരു നല്ല സ്ഥാനം നേടിയ ഒരു ക്ലാസ്സിക്ക്, അഥവാ യാഥാസ്ഥിതിക കവിയാണ് കൂർക്കൂർ നാരായണമേനോൻ. അദ്ദേഹത്തിന്റെ നായകത്വത്തിൻകീഴിലാണ് ''പച്ചമലയാളപ്രസ്ഥാനം'' തുടങ്ങിയത്.

കൊടുങ്ങല്ലൂർ പ്രസ്ഥാനം മൂത്തു് പച്ചമലയാളപ്രസ്ഥാനമായി കലാശിച്ചു എന്നു പറയാം. പച്ചമലയാളപദങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്നു് ഈ പ്രസ്ഥാനക്കാർക്കു നിർബന്ധമുണ്ടു്. കോമളങ്ങളായ മലയാളപദങ്ങളെക്കൊണ്ടു് അക്ലിഷ്ടമായി സരളമായ അർത്ഥകല്പനയോടുകൂടി കാവ്യങ്ങൾ രചിക്കുന്നതിൽ കുണ്ടൂർ നാരായണമേനവൻ കാണിച്ച സാമർത്ഥ്യം മറെറാരു കവിക്കും ഉണ്ടായിരുന്നില്ലെന്നതന്നെ പ്രായേണ പറയാം. കൊച്ചി ചെറിയശങ്കരൻ തമ്പുരാൻ എന്ന പച്ചമലയാളകാവ്യത്തിൽ നിന്നെടുത്തു് മുവടെ ചേർത്തിരിക്കുന്ന ഭാഗം തീരുവ കൊടുക്കാതെ വ്യാജമായി പുകയില കടത്തിക്കൊണ്ടുപോകുന്നവരെ പിടിക്കാൻ കൊച്ചി ചെറിയശങ്കരൻ തമ്പുരാൻ രാത്രിയിൽ കൊച്ചിക്കായലിൽ ഒരു വഞ്ചിയിൽ പ്രവേശിക്കുന്നതിനെ വർണ്ണിക്കുന്നു. ഈ ഭാഗം വർണ്ണനം എന്ന പദ്യരൂപത്തിൽ ഉൾപ്പെടും]

പാട്ടിൽപ്പെരുകളവു കണ്ടുപിടിയ്ക്കുവാനാ–
യിട്ടിങ്ങു മന്നവനറിഞ്ഞുവരുന്നവല്ലോ
കാട്ടിക്കൊടുപ്പതിനു ഞാനിനിയെന്തിനെന്നാ–
ത്തട്ടിങ്കലോത്തപടിയമ്പിളി പോയ്മറഞ്ഞു. ൧

രാവന്നു കെട്ടിയവനിങ്ങിനെ വിട്ടതോർത്തു
കൈവന്നൊരല്ലലൊടു ചിന്നിയ ക്രുന്തൽപോലെ
ആ വമ്പെഴുന്നൊരിരുൾകണ്ടൊരു മന്നവൻതൻ
കാർവാഴ്ത്തിടം മുടിയെഴും മടവാരെയോർത്തു. ൨

അത്തിങ്കലം കെട്ടിയവരിൽച്ചിലർ മങ്ങുമാ വാ–
നത്തീകൽനിന്നൊഴിയുവാൻ മടിയാൻകൊണ്ടു്
തത്തിക്കളിയ്ക്കുമൊരു മാററലാമിരുട്ടി–
ലെത്തിക്കുറച്ചുതിനു വന്നു കുറച്ചുനിന്നു. ൩

മീനങ്ങുമിങ്ങുമിളകീട്ടിയലും വെളിച്ച-
മാ നല്ല ക്രീരുളൊടൊത്തൊരു പൊയ്കതന്നിൽ
മാനത്തു തിങ്കളുടെ മങ്കുകളെന്നപോലെ
താനന്ന മിന്നി, മലർ ക്രുന്തലിലെന്നമട്ടിൽ. ൪

തന്നിൽക്കടന്നു തകരാറുകൾചെയ്തതെന്നു
നിന്നീടുമെന്നതറിയാഞ്ഞെഴമല്ലലാലെ
വന്നീടവോരു നെടുവീർപ്പുകളാണിതെന്നു
തോന്നീടുമാറലകളാലെയുലഞ്ഞു കായൽ. ൫

നേക്കാഞ്ഞു തണ്ടുകൾ വലിച്ചുരചന്നെറയോടി
തക്കത്തിലപ്പെരിയകായലിലായനേരം
പാക്കുറക്കുമതിലേറെ വളന്നെഴുന്ന
ക്രുക്കളാം കടലിരപ്പവനന്നു കേട്ടു. ൬

വമ്പാന്ന കാറിലുലയും മടലായ ക്രുന്തൽ-
ത്തുമ്പാലെ കാറുതൊടുമഞ്ഞലയിട്ടിളക്കി
അമ്പാ! കരയ്ക്കു കടലൊച്ചയലച്ചുയാക്കി-
യിമ്പാച്ചിപോലെയിരുളിൽച്ചില തെങ്ങുനിന്നു. ൭

മന്നിൻമണാളനെഴുനള്ളുവതോർത്തു കായൽ-
തന്നിൽപരക്കുമിരുളാ വഴി വിട്ടുമാറാൻ
ചെന്നിട്ട നാലുപുറവും കരയിൽത്തിരക്കി
നിന്നീടുമാനില കലന്നു മരങ്ങളെനിന്നു. ൮

XV

പാഞ്ചാലിയുടെ ആക്ഷേപം

[കുഞ്ചൻനമ്പ്യാരുടെ ഉൽകൃഷ്ടമായ കവിതാവൈഭവം നല്ലപോലെ പ്രത്യക്ഷപ്പെട്ടുന്ന ഒരു ശ്രേഷ്ഠകൃതിയാണ് പതിന്നാലുവൃത്തം. ശ്രീകൃഷ്ണനെ കൌരവന്മാരുടെ അടുക്കലേക്ക് സന്ധിആലോചനയ്ക്ക് ദൂതനായി അയയ്ക്കുവാൻ പാണ്ഡവന്മാരുടെ തലവനായ യുധിഷ്ഠിരൻ നിശ്ചയിച്ചപ്പോൾ പാഞ്ചാലി ദൂതിനെ ആക്ഷേപിച്ച് കൃഷ്ണനോട പറയുന്ന ഭാഗമാണ് പതിന്നാലുവൃത്തത്തിൽനിന്നെടുത്തു ചുവടെ ചേർത്തിരിക്കുന്നത്. ഈ ഭാഗം ആക്ഷേപഗീതം (Satire) എന്ന പദ്യരൂപത്തിൽ ഉൾപ്പെട്ടും]

കരുണവാരിധേ കൌരവപാഴരിൽ
കരുണയാലിത്ഥം കാട്ടുന്നതോ ഭവാൻ?
ചരണദാസിയാം പാഞ്ചാലിയെക്കുടെ
സ്മരണംചെയ്താലും ദേവനാരായണ!
അവരു ചെയ്യുന്ന ധിക്കാരമൊക്കവേ
ഭുവനനായകാ നീയും മറന്നിതോ?
അപ്രനിനാഥന്മാരെന്നുടെ കാന്തന്മാ-
രറിയുന്നീലൊന്നും ദേവനാരായണ!
മലകൾ കാടുകൾ തോട്ടം പുഴകളും
കലകൾ പന്നികളെന്നിവവുണ്ടവും
സുലഭമാം ദിക്കിലെൻപ്രിയന്മാക്കിപ്പോൾ
സുഖമെന്നായുന്ന ദേവനാരായണ!
ഇഹലോകങ്ങളിലാഗ്രഹമെന്നതും
അഹമെന്നുള്ളൊരു ഭാവവും ക്രൂരതെ
മഹിതമായുള്ള വേദാന്തശീലമാ-
നൃപതിമാക്കാകാ ദേവനാരായണ!

വിമതന്മാരുടെ വീര്യം ശമിപ്പിപ്പാൻ
ക്ഷമയും നന്നല്ല സാമവും നന്നല്ല
സമരം ചെയ്യേണം സാഹസം ചെയ്യേണം
ശ്രമവും ചെയ്യേണം ദേവനാരായണ!
നയങ്ങളം ചിന്തിച്ചു നാട്ടുമുപേക്ഷിച്ചു
ജയവും ക്രൂരാതെ കാലം കഴിക്കുമ്പോഴം
ഭയംകൊണ്ടിങ്ങനെ മേവുന്നുയെന്നിപ്പോഴം
അയശസ്സുണ്ടാകും ദേവനാരായണ!
ബലങ്ങളില്ലാഞ്ഞോ ബന്ധുക്കളില്ലാഞ്ഞോ
വിഭവമില്ലാഞ്ഞോ വീര്യമതില്ലാഞ്ഞോ
ഖലജനത്തിൻെറ കാൽപിടിച്ചീടുന്ന
വലിയ വീരന്മാർ? ദേവനാരായണ!
അപരാധം പണ്ടു വൈരികം ചെയ്തതും
ഉപകാരമെന്നു കല്പിച്ചു കാന്തന്മാർ
അപവാദം കേട്ടാലാധിയുമില്ലല്ലോ
നൃപതിമാക്കിപ്പോഴം ദേവനാരായണ!
.....

കനത്ത സങ്കടത്തോടു മരുവുന്ന
ജനത്തെയോക്കാതെ ദൃതിനു ഭാവിച്ചു
ധനത്തെ നേടുന്ന വൈരിയെ സേവിപ്പാ-
നെഴുന്നള്ളുത്തുണ്ടോ ദേവനാരായണ!
കഴിഞ്ഞവസ്ഥക്കും മാനിക്കുമാറായി
ഒഴിഞ്ഞു നമ്മുടെ പൌരുഷബന്ധനം
ഒഴിഞ്ഞു ഭാഗ്യവും ധർമ്മവും ശർമ്മവും
വിരവിലിങ്ങനെ ദേവനാരായണ!
കുരുകുലാധിപൻ തന്നോടു മെല്ലവെ
സരസമാംവണ്ണം ദൃതരൂപംചെയ്യുമ്പോഴം

മുരഹര ഭവാനെന്റെ തലമുടി
നിരുപിച്ചേക്കണം ദേവനാരായണ!
അരിയെക്കൊന്നു ഞാൻ ചോരപൂരണ്ടൊരു
കരതലംകൊണ്ടു നിന്നുടെ കേശത്തെ
തിരുകീട്ടുണ്ടെന്നാനേരം കോപംകൊ-
ണ്ടരുളി ഭീമനും ദേവനാരായണ!
വിഫലമായ്തീർന്ന വീരന്റെ ഭാഷിതം
വിഭുതയില്ലായ്കയല്ലിഹകാരണം
വിഗതഭാഗ്യയാമെന്നുടെ ദോഷത്താ-
ലഖിലം നിഷ്ഫലം ദേവനാരായണ!
.....
പഴുതിലെന്തിനു ഞാൻ പറഞ്ഞീടുന്നു?
പഴമയുള്ളവർ നിങ്ങളെല്ലാവരും
വഴികളെല്ലാം ഗ്രഹിച്ച മഹാജനം
പഴുതിൽ ചാടുമോ? ദേവനാരായണ!
അഴകല്ലാത്തുള്ളോരാരംഭം കാണുമ്പോഴും
അഴൽ പിടിച്ചു പറഞ്ഞീടും നാരിമാർ
വഴിയെ ബോധിച്ചു ചൊല്ലേണമെന്നില്ല
പിഴയും വന്നീടും ദേവനാരായണ!
കിഴിയുന്നാകിലും ശത്രുജനങ്ങളുംക്ക
കിഴിയും വച്ചു നമസ്കരിച്ചീടിലും
പിഴകരം ചെയ്താലും ദുര്യോധനാദിയെ
തൊഴുത വാഴ്കിലും ദേവനാരായണ!
യുവതിമാക്കെന്തു ചോദ്യമെന്നിങ്ങനെ
ഭുവനവീരന്മാർ ചൊല്ലുമെൻ കാന്തന്മാർ
ശിവനെന്നല്ലാതെ മിണ്ടരുതിക്കാലം
ഭുവനനായക! ദേവനാരായണ!

XVI

മരിച്ചുകിടക്കുന്ന പ്രസേനൻ

[കേശവീയം, ആംഗലസാമ്രാജ്യം ഭാഷ, നാരായണീയം ഭാഷ, സാഹിത്യവിലാസം, രമാമാധവം നാടകം, സഭാരം നാടകം മുതലായ കൃതികളും രചിച്ച് ഭാഷാകവികളുടെ കൂട്ടത്തിൽ ഒരു ഉന്നതസ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ഒരു പ്രസിദ്ധ ഗായകകവിയാണ് പരവൂർ കെ. സി. കേശവപിള്ള. ഇദ്ദേഹം കൊല്ലം ഫാർമ-ൽ കൊല്ലം താലൂക്കിലെ പരവൂരിൽ ജനിക്കുകയും, ഫാവുൻ-ൽ മരിക്കുകയും ചെയ്തു. ക്ലാസ്സിക്ക്, അഥവാ യഥാസ്ഥിതികപ്രസ്ഥാനത്തിൽ പെട്ട ഇദ്ദേഹം ''രാജരാജവർമ്മപ്രസ്ഥാനം'' എന്ന പ്രസ്ഥാനത്തിന്റെ ഉപനായകനും കൂടിയായിരുന്നു. രാജരാജവർമ്മപ്രസ്ഥാനത്തിന്റെ നായകൻ പ്രൊഫസ്സർ എ. ആർ. രാജരാജവർമ്മ ആണ്. അത്ഥാലങ്കാരങ്ങൾക്കു ഭാവിതീയാക്ഷരപ്രാസം തുടങ്ങിയ ശബ്ദാലങ്കാരങ്ങളെക്കാളും പ്രാധാന്യം നൽകുക, സംസ്കൃതപദപ്രയോഗബാഹുല്യം കഴിയുന്നിടത്തോളം കുറയ്ക്കുക എന്നിവയാണ് രാജരാജവർമ്മപ്രസ്ഥാനത്തിന്റെ മുഖ്യ ഉദ്ദേശങ്ങൾ. ''കേരളവർമ്മപ്രസ്ഥാന''ത്തിന് എതിരായിട്ടാണ് ഇതു തുടങ്ങിയതും. പ്രാസമില്ലായ്മ കാവ്യത്തിന് ഒരു ദൂഷ്യമായിത്തീരുന്നതല്ലെന്നു കാണിക്കുവാനായി കെ. സി. കേശവപിള്ള സ്യമന്തകംകഥയെ ആസ്പദിച്ചു രചിച്ച മഹാകാവ്യമായ കേശവീയത്തിൽനിന്നാണ് ചുവടെ ചേർത്തിരിക്കുന്ന ഭാഗം എടുത്തിട്ടുള്ളത്. കാട്ടിൽ വച്ച് സിംഹം പ്രസേനനെ കൊന്ന് സ്യമന്തകം അപഹരിച്ചുകൊണ്ടു പോയതിനുശേഷം, അദ്ദേഹത്തെ തേടിവന്ന ശ്രീകൃഷ്ണൻ അദ്ദേഹം മരിച്ചുകിടക്കുന്നതു കണ്ട കാഴ്ചയെ ഉദ്ധൃതഭാഗത്തിൽ വർണ്ണിച്ചിരിക്കുന്നു. ഇതു വർണ്ണനം എന്ന പദ്യരൂപത്തിൽ ഉൾപ്പെടും]

മൃതിവശഗതനായ് പ്രസേനവീരൻ
കൃതിരയൊടൊത്തുവിടെക്കിടന്നിരുന്ന
വിധിമഹിമയലംഘനീയമാണെ-
ന്നതിദയനീയമുരച്ചിടുന്നവണ്ണം,

കട്ടനിണമൊഴുകിപ്പടർന്ന ചുറവും
കഠിനത പൂണ്ട കറുത്തു നിന്നിരുന്നു;
സ്ഫുടരുചി തടവും വിശാലവക്ഷ-
സ്തടമവഗാഢതരം പിളർന്നിരുന്നു. ൨

ഹരിതനിറമിയന്ന വാരവാണം
പല വഴി പൊട്ടി വിടർന്നിരുന്ന മെയ്യിൽ;
വിഘടിതജഠരാന്തരത്തിൽ നിന്നും
കുടലുകളം ചാടി വെളിയ്ക്കു വീണിരുന്നു. ൩

സുരുചിരത കലർന്ന വില്വമമ്പും
കരയുഗസന്നിധിയിൽ പതിച്ചിരുന്നു;
കസവൊളി തിരളുന്ന തൊപ്പിയൂരി-
ത്തലയൊട്ട ചേർന്നരികിൽ കിടന്നിരുന്നു. ൪

ഘനതതിയുടെ കാന്തിയെജ്ജയിക്കും
ഘനതരകോമളമായ കേശജാലം
പലവഴി ചിതറിപ്പിണഞ്ഞു മണ്ണിൽ
പൊടിയുമണിഞ്ഞു കിടന്നിരുന്ന ചുറവും. ൫

മിഴി പകുതിയടഞ്ഞു കൃഷ്ണമാകും-
മണിയെ മറച്ചു നിരാഭയമായിരുന്ന
കമലിനിയെ വെടിഞ്ഞതലഞ്ഞു, കത്തും
വെയിലിലണഞ്ഞു കരിഞ്ഞു പങ്കജംപോൽ. ൬

അധരയുഗളമല്പമായ് വിടർന്നി-
ട്ടിടയിൽ വിളങ്ങിന ദന്തപങ്ക്തി കണ്ടാൽ
അധികചപലമായ മർത്ത്യജന്മ-
സ്ഥിതിയെ നിനച്ചു ഹസിക്കയെന്നു തോന്നും. ൭

പ്രകൃതിയുടെ ശാംഖരീവിലാസം
ദുഃഖമറിയുന്നവനെങ്കിലും മുകുന്ദൻ
തടിതി ഗളതലേ തടഞ്ഞ ബാഷ്പോൽ–
ഗമമൊട്ടു നിന്ന നിലയ്ക്കു നിന്നുപോയി. വ

XVII

സന്ധ്യാതാരം

[ഇന്നത്തെ യുവകവികളിൽ അഗ്രഗണ്യനായ ജി. ശങ്കരക്കുറുപ്പ് അവർകളും ഒരു തനി റൊമാൻറിക്ക്, അഥവാ കാല്പനികകവിയാണ്. ഇതുവരെ പ്രസ്താവിച്ചിട്ടുള്ള റൊമാൻറിക്ക് കവികളിൽ—കുമാരനാശാനിൽ പോലും—ക്ലാസ്സിക്ക് പ്രസ്ഥാനത്തിൻെറ ഏതാനും പ്രേരണകളും കാണാവുന്നതാണ്. വാസനാനുഗ്രഹീതനായ ശ്രീമാൻ ശങ്കരക്കുറുപ്പിൽ ക്ലാസ്സിക്ക് പ്രസ്ഥാനത്തിൻെറ ഒരു തരിപോലും കാണുന്നതല്ല. അദ്ദേഹത്തിൻെറ പ്രധാന പദ്യകൃതികളും സൂര്യകാന്തി, സാഹിത്യകൌതുകം, ധമ്മരശ്മി, വിലാസലഹരി, സപ്തസ്വരൌഘം മുതലായവയാകുന്നു. അദ്ദേഹത്തിൻെറ ഒടുവിലത്തെ കവനങ്ങളിൽ രൂപകാതിശയോക്തി, അഥവാ ധന്യാത്മകങ്ങളായ പ്രയോഗങ്ങളും പ്രചുരമായി കാണാവുന്നതാണ്. ''സന്ധ്യാതാരം'' എന്ന ഖണ്ഡകാവ്യത്തിൻെറ പ്രഥമഭാഗമാണ് ചുവടെ ചേർത്തിരിക്കുന്നത്. ഇത് ആത്മഗീതം എന്ന പദ്യരൂപത്തിൻെറ ഗീതം എന്ന ശാഖയിൽ ഉൾപ്പെടും]

(മഞ്ജരി)

ആരു നീയാനന്ദകന്ദമേ? ലോകത്തിൽ
പാരുത പാത്തിന പൊട്ടപോലെ
വാരുണദിക്കിൻെറ കണ്ണാവതംസമാം
വാരുറ വാടാമലരുപോലെ

ശ്യാമള നിശ്ചല ശുദ്ധജലപൂർണ്ണ-
വ്യോമതീർത്ഥത്തെ വണങ്ങിപ്പോകെ
ചേണമ്പും വാസരലക്ഷ്മിയറിയാതെ
വീണതാം രത്നാംഗുലീയംപോലെ!

വേല പെടിഞ്ഞും പൊടിഞ്ഞ വിയപ്പ്പാലാ-
ലോലനറുമുത്തണിഞ്ഞും ലോകം
ആനന്ദനാമകമാസവമാകണ്ഠം
പാനം കഴിച്ചതിമത്തമായി
ലാളനീയാകൃതേ! നോക്കുന്ന വിശ്രാമ-
വേലയ്ക്കകംപടി നിൽക്കും നിന്നേ!

നാണം കുണുങ്ങുന്ന നായികതന്നല്ല-
ശോണമധുരമാം ഫാലത്തിലേ
സേചകണികയെ വിട്ടലമത്തുതോ-
ന്മാദം കവിഞ്ഞെഴും കാമുകാക്ഷി
പാടല പശ്ചിമദിക്കു വിളക്കും നി-
ന്നോടണയുന്നിതുൽഫുല്ലമായി
ഉത്സവദായികയാകും യുവജന
വത്സലരാത്രിയൊത്തെത്തും നിന്നെ
മുഗ്ധനീലാളക മാലയൊതുക്കിയും,
സ്നിഗ്ധനിബിഡമിമ നനഞ്ഞും,
ഹർഷവികസിതനേത്രത്താലുന്മുഖ-
കഷ്കബാലികയാദരിപ്പൂ!
ഓമനപ്പൈതലിൻചെമ്പവിഴപ്പൊളി-
ക്കോമളചുണ്ടിലേ വെണ്ണിലാവിൽ
അഞ്ജനക്കൺമുന നില്പീലത്യുത്തുത-
പുഞ്ജമേ, നീയന്തിച്ചോപ്പിൽ നില്ക്കൂ

കാളുന്ന കോപത്തോടാഞ്ഞു,രിതൻ നേർക്കു
വാളുലച്ചെത്തുന്ന വീരയോധൻ,
നീയേവം പ്രത്യക്ഷമാവുകിൽ വാളുന്നു
പോയേറെ നേരം നിശ്ചേഷ്ടം നിൽക്കും!
തീക്കനൽ ചാട്ടുന്ന കണ്ണുകളീ നഹും
പാൽക്കതിരേറ്റു കുളിർത്തുപോകും!
നിന്മുഖദർശനത്താലേ,മതിമറ-
ന്നന്മുഖനായ് പ്പോകുമാട്ടിടയൻ,
സ്നീതമാമാഹ്ലാദമുള്ളിലൊതുങ്ങാതേ
ഗീതമധുരമാക്കുന്നു മാഗ്ഗം!
ക്രൂടിയ ദാരിദ്ര്യഭാവാഗ്നിജ്വാലയാൽ
വാടിയ മുണ്ടാം തളിരിൻമദ്ധ്യേ
സുന്ദരമന്ദഹാസാങ്കുരം നീ വിശ്വാ-
നന്ദന,സഞ്ജാതമാക്കിക്കൊരുവൂ!
പാരമഴിഞ്ഞു കിടക്കുന്ന പൊൻനിറ-
നീരാളകഞ്ചുകം ചാർത്തും സന്ധ്യാ
ചന്തം വളർന്നു നിൻ നേർക്കതിപേലവ-
ച്ചെന്തളിരംഗുലി നീട്ടി നിൽപ്പൂ;
വാടുമോ തൊട്ടാകിലെന്ന ഭയത്താലോ
വായ്ക്കുന്ന സംഭ്രമാൽ കൈവലിപ്പൂ!

XVIII

ചന്ദ്രോദയം

[അകാലചരമം പ്രാപിച്ച പ്രതിഭാശാലിയായ കവി വി. സി. ബാലകൃഷ്ണപ്പണിക്കരുടെ ജനനസ്ഥലം മലബാർജില്ലയിലെ ഏറനാട്ടു താലൂക്കിലുള്ള ഊരകം അംശവും, ജീവിതകാലം കൊല്ലം ഏഴാമ്പ് മുതൽക്ക് ഏഴുവ വരെയും ആകുന്നു. വിശ്വരൂപം, ഒരു വിലാപം, ഇന്ദുമതീസ്വയംവരം മുതലായവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. ബാലകൃഷ്ണപ്പണിക്കർ ഒരു ക്ലാസ്സിക്ക്, അഥവാ യാഥാസ്ഥിതിക കവിയാണെങ്കിലും, അദ്ദേഹത്തിന്റെ വിശ്വരൂപം എന്ന കൃതിയിൽ റൊമാൻറിക്ക്, അഥവാ കാല്പനികപ്രസ്ഥാനത്തിന്റെ ലക്ഷണങ്ങളിൽ ചിലതു കാണാവുന്നതാണ്. അദ്ദേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ കൃതി വിശ്വരൂപമാകുന്നു. അതിലെ ചന്ദ്രോദയവർണ്ണനമാണ് ചുവടെ ചേർത്തിരിക്കുന്നത്. ഇതു വർണ്ണനം എന്ന പദ്യരൂപത്തിൽ ഉൾപ്പെട്ടതാം]

പാശ്ചാത്യപദ്ധതി പിടിച്ചുഴലും ജനത്തെ-
പ്പേടിച്ചുകൊണ്ടു നിജ ഗോപ്രസരം പരത്തി
പൂർവാശയാം കമനിതൻ തിലകായമാനൻ
പീയൂഷദീധിതി ജനോത്സവമൊത്തുദിച്ചു. ക

നിത്യം തമോജനനിയായ് ജഡഭാവമാന്നും,
മിത്രക്ഷയത്തിനൊരു കാരണമായിരുന്നും,
അത്യന്തമോഹകരിയായുമണഞ്ഞ സന്ധ്യ
സന്ധ്യത്തുപോലെ സഹസാ തിരിയെഴുമിച്ചു. ഖ

അംഭോരാശികളകന്നമുതദ്രുവത്തി-
ലാമഗ്നമാംബരമകന്നഷമായ് വിളങ്ങീ
ആവൃത്തിശൂന്യപദമെത്തുവതിന്നടുത്തോ-
രാത്മാനഷംഗിയുടെ മാനസമെന്നപോലെ. ന

167

സവ്വജ്ഞമൌലിമണിയായെഴമോഷധീശൻ
തങ്കൈകളാൽ തിമിരമാശു ഹരിച്ചുമൂലം
പൂവ്വാശയാം കമനി പൂണ്ണവിലാസപൂവ്വം
പൂവെണ്ണിലാവണി മുഴുസ്മിതമാണ്ട മിന്നി. ൪

പൌരസ്ത്യസിന്ധുവിലെ വൻതിരമാല തള്ളി
വാനിൽക്കയറിയൊരു വെൺനുരപോലെയായും,
കാറത്തുനിന്നുദയപവ്വതശൃംഗഭൂവിൽ
പൂക്കൈതതൻപൊടി പറന്നതുപോലെയായും, ൫

രാജാവുടിച്ചതു നിനച്ചു മുഷിഞ്ഞ വേഷം
കൈവിട്ടു ക്രൂടിയ ജനാവലിപോലെയായും,
പൂവെണ്ണിലാവൊളി പുരണ്ടുരുവെണ്മ പൂണ്ടും
ചിന്നിച്ചമഞ്ഞ ചെറുകാറുകളുല്ലസിച്ചു. ൬

(യുഗ്മകം

സ്വാഭാവികം മഴമിരട്ടി വളത്തിട്ടുന്ന
'ചന്ദ്രപ്രഭാരസ'മകത്തു ചെലുത്തിയപ്പോൾ
പണ്ടേ കിടന്ന പതറിക്കരയോടടിച്ചു
ക്രുത്താടുമംബുധി കവിഞ്ഞലറിക്കളിച്ചു. ൭

പാടേ പരന്ന പൊടിവെണ്മണലാ നിലാവു
തട്ടിത്തിളങ്ങി മറിയുന്നതു കണ്ടുവെങ്കിൽ
ഭ്രുഗർഭവിക്രിയകളാലുടനൽഗമിച്ച
വെള്ളിത്തടാകമതു നൂതനമെന്നു തോന്നും. ൮

XIX

അസ്ഥി

[വാസനാനുഗൃഹീതനായ ഇന്നത്തെ ഒരു യുവകവിയാണ് കല്ലുന്മാർ തൊടി രാമുണ്ണിമേനോൻ അവർകൾ. ഈറ്റില്ലത്തിലെ മൈതാനം, അസ്ഥി, ശിവോത്പ്പത്തി മുതലായ ഖണ്ഡകാവ്യങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഒരു റൊമാൻറിക്ക്, അഥവാ കാല്പനികകവിയാണ് ശ്രീമാൻ രാമുണ്ണിമേനോൻ. ഇവിടെ ചേർത്തിട്ടുള്ള "അസ്ഥി" എന്ന കവിത ആത്മഗീതം എന്ന പദ്യരൂപത്തിന്റെ ഗീതം എന്ന ശാഖയിൽ ഉൾപ്പെടും]

(പാന)

മാനത്താരഹോ! തങ്കമഷിയിലി-
മ്മാതിരിയെഴുന്നതു നിത്യവും,
ചോരുന്നുണ്ടെഴു;കല്ലെങ്കിലാനന്ദ-
പ്പൂരംകൊണ്ടാമെഴുതിയതിക്കൃതി!
എന്തു ഭാഷയിലാണീയെഴുത്തുക,-
ളെന്തിതിൻശീ,ലതൊന്നുമറിഞ്ഞീല;
എങ്കിലു;മതിൽ നിന്നോരു മട്ടിലോ-
യെന്മനസ്സിൽ പതിഞ്ഞു രണ്ടക്ഷരം.
അസ്ഥിയുണ്ടെടോ മർത്ത്യാ നിൻ മീതെയായ്
ശക്തിയൊ,—ന്നഖിലത്തിനും മീതെയായ്
തൽക്കൃതങ്ങളിലൊക്കെയുമുണ്ടാവും
നോക്കുകിലതിൻ കൈവിരൽപ്പാടുകൾ.
വാരഞ്ഞും മഴവില്ലു,മിപ്പോൽപ്പുനി-
നീരലരും രചിച്ചൊരാക്കയ്യിനെ

വാഴ്ത്തുകയാ,ണനാദികാലം മുതൽ
പേത്തുപേത്തുമീയാനന്ദഗാഥകൾ.
ഭേദമില്ലിവയ്ക്കുത്ഥത്തി,ലെങ്ങു നീ-
യേതു ഭാഷയിൽ വായിച്ചാലും ശരി!
കേവലമിതിൻ തർജ്ജിമയാവണം
പാവനമായ നിന്നുടെ വേദവും.
പാടലിമ്മേ പുലരിയതിൽച്ചില-
യേട്ടകളിങ്ങു പൈങ്കിളിയൊച്ചയിൽ?
വിശ്വമോഹനമാകിനോ,രമ്മധു-
നിഷ്യന്ദികളാം ദിവ്യഗാനങ്ങളേ
ഉള്ളുലി,ഞ്ഞിളകാതെകണ്ടീ നെടും-
കല്പകംപോലും ഹാ! ചെവിക്കൊള്ളുന്നു!
പല്ലവച്ചുണ്ടനക്കിയുംകൊണ്ടു പൂ-
വല്ലികം തലയാട്ടുന്നു നിന്നഹോ!
പുണ്യജന്മാക്കളാകിന വാരിളം-
പുല്ലുകളാനന്ദാശ്രു പൊഴിക്കുന്നു.
തുമ്പയീലതിൽനിന്നുനിന്നോകാന്ത-
പ്രേമമല്ലീ കിനിയുന്നു ദൈവമേ!
ഞാ,നതു നുകർന്നെന്തു ചെയ്യേണ്ടു ഹാ!
കേണു മണ്ണിൽ കിടന്നുരുളട്ടയോ?
പാതമില്ലല്ലോ വിണ്ണുപദത്തിലാ-
ബ്ഭക്തഗാനങ്ങൾ പാടിപ്പറക്കുവാൻ.

1470 170

XX

പ്രഭാതം

[ക്ലാസ്സിക്ക് അഥവാ യാഥാസ്ഥിതികമാർഗ്ഗത്തിലൂടെ സൽകാവ്യങ്ങളും രചിച്ച് ഭാഷയെ സേവിച്ചുവരുന്ന ഒരു കവിയും പണ്ഡിതനുമാണ് വടക്കുംകൂർ രാജരാജവർമ്മരാജാ അവർകളും. രഘുവീരവിജയം, രാഘവാഭ്യുദയം എന്നീ മഹാകാവ്യങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. വിശ്വാമിത്രൻ ദശരഥന്റെ അടുക്കൽ ചെന്ന് ശ്രീരാമലക്ഷ്മണന്മാരെ യാഗരക്ഷയ്ക്കായി കൂട്ടിക്കൊണ്ടുപോകുന്നതു മുതൽക്ക് ശ്രീരാമൻ പരശുരാമവിജയാനന്തരം അയോദ്ധ്യയെ പ്രാപിക്കുന്നതുവരെയുള്ള രാമായണകഥയെ ആസ്പദിച്ച് അദ്ദേഹം രചിച്ചിട്ടുള്ള "രാഘവാഭ്യുദയ"ത്തിന്റെ ദ്വിതീയാംസർഗ്ഗത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ചുവടെ ചേർക്കുന്ന ഭാഗം. സീതാസ്വയംവരഭിവസത്തെ പ്രഭാതം ഇതു വർണ്ണിക്കുന്നു. ഇതു കേരളവൽക്കപ്രസ്ഥാനത്തിന് നല്ലൊരു ഉദാഹരണമാണ്. ഇതു വർണ്ണനം എന്ന പദ്യരൂപത്തിൽ ഉൾപ്പെടും.]

സ്മരാകുലിതകാമിനീചടുലഘമ്മനിർമ്മഗ്നരായ്
പരാഗഭസിതം ധരിച്ചുളികുലാക്ഷമാലോജ്ജ്വലർ
വിരാജിതപയോജിനീഗൃഹഗണങ്ങളിൽ തത്ര നിർ-
ഭരാദയൊട്ടു മാരുതദ്വിജർ വഹിച്ചു ഭിക്ഷാസുഖം. ക

അമായരുചി പൂർവ്വദിക്കമനി തക്കമോടക്കനാം-
കുമാരനെ ഹിതേന താൻ പ്രസവമേൽക്കവേ ദിക്കുകം
സമാകലിതകൌതുകം കുരവയിട്ട പക്ഷിസ്വനാദ്
ദ്രുമാളി ഹിമബിന്ദുവാം നവമുദശ്രു വീഴ്ത്തീ തദാ. ഖ

ഹിതാലുദയപർവ്വതാസ്വനഗനക്കനെത്തക്കപോ-
ലതാന്തിയൊടുഷഃപുരോഹിതനണഞ്ഞു കാഞ്ചൊജ്ജ്വലം
ചിതാഭമഭിഷേകമദ്ദിവസനാഥനായ് ചെയ്വു; തൽ-
സുതാപ്തകനകാംബുവാതപമിഷേണ വീഴ്ന്നിതാ! ന

അകത്തധികമുൽക്കടം ഭ്രമരവൃന്ദമാം വൻവിഷം
പകർന്നതരുണാംശുവാം പുതുമരുന്നതൻസേവയാൽ
തികച്ചുമടനേ വമിച്ചൊരു പയോജിനിത്തയ്യലാ-
ളകണ്ടകിതചിത്തയായ്ത്തെളിവു മറവുമേറീടിനാൾ. ൪.

.....

വെളുപ്പടയ മഞ്ഞുനീർക്കണിക ലേശലശങ്ങളാ-
യിളന്തരുവിലാടിടും ചെറിയ പല്ലവാഗ്രങ്ങളിൽ
മിളദ്ധിരദാസ്സെഴും വെയിലു തട്ടിടുമ്പോളക-
ക്കളം കുളിരുമാവിധാ പരിലസിപ്പു വർണ്ണാഞ്ജലം. ൫

വഹദ്വസുമനോജ്ഞനായുദയമാന്ന രാജിയ്യുമീ-
യഹസ്സരനെ വീക്ഷണത്തിനു ഹിതേന ലാക്കാക്കയാൽ
മഹസ്സകലുമിന്നു വെഞ്ജലവരാശയാം വേശ്യ നിസ്സ-
പ്രഹം സപദി തള്ളിവിട്ടിനകരാഗ്രസംലഗ്നയായ്. ൬

പറക്കുമരുപൂമ്പൊടിയ്യുടയ ചാത്തു മെയ്യാകവേ
പരത്തിയുമിടയ്യു തേൻചെളിയിൽ വീണുടൻ മുങ്ങിയും
ചരദ്ഭ്രമരനിസ്വനാൽ തെളിമയറ്റ വാക്കോതിയും
മരുവ്വിശ്യു കുതൂഹലത്തൊടു വഹിപ്പു ലീലോത്സവം. ൭

സമസ്തനിഹ കാലനാമരിയ ചരിത്രകാരാഗ്രിമൻ
ഹിമദ്രവമൊഴിച്ചു തേച്ചനഘമായ ദിഗ്ഭിത്തിയിൽ
ക്രമത്തൊടിനതുലികാഞ്ചലമണച്ചു വർണ്ണാഞ്ചിതം
സഗദ്ഗദചിത്രമൊന്നെഴുതിടുന്ന കാങ്കെട്ടതം. ൮

XXI

നിശാഗാനം

[ഈ നു ജീവിച്ചിരിക്കുന്ന മഹിളാമണികളായ ഭാഷാകവികളിൽ ഒരു ഉയർന്ന സ്ഥാനം തന്നെ, സരസകോമളമായ ഖണ്ഡകാവ്യങ്ങളാൽ കരസ്ഥമാക്കിയിട്ടുള്ളവരാണ് ശ്രീമതി കടത്തനാട്ട് മാധവിഅമ്മ. റൊമാൻറിക്ക്, അഥവാ കാല്പനികപ്രസ്ഥാനത്തിൽ ഇവരുടെ ഖണ്ഡകാവ്യങ്ങളും ഉൾപ്പെടും. ആമ്പൽ ചന്ദ്രനെ നോക്കി പാടുന്ന പാട്ടാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളതു്. ഇതു് ആത്മഗീതം എന്ന പര്യായപത്തിന്റെ ഗീതം എന്ന ശാഖയിൽ ഉൾപ്പെടും]

(മഞ്ജരി)

മാനത്തിൽ; ദൂരത്തായ് മിന്നിത്തിളങ്ങുമെ-
ന്നോമനത്തങ്കമേ! തിങ്കളേ! നീ,
മാമലമോളിലും കാർമേഘംതന്നിലും
പൂമൈ മറച്ചെന്തേ നില്പതിപ്പോഴും?
പുഞ്ചിരി തഞ്ചുമപ്പൊൻമുഖം കാണാഞ്ഞു
സഞ്ചിതതാപത്താൽ നെഞ്ചിടറി
വെമ്പി, വിളർത്തു കൺ ക്രമ്പിക്കരയും നി-
ന്നാമ്പലിൻവേദന കാണ്മീലല്ലീ?
തെല്ലിടയ്ക്കുള്ളിലായ് മുല്ലപ്പൂ വെല്ലുമ-
ച്ചെല്ലുക്കരം ഭവാൻ നീട്ടിടുമ്പോൾ
ആശാഭരിതയായ്, ലേശം വിടർന്നു ഞാൻ
ക്ലേശാന്തകാംക്ഷയാൽ നോക്കിനിൽക്കും
കണ്ണും കരളും കടന്നു കവർന്നു നീ
തിണ്ണം മറയുമക്കാർമുടലിൽ.
പാലൊളികോലുമപ്പൂമേനിക്കുള്ളിലായ്
പാവനരശ്മിതൻചോട്ടിലായി

പാഴ്ക്കരിങ്കല്ലുപോൽ പാരം കടുപ്പമോ
പാഥോജജാതൻ പടച്ചുവിട്ട?
അയ്യോ! പിഴച്ചുപോയ് വയ്യാത്ത വാക്കുക-
ളിയ്യാമ്പൽ ചൊല്ലിപ്പോയല്ലലാലെ
പാലൊളിത്തേൻ പാറിപ്പാരിടം പാടെ താൻ
പാവനമാക്കുമെൻ പാരിജാതം
അന്ധയെന്നാക്ഷേപചിന്തയുള്ള പാത്രമായ്
ഹന്ത! ഭവിക്കയോ! ശാന്തം പാപം!
പ്രേമാഭിരാമനാമോമനത്തിങ്കളേ!
ഞാനിതാ മാപ്പിനായ് ത്താണിരപ്പൂ!
തെറ്റന്നപ്പൊന്മുഖം പ്രത്യക്ഷമാകാത്ത
തെറ്റക്കേതല്ല, ഞാൻ സമ്മതിച്ചു
മുറിസ്സുമുഖമായമായിട തിങ്ങിയ
കറുക്കാർ താനത്രേ കുറുക്കാരൻ.
പാളം പകലോന്റെ കാളുന്നോരാതപ-
ക്കോളും കടുത്തൊരിക്കുരിരുളും
മൌനമായ് ശാന്തമായേവം പൊറുക്കുവാൻ
ഞാനൊരു ശക്തിയാൽ പ്രേരിതയായ്
ചന്ദ്രികാസുന്ദരമന്ദസ്മിതപ്രഭ
ചിന്നിപ്പരത്തുമപ്പൊന്നമ്പിളി
കാറാം കരിമ്പടം കീറിപ്പുറത്തേക്കു
കാണായ് വരുന്നൊരക്കാലം കാത്തു
വാഴും ഞാൻ നൈരാശ്യപ്പാഴ് ച്ചുഴിതന്നിലായ്
വീഴുമോ? വീണാലും താണുപോമോ?
പ്രേമാഭിരാമനാമോമനത്തിങ്കളേ!
ഞാനിതാ മാപ്പിനായ് ത്താണിരപ്പൂ.

XXII

പച്ചക്കൊടിക്കീഴിൽ

[ഇന്നത്തെ സാമൂഹ്യജീവിതത്തിൽ സ്വയം പരാജയം പറഞ്ഞോ, അന്യരുടെ പരാജയം കണ്ടോ, അതിനോട് കഠിനമായ വെറുപ്പ് തോന്നുന്ന മനുഷ്യർക്ക് രണ്ടു മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ഒന്ന് സമൂഹത്തെ ഉടച്ചു വാർക്കുന്നതിനുള്ള ഒരു സമരമനസ്ഥിതിയും, മറ്റേത് തന്നേറെയും തന്നെപ്പോലെയുള്ളവരുടേയും പരാജയത്തെപ്പറ്റി സഭാവിലപിച്ചുകൊണ്ട് മരണത്തെ സസന്തോഷം കാത്തുകൊണ്ടിരിക്കുന്നതുമാണ്. ഈ രണ്ടുതരം പരാജയമനസ്ഥിതികളേയും ആസ്പദിച്ച് കവിത രചിക്കുന്ന പ്രസ്ഥാനത്തിന് പരാജയപ്രസ്ഥാനമെന്ന് പൊതുവേ പേരു കൊടുക്കാവുന്നതാണ്. ആദ്യത്തെ സമരമനസ്ഥിതി കാണിക്കുന്ന പ്രസ്ഥാനത്തിന് പരാജയസമരപ്രസ്ഥാനമെന്നും, രണ്ടാമത്തെ വിലാപപൂർണ്ണമായ പ്രസ്ഥാനത്തിന് പരാജയവിലാപപ്രസ്ഥാനമെന്നും പ്രത്യേക നാമങ്ങൾ നൽകാം. റൊമാൻറിക്ക്, അഥവാ കാല്പനികപ്രസ്ഥാനത്തിന്റെ ഒരു വകഭേദമായി ഇതിനെ കരുതാം. മനുഷ്യന്റെ സാദ്ധ്യതകളിൽ പരാജയവിലാപപ്രസ്ഥാനത്തിനു തീരെ വിശ്വാസമില്ലായ്മയാൽ, ഇതു പരാജയസമരപ്രസ്ഥാനത്തെക്കാൾ അധികം റൊമാൻറിക്ക് പ്രസ്ഥാനത്തിൽ നിന്ന് അകന്നുനിൽക്കുന്നു. ഭാഷയിലെ നവീനമായ ഒരു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി യുവകവിയായ ശ്രീമാൻ ബോധേശ്വരനെ പരിഗണിക്കാം. എന്നാൽ അദ്ദേഹത്തിന്റെ കവിതയുടെ പോക്ക് മുകളിൽ ആദ്യമായി പ്രസ്താവിച്ച സമരമനസ്ഥിതിയെ അനുകൂലിച്ചുള്ളതാകുന്നു. ലളിതമായ കവിതാരീതിയുള്ള ഈ യുവകവി ഹൃദയാങ്കുരം, സ്വതന്ത്രകേരളം, ആദർശരാമം മുതലായ കൃതികളും രചിച്ചിട്ടുണ്ട്. ഇവിടെ ഉദ്ധരിച്ചിട്ടുള്ള ഭാഗം, ഹൃദയാങ്കുരത്തിൽ ചേർത്തിട്ടുള്ള പച്ചക്കൊടിക്കീഴിൽ എന്ന ഖണ്ഡകാവ്യത്തിന്റെ ഉത്തരഭാഗമാണ്. മുഹമ്മദീയരുടെ രണ്ടാമത്തെ ഖലീഫും, ഇസ്ലാമിനു വേണ്ടി സിറിയാ, മെസൊപ്പൊത്തേമ്യ, പെർസ്യ, ഈജിപ്ത്, പാലസ്റ്റൈൻ എന്നീ രാജ്യങ്ങളും പിടിച്ചടക്കിയ

വീരനും, സുപ്രസിദ്ധ ചക്രവർത്തിയുമായ ഒമറെ പറ്റിയുള്ള ഒരു ഐതിഹ്യത്തെ ആസ്പദിച്ചാണ് പ്രസ്തുത ഖണ്ഡകാവ്യം രചിച്ചിട്ടുള്ളതു്. മഹാനായ ഒമറിന്റെ അനിതരസാധാരണമായ കർത്തവ്യബോധം ഇതു കാണിക്കുന്നു. ഉദ്ധൃതഭാഗം ആഖ്യാനം എന്ന പദ്യരൂപത്തിൽ ഉൾപ്പെടും]

ധരണിയെങ്ങുമേ മുസ്ലീമിൻധർമ്മ-
ഭരണം നന്നെന്ന പുകഴ്ത്തുമ്പോൾ
പെരുതാം രാജ്യങ്ങൾ ന്യൂപതിവംശങ്ങൾ
തെരുതെരെയങ്ങു തകരുമ്പോൾ
ബലിശ വാങ്ങുന്ന മുതലാളന്മാരോ
ശലഭതുല്യരായെരിയുമ്പോൾ

.....

ഒരു കൊടിക്കീഴിലൊരു വിശ്വാസത്തിൽ
സകലജാതിയുമണയുമ്പോൾ!
വിപുലസാമ്രാജ്യനികുതികൊണ്ടങ്ങു
ഖജനപ്പയാകയും നിറയുമ്പോൾ—
ഒരുദിനമന്നാൾ പെരുനാളും വന്നു
നഗരമുല്ലസിച്ചിളകയായ്!
മൂല്യതരങ്ങളാം പുതിയ വസ്ത്രങ്ങൾ
പരിമളങ്ങളുമമിതമായ്
സുതരാമങ്ങന്നിഞ്ഞത്തുലകെയുണർത്തുകാൽ
ജനതതി വാഴ്ത്തുമളവിങ്കൽ
ഗുണമെഴുമോമർ, കുലപതിയുടെ
പ്രണയഭാജനരമണിയാൾ
അരുണമാം കവിൾ ചെറുതു മങ്ങിയും
കരുമിഴികളിൽ ജലമാർന്നും

മധുരകോമളമൂർത്തിമേനിയെ
വിധുരമാക്കുന്നൊരുടയാട
കൃപയെഴും ഭർത്തൃനികടെ കാട്ടിയും
പരിഭവിച്ചുമങ്ങുരചെയ്തു:
"പെരുനാളല്ലയോ! അവനിനായകാ!
ചെറുതു കാണുകെൻ വസനത്തെ
അരുമക്കുഞ്ഞുങ്ങൾക്കണിവാനുമില്ല
പുതുതായുള്ളൊരു തുണിപോലും!
പുരിയിൽ വാഴുന്ന ജനമിന്നേവരും
സുരജനംപോലെ കഴിയുമ്പോൾ
പെരിയ ക്യാലിഫിൻ, പ്രണയിനിക്കഹോ
പുതിയൊരാടയ്ക്കു വകയില്ലേ?"
ചെറുതും ചാഞ്ചല്യമിയലാതന്നേരം
കരുണയാന്നൊരു ധരണീശൻ
പ്രിയയോടോതിനാൻ മഹതിധർമ്മമാം
കനിയില്ലൂറിന പരമാർത്ഥം.
"ഇവനെഴുന്നതാം തൊഴിലിൻക്ലേശിയി-
ന്നിതുവരെയുള്ളതഖിലവും
ഖജനാ,യിൽനിന്നിങ്ങിവനു ലാഭ്യമായ്,
കമനീയാളെ നീ കരയുന്നോ?"
ഇതുകേട്ടംഗന സപദി ചോദിച്ചാൾ
"ഇനി നാളെയ്ക്കുള്ള തുകയെന്നാൽ
അരുതോ വാങ്ങുവാനതിൽനിന്നിന്നെൻറെ
പുടകയൊന്നിനു വകകാണാം."
"ചപലയായിതഥം പറയുന്നെന്തു നീ
ഇവനു നാളെയും ഭുവി വാസം
ധ്രുവമെന്നെങ്ങിനെ കരുതാം വല്ലഭേ!
ജഗദീശേച്ഛകളറിയാ നാം."

സുചരിതയാകും തരുണി തന്നുടെ
പരിഭവം നീങ്ങിത്തെളികയായ്
ജനമെന്നും വാഴ്ത്തും നിലയിൽ വാണവർ
ഭുവനകാന്തിതൻ കതിരുകഥം!!
അവനീസേവനപ്രണയത്തിന്നൊരു
വിരളമാതൃകാനിലയമേ,
വിപുലസാമ്രാജ്യപതിയാം രാജഷേ,
കൃപതൻവാരിധേ, വിജയിക്ക!
ഭുവനവാടി തന്നൊരു കോണിലൊരു
ചെറുകുടീരത്തിലമരും നിൻ
സവിധേ വന്നെങ്ങഥം കുളിർബാഷ്പം തൂകി-
യഭിഷേകം ചെയ്യാം മഹിതാത്മൻ!
സുഭഗയാം നിജ പ്രണയിനി തന്റെ
സ്മരണ ലോകത്തിൽ നിലനിത്താൻ
ഗതശങ്കം രാജ്യധനമെല്ലാം വാരി
കുളിർമാടം തീത്ത മുഗളേശാ,
മുസ്ലീമിൻധമ്മപതിയാണങ്ങുന്നും
വസനം നൽകാത്ത, നൃപതിയും!
വലിയ സാമ്രാജ്യപതികഥം തീത്തുള്ള
നിലയനങ്ങളിൻനികടെ പോയ്
നരരെ നിങ്ങഥം തൻ ചുടുബാഷ്പം തൂകിൻ!
അതിലായ് മേടകളൊഴുകട്ടെ!!

XXIII

മണിനാദം

[പരാജയത്തിൽ നിന്നും സഭാ വിലപിച്ചുകൊണ്ട് മരണത്തെ സ്വാഗതം ചെയ്യുന്ന ഒരു മനസ്ഥിതിയെ ആസ്പദിച്ചുള്ള പരാജയവിലാപപ്രസ്ഥാനം ഭാഷയിലെ പരാജയപ്രസ്ഥാനത്തിന്റെ ശാഖയായി ഉണ്ടെന്നു മുൻ കുറിപ്പിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഈ പരാജയവിലാപപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളും യുവകവികളായ ശ്രീമാന്മാർ ചങ്ങമ്പുഴ കൃഷ്ണപിള്ളയും, ഇടപ്പള്ളി രാഘവൻപിള്ളയുമാണ്. ഒരു വാസനാഗ്രഹീതനും യുവകവിയുമായ ഇടപ്പള്ളി രാഘവൻപിള്ള കൊല്ലം ൧൧൪൧-ൽ ആത്മഹത്യ ചെയ്കയുണ്ടായി. അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങളെ ചേർത്ത് "തുഷാരഹാരം" എന്നൊരു കൃതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മരിക്കുന്നതിനു കുറേ ദിവസം മുൻപ് അദ്ദേഹം രചിച്ച കവിതയാണ് മണിനാദം. ഇതിന്റെ പ്രാരംഭമാണ് മുമ്പടെ ചേർത്തിരിക്കുന്നത്. ഈ കവിത ആത്മഗീതം എന്ന പദ്യരൂപത്തിന്റെ വിലാപം എന്ന ശാഖയിൽ ഉൾപ്പെടും]

മണിമുഴക്കം! മരണദിനത്തിന്റെ
മണിമുഴക്കം മധുരം!—വരുന്ന ഞാൻ!
അനുനയിക്കുവാനെത്തുമെൻ ക്രൂരരോ-
ടരുളിടട്ടെ,യെന്നന്ത്യയാത്രാമൊഴി:—

മറവിതന്നിൽ മറഞ്ഞു മനസ്സാലെൻ
മരണഭേരിയടിക്കും സഖാക്കളേ!
സഹതപിക്കാത്ത ലോകമേ!യെന്തിലും
സഹകരിക്കുന്ന ശാരദാകാശമേ!
കവനലീലയിലെന്നുറ്റ തോഴരാം
കനകതുലികേ! കാനനപ്രാന്തമേ!

മധുരമല്ലാത്തൊരെൻമൗനഗാനത്തിൽ
മദതരളമാം മാമരക്കുട്ടമേ!
പിരികയാണിതാ, ഞാനൊരധഃകൃതൻ,
കരയുവാനായ് പിറന്നൊരു കാമുകൻ!
മണലടിഞ്ഞുമയങ്ങിക്കിടക്കട്ടേ
പ്രണയമറിയാതാമീമൺപ്രദീപകം!

*　　*　　*　　*　　*　　*

അഴകൊഴുകുന്ന ജീവിതപുഷ്കളം
വഴിയരികിലെ വിശ്രമത്താവളം,
കഴുകനിജ്ജഡം കാത്തു സൂക്ഷിക്കുന്ന
കഴുമരം—ഹാ, ഭ്രമിച്ചു ഞാൻ തെല്ലിട!
അഴകിലാനന്ദവേശമിട്ടപ്പൊഴും
മെഴുകി മോടി കലർത്തുമീമേടയിൽ
കഴലൊരല്പമുയർത്തിയൂന്നീടുകിൽ
വഴുകി വീഴാതിരിക്കില്ലൊരിക്കലും!

XXIV

ജയഭാരതം

[XXII--ാം കുറിപ്പിൽ പ്രസ്താവിച്ചിട്ടുള്ള പരാജയപ്രസ്ഥാനത്തിന്റെ ഉപവകുപ്പാകുന്നതും, പരാജയത്തിൽ നിന്നു ജനിക്കുന്ന സമരമനസ്ഥിതി പ്രകടിപ്പിക്കുന്നതുമായ പരാജയസമരപ്രസ്ഥാനത്തിൽ പെട്ട വാസനാനുഗ്രഹീതനായ ഇന്നത്തെ ഒരു യുവകവിയാണ് ശ്രീമാൻ പന്തളം കെ. പി. രാമൻപിള്ള. നമ്മുടെ മാതൃഭൂമിയായ ഭാരതത്തെ വാഴ്ത്തുന്ന അദ്ദേഹത്തിന്റെ ഒരു ഉജ്ജ്വലകവിതയാണ് മുവടെ ഉദ്ധരിച്ചിരിക്കുന്നു. ഇതു് വല്ലനം എന്ന പദ്യരൂപത്തിന്റെ പ്രശസ്തി എന്ന ശാഖയിൽ ഉൾപ്പെടും]

ജയജയ പാവനഭാരതമാതേ!
ജയജയ സകല സുരാശ്രയഭൂവേ!
നിഖിലമഹാകവി കോകിലകൂജിത
കോമളഗീതക പൂജിതപാദേ!
മുഹുരപി മുഹുരപി ജയജയ മണ്ഡല
മുഖരിത തുംഗതരംഗപരീതേ!
ഘനപഥലംഘന നിരതമഹോന്നത
മഹിതഹിമാലയ ഗിരിവരസേവ്യേ!
കളകള ഗംഗാവീചീസേചന-
ഫലഫല തരുകുലസങ്കുലഭൂവേ!
ജയജയ മാമക ഭാരതമാതേ!
വിജിതസുരാലയ വിഭവസമേതേ!

ഉദയദിവാകര കനകമനോജ്ഞ-
പ്രഥമകരാഞ്ചിത മണ്ഡളരാശേ!

നവനവ മാധവ ശാശ്വത പരിചയ
സുരഭില സുമചയ പുളകിതരുപേ!
മലയജശീതള മന്ദസമീരണ
സുഖമയലാളിത സുഭഗശരീരേ!
യുധിരണരണിത സനാതന ഗീതാ-
വിധിഹിത ധർമ്മസമുജ്ജ്വലശാസ്ത്രേ!
ജയജയ മാമകഭാരതമാതേ!
ജയജയ സകലസുരാശ്രയഭൂവേ!

ധിക്കൃതരിപുബല രജപുത്രാനല-
രക്തവിലേപന പാവനഭൂവേ!
ആജീലോല ശിവാജീ ജീവിത-
രാജീവാർച്ചിത മഞ്ജുലചർണേ!

.....

വന്ദേ! നിൻ പദപരിചരണാശയൊ-
ടംബേ! ജീവിതമടിയറ വച്ചേൻ!
നിരുപമഗുണനിധി ജവഹരിമുഖരാം
യുവഹരി വരനിര നിപതിതചരണേ!
ജനനീ ജയജയ ശ്രീമത് ഗാന്ധീ-
ജനനീ പദഗത സുമഹിതചരിതേ!
തവപദയുഗളസമർപ്പിത ജീവിത-
രയി തവ സുതതതിയഖിലവുമംബേ!
അപഗതദാസ്യം ശതഗുണശോഭം
ജയജയ മാമക ഭാരതമാതേ!

Printed at the Kamalalaya Printing Works, Trivandrum.

182